# ആറാം മുദ്ര

ഇപ്പോൾ നമുക്ക് ഒരു നിമിഷത്തേയ്ക്ക് നമ്മുടെ തലകളെ വണക്കാം.

2 കർത്താവെ, ആരാധനക്കായി വീണ്ടും ഞങ്ങൾ കൂടി വരുന്നു. കർത്താവിന്റെ അനുഗ്രഹങ്ങൾക്കാനായി പഴയ നിയമകാലത്ത് അവരെല്ലാം ശീലോവിൽ ഒരുമിച്ചു കൂടിയിരുന്ന ആ സമയത്തെ ഞങ്ങൾ ഓർക്കുന്നു. ഇപ്പോൾ ഇന്നു രാത്രിയിൽ അങ്ങയുടെ വചനം കേൾക്കാനായി ഞങ്ങൾ ഒരുമിച്ചു കൂടിയിരിക്കുന്നു. തിരുവെഴുത്തിലെ ചില വിശേഷ ഭാഗങ്ങൾ ഞങ്ങൾ പഠിച്ചു കൊണ്ടിരിക്കുമ്പോൾ, കുഞ്ഞാടിന് മാത്രമേ മുദ്രകൾ തുറപ്പാനോ, അതിന്റെ മുദ്രപൊട്ടിപ്പാനോ യോഗ്യതയുള്ളൂ എന്നറിയുന്നു. ഇന്നു രാത്രിയിൽ ഈ മഹത്തായ ആറാം മുദ്രയുടെ പരിഗണനയിൽ ആയിരിക്കെ സ്വർഗ്ഗീയ പിതാവേ, കുഞ്ഞാട് അതു ഞങ്ങൾക്കായി തുറന്നു തരേണമെന്ന് ഞങ്ങൾ പ്രർത്ഥിക്കുന്നു, അത്, മനസ്സിലാക്കുന്നതിന് വേണ്ടി ഞങ്ങൾ ഇവിടെയായിരിക്കുന്നു. സ്വർഗ്ഗത്തിലോ, ഭൂമിയിലോ യാതൊന്നും യോഗ്യനായി കാണപ്പെടാതിരിക്കുകയും, കുഞ്ഞാട് മാത്രം യോഗ്യനായി കാണപ്പെട്ടിരിക്കയും ചെയ്തിരുന്നു. അതിനാൽ എല്ലാത്തിലും മതിയായ അവൻ വന്ന് ഇന്ന് രാത്രിയിൽ ഈ മുദ്രകൾ തുറക്കുകയും, അതിനാൽ സമയമാകുന്ന തിരശ്ശീലയുടെ പിന്നിലേക്ക് നോക്കാൻ ഞങ്ങളെ ഇടയാക്കുകയും ചെയ്യേണമെ. പിതാവേ, ഞങ്ങൾ ജീവിക്കുന്ന ഈ വലിയ അന്ധകാരവും പാപവും നിറഞ്ഞ ഈ കാലത്ത്, ഞങ്ങളെ സഹായിക്കുകയും, ഞങ്ങൾക്ക് ധൈര്യം നൽകുകയും ചെയ്യുമെന്നും, എന്ന് ഞങ്ങൾ വിശ്വസിക്കുന്നു. നിന്റെ ദൃഷ്ടിയിൽ ഞങ്ങൾ കൃപ കണ്ടെത്തുമെന്നു ഞങ്ങൾ ആശിക്കുന്നു. ഞങ്ങളെ തന്നെ നിന്റെ വചനത്തോടൊപ്പം സമർപ്പിച്ചുകൊണ്ട് യേശുക്രിസ്തുവിന്റെ നാമത്തിൽ പ്രാർത്ഥിക്കുന്നു. ആമേൻ.

നിങ്ങൾക്ക് ഇരിക്കാം.

3 സ്നേഹിതരെ, സന്ധ്യാ വന്ദനം. കർത്താവിന്റെ ശുശ്രൂഷയിൽ വീണ്ടും ഇന്ന് രാത്രിയിൽ ഇവിടെ ആയിരിക്കാൻ സാധിച്ചത് ഒരു സൗഭാഗ്യമാകുന്നു. ഞാൻ സ്വല്പം താമസിച്ചുപോയി. എനിക്ക് ചിലത് ചെയ്യാനുണ്ടായിട്ട്...ഈ സഭയിലെ ഒരു വ്യക്തി മരിച്ചുകൊണ്ടിരുന്നു അവന്റെ അടുക്കലേക്ക് എനിക്ക് അടിയന്തിരമായി പോകേണ്ടിയിരുന്നു; അദ്ദേഹത്തിന്റെ അമ്മയോ

മറ്റോ ഇവിടെ വന്നിരുന്നു. ആ പയ്യൻ അപ്പോൾ തന്നെ മരിക്കാൻ പോകുകയാണ് എന്നവർ പറഞ്ഞിരുന്നു. അതുകൊണ്ടു ഞാൻ—ഞാൻ അവിടേക്ക് പോകുകയും, അയാൾ എന്റെ അത്രയും പ്രായമുള്ള ഒരു മനുഷ്യൻ വെറും ഒരു നിഴൽപോലെയായി കട്ടിലിൽ കിടന്ന് മരിക്കാൻ പോകുകയും ആയിരുന്നു. എന്നാൽ ഒരു നിമിഷത്തിനുള്ളിൽ തന്നെ അയാൾ കട്ടിലിൽ നിന്നും എഴുന്നേറ്റ് കർത്താവിനെ സ്തുതിക്കുന്നത് ഞാൻ കണ്ടു. അതുകൊണ്ട് നാം നമ്മുടെ പാപങ്ങൾ ദൈവത്തോടു ഏറ്റ് പറഞ്ഞു ശരിയായ കാര്യങ്ങൾ ചെയ്യുകയും അവന്റെ കരുണക്കായി യാചിക്കുകയും, അവന്റെ നാമം വിളിച്ചപേക്ഷിക്കുകയും ചെയ്യുകയാണെങ്കിൽ ദൈവം അത് നമുക്ക് തരുന്നതിനായി കാത്തിരിക്കുകയും ആഗ്രഹിക്കുകയും ചെയ്യുന്നു.

4 ഇപ്പോൾ, ഇന്ന് രാത്രിയിൽ ഇവിടെ ചൂടാണെന്ന് എനിക്കറിയാം. പിന്നെ—പിന്നെ ഇത്...അല്ല, ചൂട് എല്ലാറ്റിനെയും നിർത്തിവെച്ചിരിക്കുന്നു. എന്ന് ഞാൻ ഊഹിക്കുന്നു. അങ്ങനെ നാം...

5 കഴിഞ്ഞ രാത്രിയിലോ, അതോ ഇന്ന് രാത്രിയോടെയോ, സൂര്യ പ്രകാശമില്ലാതെ ഒരു മുറിയിൽ, വെറും വൈദ്യുതി വെളിച്ചത്തിൽ മാത്രം നോക്കു; ഈ മുദ്രകൾ, പഠിക്കുകയും ഈ മുദ്രകളെ തുറക്കുന്നതിനായി ദൈവത്തോട് പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നത്, എന്റെ ഏഴാം ദിവസമാകുന്നു, എന്ന് ഞാൻ മനസ്സിലാക്കുന്നു.

6 കഴിഞ്ഞ രാത്രിയിൽ ലഭിച്ച ചോദ്യങ്ങളുടെ കൂട്ടത്തിൽ വളരെയധികം പേർ എഴുതിയിരിക്കുകയും, അതിൽ ഏറെക്കുറെ ചോദ്യങ്ങളും ആയിരുന്നില്ല. എങ്ങനെയും ഒരു രോഗാശാന്തിയുടെ ശുശ്രൂഷ ആഗ്രഹിച്ചു കൊണ്ടായിരുന്നു; അതിനായിട്ട് ഒരു ദിവസം കൂടി താമസിച്ച് തിങ്കളാഴ്ച രോഗശാന്തി ശുശ്രൂഷ നടത്താമെന്ന് ആഗ്രഹിക്കുന്നു. അതുകൊണ്ട് അത് ഞാൻ—ഞാൻ—ഞാൻ ജനങ്ങളുടെ ആഗ്രഹത്തിന് അനുസരിച്ച് അവർക്ക് വേണമെങ്കിൽ യഥാർത്ഥത്തിൽ എനിക്കത് ചെയ്യാൻ കഴിയും. നിങ്ങൾ ഇവിടെ താമസിച്ചുകൊണ്ട് രോഗികൾക്ക് വേണ്ടി പ്രാർത്ഥിക്കുന്നതിന് ആഗ്രഹിക്കുന്നുണ്ടെങ്കിൽ, നിങ്ങൾക്ക് അതിനെക്കുറിച്ച് വീണ്ടും ചിന്തിച്ച് എന്നെ അറിയിക്കാവുന്നതാണ്.

7 എന്തുകൊണ്ടെന്നാൽ, പൂർണ്ണമായും, ഞാൻ എന്റെ മുഴുവൻ സമയവും, ഈ മുദ്രകൾക്കായി സമർപ്പിച്ചിരിക്കുകയും, എന്നെത്തന്നെ ഈ മുദ്രകൾക്കായി മാറ്റിവെച്ചിരിക്കുകയും ചെയ്തിരിക്കുന്നു.

8 അതുകൊണ്ട് നിങ്ങൾക്ക് അതിനെപ്പറ്റി ചിന്തിച്ച്, അതിനെക്കുറിച്ച് പ്രാർത്ഥിച്ച്, എന്നെ അറിയിക്കാൻ കഴിയും. കർത്താവ് അനുവദിക്കുന്ന പക്ഷം, എനിക്ക് കഴിഞ്ഞാൽ, ഞാൻ അത് ചെയ്യും. എന്റെ

അടുത്ത നിയമനം ന്യൂ മെക്സിക്കോയിലെ അൽബേക്യൂറിയിലാകുന്നു, അതിന് ഇനിയും കുറച്ചു സമയം കൂടെ ശേഷിക്കുന്നു. കൂടാതെ എനിക്കിപ്പോൾ, വീട്ടിലേക്ക് പോയിട്ട് അരിസോണയിൽ മറ്റൊരു കൺവെൻഷനായി തയ്യാറാകുന്നതിന് കുറച്ച് കാര്യങ്ങൾ ചെയ്തു തീർക്കാനുണ്ട്. കർത്താവ് അനുവദിക്കുന്ന പക്ഷം, അതു നടക്കും. നിങ്ങൾ അതിനുവേണ്ടി പ്രാർത്ഥിക്കുക, ഞാനും അതു ചെയ്യും, അതിനാൽ പിന്നീട്ടു നമുക്ക് അതിനെക്കുറിച്ച് കൂടുതലായി അറിയാൻ കഴിയും.

9 ഞാൻ കണ്ടുപിടിക്കുകയാണ്. ഇപ്പോൾ ഞാൻ നോക്കുന്നത്... നിങ്ങൾ രോഗത്തെക്കുറിച്ച് സംസാരിക്കുമ്പോൾ, അത് അവിടെ കടന്നു വരുന്നത്, നോക്കുക. ഈ മഹിള ഇവിടെ ഇരിക്കുന്നത് ഞാൻ കാണുന്നു. അവളെ എന്തെങ്കിലും സഹായിക്കുന്നില്ലെങ്കിൽ, അവൾക്ക് അല്പ കാലം കൂടെ ഇവിടെ ഇനിയും തുടരാൻ കഴിയുന്നതല്ല. അതുകൊണ്ട് നാം—നാം ദൈവേഷ്ടത്തിനായി പ്രാർത്ഥിക്കുക മാത്രം ചെയ്യുന്നു. അതിനുവേണ്ടി നിങ്ങൾ ഇവിടെ ആയിരിക്കുകയും, അത്രയും ദൂരത്തു നിന്നും വന്നിരിക്കുകയും ചെയ്തിരിക്കുന്നു. അതുകൊണ്ട്, നോക്കൂ, പരിശുദ്ധാത്മാവ് എല്ലാക്കാര്യങ്ങളും അറിയുന്നു എന്ന കാര്യം നിങ്ങൾ മനസ്സിലാക്കിയിരിക്കുക. അങ്ങനെ അവൻ...

10 എന്നാൽ, ഞാൻ എന്റെ ഈ സമയത്തെ, മുദ്രകൾക്കായി വേർതിരിച്ച് വയ്ക്കാൻ ശ്രമിക്കുന്നു, കാരണം നാം അതിനുവേണ്ടി അതു നീക്കി വെച്ചിരിക്കുന്നു, നോക്കൂ. എന്നാൽ ഇവിടെ...

11 എന്തൊക്കെയായാലും, പ്രർത്ഥനക്കായി വന്നിട്ടുള്ള എത്ര രോഗികൾ ഇവിടെയുണ്ട്? ഞങ്ങൾ നിങ്ങളുടെ കൈകളെ കാണട്ടെ. എല്ലായിടത്തും, ചുറ്റിനും ആയിരിക്കുന്നു. ഓ, എന്റെ! ഹ്മ്! ശരി, തിങ്കളാഴ്ച രാത്രിയിൽ, രോഗികൾക്കു വേണ്ടി പ്രാത്ഥിക്കുന്നതിന്, തിങ്കളാഴ്ച രാത്രിയിൽ രോഗശാന്തിയുടെ ശുശ്രൂഷയ്ക്കു വേണ്ടി കാത്തിരിക്കുന്നതു ദൈവഹിതം ആയിരിക്കുമെന്ന് ചിന്തിക്കുന്നവരായി എത്ര പേരുണ്ട്? നിങ്ങൾ അതു ചെയ്യുന്നതു ഇഷ്ടപ്പെടുന്നുണ്ടോ? നിങ്ങൾ അതു ചെയ്യാൻ ഇഷ്ടപ്പെടുന്നോ? ശരി, എങ്കിൽ കർത്താവ് അനുവദിക്കുന്ന പക്ഷം നാം അതു ചെയ്യുന്നതാണ്. കാണുന്നോ? നമുക്ക് ബുധനാഴ്ചയോ ഞായറാഴ്ചയോ അതല്ല...തിങ്കളാഴ്ച രാത്രിയിൽ രോഗികൾക്ക് വേണ്ടിയുള്ള പ്രാർത്ഥന ശുശ്രൂഷ ഉണ്ടായിരിക്കും.

12 അത് ഇപ്പോൾ ഞാൻ തിരികെ അരിസോണയിലേക്ക് പോകുമ്പോൾ എന്നോടൊപ്പം വരുന്ന കൂട്ടരെ തടസ്സപ്പെടുത്തുകയില്ലെന്ന് ഞാൻ വിചാരിക്കുന്നു. സഹോദരൻ നോർമാൻ ഇവിടെ എവിടെയെങ്കിലുമുണ്ടോ? സഹേദരൻ നോർമാൻ

അതു നിങ്ങളുടെ പരിപാടിയിൽ എന്തെങ്കിലും തടസ്സം ഉണ്ടാക്കുന്നോ? [സഹോദരൻ ജെനെ നോർമാൻ പറയുന്നു, "ഇല്ല."—Ed.] സഹോദരൻ ഫ്രെഡിനും ബാക്കിയുള്ളവർക്കും അതു ശരി തന്നെ അല്ലേ? [മറ്റുള്ളവർ പറയുന്നു, "ശരി"—Ed.] കാണുന്നോ? അതു അങ്ങനെയാകട്ടെ. ശരി.

13 പിന്നെ, കർത്താവ് അനുവദിക്കുന്ന പക്ഷം, തിങ്കളാഴ്ച രാത്രിയിൽ നാം രോഗികൾക്കു വേണ്ടി പ്രാർത്ഥിക്കുന്നതാണ്, എല്ലാംകൂടി, ഒരു രാത്രി രേഗികൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനായി മാറ്റി വച്ചിരിക്കുന്നു. ഇപ്പോൾ, ഇനിയും അതു മുദ്രകളെക്കുറിച്ച് ആയിരിക്കുകയില്ല. കർത്താവ് ഈ മുദ്രകളെ തുറക്കുകയാണെങ്കിൽ, തിങ്കളാഴ്ച രാത്രിയിൽ, നാം രോഗികൾക്കായി പ്രാർത്ഥിക്കുന്നതാണ്.

14 ഇപ്പോൾ, ഓ, അവയുടെ കീഴിൽ, കർത്താവിനെ സേവിക്കുന്നതിൽ ഞാൻ വാസ്തവമായും ആനന്ദിച്ചിരുന്നു! ഈ മുദ്രകൾ തുറക്കപ്പെടുന്നതിൽ, ഇതിൽ നിങ്ങളും ആനന്ദിക്കുന്നില്ലേ? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, "ആമേൻ!"—Ed.]

15 ഇപ്പോൾ, നാം ഇപ്പോൾ അഞ്ചാം മുദ്രയിൽ നിന്നാണ് സംസാരിക്കുന്നത് അതല്ല...അതു ആറാം മുദ്രയെന്നു പറയുന്നതായിരിക്കും ശരി. അതു എടുക്കപ്പെട്ടിരിക്കുന്നതു 6—ാംഅദ്ധ്യായത്തിന്റെ 12—ാംവാക്യം തൊട്ട് 17—വരെയാകുന്നു. ഇതൊരു ദീർഘമായ മുദ്രയാകുന്നു. ഇവിടെ കുറെയധികം കാര്യങ്ങൾ സംഭവിക്കാനുണ്ട്. ഇപ്പോൾ ആ...

16 കഴിഞ്ഞ രാത്രിയിലെ അല്പം ഒരു പുനഃരവലോകനം, അതു ഓരോ വട്ടവും, അതിനെ സ്വല്പമൊന്നു തിരിഞ്ഞു നോക്കുന്നതാകുന്നു.

17 മാത്രമല്ല, പറഞ്ഞാൽ, ഞാനും—ഞാനും കൂടി ചില കാര്യങ്ങൾ പറയാൻ ആഗ്രഹിക്കുന്നു. എനിക്കു വളരെ പ്രധാനപ്പെട്ട നാലോ അഞ്ചോ കാര്യങ്ങൾ ഞാൻ ആ പെട്ടിയിൽ കണ്ടിരുന്നു. അതു പറഞ്ഞത് ഞാനായിരുന്നു...ഞാൻ തീർച്ചയായും ക്ഷമ പറയാൻ ആഗ്രഹിക്കുന്നു. ടേപ്പുകൾ ഓടുന്നുണ്ടോ? ഇതു ടേപ്പ് ചെയ്യപ്പെടുന്നോ? ഇവിടെയുള്ള എന്റെ ദൈവവേലക്കാരായ സഹോദരന്മാരോടും ജനങ്ങളായ നിങ്ങളോടും ഞാൻ ക്ഷമ ചോദിക്കാൻ ആഗ്രഹിക്കുന്നു. കഴിഞ്ഞ രാത്രിയിൽ ഞാൻ ഏലിയാവിനെക്കുറിച്ച്, അവർ ഉണ്ടായിരുന്ന ആ നാഴികയെപ്പറ്റി...പറഞ്ഞു കൊണ്ടിരിക്കുമ്പോൾ, അവർ പറഞ്ഞു, അവൻ ഒരുവൻ മാത്രമാണ് മേഘങ്ങളിൽ എടുക്കപ്പെടാൻ പോകുന്നതു അല്ലെങ്കിൽ അവൻ ഒരുവൻ മാത്രമാണ് രക്ഷിക്കപ്പെടാൻ പോകുന്നതെന്ന് അവൻ വിചാരിച്ചു. ഞാൻ ഏഴായിരത്തിനു പകരം എഴുന്നൂറ് എന്ന് പറയുകയുണ്ടായി അതു

ശരിയല്ലേ? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, "അതെ."—Ed.] അതെ, ജനങ്ങളെ തീർച്ചയായും ഞാൻ ആ കാര്യത്തിൽ ഖേദിക്കുന്നു. എനിക്ക്—എനിക്ക്—എനിക്ക് അതിനെക്കാൾ നന്നായി അറിയാമായിരുന്നു. അതു സംസാരത്തിലുണ്ടായ വെറുമൊരു അസ്പഷ്ടതയായിരുന്നു, അതു ഏഴായിരം ആയിരുന്നെന്ന് എനിക്കറിയാമായിരുന്നു. ഞാൻ അതു ശരിയായി പറയുകയുണ്ടായില്ല എന്ന് മാത്രം. ഞാൻ...ഞാൻ—ഞാൻ നിങ്ങൾക്കു നന്ദി പറയുന്നു. അത് അർത്ഥമാക്കുന്നത്...ഞാൻ എന്തു പറയുന്നു എന്ന് നിങ്ങൾ ശ്രദ്ധിക്കുന്നു, എനിക്ക് അതിൽ സന്തോഷമുണ്ട്. നിങ്ങൾ നോക്കു, അത്...തു കാരണം, അത്—അത് ഏഴായിരം ആയിരുന്നു.

18 എനിക്ക് അതിനെക്കുറിച്ച് രണ്ടോ മൂന്നോ, കുറിപ്പുകൾ കിട്ടിയിരുന്നു, അതിൽ ചോദിക്കുന്നത്, "സഹോദരൻ ബ്രൺഹാം, നിങ്ങൾക്കു തെറ്റു പറ്റിയിരിക്കുന്നു എന്നു ഞാൻ കരുതുന്നു." എന്നിട്ട് പറഞ്ഞു, "അതു എഴുന്നൂറിനു പകരം അത് ഏഴായിരം ആയിരുന്നില്ലേ?"

19 ഞാൻ ചിന്തിച്ചു, "തീർച്ചയായും ഞാൻ എഴുന്നൂറ് എന്ന് പറഞ്ഞേക്കില്ല." കാണുന്നോ? അതായത്, അതിനു ശേഷം ഞാനും... ബില്ലിയും...

20 പിന്നെ ഞാൻ, ഞാൻ ആദ്യമായിട്ട് ചെയ്തത് നിങ്ങൾക്കറിയാമോ, മറ്റൊരു കുറിപ്പെടുത്തു. അതിൽ പറഞ്ഞു, "സഹോദരൻ ബ്രൺഹാം, താങ്കൾ നിങ്ങൾ എഴുന്നൂറ് എന്നു പറഞ്ഞതായി ഞാൻ കരുതുന്നു."

21 വേറൊരു വ്യക്തി ചോദിച്ചു "ബ്രദർ ബ്രൺഹാം, അതൊരു ആത്മീയ ദർശനമായിരുന്നോ അത്—അത് ഒരു മാതൃതയായിട്ട്, നിങ്ങൾ അതിനെ ഏഴുമായി താരതമ്യപ്പെടുത്തുകയാണോ...?" ഈ കാര്യങ്ങളെക്കുറിച്ച് ചിന്തിക്കുമ്പോൾ അത് ജനങ്ങളെ നിങ്ങൾ ഒരു വിഷമഘട്ടത്തിലായി തീരുന്നു. നോക്കു, അതു അത്രയും ധാരാളമായിട്ട്, അത് എന്നെയും വിഷമഘട്ടത്തിലാക്കി.

22 ഈ മുദ്ര ഇന്ന് വെളിപ്പെട്ടപ്പോൾ എന്തോ ചിലത് സംഭവിച്ചിട്ട്, എനിയ്ക്ക് പരിപൂർണ്ണമായും മുറ്റത്തിറങ്ങി നടക്കേണ്ടി വന്നു, അങ്ങനെ കുറച്ചുനേരം, എനിക്കു മുറ്റത്തിറങ്ങി നടക്കേണ്ടി വന്നു. അത് ശരിയാണ്. അതു മിക്കവാറും എന്റെ ശ്വാസം എന്നിൽ നിന്നും എടുത്തുകളഞ്ഞിരുന്നു. കാണുന്നോ? അതുകൊണ്ടു നിങ്ങൾ ഒരു സമ്മർദ്ദത്തെക്കുറിച്ചാണോ സംസാരിക്കുന്നത്? ഒ, എന്റെ! കാണുന്നോ?

23 മറ്റൊരു കാര്യം, നോക്കു, ഞാൻ പറയുന്ന കാര്യങ്ങളിൽ നിങ്ങൾ വിശ്വാസം അർപ്പിച്ചിരിക്കുന്നു. ഞാൻ നിങ്ങളോടു

പറയുന്ന കാര്യങ്ങൾക്കായി ദൈവം എന്നെ ഉത്തരവാദിയായി എടുക്കുവാൻ പോകുകയാണ്. കാണുന്നോ? അതുകൊണ്ട് ഈ കാര്യങ്ങളെക്കുറിച്ച് എനിയ്ക്ക് അത്രയും ഉറപ്പും നിശ്ചയവും പരിപൂർണ്ണമായും ഉണ്ടായിരിക്കണം, കാരണം അതിഭയങ്കരമായ ഒരു കാലഘട്ടത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. അതെ.

24 ഞാൻ തിങ്കളാഴ്ച രാത്രിയിലെ രോഗസൌഖ്യത്തിന്റെ ശുശ്രൂഷയെക്കുറിച്ച് ചിന്തിക്കുകയുണ്ടായി. സഹോദരൻ നേവിൽ, അതു നിങ്ങൾക്കു എന്തെങ്കിലും അസൗകര്യമുണ്ടാക്കുന്നോ? [സഹോദരൻ നേവിൽ പറയുന്നു, "യാതൊന്നുമില്ല, അത് ഇവിടെ വളരെ നന്നായിരിക്കും."—Ed.] അത് കൊള്ളാം.

25 വിലയേറിയ സഹോദരൻ നേവിൽ! ഞാൻ നിങ്ങളോട്ടു പറയട്ടെ, അവർ ഒന്ന് ഉണ്ടാക്കി, എന്നാൽ അതിന്റെ മാത്രക അവർക്ക് നഷ്ടപ്പെട്ടെന്നു, ഞാൻ കരുതുന്നു. അതൊരു...അദ്ദേഹം വാസ്തവമായി എന്റെ സ്നേഹിതനും ആത്മസുഹൃത്തും ആകുന്നു എന്ന്, ഞാൻ നിങ്ങളോട് പറയട്ടെ.

26 ഇപ്പോൾ കൂടാരം നിർമ്മിക്കപ്പെട്ടിരിക്കുന്നു, സണ്ടേസ്കൂളിന്റെ മുറികളും മറ്റെല്ലാ കാര്യങ്ങളും ഇവിടെ ക്രമത്തിലായിരിക്കുന്നു. ജെഫെർസൺവില്ലെയ്ക്കും ചുറ്റുപാടും, ആയിട്ടുള്ള ജനങ്ങൾ സഭയിലേക്ക് വരാൻ ആഗ്രഹിക്കുന്നെങ്കിൽ, നിങ്ങൾക്ക് കടന്നു വരാൻ ഒരു നല്ല സ്ഥലവും, സണ്ടേസ്കൂളിനു വേണ്ടിയുള്ള മുറികളും, മറ്റും ഇപ്പോൾ ഉണ്ടായിരിക്കുന്നു.

27 ഒരു നല്ല ഉപദേശകനായ, സഹോദരൻ നേവിൽ, ഇവിടെ പ്രായപൂർത്തിയായവർക്കു വേണ്ടിയുള്ള ക്ലാസ് എടുക്കുന്നു, ഒരു നല്ല പാസ്റ്ററും കൂടെയാകുന്നു. അതൊരു പൂച്ചെണ്ട് കൊടുക്കുന്നതിനു വേണ്ടി വെറുതെ ഞാൻ പറയുകയല്ല, അതിനേക്കാളും ഉപരിയായി അദ്ദേഹം പോയ്ക്കഴിയുമ്പോൾ ഒരു വലിയ റീത്ത് കൊണ്ടുവയ്ക്കുന്നതിലും കൂടുതലായി ഒരു ചെറിയ റോസപ്പൂവ് ഇപ്പോൾ സമ്മാനിക്കുന്നതിനെ ഞാൻ കാര്യമാക്കുന്നു. കൂടാതെ സഹോദരൻ—സഹോദരൻ നേവിലയെ ഞാൻ ഒരു കുട്ടിയായിരുന്നപ്പോൾ മുതൽ അറിയുന്നു. ഇപ്പോഴും അദ്ദേഹത്തിനു ഒരംശം പോലും മാറ്റം വന്നിട്ടില്ല. അദ്ദേഹം ഇതിനു മുമ്പ് എല്ലായ്പ്പോഴും ആയിരുന്ന അതേ ഓർമൻ നേവിൽ തന്നെ ഇപ്പോഴും ആയിരിക്കുന്നു.

28 സന്ദർശിക്കുന്നത് ഞാൻ ഓർക്കുന്നു. പട്ടണത്തിൽ അദ്ദേഹം മെഥോഡിസ്റ്റ് പ്രാസംഗികൻ ആയിരുന്നപ്പോൾ എന്നെ അദ്ദേഹത്തിന്റെ പ്രസംഗ പീഠത്തിലേക്ക് വിളിക്കാൻ അദ്ദേഹത്തിന് അത്രയും ധാരാളം കരുണയുണ്ടായിരുന്നു. നമ്മുക്ക് ഇവിടെ

ക്ലാർക്ക്സ് വില്ലെയിൽ ഒരു നല്ല സഭയുണ്ടായിരുന്നു, ആ...അതിനെ ഹവ്വേഡ് പാർക്ക്, ഹാരിസ്സൺ അവന്യൂ മെഥോഡിസ്റ്റ് ചർച്ച് എന്ന് വിളിച്ചിരുന്നു. സഹോദരി നേവിൽ, അവിടെവെച്ചാണ് അദ്ദേഹം നിങ്ങളെ കണ്ടുമുട്ടിയതെന്ന് ഞാൻ തീർച്ചയായും വിചാരിക്കുന്നു. അവിടെവെച്ച് തന്നെ, കാരണം അവർ അവിടെത്തെ അംഗമായിരുന്നിട്ട്...

29 ഞാൻ തിരികെ വന്ന്, ഇവിടെ എന്റെ സഭയോട് പറഞ്ഞു, ഞാൻ പറഞ്ഞു, "അതൊരു...അത് വളരെ നല്ല മനുഷ്യരിൽപ്പെട്ട ഒരാളാകുന്നു! ഈ വരും ദിവസങ്ങളിൽ ഒന്നിൽ ഞാൻ അദ്ദേഹത്തെ കർത്താവായ യേശുവിന്റെ നാമത്തിൽ സ്നാനപ്പെടുത്താൻ പോകുകയാണ്." അത് സംഭവിച്ചു.

30 ഇവിടെ അദ്ദേഹം ഇരിക്കുന്നു. ഇപ്പോൾ അദ്ദേഹം എന്റെ ചങ്ങാതിയും, എപ്പോഴും എന്റെ വശത്തായും നില്ക്കുന്നു. അദ്ദേഹം അത്രയും ആദരണീയനും, ബഹുമാന്യനുമായ മനുഷ്യനാകുന്നു! അദ്ദേഹം എല്ലായ്പ്പോഴും എന്റെ അടുത്തായി ഇങ്ങനെ...അദ്ദേഹത്തിനു ചേർന്നു നില്ക്കാൻ കഴിയുന്നതിന്റെ പരമാവധി നില്ക്കുന്നു. ഞാൻ എന്തു പറഞ്ഞാലും, അത് ശരിയാണെന്ന് വിശ്വസിക്കുകയും അതുമായി നേരെ മുമ്പോട്ട് പോകുകയും ചെയ്യുന്നു. അദ്ദേഹം ആദ്യമായിട്ട് കടന്നുവന്നപ്പോൾ ഈ സന്ദേശം അദ്ദേഹത്തിന് മനസ്സിലായിരുന്നില്ല, എന്നാൽ അദ്ദേഹം അത് വിശ്വസിക്കുകയും, അതുമായി തന്നെ ചേർന്നു നില്ക്കുകയും ചെയ്തു. അങ്ങനെയുള്ള ഒരു സഹോദരന് അത് ആദരവാകുന്നു, അത് ബഹുമാനമാകുന്നു. എനിക്ക് അദ്ദേഹത്തെക്കുറിച്ച് കൂടുതലായൊന്നും പറയാനില്ല. ഇപ്പോൾ കർത്താവ് അദ്ദേഹത്തെ അനുഗ്രഹിക്കട്ടെ. ശരി.

31 ഇപ്പോൾ അഞ്ചാം മുദ്രയുടെ പൊട്ടിക്കലിനെക്കുറിച്ച്, കഴിഞ്ഞ രാത്രിയിൽ പ്രസംഗിച്ചതിന്റെ ഒരു ചെറിയ അവലോകനം. അതിനു വേണ്ടി നാം മുഴുവനും പുറകോട്ട് പോകുന്നില്ല. ആ—ആ അഞ്ചാം മുദ്ര കിട്ടുന്നതുവരെ അല്പം പിന്നിലേക്ക് പോകാം.

32 ഇപ്പോൾ എതിർക്രിസ്തുവാണ് കുതിരപ്പുറത്തു കയറി ഓടിച്ചുപോയിരുന്നത് എന്നും, ഈ മൂന്ന് ശക്തികളെയും, അവനിൽ ഒന്നാക്കി കൂട്ടിയിരിക്കുന്നു എന്നും നാം കണ്ടു പിടിച്ചു. എല്ലാം കൂടി ഒരു ശക്തിയിലേയ്ക്ക് കടന്ന്, "മരണം," എന്ന തവിട്ടു കുതിരപ്പുറത്ത് സവാരി ചെയ്തുകൊണ്ട് അവർ കയറിവന്ന, നാശത്തിലേക്ക്, ആ അഗാധ കൂപത്തിലേക്ക് തിരികെ പോകുന്നു. അതിനുശേഷം നാം കാണുന്നത്...

33 തിരുവെഴുത്ത് പറയുന്നു, "ശത്രു പെരുവെള്ളം പോലെ വരുമ്പോൾ, ദൈവത്തിന്റെ ആത്മാവ് അതിനെതിരായ ഒരു പ്രതിരോധം

ഉയർത്തുന്നു." അത് പൂർണ്ണമായും ദൈവത്തിന്റെ വചനത്തിൽ ന്യായീകരിക്കപ്പെട്ടു കഴിഞ്ഞ രാത്രിയിൽ നാം കണ്ടിരുന്നു. കാരണം, അവിടെ നാലു ജീവികൾ നാലുവട്ടവും ഈ കുതിര സവാരിക്കാരൻ ഓടിച്ചു പോയപ്പോൾ അതിനു ഉത്തരം നൽകിയിരുന്നു.

34 അവൻ ഓരോ തവണയും ഒരു വ്യത്യസ്തമായ കുതിരപ്പുറത്ത് കയറി ഓടിച്ചു പോകുന്നു, ഒരു വെള്ളക്കുതിര, പിന്നെ ഒരു ചുവന്നകുതിര, അതിനുശേഷം ഒരു കറുത്ത കുതിര, അതിനുശേഷം ഒരു തവിട്ടുക്കുതിര. ആ നിറങ്ങളെയും, അവ എന്തായിരുന്നു എന്നും, അവ എന്തു ചെയ്തിരുന്നു എന്നും, നാം കണ്ടു. ആ കാര്യങ്ങളെ എടുത്ത് സഭാ കാലഘട്ടങ്ങളിൽ നടന്ന കാര്യങ്ങളുമായി ഒത്തു നോക്കുമ്പോൾ, അതു കൃത്യമായും അതേ കാര്യങ്ങൾ തന്നെ ചെയ്തിരുന്നു. കൃത്യമായും ശരിയായിരുന്നു.

35 ആകയാൽ, നിങ്ങൾ നോക്കൂ, ദൈവത്തിന്റെ വചനം തമ്മിൽ പൊരുത്തപ്പെട്ടു പോകുമ്പോൾ, അതു ശരിയാണെന്ന് അതു അർത്ഥമാകുന്നു എന്ന്, നിങ്ങൾ കാണുക. അതെ. ദൈവത്തിന്റെ വചനത്തോട്ടു യോജിച്ചു പോകുന്ന ഏതു കാര്യവും എല്ലായ്പ്പോഴും ഒരു "ആമേൻ," ആകുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു. കാണുന്നോ?

36 ഇപ്പോൾ, അതു ഒരു വ്യക്തി അവർക്ക് ഒരു ദർശനം ഉണ്ടായെന്നും, അത് അപ്രകാരമായിരുന്നു എന്നു പറഞ്ഞു. ഓ, അതു കർത്താവ് അവർക്കു നല്കിയതാണെന്നും, അതു ഒരു വലിയ ശക്തിയോടെ വന്നിരുന്നു, എന്നും പറഞ്ഞു. അതെ, ദർശനം ശരിയായിരിക്കാനിടയുണ്ട്. എന്നാൽ അതു വചനത്തിന് അനുസരിച്ച് അല്ലാതെയും, വചനത്തോട് എതിരായിട്ടും ഉള്ളതാണെങ്കിൽ, പിന്നെ അതു ശരിയല്ല. കാണുന്നോ?

37 ഇപ്പോൾ, ഒരുപക്ഷേ ചില മെർമോൻകാരായ സഹോദരന്മാരോ, സഹോദരിമാരോ ഇവിടെ സന്നിഹിതരായിട്ടുണ്ടാകാം. ഇപ്പോൾ, അവരിൽ ചിലർക്കും ഈ ടേപ്പുകൾ ലഭിച്ചിട്ടുണ്ടാകാം. ഞാൻ അതു പറയാൻ ആഗ്രഹിക്കുന്നില്ല...എന്നാൽ ഞാനും നിങ്ങളും കണ്ടുമുട്ടാനാഗ്രഹിക്കുന്ന നല്ലവരായ കുറച്ച് ജനങ്ങൾ ഈ മേർമോൻകാരുടെ ഇടയിലുണ്ട്; വളരെ നല്ല ജനങ്ങളാകുന്നു. പിന്നെ അവരുടെ—അവരുടെ, പ്രവാചകനായ ജോസഫ് സ്മിത്തിനെ, മെഥോഡിസ്റ്റുകാരനായ ജനങ്ങൾ ഇല്ലിനിയോസിൽ വച്ച് അവരുടെ യാത്രകഴിഞ്ഞുവരുമ്പോൾ കൊന്നു കളഞ്ഞു. അങ്ങനെ ആ നല്ല മനുഷ്യനെയും അദ്ദേഹത്തിന്റെ ദർശനത്തെയും ഞാൻ ഒട്ടും സംശയിക്കുന്നില്ല. അദ്ദേഹത്തിന് ദർശനങ്ങൾ ഉണ്ടായിരുന്നു എന്നും അദ്ദേഹം സത്യസന്ധനായ ഒരു മനുഷ്യനായിരുന്നു എന്നും

ഞാൻ വിശ്വസിക്കുന്നു. എന്നാൽ അദ്ദേഹത്തിന് ഉണ്ടായിരുന്ന ദർശനം തിരുവെഴുത്തിന് വിപരീതമായിരുന്നു. കാണുന്നോ? ആ കാരണത്താലാണ് അവർക്ക് ഒരു മേർമോൻ ബൈബിൾ തന്നെ അതിന് വേണ്ടി ഉണ്ടാക്കേണ്ടിയിരുന്നത്. കാണുന്നോ?

38 എനിക്കോ, ഇത് ഇവിടെ *ഇതാകുന്നു*. ഇതാകുന്നു ആ കാരണത്താൽ, വചനം മാത്രമാകുന്നു. അത് ഇതാകുന്നു. കാണുന്നോ?

39 ഒരിക്കൽ ഒരു—ഒരു—ഒരു ധർമ്മോപദേശി ഒരു വിദേശ രാജ്യത്തു നിന്ന് ഇവിടെ വന്നിട്ട് അദ്ദേഹം...ചെയ്തുകൂടാത്ത...ഒരു—ഒരു മഹിളയോടൊപ്പം, ഒരു—ഒരു കാറ് അദ്ദേഹം ഓടിച്ചു പോകുന്നതു ഞാൻ കണ്ടു. അവർ ഒരു യോഗത്തിലേയ്ക്ക് കടന്നുവന്നു. രണ്ടോ മൂന്നോ ദിവസം അവർ രണ്ടുപേരും കൂടി വാഹനം ഓടിക്കുകയും, അദ്ദേഹവും അവളും മാത്രം, ഈ യോഗത്തിൽ, യോഗത്തിനായി ഒരുമിച്ച് കടന്നു വരികയും ചെയ്തിരുന്നു. ഈ സ്ത്രീ മൂന്നോ നാലോ വട്ടം വിവാഹിതയുമായിരുന്നു.

40 ഈ ധർമ്മോപദേശി ഹോട്ടൽ ലോബിയിൽ ഞാൻ ഇരിക്കുന്നിടത്തേക്ക് കടന്നു വന്നിട്ട് എന്റെ കൈ പിടിച്ച് കുലുക്കി. ഞാനും എഴുന്നേറ്റ് അദ്ദേഹത്തിന്റെ കൈ പിടിച്ച് കുലുക്കിയിട്ട് അദ്ദേഹത്തോട് സംസരിക്കാൻ തുടങ്ങി. ഞാൻ അദ്ദേഹത്തോടു ചോദിച്ചു, ഞാൻ പറഞ്ഞു, "നിങ്ങൾക്ക് ഒഴിവുണ്ടെങ്കിൽ, എന്റെ മുറിയിൽ വെച്ച് ഒരു നിമിഷത്തേയ്ക്ക് എനിയ്ക്ക് നിങ്ങളോട് സംസാരിക്കാമോ?

അദ്ദേഹം പറഞ്ഞു, "തീർച്ചയായും, ബ്രദർ ബ്രൺഹാം."

41 ഞാൻ അദ്ദേഹത്തെ മുറിയിലേക്ക് കൂട്ടികൊണ്ടുപോയി. ഞാൻ ആ ധർമ്മോപദേശിയോടു പറഞ്ഞു, "റവറന്റ്, ശ്രീമാൻ, താങ്കൾ ഈ ദേശത്ത് ഒരു അപരിചിതനാണ്." ഞാൻ പറഞ്ഞു, "ഈ സ്ത്രീയ്ക്ക് ഇവിടെ നല്ല ഒരു പേരല്ല ഉള്ളത്." ഞാൻ പറഞ്ഞു, "നിങ്ങൾ ഇത്രയും ദൂരത്തു നിന്നും *ഇന്ന—ഇന്ന* സ്ഥലത്തു നിന്നും, *ഇന്ന—ഇന്ന* സ്ഥലത്തേയ്ക്കല്ലേ യാത്ര ചെയ്തു വന്നിരിക്കുന്നത്?

അദ്ദേഹം പറഞ്ഞു, "ശരിയാണ്. ശ്രീമാൻ"

42 ഞാൻ പറഞ്ഞു, "നിങ്ങൾക്ക് നിങ്ങൾക്ക് ഈ കാര്യത്തിൽ ഭയമില്ലേ...അതായത് ഞാൻ നിങ്ങളെ സംശയിക്കുന്നില്ല എന്നാൽ ഒരു ധർമ്മോപദേശി എന്ന നിലയിൽ നിങ്ങൾക്കുള്ള മതിപ്പിനെ അത് ബാധിക്കുമെന്ന് നിങ്ങൾ വിചാരിക്കുന്നില്ലേ? ഇതിലും നല്ലൊരു

മാതൃക നമ്മൾ കാണിക്കേണ്ടത് ആവശ്യമാണെന്നും നിങ്ങൾ വിചാരിക്കുന്നില്ലേ?

അദ്ദേഹം പറഞ്ഞു, "ഓ ഈ മഹിള വിശുദ്ധയാണ്."

43 ഞാൻ പറഞ്ഞു, "ഞാൻ—ഞാൻ അതിൽ സംശയിക്കുന്നില്ല." എന്നാൽ ഞാൻ പറഞ്ഞു, "എന്നാൽ, സഹോദരാ അതിന്റെ കാര്യം എന്താണെന്നാൽ അവളെ നോക്കുന്ന എല്ലാവരും വിശുദ്ധരല്ലല്ലോ, നോക്കൂ, അത് നിങ്ങൾ എന്തു ചെയ്യുന്നത് എന്നതിലേയ്ക്കാണ് നോക്കുന്നത്." പിന്നെയും ഞാൻ പറഞ്ഞു, "നിങ്ങൾ കൂടുതൽ ശ്രദ്ധിക്കുന്നതാണ് നല്ലത്, അത് സഹോദരൻ എന്ന നിലയിൽ മറ്റൊരു സഹോദരനോട് പറയുകയാണ്." അദ്ദേഹം പറഞ്ഞു... ഞാൻ പറഞ്ഞു, "ഈ മഹിള ഇപ്പോൾ തന്നെ നാലോ അഞ്ചോ വട്ടം വിവാഹം കഴിച്ചിരിക്കുന്നു."

അദ്ദേഹം പറഞ്ഞു, "അതെ, എനിക്കതറിയാം." പിന്നെയും പറഞ്ഞു, "നിങ്ങൾക്കറിയാമോ, ഞാൻ—ഞാൻ..."

44 ഞാൻ ചോദിച്ചു, "നിങ്ങൾ അത് നിങ്ങളുടെ ജന്മ സഭയിൽ പഠിപ്പിക്കില്ലേ, നിങ്ങൾ അതു ചെയ്യുന്നതിനെപ്പറ്റി പറയില്ലേ?"

45 അതിനു പറഞ്ഞു, "ഇല്ല, എന്നാൽ," നിങ്ങൾക്കറിയാമോ ബ്രദർ ബ്രൺഹാം, എനിക്ക് അതിനെക്കുറിച്ച് ഒരു ദർശനം ഉണ്ടായി.

ഞാൻ പറഞ്ഞു, "കൊള്ളാം അതു നല്ലതാണ്." ഞാൻ പറഞ്ഞു...

46 അദ്ദേഹം ചോദിച്ചു, "നിങ്ങൾ ഇത് കാര്യമാക്കുമോ?" എന്നിട്ട് പറഞ്ഞു, "അതിനെക്കുറിച്ചുള്ള നിങ്ങളുടെ ഉപദേശത്തെ ചെറുതായൊന്ന് നേരെയാക്കാൻ കഴിയുമെന്ന് ഞാൻ വിചാരിച്ചിരുന്നു."

47 ഞാൻ പറഞ്ഞു, "ശരി" അങ്ങനെ അദ്ദേഹം...ഞാൻ പറഞ്ഞു, "അതു അറിയുന്നതിൽ എനിക്കും സന്തോഷമുണ്ടായിരിക്കും, ശ്രീമാൻ."

48 അദ്ദേഹം പറഞ്ഞു, "അതെ," പറഞ്ഞു, "നിങ്ങൾക്കറിയാമോ, ഈ ദർശനത്തിൽ," പറഞ്ഞു, "ഞാൻ ഉറങ്ങുകയായിരുന്നു."

ഞാൻ പറഞ്ഞു, "അതെ." പിന്നെ, ഞാൻ അതു കണ്ടത്, അതൊരു സ്വപ്നമായിരുന്നു. കാണുന്നോ?

49 അദ്ദേഹം പറഞ്ഞു, "എന്റെ—എന്റെ ഭാര്യ," പറഞ്ഞു, "അവൾ മറ്റൊരു പുരുഷനോടൊപ്പം ജീവിക്കുകയായിരുന്നു." എന്നിട്ട് പറഞ്ഞു, "അവൾ എന്റെ പിന്നാലെ ചുറ്റമായി വന്നുകൂടി." പറഞ്ഞു, "അവൾ എന്റെ അടുക്കൽ വന്നിട്ട്, അവൾ എന്നോടു പറഞ്ഞു, 'ഓ, പ്രിയാ, എന്നോടു ക്ഷമിക്കണം എന്നോടു ക്ഷമിക്കണം! പറഞ്ഞു ഞാൻ—

ഞാൻ—ഞാൻ—ഞാൻ ഇങ്ങനെ ചെയ്തതിൽ ഞാൻ ഖേദിക്കുന്നു. ഇനി മുതൽ ഞാൻ നിങ്ങളോട് സത്യസന്ധയായിരിക്കും.'" പറഞ്ഞു, "മുന്നോട്ടുള്ള പോക്കിൽ, ഞാൻ അവളെ അത്രയും അധികം സ്നേഹിച്ചിരുന്നതിനാൽ, ഞാൻ അവളോട് ക്ഷമിച്ചിട്ട്, പറഞ്ഞു, 'കുഴപ്പമൊന്നുമില്ല.'" പറഞ്ഞു, "പിന്നെയും..."

50 പറഞ്ഞു, "എന്താണെന്നു നിങ്ങൾക്കറിയാമോ? എനിക്ക് ഈ ദർശനത്തിന്റെ വ്യാഖ്യാനം ലഭിച്ചു." പറഞ്ഞു, "ആ സ്ത്രീ ഇതായിരുന്നു." പറഞ്ഞു, "തീർച്ചയായും, അവൾ ഈ കാലമത്രയും, വിവാഹവും മറ്റും കഴിച്ചിരുന്നു." പറഞ്ഞു, അതായത്, "കർത്താവ് അവളെ അത്രയധികം സ്നേഹിച്ചിരുന്നതിനാൽ, അവൾക്ക് വിവാഹം കഴിച്ചിരുന്നതിൽ ഒരു കുഴപ്പവുമില്ല. അവൾക്ക് എത്ര പ്രാവശ്യം വേണമെങ്കിലും വിവാഹം കഴിക്കാം."

51 ഞാൻ പറഞ്ഞു, "നിങ്ങളുടെ ദർശനം വളരെ മാധുര്യമാണ്, എന്നാൽ അത് ഇവിടെ പഠിപ്പിക്കപ്പെട്ടിരിക്കുന്ന സത്യ വഴിക്ക് അപ്പുറത്തായിരിക്കുന്നു." ഞാൻ പറഞ്ഞു, "അത്—അത് തെറ്റാണ്, നോക്കു. നിങ്ങൾ അത് ചെയ്തുകൂടാ." അതിനാൽ...കാണുന്നോ?

52 എന്നാൽ നിങ്ങൾ തിരുവെഴുത്തു നോക്കുമ്പോൾ, തിരുവെഴുത്തുമായി ഒന്നിനോടൊന്ന് യോജിച്ചു പോയിട്ട്, തുടർച്ചയായി അവ ഒരുമിച്ച് കൂടിയിരുന്നതിന്റെ ഒരു ദൃഢമായ അവസ്ഥയെ ഉണ്ടാക്കുന്നു. തിരുവെഴുത്തുകൾ, ഒന്ന് ഇവിടെ വിട്ടുപോയാൽ, ഈ മറ്റെ ഒന്ന് ഇവിടെ നിന്നും വന്ന് അതിനെ തമ്മിൽ യോജിപ്പിച്ച്, അതിന്റെ മുഴുവൻ ചിത്രവും വരച്ചു കാട്ടുന്നു.

53 അത് ഇപ്രകാരം, ഒരു പദപ്രശ്നത്തിലെ വാക്കുകൾ ഒരുമിച്ച് വരുന്നതു പോലെയാണ്. അതിന് യോജിക്കുന്ന വാക്ക് നിങ്ങൾ കണ്ടുപിടിച്ച് ചേർക്കുന്നത് പോലെയാണ്. മറ്റ് യാതെന്നിലും തന്നെ അവിടെ തക്കതായി ചേർക്കാൻ കഴിയില്ല. അപ്പോൾ നിങ്ങൾക്ക് ചിത്രം ശരിയായി യോജിച്ചു കിട്ടുന്നു.

54 അത് ചെയ്യാൻ ഒരുവന് മാത്രമെ കഴിയുകയുള്ളു, അത് കുഞ്ഞാടാകുന്നു, അതുകൊണ്ട് നാം അവനു വേണ്ടി നോക്കുന്നു.

55 എന്നാൽ ഇവയിൽ, ഈ കുതിര സവാരിക്കാരൻ, അവൻ ഒരാളാണ് ഈ കുതിരകളെ ഓടിച്ചിരുന്നതെന്ന് നാം കണ്ടു. അതിനുശേഷം നാം അവനെ പിന്തുടർന്ന്, അവൻ ചെയ്ത കാര്യങ്ങളും, മറ്റെല്ലാം കാണുകയും അത് കൃത്യമായും കഴിഞ്ഞ സഭാ കാലഘട്ടങ്ങളിൽ ചെയ്ത അതേ കാര്യങ്ങൾ തന്നെയെന്നു കണ്ടുപിടിച്ചു.

56 അവൻ ഒരു പ്രത്യേക മൃഗത്തിന്റെ മേൽ കയറി പുറപ്പെട്ടു പോകുമ്പോൾ, അതിനെ നേരിടുന്നതിനായി ഒരു ജീവിയെ അയച്ചിരുന്നത് നാം കണ്ടു.

57 ഒരു കുഞ്ഞാടിനെ...ഒരു സിംഹമായിരുന്നു ഒന്നാം കാലഘട്ടത്തിനായി അയക്കപ്പെട്ടിരുന്നത്. അതു വചനമായിരുന്നു, തീർച്ചയായും, ക്രിസ്തുവായിരുന്നു.

58 അടുത്തതു ഇരുണ്ട കാലഘട്ടത്തിൽ, അപ്പോൾ കാളയായിരുന്നു, അപ്പോൾ സഭ സംഘടനയായി രൂപീകരിക്കപ്പെടുകയും ദൈവത്തിന്റെ വചനത്തിന് പകരം മതതത്വ സംഹിതകൾ സ്വീകരിക്കുകയും ചെയ്തു.

59 ഓർക്കുക എല്ലാ കാര്യങ്ങളും രണ്ടു കാര്യങ്ങളിൽ അടിസ്ഥാനം ചെയ്യപ്പെട്ടിരിക്കുന്നു; ഒന്ന് എതിർക്രിസ്തുവും; മറ്റേത് ക്രിസ്തുവും ആകുന്നു.

60 അത് ഇന്നും അതേ കാര്യം തന്നെയാകുന്നു. പകുതി ക്രിസ്ത്യാനി എന്ന ഒരു കാര്യമില്ല. ഒരു മദ്യപാനിയും—മദ്യപിക്കാത്തവനും എന്ന ഒന്നില്ല; കറുപ്പ്—വെളുപ്പുള്ള പക്ഷികളില്ല; ഇല്ല, ഇല്ല; പാപിയായ—വിശുദ്ധരില്ല. ഇല്ല. ഒന്നുകിൽ നിങ്ങൾ ഒരു പാപി അല്ലെങ്കിൽ ഒരു വിശുദ്ധൻ. കാണുന്നോ? രണ്ടിനും ഇടയ്ക്കുള്ള യാതൊന്നുമില്ല. ഒന്നുകിൽ നിങ്ങൾ വീണ്ടും ജനിച്ചിരിക്കുന്നു, അല്ലെങ്കിൽ നിങ്ങൾ വീണ്ടും ജനിച്ചിട്ടില്ല. ഒന്നുകിൽ നിങ്ങൾ പരിശുദ്ധാന്മാവിൽ നിറഞ്ഞിരിക്കുന്നു അല്ലെങ്കിൽ നിങ്ങൾ പരിശുദ്ധാത്മാവിൽ നിറഞ്ഞിട്ടില്ല. നിങ്ങൾക്ക് എത്ര വികാരാവേശങ്ങൾ ഉണ്ടായിരുന്നാലും കാര്യമല്ല, നിങ്ങൾ പരിശുദ്ധാത്മാവിൽ നിറഞ്ഞിട്ടില്ലെങ്കിൽ പിന്നെ നിങ്ങൾ അതിനാൽ നിറഞ്ഞിട്ടില്ല. കാണുന്നോ? നിങ്ങളിൽ അതു നിറഞ്ഞിട്ടുണ്ടെങ്കിൽ, നിങ്ങളുടെ ജീവിതം അതു തെളിയിക്കുകയും, അതിനു അനുസരണമായി മുമ്പോട്ട് പോകുകയും ചെയ്യും. കാണുന്നോ? അതിനെക്കുറിച്ച് ആർക്കും ആരോടും പറയേണ്ട ആവശ്യമില്ല. അവർ അതു കാണുന്നു, നോക്കു, കാരണം അതൊരു മുദ്രയാകുന്നു.

61 ഇപ്പോൾ, ഈ ജീവികൾ ഓരോവട്ടവും എങ്ങനെ സവാരി ചെയ്തു എന്ന് നാം കണ്ടു. അവന്റെ ശുശ്രൂഷയ്ക്കായി ഒന്നിനെ രാഷ്ട്രീയ ശക്തിയാലും, മതാധികാരത്തെയും രാഷ്ട്രീയ അധികാരത്തെയും തമ്മിൽ ഒരുമിച്ചു കൂട്ടി ചേർക്കാൻ, അയച്ചിരുന്നു. അതിനെ എതിരിടുന്നതിനായി ദൈവം തന്റെ ശക്തി അയയ്ക്കുന്നതും നാം കണ്ടു. നാം പിന്നോട്ട് പോയി സഭാകാലഘട്ടങ്ങളിൽ എന്ത് സംഭവിച്ചു എന്ന് നോക്കുകയും അവിടെ പിന്നിലേയ്ക്ക് നോക്കി; കൃത്യമായും അതേ രീതിയിൽ തന്നെ അത് ആയിരുന്നത് നാം കാണുകയും ചെയ്തു.

62 അതിനു ശേഷം കണ്ടത്, മറ്റൊരു കാലഘട്ടം കടന്നു വരികയും, ശത്രു എതിർക്രിസ്തുവിനെ മതത്തിന്റെ പേരിന് അടിയിലായി, ക്രിസ്തുവിന്റെ പേരിന് കീഴിലായി സഭയുടെ പേരിന് കീഴിലായി അയയ്ക്കുന്നതും നാം കണ്ടിരുന്നു. അതെ, ശ്രീമാൻ. സഭയുടെ പേരിന്റെ കീഴിൽ പോലും പുറപ്പെട്ട് പോയിരുന്നു. അവൻ പറഞ്ഞു, “അതാണ് യഥാർത്ഥ സഭ.” കാണുന്നോ?

എതിർക്രിസ്തു റഷ്യയല്ല. എതിർക്രിസ്തു അതല്ല.

63 എതിർക്രിസ്തു വാസ്തവമായ ക്രൈസ്തവ ധർമ്മത്തോടു അത്രയും അടുത്ത സാമ്യമുള്ളതായിട്ട്, “അത് മുൻകുറിക്കപ്പെടാത്ത എല്ലാത്തിനെയും കബളിപ്പിച്ചു കളയും,” എന്ന് ബൈബിൾ പറയുന്നു. അത് ശരിയാണ്. ബൈബിൾ അതു പറയുന്നു, “അന്ത്യകാലത്ത്, മുൻകുറിക്കപ്പെടാത്ത എല്ലാവരും, വ്രതന്മാർ.” അത് പറയുന്നത്, “വ്രതന്മാർ!” എന്നാണ്. ഇപ്പോൾ ആരെങ്കിലും അതെടുത്ത് നിങ്ങളുടെ ബൈബിളിന്റെ അരികിലുള്ള വരയ്ക്കകത്ത് അതിന്റെ അർത്ഥം എന്താണ് എഴുതിയിരിക്കുന്നതെന്ന് പരിശോധിച്ചു നോക്കുക. അതിനെക്കുറിച്ച് അത് “തെരഞ്ഞെടുക്കപ്പെട്ടവർ, മുൻ കുറിയ്ക്കപ്പെട്ടവർ എന്നാണ്,” പറഞ്ഞിരിക്കുന്നത്. കാണുന്നോ? “അതു ലോകസ്ഥാപനം മുതൽ കുഞ്ഞാടിന്റെ, ജീവപുസ്തകത്തിൽ പേരെഴുതപ്പെടാത്ത എല്ലാവരെയും മൂഢന്മാരാക്കും എന്നാകുന്നു.”

64 കുഞ്ഞാട്ട് അറുക്കപ്പെട്ടപ്പോൾ, പേരുകൾ പുസ്കത്തിൽ എഴുതി. അവൻ ഇന്ന് രാത്രിയിൽ മഹത്വത്തിൽ, വിശുദ്ധ സ്ഥലത്തു, ഒരു മദ്ധ്യസ്ഥനായി നിൽക്കുകയും, പുസ്തകത്തിൽ പേരഴുതപ്പെട്ട ഓരോ പ്രാണനുകൾക്കായും പക്ഷവാതം ചെയ്തുകൊണ്ട് നിൽക്കുന്നു. അവനല്ലാതെ മറ്റാർക്കും ആ പേരുകൾ അറിയില്ല. അവൻ ഒരുവന്റെ കയ്യിൽ മാത്രമാണ് ആ പുസ്തകം ഇരിക്കുന്നത് അവൻ അതു അറിയുന്നു. അവസാനത്തെ വ്യക്തി കടന്നു വന്നു കഴിയുമ്പോൾ, അവന്റെ മദ്ധ്യസ്ഥതയുടെ ദിവസങ്ങൾ അവസാനിക്കും. അതിനുശേഷം അവൻ മദ്ധ്യസ്ഥ നടത്തിയവരെ അവകാശപ്പെടുന്നതിനായി കടന്നു വരും അവൻ ബന്ധുക്കാരനായ ചാർച്ചക്കാരന്റെ, ജോലി ഇപ്പോൾ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു; പിന്നെ തന്റെ സ്വന്തമായതിനെ സ്വീകരിക്കുന്നതിനായി മുമ്പോട്ട് കടന്നു വന്നു. ഓ, എന്റെ!

65 അത് ഓരോ ക്രിസ്ത്യാനിയെയും സ്വയം പരിശോധിക്കുന്നതിനും ദൈവത്തിങ്കലേക്കു തന്റെ കൈകളെ ഉയർത്തികൊണ്ട്, ഇങ്ങനെ പറയേണം, “ഓ കർത്താവേ! എന്നെ കഴുകേണമെ, എന്റെ ജീവിതത്തിലേക്കു നോക്കി, എന്റെ ജീവിതത്തിലെ മോശമായ ആ—ആ

ഭാഗത്തെ എന്നെ കാണാൻ സഹായിക്കേണമെ. ഞാൻ അതിനെ എന്റെ വഴിയിൽ നിന്നും ഉടൻ തന്നെ എടുത്ത് കളയുന്നതിനു ഇടയാക്കേണമെ. കാരണം നീതിമാൻ പ്രയാസേന രക്ഷപ്രാപിക്കുന്നു, എങ്കിൽ പാപിയുടെയും അഭക്തന്റെയും ഗതി എന്താകും?" ഇതു പരിശോധനയുടെ സമയമാകുന്നു.

66 ഇത് നിങ്ങൾ സ്ഥാനപ്പെടുത്താൻ, ആഗ്രഹിക്കുന്നെങ്കിൽ...ഈ വചനത്തെ കൊട്ടുക്കുക. (ഇപ്പോൾ ഈ കാര്യത്തിൽ, എന്നോട് ഒരു ചോദ്യം ചോദിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. കാരണം അത് എന്നെ നേരെ മറ്റൊരു വിഷയത്തിലേക്ക് കൊണ്ടുപോകും; അത് നിങ്ങളുടെ ചോദ്യങ്ങൾ എഴുതുന്നതിനെക്കുറിച്ചാകുന്നു എന്ന് ഞാൻ അർത്ഥമാക്കുന്നു. എങ്ങനെയായാലും ചോദ്യങ്ങൾ എല്ലാം കഴിഞ്ഞിരിക്കുന്നു എന്ന് ഞാൻ വിചാരിക്കുന്നു.) ഇത് സൂക്ഷ്മ പരിശോധനയുടെ സമയമാകുന്നു. അത് ശരിയാണ്. ഇപ്പോൾ കാഹളനാദത്തെക്കറിച്ചോ കലശങ്ങളെക്കുറിച്ചോ കർത്താവ് എപ്പോഴെങ്കിലും നമ്മുക്ക് അവസരം നൽകിയാൽ അതിൽ കടന്ന് ന്യായവിധിയുടെ സൂക്ഷ്മ പരിശോധനയെക്കുറിച്ച് നാം കണ്ടുപിടിക്കുന്നതാണ്, അത് കലശങ്ങൾ ഒഴിക്കപ്പെടുന്നതിന് തൊട്ടു മുമ്പാകുന്നു. അങ്ങനെ അത് സത്യമാണെന്ന് നാം കാണുന്നു. ഭൂമിയിലേയ്ക്ക് പതിക്കുന്ന മൂന്ന് ദൂതന്മാർ "കഷ്ടം! കഷ്ടം! കഷ്ടം! ഭൂവാസികൾക്ക് കഷ്ടം!" എന്ന് ഉറക്കെ നിലവിളിക്കുന്നതായി നാം കാണുന്നു.

നാം ജീവിക്കുന്നത് ഒരു ഭയാനകമായ കാലത്താകുന്നു.

67 നിങ്ങൾ നോക്കു, നാം ഇപ്പോൾ മനസ്സിലാക്കുന്ന ഈ കാര്യങ്ങൾ, അത് നാം ഇപ്പോൾ പഠിച്ചുകെണ്ടിരിക്കുന്നത്, സഭ എടുക്കപ്പെട്ടു കഴിഞ്ഞതിന് ശേഷം, നോക്കു, ഈ കാര്യങ്ങൾ മഹാഉപദ്രവകാലത്ത് നടക്കുന്നതാണ്. സഭ ഒരിക്കലും മഹാഉപദ്രവകാലത്തിൽ കൂടി പോകുകയില്ലെന്ന് സകല വിശ്വാസികളുടെയും ഹൃദയങ്ങളിൽ വാസ്തവമായും ഉറപ്പായിരിക്കേണ്ടത് ആവശ്യമാണെന്ന് ഞാൻ വിചാരിക്കുന്നു. നിങ്ങൾക്ക് ഒരിടത്തും സഭയെ ഉപദ്രവകാലത്ത് ആക്കാൻ കഴിയുകയില്ല. ഞാൻ...നിങ്ങൾക്ക് സഭയെ അവിടെ ഇടാം എന്നാൽ മണവാട്ടിയെ അതിന് കഴിയില്ല. നോക്കു, മണവാട്ടി പോയ്ക്കഴിഞ്ഞിരിക്കും.

68 എന്തുകൊണ്ടെന്നാൽ, നോക്കു, ഒരു പാപം പോലും അവൾക്കില്ല, അവൾക്കെതിരായി ഒരു കാര്യം പോലുമില്ല. ദൈവത്തിന്റെ കൃപ അവളെ മൂടി കഴിഞ്ഞിരിക്കുന്നു. ആ ബ്ലീച്ച് എല്ലാം പാപങ്ങളെയും ദൂരം ചെയ്തു കളഞ്ഞിട്ട്, അതിന്റെ ഒരു ഓർമ്മപോലും അവിടെയില്ല;

യാതൊന്നും ഇല്ലാതെ, അവൾ ദൈവ സന്നിധിയിൽ പൂർണ്ണയായും പരിശുദ്ധയായും നിൽക്കുന്നു. ഓ അത് മണവാട്ടിയെ അവളുടെ മുട്ടിന്മേൽ ആയിക്കൊണ്ടു ദൈവത്തോടു ഉറക്കെ നിലവിളിക്കുന്നതിന് കടപ്പെട്ടവളാക്കുന്നു!

69 ഞാൻ ഒരു ചെറിയ കഥ ഓർക്കുന്നു; തുടക്കത്തിൽ തന്നെ, ഞാൻ നിങ്ങളുടെ സമയം കൂടുതലായി എടുക്കാൻ ഇപ്പോൾ ആഗ്രഹിക്കുന്നില്ല. ഞാൻ...ഞാൻ—ഞാൻ ഒരു ഉദ്ദേശത്തിനു വേണ്ടിയാണ് ഇത് ചെയ്യുന്നത്. അത് തുടങ്ങുന്നതിനായി, ആത്മാവിന്റെ പ്രേരണ എനിക്ക് അനുഭവപ്പെടുന്നതുവരെയാകുന്നു.

70 ഇതൊരു—ഇതൊരു പവിത്രമായ കാര്യമാകുന്നു. കാണുന്നോ? ആ വക കാര്യങ്ങൾ നോക്കൂ ആർക്കാണ് അറിയാൻ കഴിയുന്നത്? ദൈവത്തിനാല്ലാതെ മറ്റാർക്കും അറിയില്ല. അവർ ആരെയും വെളിപ്പെടുത്തുന്നതിനായി കരുതിയിട്ടുള്ളവരല്ല, ഈ ദിവസം വരെയും അവയെല്ലാം വെളിപ്പെടുത്തല്ല എന്നു ബൈബിളിൽ നിന്ന് തെളിയിച്ചിരിക്കുന്നു. അത് കൃത്യമായും ശരിയാണ്. കാണുന്നോ? നോക്കൂ അവയെ—അവയെല്ലാം ഊഹിച്ചു കൊണ്ടിരുന്നു; എന്നാൽ ഇപ്പോൾ ആ സത്യം, സമർത്ഥിക്കപ്പെട്ട സത്യം, കൃത്യമായും നമുക്ക് ഇപ്പോൾ ലഭിക്കേണ്ടതുണ്ട്. കാണുന്നോ? ശ്രദ്ധിക്കൂ.

71 ഇപ്പോൾ പശ്ചിമദേശത്ത് ഒരു—ഒരു ചെറിയ പെൺകുട്ടി ഉണ്ടായിരുന്നിട്ട് അവൾ ഒരു പുരുഷനുമായി സ്നേഹത്തിലായി...ഒരു പുരുഷൻ അവളുമായി സ്നേഹത്തിലായി. കന്നുകാലികൾ വാങ്ങി വില്പന നടത്തിയിരുന്ന ആർമർ കമ്പനിയിൽ നിന്നും ഈ യുവാവ് വന്നിരുന്നു. കൂടാതെ—അതുമല്ല അവർക്ക് ഒരു—ഒരു വലിയ...

72 ഉടമസ്ഥൻ ഒരു ദിവസം വന്നു, ഉടമസ്ഥന്റെ മകൻ ചിക്കാഗോയിൽ നിന്നും, വരികയും അവർ അവരെയെല്ലാം പശ്ചിമ ദേശത്തുള്ള ഒരു അതിർത്തി പ്രദേശത്ത് ഒരുക്കി നിർത്തുകയും ചെയ്തു. അവിടെയുള്ള ആ—ആ പെൺകുട്ടികൾ എല്ലാം വിശേഷ വസ്ത്രങ്ങൾ ധരിച്ച് ഈ യുവാവിനെ ആകർഷിക്കുന്നതിനായി പോയി, തീർച്ചയായും നിങ്ങൾക്ക് അറിയാമല്ലോ കാരണം അത് ആ പ്രധാന ആളിന്റെ മകനായിരുന്നു. അതിനാൽ അവർ അവരുടെ പശ്ചിമ പ്രേദേശത്തെ വിശേഷ വസ്ത്രങ്ങൾ അണിഞ്ഞിരുന്നു.

73 അത് അവർ നമ്മുടെ പശ്ചിമ ഭാഗത്തും ചെയ്യുന്നു. അവർ ഇതുപോലെയുള്ള ഒരു സംഭവ കഥയിൽക്കൂടെ കടന്നുപോകുന്നു. ഒരിക്കൽ സഹോദരൻ മാഗിയർ, അദ്ദേഹം ഇപ്പോൾ ഇവിടെയുണ്ടെന്ന് കരുതുന്നു. അവർ അദ്ദേഹത്തെ ആ ദേശത്ത് പതിവുണ്ടായിരുന്ന വസ്ത്രം ധരിക്കാതിരുന്നതിനാൽ പട്ടണത്തിൽ

നിന്ന് പിടിച്ച് ജയിലിൽ അടച്ചു. കൂടാതെ ഒരു നാട്ടുകോടതി അദ്ദേഹത്തെ വിചാരണ ചെയ്യുകയും അതിനുവേണ്ടി പിഴ അടപ്പിക്കുകയും ആദ്ദേഹത്തെകൊണ്ടു ആ പശ്ചിമഭാഗത്തെ വിശേഷ വസ്ത്രം വാങ്ങിപ്പിക്കുകയും ചെയ്തു. ഞാൻ ബാക്കിയുള്ള മനുഷ്യരെ അവിടെ *ഇത്രയും* നീണ്ട വലിയ തോക്കുകൾ അവരുടെ പുറകിലായി തൂക്കിയിട്ടുകൊണ്ട് അവിടെ ചുറ്റുമായി നടക്കുന്നത് കണ്ടിരുന്നു. അവർ വെറും ദേശവാസികളായി അവിടെ നടക്കുന്നു. അവർ കഴിഞ്ഞു പോയ നാളുകളിലെ പഴയ സംസ്കരത്തോട്ടു കൂടിയ കാര്യങ്ങളിൽ ജീവിക്കാൻ ശ്രമിച്ചുക്കുന്നു. കാണുന്നോ?

74 അതുകൂടാതെ, കെന്റക്കിയിലും, അവിടെയുള്ള കിഴക്കൻ നാട്ടുകളിൽ ഇപ്പോഴും റെൻഫ്രോ താഴ്വരയിലും മറ്റും കഴിഞ്ഞുപോയ പഴയ സംസ്കാരത്തിന് അനുസരിച്ച് അവർ ജീവിക്കാൻ ശ്രമിക്കുന്നത് കാരണം. നിങ്ങൾ പഴയ കാലങ്ങളിലേയ്ക്ക് തിരികെ പോകാൻ ആഗ്രഹിക്കുന്നു. അതിന് കാരണമാക്കുന്ന എന്തോ കാര്യം അവിടെയുണ്ട്.

75 എന്നാൽ അതിലേയ്ക്ക് തിരികെ പോകുമ്പോൾ, യഥാർത്ഥമായ സുവിശേഷത്തിലേക്ക് തിരികെ പോകുന്നതിന്റെ കാര്യം വരുമ്പോൾ, നിങ്ങൾ അത് ചെയ്യാൻ ആഗ്രഹിക്കുന്നില്ല. നിങ്ങൾ എന്തോ ആധുനികമായതിൽ ആഗ്രഹിക്കുന്നു. അതു കാണിക്കുന്നത്, നോക്കു, നിങ്ങൾ—നിങ്ങൾ...അവിടെ ഒരു...

76 ഒരു—ഒരു മനുഷ്യനെ തെറ്റ് ചെയ്യുന്നതിന് ഇടയാക്കുന്നത് എന്താണ്? എന്താണ് അവനെ മദ്യപിക്കുന്നതിനും അതുപോലെയുള്ള കാര്യങ്ങളുമായി തുടരുന്നതിനും അല്ലെങ്കിൽ, ഒരു സ്ത്രീയെ തെറ്റ ചെയ്യുന്നതിന് ഇടയാക്കുന്നത്? അവൾ അതിനുവേണ്ടി ശ്രമിച്ചിട്ട്... അവളിൽ എന്തോ ഒന്ന് ദാഹിക്കുന്നതാകുന്നു. അവനിൽ എന്തോ ഒന്ന് ദാഹിക്കുന്നതാകുന്നു. അവർ ആ വിശുദ്ധ ദാഹത്തെ ലോക കാര്യങ്ങളിൽ തൃപ്തിപ്പെടുത്താൻ ശ്രമിക്കുന്നു. എന്നാൽ ആ ദാഹശമനം ദൈവത്താൽ ആകേണ്ടിയിരിക്കുന്നു. അവൻ നിങ്ങളെ ആ രീതിയിൽ, ദാഹിക്കുന്നതിനായി ഉണ്ടാക്കിയിരിക്കുന്നു. ആ കാരണത്താലാണ് നിങ്ങൾ എന്തോ ഒന്നിന് വേണ്ടി ദാഹിക്കുന്നത്. ദൈവം നിങ്ങളെ ആ രീതിയിൽ ഉണ്ടാക്കിയിരിക്കുന്നു, അതിനാൽ നിങ്ങൾ ആ പരിശുദ്ധമായ ദാഹത്തെ അവങ്കലേക്ക് തിരിക്കുന്നതിന് വേണ്ടിയാകുന്നു. കാണുന്നോ? എന്നാൽ നിങ്ങൾ ആ ദാഹത്തെ ശമിപ്പിക്കാൻ ശ്രമിക്കുമ്പോൾ...ആരെങ്കിലും അത് ചെയ്യുന്നതിന് എങ്ങനെ ധൈര്യപ്പെടും! അത് ചെയ്യുന്നതിന് നിങ്ങൾക്ക് യാതൊരു അധികാരവും ഇല്ല, ആ വിശുദ്ധ ദാഹത്തെ

ശമിപ്പിക്കുന്നതിനായി ശ്രമിച്ചുകൊണ്ട് നിങ്ങൾ മറ്റെന്തിനോ വേണ്ടി ശ്രമിക്കുകയും അതിനുശേഷം നിങ്ങൾ അതിനെ ലോകത്തിലേക്ക് തിരിക്കുകയും, ലൗകിക കാര്യങ്ങളാൽ അതിനെ സന്തുഷ്ടമാക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. നിങ്ങൾക്കതിന് കഴിയുകയില്ല. അത് നിറയ്ക്കുന്നതിന് ഒരേ ഒരു കാര്യം മാത്രമേയുള്ളു അത് ദൈവമാകുന്നു. അവൻ നിങ്ങളെ ആ രീതിയിൽ നിർമ്മിച്ചിരിക്കുന്നു.

77 അങ്ങനെ, ഈ—ഈ ചെറുപ്പക്കാരി പെൺകുട്ടികൾ, അവൻ—അവൻ കടന്നുവരുമ്പോൾ, ഈ പയ്യനുവേണ്ടി അവരുടെ സാധാരണമായ പശ്ചിമദേശത്തെ വിശേഷ വസ്ത്രങ്ങൾ അണിഞ്ഞുകൊണ്ട് കാത്തു നിന്നു. അവരിൽ ഓരോരുത്തരും ഈ ചെറുപ്പക്കാരനെ കിട്ടാൻ പോകുന്നു എന്നും തീർച്ചയുണ്ടായിരുന്നു.

78 ആ മേച്ചിൽ പ്രദേശത്ത് അവരുടെ സ്വന്തക്കാരിയായ ഒരു പെൺകുട്ടിയും ഉണ്ടായിരുന്നു, അവൾ ഒരു അനാഥയായിരുന്നു, അതിനാൽ അവൾ ഇവരുടെ എല്ലാ ജോലികളും ചെയ്തിരുന്നു. അവർക്ക് അവരുടെ കൈ വിരലിലെ നഖം മിനുക്കേണ്ടിയിരുന്നു, കൂടാതെ അവരുടെ കൈകളിൽ ഈ വക സാധനങ്ങൾ ഉള്ളതിനാൽ അവർക്ക് അവരുടെ പാത്രങ്ങൾ കഴുകാനും മറ്റും കഴിഞ്ഞിരുന്നില്ല. അവളാണ് അവരുടെ എല്ലാ കഠിന പണികളും ചെയ്തിരുന്നത്.

79 അങ്ങനെ, അവസാനം ഈ യുവാവ് എത്തിച്ചേർന്നപ്പോൾ, അവർ പശ്ചിമ പരിഷ്കാരത്തോട് കൂടിയ വസ്ത്രവുമായി പുറപ്പെട്ടു ചെന്ന്, അവനെ ഒരു കുതിര വണ്ടിയിൽ കൊണ്ടുവന്നു. അവർ അവരുടെ തോക്കിൽ നിന്ന് വെടിയുതിർക്കുകയും, നൃത്തം ചെയ്യുകയും, അങ്ങനെ എല്ലാവിധ കാര്യങ്ങളുമായിട്ട് കൂട്ടിക്കൊണ്ടു വന്നു. അന്ന് രാത്രിയിൽ അവർക്ക് അവിടെ ഒരു വലിയ നൃത്തപരിപാടി ഉണ്ടായിരിക്കുകയും, അതൊരു പഴയ പരിഷ്കാരത്തോട് കൂടിയ ഒന്നായിട്ട്, എല്ലാ വൻകിട കൃഷിക്കളത്തിന്റെ ഉടമകളും ഒരുമിച്ച് കൂടി, അവരുടെ നൃത്തങ്ങളും അതുപോലുള്ള എല്ലാകാര്യങ്ങളും ചെയ്തിരുന്നു. കൂടാതെ നിങ്ങൾക്കറിയാമോ ഇതൊരു മഹോത്സവം പോലെ ആയിട്ട് രണ്ടോ മൂന്നോ ദിവസം തുടർന്നിരുന്നു.

80 പിന്നെ, ഒരു രാത്രിയിൽ, ഈ യുവാവ് നൃത്തത്തിൽ നിന്നും അല്പം വിശ്രമിക്കുന്നതിനായി ഈ പെൺക്കുട്ടികളിൽ നിന്നും പുറത്തിറങ്ങി. അദ്ദേഹം കന്നുകാലികളെ കെട്ടിയിരുന്നിടത്തേയ്ക്ക് പോകുമ്പോൾ, ഒരു കാര്യം കണ്ടു. അവിടെ ഒരു പെൺകുട്ടി ഒരു തരത്തിൽപ്പെട്ട പഴകിയ വസ്ത്രങ്ങൾ ധരിച്ച് കടന്നു പോകുന്നു. അവളുടെ കൈയ്യിൽ ഒരു പാത്രം നിറയെ വെള്ളം ഉണ്ടായിട്ട്, അവൾ പാത്രങ്ങൾ കഴുകിയിരുന്നു. അവൻ ചിന്തിച്ചു, "ഞാൻ ഇതിനു മുമ്പ് ഒരിക്കലും

ഈ പെൺകുട്ടിയെ കണ്ടിട്ടില്ല. അവൾ എവിടെ നിന്നായിരിക്കും വന്നത്? എന്ന് ആശ്ചര്യപ്പെട്ടു. അതുകൊണ്ട് അവൻ തന്റെ നടത്തം കന്നുകാലി വളപ്പിന്റെ പിന്നിൽ കൂടി എടുത്ത് തിരികെവന്ന് അവളെ അവിടെവച്ച് കണ്ടുമുട്ടി.

81 അവൾ നഗ്നപാദയായിരുന്നു. അവൾ അവിടെ നിന്നു. അവൾ അവളുടെ തല താഴേക്ക് കുനിച്ചിരുന്നു. അതു ആരായിരുന്നു എന്നവൾ കണ്ടിരിക്കുകയും, അവൾ വളരെ ലജ്ജാവതിയും ആയിരുന്നു. അവൾ ഈ മഹാനായ വ്യക്തിയെ അറിഞ്ഞിരുന്നു. അവൾ മറ്റുള്ള ഈ പെൺകുട്ടികളുടെ വെറും ഒരു സ്വന്തക്കാരി മാത്രമായിരുന്നു. അവരുടെ പിതാവ് ഈ വലിയ ആർമർ കമ്പനിയുടെ മേൽനോട്ടം വഹിക്കുന്ന പ്രധാനി ആയിരുന്നു, അതിനാൽ അവർ തുടർന്നിട്ട്...അവൾ താഴേക്ക് നോക്കികൊണ്ടു തന്നെ നിന്നു. അവൾ നഗ്നപാദയായിരുന്നതിനാൽ അവൾക്കു ലജ്ജ തോന്നിയിരുന്നു.

82 അവൻ ചോദിച്ചു "നിന്റെ പേരെന്താണ്?" അവൾ അവനോടു പറഞ്ഞു. ചോദിച്ചു, "ബാക്കിയുള്ളവരോടൊപ്പം...നീ എന്താണ് അവിടെ വരാത്തതു?" അവൾ ഒരു വിധം ഒഴികഴിവുകൾ പറഞ്ഞു.

83 അങ്ങനെ, അടുത്ത രാത്രിയിലും, അവൻ അവളെ വീണ്ടും ശ്രദ്ധിക്കാൻ തുടങ്ങി. അവസാനം...അവൻ അവിടെ പുറത്തിരിക്കുകയായിരുന്നു. അവരെല്ലാം നൃത്തവും മറ്റെല്ലാമായിട്ട് തുടർന്നു കൊണ്ടിരുന്നു. അവൻ കന്നുകാലി വളപ്പിന്റെ വേലിയിൽ, അവൾ പാത്രം കഴുകിയ വെള്ളം ഒഴിച്ചു കളയാനായി വരുന്നതും കാത്ത് അവിടെ ഇരുന്നു. അവൻ അവളെ ശ്രദ്ധിച്ചു കൊണ്ടിരുന്നു. പിന്നെ അവൻ അവളോട് ചോദിച്ചു, അവൻ ചോദിച്ചു, "ഞാൻ ഇവിടെ ആയിരിക്കുന്നതിന്റെ യഥാർത്ഥ ഉദ്ദേശം എന്താണെന്ന് നിനക്കറിയാമോ?

അവൾ പറഞ്ഞു, "ഇല്ല, ശ്രീമാൻ, എനിക്കറിയില്ല."

84 പറഞ്ഞു, "ഞാൻ ഇവിടെ ആയിരിക്കുന്നതിന്റെ ഉദ്ദേശം ഒരു ഭാര്യയെ തേടി കണ്ടുപിടിക്കുക എന്നതാണ്." അവൻ പറഞ്ഞു, "മറ്റുള്ളവർക്കില്ലാത്ത ഒരു സ്വഭാവം ഞാൻ നിന്നിൽ കാണുന്നു." നിങ്ങൾ നോക്കൂ, ഞാൻ സഭയെക്കുറിച്ചാണ് വിചാരിക്കുന്നത്. ചോദിച്ചു. "നീ എന്നെ വിവാഹം കഴിക്കുമോ?"

അവൾ ചോദിച്ചു, "ഞാനോ? ഞാനോ? എനിക്ക്—എനിക്ക്, എനിക്ക് അങ്ങനെ ഒരു കാര്യം ചിന്തിക്കാൻ പോലും കഴിയില്ല."

85 നോക്കൂ, അത് മുഖ്യ ഉടമസ്ഥന്റെ മകനാകുന്നു. ആ ദേശം മുഴുവനുമുള്ള കമ്പനികളുടെയും, കന്നുകാലി വളർത്തൽ കേന്ദ്രങ്ങളും

അങ്ങനെ എല്ലാം അവന് അവകാശപ്പെട്ടതായിരുന്നു. പറഞ്ഞു "അതെ" പറഞ്ഞു, "എനിക്ക്—എനിക്ക് ഒന്ന് ചിക്കാഗോയിൽ കണ്ടുപിടിക്കാൻ കഴിഞ്ഞില്ല എനിക്ക്—എനിക്ക് ഒരു യഥാർത്ഥ ഭാര്യയെ ആവശ്യമായിരിക്കുന്നു. ഒരു സ്വഭാവ ഗുണത്തോട് കൂടിയ ഭാര്യയെ എനിക്ക് ആവശ്യമായിരിക്കുന്നു. ഞാൻ നോക്കുന്നതായ ആ കാര്യം, അത് നിന്നിൽ ഞാൻ കാണുന്നു." ചോദിച്ചു, "നീ എന്നെ വിവാഹം കഴിക്കുമോ?"

അവൾ പറഞ്ഞു "അതെ..." അത് അവളെ അമ്പരിപ്പിച്ചു കളഞ്ഞു. പിന്നെ അവൾ പറഞ്ഞു, "അതെ."

86 അവൻ പറഞ്ഞു "കൊള്ളാം..." അവൻ തിരികെ വരും എന്ന് അവളോടു പറഞ്ഞു. പറഞ്ഞു, "ഇപ്പോൾ, നീ നിന്നെത്തന്നെ ഒരുക്കികൊള്ളുക. ഇന്ന് തുടങ്ങി ഒരു വർഷത്തിനകം ഞാൻ തിരികെ വരും. അതെ...ഞാൻ നിന്നെ സ്വന്തമാക്കും, ഞാൻ നിന്നെ ഇവിടെ നിന്നും നിന്നെ കൂട്ടിക്കൊണ്ട് പോകും. നിനക്ക് ഇതുപോലെ ഒരിക്കലും ജോലി ചെയ്യേണ്ടിവരുകയില്ല. ഞാൻ നിന്നെ കൊണ്ടുപോകും ഞാൻ ചിക്കാഗോയിലേക്ക് പോകുന്നു, നീ ഒരിക്കലും കണ്ടിട്ടില്ലാത്ത വിധമുള്ള ഒരു വീട്ട് ഞാൻ നിനക്ക് വേണ്ടി പണിയും.

87 അവൾ പറഞ്ഞു, "എനിക്കില്ലായിരുന്നു, ഒരു വീടുണ്ടായിരുന്നില്ല. അവൾ പറഞ്ഞു, ഞാൻ അനാഥയാണ്."

88 അവൻ പറഞ്ഞു, "ഞാൻ നിനക്കായി ഒരു വീടും പണിയും,. ഒരു യഥാർത്ഥമായ വീട്." പറഞ്ഞു, "പറഞ്ഞു ഞാൻ തിരികെ വരും."

89 ആ ഒരു വർഷക്കാലം, അവൻ അവളെ പിൻതുടർന്ന് കൊണ്ടിരുന്നു. അവൾക്ക് കഴിയാവുന്ന വിധം അവൾ എല്ലാം രീതിയിലും ജോലി ചെയ്ത് അവൾക്ക് കിട്ടിയിരുന്ന ഒരു ദിവസത്തെ ഒരു ഡോളർ ശമ്പളത്തിൽ നിന്നും അല്ലെങ്കിൽ അവൾക്ക് കിട്ടിയിരുന്ന നിശ്ചിത തുകയിൽ നിന്നും ഒരു കല്യാണം വസ്ത്രം വാങ്ങുന്നതിനായി മിച്ചം വെച്ചുകൊണ്ടിരുന്നു. ഇത് സഭയുടെ ഒരു സമ്പൂർണ്ണ മാതൃകയാണ്! കാണുന്നോ? കാണുന്നോ? അവൾ അവളുടെ വസ്ത്രം തയ്യാറാക്കി വച്ചിരുന്നു.

90 നിങ്ങൾക്കാറിയാമോ, അവൾ അവളുടെ ഈ കല്യാണ വസ്ത്രം പ്രദർശിപ്പിച്ചപ്പോൾ അവളുടെ—അവളുടെ സ്വന്തക്കാരികൾ പറഞ്ഞു, "നീ ഒരു പാവം, നിസ്സാര കൊച്ച്. അങ്ങനെയുള്ള ഒരു മനുഷ്യൻ നിന്നെ, നീയുമായി എന്തെങ്കിലും ചെയ്യുമെന്ന് നീ അർത്ഥമാക്കുന്നോ?

91 അവൾ പറഞ്ഞു, “അവൻ എനിക്ക് വാഗ്ദത്തം തന്നിരിക്കുന്നു.” ആമേൻ. പറഞ്ഞു. “അവൻ വാഗ്ദത്തം ചെയ്തിരിക്കുന്നു.” പറഞ്ഞു, “ഞാൻ അവന്റെ വാക്ക് വിശ്വസിക്കുന്നു.”

92 “ഓ, അയാൾ നിന്നെ വെറുതെ മണ്ടിയാക്കുകയായിരുന്നു.” പറഞ്ഞു, “അദ്ദേഹത്തിന് ആരെയെങ്കിലും എടുക്കണമായിരുന്നെങ്കിൽ, അദ്ദേഹം അവരിൽ ആരെയെങ്കിലും ഒരാളെ എടുക്കുമായിരുന്നു.”

93 “അതെ,” പറഞ്ഞു, “എന്നാൽ അവൻ എനിക്ക് വാക്ക് നൽകിയിരുന്നു. ഞാൻ അതിനായി കാത്തിരിക്കുന്നു.” ആമേൻ. ഞാനും കൂടെ കാത്തിരിക്കുന്നു.

94 അങ്ങനെ, അത് അടുത്തടുത്തായി വന്നുകൊണ്ടിരുന്നു. അവസാനം ആ ദിവസവും എത്തിച്ചേർന്നു, ഒരു നിശ്ചിത സമയത്ത് അവൻ അവിടെ എത്തേണ്ടിയിരുന്നു, അതിനാൽ അവൾ അവളുടെ കല്യാണ വസ്ത്രം ധരിച്ചു നിന്നു. അവൾ അവനിൽ നിന്നും ഒന്നും തന്നെ കേട്ടിട്ടുണ്ടായിരുന്നില്ല. എന്നാൽ അവൻ അവിടെ എത്തുമെന്ന് അവൾ അറിഞ്ഞിരുന്നു, അതിനാൽ അവൾ അവളുടെ കല്യാണവസ്ത്രം അണിഞ്ഞു നിന്നു, എല്ലാ കാര്യങ്ങളും ശരിയാക്കിയിരുന്നു.

95 അതെ, ഇവിടെ അതിന് ശേഷവും അവർ ശരിക്കും കളിയാക്കി. കാരണം, മുഖ്യ ഉടമസ്ഥൻ തന്റെ മേൽനോട്ടം വഹിക്കുന്ന പ്രധാനിയുടെ അടുക്കലേയ്ക്ക് അയച്ചിരുന്നത്...ഈ പെൺകുട്ടികൾ ആരും തന്നെ അതിനെക്കുറിച്ച് ഒന്നും കേട്ടിരുന്നില്ല. അതിനാൽ, അവർക്ക് ഈ കാര്യങ്ങളെല്ലാം നിഗൂഢമായ കാര്യങ്ങളായിരുന്നു. ഇതും അതു തന്നെ. അതു തീർച്ചയാകുന്നു.

96 എന്നാൽ ഈ പെൺകുട്ടി, അതിന്റെ എല്ലാറ്റിന്റെയും നടുവിലും, അവൾക്കായി അവൻ തിരികെ വരും എന്ന വാക്കിന്മേൽ നിന്നു.

97 അങ്ങനെ, അവർ അവളെ പരിഹസിച്ചുകൊണ്ടിരുന്നു. അവർ തമ്മിൽ കൈ കോർത്തു പിടിച്ചുകൊണ്ട് അവൾക്ക് ചുറ്റുമായി നൃത്തം ചെയ്തു കൊണ്ടിരുന്നു. “ഹാ!” എന്ന് ചിരിക്കുന്നതു നിങ്ങൾക്കറിയാമല്ലോ, പറഞ്ഞു, “പാവം, കുഞ്ഞ്, നിസ്സാര പെൺകുട്ടി!”

98 അവൾ അവിടെത്തന്നെ ഒരംശം ലജ്ജിക്കാതെ നിന്നു. അവൾ അവളുടെ പൂക്കൾ പിടിച്ചിരുന്നു. അവളുടെ കല്യാണവസ്ത്രം അവൾ ധരിച്ചിരുന്നു; നിങ്ങൾക്കറിയാമോ അതിനുവേണ്ടി അവൾ കഷ്ടപ്പെട്ടിരുന്നു കാണണം. “അവന്റെ കാന്തയും തന്നത്താൻ ഒരുങ്ങുന്നു”.

കാണുന്നോ? അവളുടെ പൂക്കളും പിടിച്ചുകൊണ്ട് കാത്തുകൊണ്ട്, അവിടെ നിന്നിരുന്നു.

99 അവർ പറഞ്ഞു, "ഇപ്പോൾ, അത് തെറ്റായിരുന്നു എന്ന് നിന്നോട് ഞാൻ പറയുന്നു. നോക്കു അവൻ വരില്ല."

പറഞ്ഞു, "എനിക്ക് ഇനിയും അഞ്ച് മിനിറ്റുകൾ കൂടിയുണ്ട്." പറഞ്ഞു, "അവൻ ഇവിടെ എത്തിയിരിക്കും."

ഓ, അവർ അങ്ങനെ ചിരിച്ചു കളഞ്ഞു.

100 ഏകദേശം ആ നാഴികയായപ്പോൾ ആ പഴയ മണി അഞ്ച് മിനിറ്റിലേക്ക് എത്തുകയും, കുതിരകൾ പാഞ്ഞു വരുന്ന ശബ്ദവും, കുതിര വണ്ടിയുടെ ചക്രങ്ങൾക്കടിയിൽ മണ്ണ് അരയുന്ന ശബ്ദം അവർ കേൾക്കാൻ തുടങ്ങി. ആ പഴയ കുതിരവണ്ടി അവിടെ വന്നു നിന്നു.

101 അവൾ അവരുടെ ഇടയിൽ നിന്നും ചാടി, വാതിലിന്റെ പുറത്തിറങ്ങി. അവൻ കുതിര വണ്ടിയിൽ നിന്നും ചാടിയിറങ്ങി വരികയും, അവൾ അവന്റെ കൈകളിലേക്ക് വീഴുകയും ചെയ്തു. അവൻ പറഞ്ഞു "പ്രിയെ അതെല്ലാം ഇപ്പോൾ കഴിഞ്ഞിരിക്കുന്നു." അവിടെയിരുന്നു, അവളെ നോക്കിയിരുന്ന, സ്വന്തക്കാരികളായ അവളുടെ പഴയ സഭാസംഘടനകളെ വിട്ടുകളഞ്ഞു. അവളുടെ— അവളുടെ വീടായ ചിക്കാഗോയിലേയ്ക്ക്, അവളുടെ വീട്ടിലേക്ക് പോയി.

102 ഇപ്പോഴും, അതേ പോലെയുള്ള ഒരു മഹത്തായ വാഗ്ദത്തം ഉള്ളതിനെക്കുറിച്ച് എനിക്കും അറിയാം. "ഞാൻ നിങ്ങൾക്ക് ഒരു സ്ഥലം ഒരുക്കുവാൻ പോകുന്നു; ഞാൻ പിന്നെയും വന്നു നിങ്ങളെ ചേർത്തുകൊള്ളും." നാം ഭ്രാന്തന്മാരാണെന്ന് അവർ പറഞ്ഞേക്കാം. എന്നാൽ സഹോദരാ, എനിക്ക്, ഇപ്പോൾ തന്നെ, ഈ അലൗകീകമായ കാര്യത്തിന്റെ കീഴിൽ, ഈ മുദ്രകൾ ഇപ്രകാരം തുറന്നു കൊണ്ടിരിക്കുമ്പോൾ, കാലത്തിന്റെ നാഴികമണി നിത്യതയിലേക്ക് കടന്നുപോകുന്നതിന്റെ ടിക് ടിക് ശബ്ദം ഏകദേശം കേൾക്കാൻ കഴിയുന്നതു പോലെ തോന്നുന്നു. ഏഴാം സഭാകാലത്തിലെ ആ ദൂതന്റെ സന്ദേശത്തിന്റെ അവസാനത്തിങ്കൽ, ആ ദൂതൻ അവിടെ നിന്നുകൊണ്ട് "ഇനി കാലം ഉണ്ടാകയില്ല," എന്നു പറയുന്നത് എനിക്ക് കേൾക്കാൻ കഴിയുന്നതുപോലെ തോന്നുന്നു. ആ ചെറിയ, വിശ്വസ്തയായ മണവാട്ടി ഈ വരും ദിവസങ്ങളിൽ ഒന്നിൽ, പിതാവിന്റെ ഭവനത്തിലേക്ക് എടുക്കപ്പെടുന്നതിനായി, യേശുവിന്റെ കരങ്ങളിലേക്ക് പറന്നു പോകുന്നതാണ്. നാം മുമ്പോട്ട് പോകുമ്പോൾ ഈ കാര്യങ്ങളെക്കുറിച്ച് നമുക്ക് ധ്യാനിക്കാം.

103 വചനമായ, സിംഹത്തിന്റെ ശുശ്രൂഷയെ ശ്രദ്ധിക്കുക; കാള, കഠിനാദ്ധ്വാനവും ബലിയും; മതപരിഷ്കർത്താക്കന്മാരുടെ, ബുദ്ധിചാതുര്യവും; പിന്നെ ആ—ആ കഴുകന്റെ കാലഘട്ടം വന്നിട്ട്, അത് ഈ കാര്യങ്ങളെ എടുത്ത് അവർക്ക് വെളിപ്പെടുത്തി കാണിച്ചുകൊടുക്കുന്നു;

104 ഇപ്പോൾ കഴിഞ്ഞ രാത്രിയിലെ യോഗത്തിലും, ഈ മുദ്രയോടൊപ്പം തുറക്കപ്പെട്ട മഹത്തായ രഹസ്യവും, എന്റെ നേരെത്തെയുള്ള ധാരണയിൽ നിന്നും പരിപൂർണ്ണമായും വിരുദ്ധമായതായിരുന്നു, എന്ന് കണ്ടു. അത് ശരിയായിരുന്നു എന്ന് സങ്കലപ്പിക്കുക മാത്രം ചെയ്തിരുന്നു. ഞാൻ എല്ലായ്പ്പോഴും ബലിപീഠത്തിന് കീഴിലെ ആത്മാക്കൾ ആദ്യകാല സഭയിലെ ക്രിസ്ത്യാനികളായ രക്തസാക്ഷികളായിരുന്നു എന്ന് ധരിച്ചിരുന്നു. എന്നാൽ, കഴിഞ്ഞ രാത്രിയിൽ ദൈവമായ കർത്താവ് നമുക്ക് വേണ്ടി ആ മുദ്ര പൊട്ടിച്ചപ്പോൾ, അത് പൂർണ്ണമായും അസാദ്ധ്യമാകുന്നു എന്ന് നാം കണ്ടു. അത് അവരായിരുന്നില്ല. അവർ മഹത്വത്തിലേക്ക് മറ്റേ വശത്തു കൂടെ എടുക്കപ്പെട്ടിട്ട്, അവർ അവിടെയായിരുന്നു. അവിടെ...ആ സമയത്ത് അവിടെ കടന്ന് വന്നവർ യഹൂദന്മാർ ആയിരുന്നെന്ന് നാം കണ്ടു.

105 ഇപ്പോൾ വിളിക്കപ്പെടാൻ പോകുന്ന, ഒരു ലക്ഷത്തിനാല്പത്തി നാലായിരം പേരെക്കുറിച്ച്, അതിലേയ്ക്ക് നാം ഇന്ന് രാത്രിയിലും നാളെയുമായി കടക്കുന്നതാണ്. ഒരു ലക്ഷത്തി നാല്പത്തിനാലായിരം പേരെ വിളിക്കുന്നത്, ആറും ഏഴും മുദ്രകൾക്കിടയിലാണ്.

106 പിന്നെ നാം കണ്ടത്, അവർ കൊല്ലപ്പെട്ട രക്തസാക്ഷികളായിരുന്ന്, എന്നാൽ അതുവരെയും...വെള്ളനിലയങ്കി ലഭിച്ചിട്ട്, അവരുടെ പേരുകൾ കുഞ്ഞാടിന്റെ ജീവന്റെ പുസ്തകത്തിലായിരുന്നു. അവരിൽ ഓരോരുത്തർക്കും, ഒരോ വെള്ളനിലയങ്കി നൽകി. നാം അത് എടുത്ത് കഴിഞ്ഞിരുന്നു. ഉപദ്രവകാലത്തിന്റെ—മുമ്പുള്ള ഒരു കാലം പോലെയുള്ള ഒന്നിൽക്കൂടി കടന്നുപോയിട്ടുള്ള ആ ഒരു കൂട്ടം യഹൂദന്മാരെപ്പോലെ, യാതൊന്നും ഈ ലോകത്തിലില്ല. ഈ കഴിഞ്ഞ അവസാനത്തെ യുദ്ധ സമയത്ത്, അവർ...അവർ...അവർ എല്ലാവരാലും വെറുക്കപ്പെടേണ്ടതാകുന്നു. അവരിൽ ദശലക്ഷകണക്കിന് ജനങ്ങളെ ഐക്മാൻ ജർമ്മനിയിൽ വെച്ച് കൊന്നു. അതിന്റെ വിചാരണ നിങ്ങൾ അടുത്തായി കേട്ടിരുന്നു. ദശലക്ഷകണക്കിന് നിരാപരാധികളായ ജനങ്ങൾ, യഹൂദർ; മറ്റൊരു കാരണവുമില്ല, അവർ യഹൂദന്മാർ ആയിരുന്നതിനാൽ കൊല്ലപ്പെട്ടു.

107 ബൈബിൾ ഇവിടെ അത് പറയുന്നു, "ദൈവ വചനം നിമിത്തവും തങ്ങൾ പറഞ്ഞ സാക്ഷ്യം ഹേതുവായും അറുക്കപ്പെട്ടു." ഇപ്പോൾ

മണവാട്ടി ദൈവത്തിന്റെ വചനവും, യേശുക്രിസ്തുവിന്റെ സാക്ഷ്യവും ആണെന്ന് നാം കാണുന്നു. ഇവർക്ക് യേശുക്രിസ്തുവിന്റെ സാക്ഷ്യം ഉണ്ടായിരുന്നില്ല.

108 ബൈബിൾ ഇവിടെ പറയുന്നതായി നാം കാണുന്നത്, "യിസ്രായേൽ മുഴുവനും മുൻ നിയമിക്കപ്പെട്ട യിസ്രായേൽ മുഴുവനും രക്ഷിക്കപ്പെടും," എന്ന് റോമർ 11-ൽ പറയുന്നു. ഇപ്പോൾ നമുക്ക് അതറിയാം. കൂടാതെ അവിടെ നാം ഈ ആത്മാക്കളെ കാണുകയും ചെയ്യുന്നു.

109 ഇപ്പോൾ വളരെ അടുത്തായി നോക്കുക. ഇത് എന്തുകൊണ്ട് മുമ്പ് ആകാൻ കഴിഞ്ഞില്ല? കാരണം, ഇതിനു മുമ്പ് ആത് സംഭവിച്ചിട്ടില്ലായിരുന്നു. ഇപ്പോൾ, നിങ്ങൾക്കത് കാണാൻ കഴിയുന്നു. നോക്കൂ, ആ മഹാനായ പരിശുദ്ധാത്മാവ്, ഓരോ കാലഘട്ടത്തും സമയത്തും കൂടെ താഴേയ്ക്ക് വരുന്നത് കണ്ടിരുന്നു. ഇപ്പോൾ അത് വെളിപ്പെട്ടിരിക്കുകയും നിങ്ങൾ അവിടേക്ക് നോക്കി അത് സത്യമാണെന്ന് കാണുകയും ചെയ്യുന്നു. അവിടെയാണ് അത് ആയിരിക്കുന്നത്.

110 ഇപ്പോൾ ഇത് ഉപദ്രവകാലത്ത്, അഥവാ ഉപദ്രവകാലത്തിന്-മുമ്പുള്ള ഐക്മാന്റെ കാലത്തെ രക്തസാക്ഷികളായിരുന്നു. ഇപ്പോൾ അത്, നാം കടക്കാൻ പോകുന്ന, ആറും ഏഴും മുദ്രകൾക്കിടയിൽ രക്തസാക്ഷികളാകാൻ പോകുന്ന, നൂറ്റിനാല്പത്തിനാലായിരം പേരുടെ ഒരു മാതൃക മാത്രമായിരുന്നു. കാണുന്നോ?

111 ഏഴാം മുദ്രയിൽ ഒരേ ഒരു കാര്യമേയുള്ളൂ, അത്ര തന്നെ, അതു ഇതാണ്, "സ്വർഗ്ഗത്തിൽ ഏകദേശം, അരമണിക്കൂറോളം മൗനത ഉണ്ടായി." ഇപ്പോൾ അത് ദൈവത്തിന് മാത്രമേ വെളിപ്പെടുത്താൻ കഴിയൂ. അത് എവിടെയും പ്രതിരൂപമായി പോലും കാണിച്ചിട്ടില്ല. അത് നാളെ രാത്രിയിലാണ്. എനിക്കായി പ്രാർത്ഥിക്കുക. കാണുന്നോ?

112 ഇപ്പോൾ, നാം ആറാം മുദ്രയിൽ കടക്കുമ്പോൾ, നാം ഇവിടെ കാണുന്നത്. നാം ഇപ്പോൾ ഈ ആറാം മുദ്രയെ ഉറപ്പിക്കാൻ തുടങ്ങുമ്പോൾ, സ്വർഗ്ഗീയ പിതാവ് നമ്മെ സഹായിക്കാൻ ഇടയാകട്ടെ. ഇപ്പോൾ 6-ാംഅദ്ധ്യായത്തിന്റെ 12-ാം വാക്യം.

*അവൻ...ആറാം മുദ്ര പൊട്ടിച്ചപ്പോൾ വലിയൊരു ഭൂകമ്പം ഉണ്ടായി; സൂര്യൻ കരിമ്പടംപോലെ കറുത്തു; ചന്ദ്രൻ മുഴുവനും രക്തതുല്യമായിത്തീർന്നു.*

*അത്തിവൃക്ഷം പെരുങ്കാറ്റു കൊണ്ടു കുലുങ്ങീട്ടു കായി ഉതിർക്കുമ്പോലെ ആകാശത്തിലെ നക്ഷത്രങ്ങൾ ഭൂമിയിൽ വീണു.*

*പുസ്തകച്ചുരുൾ ചുരുട്ടും പോലെ ആകാശം മാറിപ്പോയി; എല്ലാ മലയും ദ്വീപും സ്വസ്ഥാനത്തു നിന്നും ഇളകിപ്പോയി.*

*ഭൂമിയിലെ രാജാക്കന്മാരും മഹത്തുക്കളും സഹസ്രാധിപന്മാരും, ധനവാന്മാരും ബലവാന്മാരും സകല ദാസനും സ്വതന്ത്രനും ഗുഹകളിലും മലപ്പാറകളിലും ഒളിച്ചുകൊണ്ടു; മലകളോടും പാറകളോടും,*

113 അവിടെ ശ്രദ്ധിച്ചോ? അവരെ നോക്കുക, "മഹത്തുക്കൾ," നോക്കൂ. അവർ എന്താണ് ചെയ്തത്? "അവർ വേശ്യാവൃത്തിയുടെ ക്രോധ മദ്യം കുടിച്ചിരുന്നു." കാണുന്നോ? അവളുടെ മദ്യം കുടിച്ചിരുന്ന യഥാർത്ഥ വർഗ്ഗം അതായിരുന്നു. കാണുന്നോ?

*ഞങ്ങളുടെ മേൽ വീഴുവിൻ; സിംഹാസനത്തിൽ ഇരിക്കുന്നവന്റെ മുഖം കാണാതവണ്ണവും, കുഞ്ഞാട്ടിന്റെ കോപം തട്ടാതവണ്ണവും, ഞങ്ങളെ മറെപ്പിൻ.*

*അവരുടെ മഹാകോപദിവസം വന്നു; ആർക്കു നില്പാൻ കഴിയും എന്നു പറഞ്ഞു.*

114 എന്തൊരു മുഖവര...നോക്കൂ, ഇപ്പോൾ കുതിര സവാരിക്കാരും, സവാരിക്കാരുടെ ജീവികളും, ഉത്തരം നൽകിയ ജീവികളും, അവസാനിച്ചു കഴിഞ്ഞു. അതിനു ശേഷം, നാം മുകളിലേയ്ക്ക് എടുക്കപ്പെട്ട്, ബലിപീഠത്തിന് കീഴിലുള്ള രക്തസാക്ഷികളെ നാം കാണുന്നു. ഇപ്പോൾ ഇത്, ആ സമയം മുതൽ, ഈ രക്തസാക്ഷികൾ യഥാർത്ഥ യാഥാസ്ഥിക യഹൂദന്മാരായി ക്രിസ്തീയ വിശ്വാസത്താൽ... അല്ല മതപരമായ വിശ്വാസത്താൽ കൊല്ലപ്പെട്ടവരായിരുന്നു, കാരണം അവർക്ക് ക്രിസ്ത്യാനികളായി തീരാൻ കഴിഞ്ഞിരുന്നില്ല.

115 ഓർക്കൂ, ദൈവം അവരുടെ കണ്ണുകളെ കുരുടാക്കിയിരുന്നു. ജാതികളുടെ സഭ വഴിയിൽ നിന്നും എടുത്ത് മാറ്റപ്പെടുംവരെ, അവർ ഒരു നീണ്ട സമയത്തേയ്ക്ക്, അന്ധരായിരിക്കും. കാരണം, ദൈവം ഒരേ സമയത്ത് ഈ രണ്ടു കൂട്ടരുമായി ഇടപെടുന്നില്ല, എന്തുകൊണ്ടെന്നാൽ അത് അവന്റെ വചനത്തിന് കടകവിരുദ്ധമാകുന്നു.

116 ഓർക്കുക, എല്ലായ്പ്പോഴും, അവൻ യിസ്രായേലിനോടു ഒരു ജനതയായി ഇടപെടുന്നു. ഇത് യിസ്രായേൽ ജനതയാകുന്നു.

117 ജാതികളെ, വ്യക്തികളായിട്ട്, "ജാതികളിൽ നിന്നും ജനങ്ങളെ എടുക്കുന്നു." അന്യജാതികൾ, അത് അപ്രകാരം ആകേണ്ടിയിരുന്നു,

അതുണ്ടാകേണ്ടതിന്—അത് ലോകത്തിലുള്ള സകലജാതികളിൽ നിന്നും ഉണ്ടാക്കപ്പെട്ടവരാകുന്നു, അങ്ങനെ ഇപ്പോൾ അതിലേയ്ക്കു യഹൂദന്മാരും കടന്നു വരികയാണ്. കാണുന്നോ? അത് ഇപ്രകാരം, അറേബ്യനും, ഐറിഷുകാരനും, ഇന്ത്യാക്കാരനും അങ്ങനെ എല്ലാം കൂടി ലോകത്തിലുള്ള സകലജനങ്ങളിൽ, നിന്നും ഇത് മണവാട്ടിയായ പൂച്ചെണ്ടെനെ ഉണ്ടാക്കുന്നതാകുന്നു. കാണുന്നോ?

118 എന്നാൽ, ഇപ്പോൾ, എഴുപത് ആഴ്ച്ചവട്ടത്തിന്റെ ഈ ഭാഗത്ത്, യിസ്രായേലുമായിട്ട് ഇടപെടുന്ന സമയം വരുമ്പോൾ, അവൻ അവരോട് ഒരു ജനതയായിട്ടാണ് ഇടപെടുന്നത്, ജാതികൾ അവസാനിച്ചിരിക്കുന്നു. ആ നാഴിക വളരെ അടുത്തു വരുന്നു ഒരുപക്ഷേ, അത് ഈ രാത്രിയിൽ ആയിരിക്കാം, അതായത് ദൈവം ജാതികളിൽ നിന്നും പൂർണ്ണമായും തിരിഞ്ഞെന്നിരിക്കാം. കൃത്യമായും! അവൻ അപ്രകാരം പറഞ്ഞിരുന്നു. "ജാതികളുടെ കാലം തികയുവോളം, അവർ യെരുശലേമിനെ ചവുട്ടികളയേണ്ടതാകുന്നു, സമയം കഴിഞ്ഞിരിക്കുന്നു." എന്ന് പറഞ്ഞിരുന്നു. അതെ, സർ.

119 പിന്നെയും, "അഴുക്കുള്ളവൻ ഇനിയും അഴുക്കാകട്ടെ. നീതിമാൻ ഇനിയും നീതി ചെയ്യട്ടെ". കാണുന്നോ?

120 വിശുദ്ധ മന്ദിരത്തിൽ ആ ഇരിപ്പിടത്തിൽ ഇനിയും ഒട്ടും രക്തം അവശേഷിച്ചിട്ടില്ല. ബലിപീഠത്തിന്മേൽ ഇനിയും രക്തമില്ല. ബലി അതിൽ നിന്നും നീക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു, അവിടെ പുകയും, ഇടിമിന്നലും, ന്യായവിധിയും അല്ലാതെ മറ്റൊന്നും തന്നെ ഇല്ല. അതാണ് ഇന്നു രാത്രിയിൽ ഇവിടെ കൃത്യമായും ചൊരിയപ്പെട്ട് കാണുന്നത്. നോക്കു, കുഞ്ഞാട് തന്റെ മദ്ധ്യസ്ഥതയുടെ ജോലി നിവൃത്തിയാക്കി...തന്റെ സ്ഥാനത്തു നിന്നും മാറിക്കഴിഞ്ഞിരിക്കുന്നു. ആ രക്തപങ്കിലമായ ബലിക്കുഞ്ഞാടിനെ, അതിനെ നാം പൂർണ്ണമായും ബന്ധുക്കാരനായ വീണ്ടെടുപ്പുകാരനോട് മാതൃകയാക്കി, മുമ്പോട്ട് കടന്നു വരുന്നു. അറുക്കപ്പെട്ട ഒരു കുഞ്ഞാട്, രക്തപങ്കിലമായ ഒന്ന്, കൊല്ലപ്പെട്ടത്, ചതക്കപ്പെട്ടത്, സിംഹാസനത്തിൽ ഇരിക്കുന്നവന്റെ കൈയ്യിൽ നിന്നും പുസ്തകം എടുക്കുന്നതിനായി മുമ്പോട്ട് കടന്നു വന്നു. അതായത്, മദ്ധ്യസ്ഥതയുടെ കാലം പൂർത്തിയായി കഴിഞ്ഞിരിക്കുന്നു. ഇപ്പോൾ അവൻ വീണ്ടെടുത്തതിനെ അവകാശപ്പെടുന്നതിനായി മുമ്പോട്ട് വരുന്നു. ആമേൻ! അത് എന്നിലൂടെ എന്തോ ഒന്ന് കടത്തിവിടുന്നു!

121 ഇപ്പോൾ നാം കാണുന്നത്, യോഹന്നാൻ പറഞ്ഞു, "അവൻ ആറാം മുദ്ര പൊട്ടിച്ചപ്പോൾ, ഞാൻ നോക്കി വലിയൊരു ഭൂകമ്പം ഉണ്ടായി," അപ്പോൾ പ്രകൃതിയ്ക്കു മുഴുവനും ഭംഗം വന്നു. കാണുന്നോ?

122 രോഗികളെ സൗഖ്യമാക്കുകയും, കുരുടരുടെ കണ്ണുകൾ തുറക്കുകയും, മഹത്തായ കാര്യങ്ങളെയും ചെയ്തു, ദൈവം മഹത്തായ കാര്യങ്ങളെ ചെയ്തു കൊണ്ടിരിക്കുകയായിരുന്നു.

123 എന്നാൽ ഇവിടെ നാം കാണുന്നത്, പ്രകൃതിക്ക് ഒരു തകിടം മറിച്ചിൽ ഉണ്ടായി, അതെ, മുഴുവൻ പ്രകൃതിയ്ക്കും ഉണ്ടായതായി കാണുന്നു. എന്തെല്ലാം സംഭവിച്ചെന്നു നോക്കൂ, "ഭൂകമ്പം ഉണ്ടായി; സൂര്യൻ കറുത്തുപോയി, ചന്ദ്രൻ അതിന്റെ വെളിച്ചം കൊടുത്തില്ല; നക്ഷത്രങ്ങൾ ഇളകി വീണു." നോക്കൂ, അങ്ങനെ എല്ലാം സംഭവിക്കുന്നത്, ഈ ആറാം മുദ്ര പൊട്ടിക്കുന്ന സമയത്താകുന്നു. അത് ആ രക്തസാക്ഷികളുടെ പ്രഖ്യാപനം കഴിഞ്ഞ ഉടനെയാണ് ഇത് സംഭവിക്കുന്നത്. നോക്കൂ, രക്തസാക്ഷികളും പൂർത്തിയായി കഴിഞ്ഞിരിക്കുന്നു.

124 ഇപ്പോൾ നാം ആ നാഴികയുടെ വളരെ അടുത്തായി കഴിഞ്ഞിരിക്കുന്നു എന്ന് നിങ്ങൾ കാണുന്നു. നോക്കൂ, ഏത് സമയത്തും, നമുക്ക് അത് സംഭവിക്കാം, കാരണം സഭ അതിന്റെ ആകാശ യാത്രയ്ക്ക് തയ്യാറായി കഴിഞ്ഞിരിക്കുന്നു. എന്നാൽ, ഓർക്കുക, ഈ കാര്യങ്ങൾ സംഭവിക്കുമ്പോൾ, മണവാട്ടി ഇവിടെ ഉണ്ടായിരിക്കില്ല. മണവാട്ടി പോയ്ക്കഴിഞ്ഞിരിക്കും, എന്ന കാര്യം മാത്രം ഓർക്കുക, ഇതിൽ ഒന്നിലും കൂടി അവൾക്ക് കടന്നു പോകേണ്ടി വരില്ല. ഇത് മഹാ ഉപദ്രവകാലത്തിന്റെ സമയമായിട്ട്, സഭയുടെ ശുദ്ധീകരണമാകുന്നു; ഇത് അവളുടെ മേലാണ് ഇടുന്നത്, മണവാട്ടിയ്ക്കു വേണ്ടിയല്ല, അവൾ അതിലൂടെ കടന്നു പോകുന്നതിനു വേണ്ടിയാകുന്നു. അവൻ തന്റെ ഹൃദയഭാജനത്തെ വഴിയിൽ നിന്നും എടുത്തു മാറ്റുന്നു. അതേ ശ്രീമാൻ! അവൾ, അവളെ വീണ്ടെടുത്തുകഴിഞ്ഞിരിക്കുന്നു. നോക്കൂ, ഇത് ഒരു വിധത്തിൽ...ഏതൊരു മനുഷ്യനും തന്റെ മണവാട്ടിയെ തിരഞ്ഞെടുക്കും പോലെ, അത് അവന്റെ സ്വന്ത ഇഷ്ടവും, അവന്റെ സ്വന്ത തിരഞ്ഞെടുപ്പുമാകുന്നു. കാണുന്നോ? ഇപ്പോൾ, ഭൂമികുലുക്കവും...

125 ഇപ്പോൾ, നമുക്കിപ്പോൾ തിരുവെഴുത്ത് താരതമ്യപ്പെടുത്തി നോക്കാം. ഞാൻ—ഞാൻ ആഗ്രഹിക്കുന്നത്...നിങ്ങളുടെ പക്കൽ, ഒരു കടലാസും പെൻസിലും ഉണ്ടോ? എനിക്കുവേണ്ടി നിങ്ങൾ ഒരു കാര്യം ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നു. നിങ്ങൾ ടേപ്പ് വാങ്ങാതെ, നിങ്ങൾ ഇത് എഴുതിയെടുക്കാൻ ആഗ്രഹിക്കുന്നെങ്കിൽ, നിങ്ങൾ ഇത് എഴുതിയെടുക്കുക. നിങ്ങൾ സാധാരണ ചെയ്യാറുള്ളതു പോലെ, നിങ്ങൾ എന്നോടൊപ്പം വായിക്കാൻ, ഞാൻ ആഗ്രഹിക്കുന്നു.

126 ഈ മഹത്തായ സംഭവത്തിന്റെ തിരുവെഴുത്തുകളെ താരതമ്യപ്പെടുത്തി, വീണ്ടെടുപ്പിന്റെ പുസ്തകത്തിലെ ആറാം

മുദ്രയുടെ കീഴിലുള്ള ഈ വലിയ രഹസ്യത്തെ അല്ലെങ്കിൽ, ഈ മർമ്മത്തെ നമുക്ക് നോക്കാം. ഇപ്പോൾ ഓർക്കുക, ഇതെല്ലാം മറച്ച് വയ്ക്കപ്പെട്ടിരുന്ന രഹസ്യങ്ങളാകുന്നു. ആറു മുദ്രകളും, മൊത്തമായിട്ട്, ഒരു വലിയ പുസ്തകമായിട്ട്, ആറ് വലിയ ചുരുളുകൾ ഒന്നിച്ച് ചുരുട്ടിവയ്ക്കപ്പെട്ടിരിക്കുകയും, അത് വീണ്ടെടുപ്പിന്റെ മുഴുവൻ പുസ്തകത്തെയും തുറന്നുകാട്ടുകയും ചെയ്യുന്നു. അപ്രകാരമാണ് മുഴുവൻ ഭൂമിയും വീണ്ടെടുക്കപ്പെട്ടിരിക്കുന്നത്.

127 ആ കാരണത്താലാണ് യോഹന്നാൻ കരഞ്ഞത്, കാരണം, ആ പുസ്തകം എടുക്കുവാൻ ആർക്കും കഴിഞ്ഞില്ലെങ്കിൽ, സൃഷ്ടി മുഴുവനും, സകലതും നഷ്ടമായിപ്പോകും. അവൾ തിരികെ, ആറ്റത്തിലേക്കും, തന്മാത്രയിലേക്കും, അതുപോലെ പ്രപഞ്ച വെളിച്ചത്തിലേക്കും വേർപിരിഞ്ഞിട്ട് ഒരു സൃഷ്ടിയോ യാതൊന്നും ശേഷിക്കുകയുമില്ല. എന്തെന്നാൽ, ആദാമിന് പുസ്തകത്തിന്മേലുള്ള അവകാശം നഷ്ടപ്പെട്ടിരുന്നു. ദൈവത്തിന്റെ വചനത്തിനു പകരം അവന്റെ ഭാര്യ, സാത്താന്റെ യുക്തിവാദത്തിന് ചെവി കൊടുക്കുകയും, അവൻ അവളുടെ വാക്ക് കേട്ടപ്പോൾ, അവനതു നഷ്ടമായിപ്പോയി. കാണുന്നോ? അത് നഷ്ടമായിപ്പോയിരുന്നു.

128 അതുകഴിഞ്ഞപ്പോൾ, അവളെ പരീക്ഷയിൽ അകപ്പെടുത്തി വഴിയിൽ നിന്നും അകറ്റിയ സാത്താന്റെ വൃത്തികെട്ട കരങ്ങളിലേക്ക് അതിന് പോകാനായില്ല, അതിനാൽ അത് ഉടമസ്ഥാവകാശത്തിന്റെ ആധാരം എന്ന പോലെ, യഥാർത്ഥ ഉടമയുടെ അടുക്കലേക്ക് തിരികെ പോയി. അത് നേരെ അതിന്റെ യഥാർത്ഥ ഉടമസ്ഥനായ, അതിനെ ഉണ്ടാക്കിയ, അതിന്റെ സൃഷ്ടാവായ യഥാർത്ഥ ഉടമസ്ഥന്റെ കൈകളിലേക്ക് തിരികെ പോയി. അവൻ അത് പിടിച്ചുകൊണ്ടിരിക്കുന്നു.

129 അതിന് ഒരു വിലയുണ്ട്, അത് വീണ്ടെടുപ്പാകുന്നു. വീണ്ടെടുപ്പിന് ഒരു വില കൊടുക്കേണ്ടിയിരുന്നു, അത് കൊടുക്കാൻ ആരും ഉണ്ടായിരുന്നില്ല. അതുകൊണ്ട്, തന്റേതായ നിയമം ഉണ്ടാക്കി, അവൻ പറഞ്ഞു, ഒരു ബന്ധുക്കാരനായ വീണ്ടെടുപ്പുകാരന്റെ, സ്വന്ത നിയമം ഉണ്ടാക്കി. പിന്നെയും, ആരെയും കണ്ടുപിടിക്കാൻ കഴിഞ്ഞില്ല. എല്ലാ മനുഷ്യരും ലൈംഗികതയാലും, ലൈംഗീക ഇച്ഛയാലും ജനിച്ചിരുന്നു; സാത്താനും ഹവ്വയുമായ, ആദ്യ പാപത്തിൽ അവൻ ആയിരിക്കുകയും, അവന് അത് ചെയ്യാനും കഴിഞ്ഞിരുന്നില്ല. അവനിൽ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. ഒരു വിശുദ്ധ പോപ്പിനോ, പുരോഹിതനോ, ദിവ്യത്വത്തിന്റെ ബിരുദ ധാരിക്കോ, അവൻ ആരായിരുന്നാലും ശരി, അവൻ ആരും തന്നെ യോഗ്യതയുള്ളവർ ആയിരുന്നില്ല.

അവൻ ഒരു ദൂതനായിരിക്കാൻ കഴിയില്ല, കാരണം അതൊരു ബന്ധുക്കാരനായിരിക്കണം. അവൻ ഒരു മനുഷ്യനായിരിക്കണം.

130 ആയതിനാൽ ദൈവം തന്നെ ഒരു ബന്ധുക്കാരനായ വീണ്ടെടുപ്പുകാരനായിട്ട്, കന്യകയാലുള്ള ജന്മത്തിൽക്കൂടി, ഒരു മനുഷ്യ ജഡത്തിലായി. അവൻ തന്റെ രക്തം ചൊരിഞ്ഞു. അതൊരു യഹൂദന്റെ രക്തമായിരുന്നില്ല. അതൊരു അന്യജാതിക്കാരന്റെ രക്തമായിരുന്നില്ല. അത് ദൈവത്തിന്റെ രക്തമായിരുന്നു. കാണുന്നോ? ബൈബിൾ അപ്രകാരം പറയുന്നു. "നാം എല്ലാം ദൈവത്തിന്റെ രക്തത്താൽ രക്ഷിക്കപ്പെട്ടിരിക്കുന്നു".

131 ഒരു ശിശു തന്റെ പിതാവിന്റെ രക്തമെടുക്കുന്നു. നമുക്ക് അതറിയാം. ആൺവർഗ്ഗത്തിൽപ്പെട്ട ഏതൊന്നിന്റെയും രക്തത്തിൽ നിന്നുമാണ് രക്തകോശം ഉല്പാദിപ്പിക്കുന്നത്. അത് ഒരു പിടക്കോഴി മുട്ട ഇടുന്നതു നാം കാണുന്നതു പോലെയാണ്; അവൾക്ക് മുട്ടയിടാൻ കഴിയും, എന്നാൽ, പൂവൻ കോഴി അല്ലെങ്കിൽ അതിന്റെ ഇണ, അവളോടൊപ്പമായിരുന്നില്ലെങ്കിൽ, ആ മുട്ട വിരിയുകയില്ല. അത് ഉല്പാദനശേഷിയുള്ളതായിരിക്കില്ല. സ്ത്രീ, മുട്ടകളെ വഹിക്കുന്ന യന്ത്രവാഹിനി മാത്രമാകുന്നു. എന്നാൽ മുട്ട വരുന്നത്...പുരുഷനിൽ നിന്നാണ് ബീജം കടന്നു വരുന്നത്.

132 ഈ കാര്യത്തിൽ, സ്വയം ദൈവം തന്നെ ആണിന്റെ സ്ഥാനത്തായിരുന്നു. അതുകൊണ്ടാണ്, മേലെ താഴെയും, വലത് ചെറുതാകുന്നത് എങ്ങനെ എന്നും മറ്റും, ഞാൻ പറയാറുള്ളത്. ദൈവം അത്രയും മഹാനായിട്ട് അവൻ സ്വയം അവനെതന്നെ അത്രയും ചെറുതായ ഒരു കാര്യമാക്കി രൂപപ്പെടുത്തിയിട്ട്, ഒരു കന്യകയുടെ ഗർഭാശയത്തിൽ അത്രയും ചെറുതായ ഒരു ബീജമായിട്ട് രൂപം കൊണ്ടു. മാത്രമല്ല അതിന് ചുറ്റമായി അവൻ രക്തകോശങ്ങളും നിർമ്മിച്ചു. അങ്ങനെ ജന്മമെടുക്കുകയും, ഈ ഭൂമിയിൽ വളരുകയും ചെയ്തു. ആ രീതിയിലുള്ള ഒരു തുടക്കത്താൽ, ഒരിക്കലും, ഒരു പാപക്കറയോ, യാതൊരു വിധത്തിലുമുള്ള ലൈംഗിക ഇച്ഛയോ ഉണ്ടായിരുന്നില്ല.

133 പിന്നെ അവൻ ആ രക്തം നല്കി, കാരണം അവൻ നമ്മുടെ ബന്ധുക്കാരനായി തീർന്നു. അവൻ നമ്മുടെ ബന്ധുക്കാരനായ വീണ്ടെടുപ്പുകാരനാകുന്നു. അവൻ നമുക്ക് വേണ്ടി ആ രക്തം സൌജന്യമായി ചൊരിഞ്ഞു. അവന് അതിന്റെ ആവശ്യമുണ്ടായിരുന്നില്ല. വീണ്ടെടുക്കുന്നതിന് വേണ്ടി, അവൻ അത് സൌജന്യമായി നൽകി.

134 അതിന്ശേഷം അവൻ ദൈവത്തിന്റെ ബലിപീഠത്തിലേക്ക് പോയി, ദൈവം വീണ്ടെടുപ്പിന്റെ പുസ്തകം തന്റെ കയ്യിൽ പിടിച്ചിരുന്ന സമയം മുഴുവനും, അവിടെ കാത്തിരുന്നു. ആ രക്തപങ്കിലമായ കുഞ്ഞാട് ദൈവത്തിന്റെ ബലിപീഠത്തിന്റെ അൾത്താരയിൽ തന്നെ നില്ക്കുന്നു. അവിടെയാണ് ആ കുഞ്ഞാട്, വീണ്ടെടുപ്പിനായിട്ടുള്ള, മദ്ധ്യസ്ഥതയുടെ ജോലി നിർവഹിക്കുന്നത്.

135 അപ്പോൾ, പിന്നെ ആർക്കെങ്കിലും മറിയത്തിനോ, യോസേഫിനോ അല്ലെങ്കിൽ മറ്റേതെങ്കിലും ഒരു മർത്യനോ മദ്ധ്യസ്ഥനാകാൻ കഴിയും എന്ന് പറയാൻ ധൈര്യപ്പെടുന്നത് എങ്ങനെ! രക്തം അവിടെ ഇല്ലാതെ ആർക്കും മദ്ധ്യസ്ഥത ചെയ്യാൻ കഴിയുകയില്ല. അതേ, ശ്രീമാൻ. "ദൈവത്തിനും മനുഷ്യർക്കും ഏക മദ്ധ്യസ്ഥൻ. എല്ലാവർക്കും വേണ്ടി മറുവിലയായി തന്നെത്താൻ കൊടുത്ത ക്രിസ്തു തന്നെ". അപ്രകാരമാണ് തിരുവെഴുത്ത് പറയുന്നത്. അവിടെ അവൻ അവസാനത്തെ പ്രാണൻ വീണ്ടെടുക്കപ്പെടും വരെ നില്ക്കുന്നു; പിന്നെ അവൻ വീണ്ടെടുത്തതിനെ അവകാശപ്പെടുന്നതിനായി മുന്നോട്ട് വരുന്നു. ഓ, അവൻ എത്ര മഹാനായ ഒരു—ഒരു പിതാവാകുന്നു!

136 ഇപ്പോൾ ഓർക്കുക, ഇപ്പോൾ, ഞാൻ എല്ലായ്പ്പോഴും പഠിപ്പിച്ചിട്ടുള്ള കാര്യമാകുന്നു, "രണ്ട് മൂന്ന് സാക്ഷികളുടെ വായ്മൊഴിയാൽ, ഏതുകാര്യവും ഉറപ്പാക്കാം". തിരുവെഴുത്തിനെ സംബന്ധിച്ചിടത്തോളം, നിങ്ങൾക്ക് ഒരു തിരുവെഴുത്ത് മാത്രം എടുത്ത്, അതോടൊപ്പം ഒത്തു പോകുന്ന മറ്റൊരു തിരുവെഴുത്തു കൂടി ഇല്ലാതിരുന്നാൽ യാതൊന്നും തെളിയിക്കാൻ കഴിയില്ല. കാണുന്നോ?

137 നോക്കൂ, എനിക്ക് ഒരു തിരുവെഴുത്ത് എടുത്തിട്ട്, "യൂദാ ചെന്ന് കെട്ടിഞ്ഞി ചത്തുകളഞ്ഞു," മറ്റൊരു തിരുവെഴുത്ത് എടുത്തിട്ട്, "നീയും പോയി അങ്ങനെതന്നെ ചെയ്യുക,"എന്നും പറയാനാകും. കാണുന്നോ? എന്നാൽ, നോക്കൂ, അതു അതിനോട്ടു അനുബന്ധമായ മറ്റു കാര്യങ്ങളുമായി യോജിച്ചു പോകുന്നില്ല.

138 ഈ ആറാം മുദ്രയുടെ കീഴിലുള്ളത്, അവിടെ വെച്ച് പരിശുദ്ധാത്മാവ് പൊട്ടിച്ച് വെളിപ്പെടുത്തി തന്നപ്പോൾ, അത് എന്തായിരുന്നു എന്ന് ഞാൻ കണ്ടു, അപ്പോൾ പതിവുള്ളതിൽ നിന്നും വ്യത്യസ്തമായ രീതിയിൽ പഠിപ്പിക്കുന്നത് ഇന്നു രാത്രിയിൽ ഒരു നല്ലകാര്യമായിരിക്കും എന്നു ഞാൻ ചിന്തിച്ചു. കാണുന്നോ? കാരണം, എല്ലായ്പ്പോഴും ഞാൻ സംസാരിച്ചു കൊണ്ടിരിക്കുന്നതു നിങ്ങൾ കേൾക്കുമ്പോൾ ഒരുപക്ഷേ അത് നിങ്ങളെ ക്ഷീണിപ്പിക്കാൻ ഇടയായേക്കാം. അതുകൊണ്ട വ്യത്യസ്തമായ രീതിയിൽ നമുക്ക് എന്തെങ്കിലും ചെയ്യാം എന്ന് ഞാൻ ഓർത്തു.

139 ഇപ്പോൾ ശ്രദ്ധിക്കു. ഈ മഹത്തായ സംഭവം വീണ്ടെടുപ്പിന്റെ പുസ്തകത്തിലെ രഹസ്യങ്ങൾക്കിടയിൽ മുദ്രയിടപ്പെട്ടിരുന്നു. ഇപ്പോൾ അത് കുഞ്ഞാടിന്റെ കൈയ്യിലായിട്ട്, അവൻ അത് തുറക്കാൻ പോകുകയാണ്.

140 ഇപ്പോൾ നമുക്ക് മത്തായി 24-ാം അദ്ധ്യയത്തിൽ നോക്കി, കുഞ്ഞാട് സ്വയം സംസാരിക്കുന്നത് കാണാം. ഇപ്പോൾ, അതിനെ സംബന്ധിച്ചിടത്തോളം, ക്രിസ്തു തന്നെയാണ് ഈ മുഴുവൻ പുസ്തകത്തിന്റെയും ഗ്രന്ഥ കർത്താവെന്ന് ആർക്കും അറിയാവുന്നതാണ്. എന്നാൽ ഇത് ഇവിടെ അവന്റെ—അവന്റെ തന്നെ സംസാരമായി, അഥവാ, അവന്റെ—അവന്റെ ജനങ്ങളോട്, യഹൂദന്മാരോടുള്ള, അവന്റെ സന്ദേശമാകുന്നു, ശരിയാണ്.

141 ഇപ്പോൾ നിങ്ങളുടെ ബൈബിളെടുത്ത് മത്തായി 24-ഉം വെളിപ്പാടിന്റെ 6-ഉം *ഇപ്രകാരം* പിടിക്കാൻ ഞാൻ ആഗ്രഹിക്കുന്നു, *ഇപ്രകാരം* പിടിക്കുക. [ബ്രദർ ബ്രൺഹാം തന്റെ ബൈബിളിന്റെ രണ്ടു അദ്ധ്യായങ്ങളും തുറന്നു പിടിച്ചിരിക്കുന്നു—Ed.] കുറച്ച് നേരത്തേക്ക് ചിലകാര്യങ്ങളെ നമുക്ക് ഇവിടെ താരതമ്യപ്പെടുത്തി നോക്കാം.

142 ഇപ്പോൾ, ഇത് ശ്രദ്ധിക്കുക, അത് എപ്രകാരമാകുന്നു എന്നു നിങ്ങൾക്ക് തന്നെ കണ്ടുപിടിക്കാൻ കഴിയും. നോക്കു, അതിന്റെ പ്രതിരൂപങ്ങളാൽ, *കുഞ്ഞാട്* ഇവിടെ കാണിക്കുന്നത്, കൃത്യമായും വചനത്തിൽ അവൻ *ഇവിടെ* പറിഞ്ഞിരിക്കുന്നത് തന്നെയാകുന്നു. അത് കൃത്യമായും അപ്രകാരം ആയിട്ട് അത് അതിനെ ശരിയാക്കുന്നു. ഇപ്പോൾ അതിനെക്കുറിച്ച് എല്ലാമായിട്ട് അത്—അതാകുന്നു അത്. ഇവിടെ...*ഇവിടെ* ഒന്ന്, അവൻ അതിനെക്കുറിച്ച് സംസാരിക്കുന്നു, *ഇവിടെ* ഇതാ അത് സംഭവിക്കുന്നു. കാണുന്നോ? അത് പൂർണ്ണമായി സമർത്ഥനമാകുന്നു.

143 ഇപ്പോൾ, ഇപ്പോൾ നമുക്ക് വിശുദ്ധ മത്തായി 24-ാം അദ്ധ്യായം, വെളിപ്പാട് 6-ഉം മത്തായി 24-ാം അദ്ധ്യായവുമായി താരതമ്യപ്പെടുത്താം. മഹാഉപദ്രവകാലത്തെക്കുറിച്ച് ഏതൊരു വ്യക്തിയും ഏതൊരു വേദപണ്ഡിതനും എടുക്കുന്ന അദ്ധ്യായം ഇതു തന്നെയാണെന്ന് നമുക്കെല്ലാവർക്കും അറിയാം. അത് മത്തായി 24-ാം അദ്ധ്യായത്തിൽ നിന്നും വരുന്നു. ഇപ്പോൾ നമുക്ക്...അത് അപ്രകാരമാണെങ്കിൽ, ഇപ്പോൾ നമുക്ക്...കാരണം ആറാം മുദ്ര ന്യായവിധിയുടെ മുദ്രയാണെന്ന് നാം അറിയുന്നു. ഇത് ന്യായവിധിയുടെ മുദ്രയായിട്ട് വാസ്തവമായും അതാകുന്നു.

144 ഇപ്പോൾ, നോക്കു, എതിർക്രിസ്തുവിന്റെ സവാരി നമുക്കുണ്ടായിരുന്നു. സഭ പോകുന്നതും നാം കണ്ടു; ഇത് അവസാനിച്ചിട്ട്, മുകളിലേയ്ക്ക്

പോയിരിക്കുന്നു. പിന്നെ, നാം ബലിപീഠത്തിന് കീഴിലായി, ആ സമയത്തെ യഹൂദന്മാരായ രക്തസാക്ഷികളെയും കണ്ടു. അങ്ങനെ ഇപ്പോൾ ഇവിടെ ജനങ്ങളുടെ മേൽ ന്യായവിധി പൊട്ടിപ്പുറപ്പെടുന്നതാകുന്നു.

145 ഈ മഹാഉപദ്രവകാല ന്യായവിധിയിൽ കൂടി ഒരു ലക്ഷത്തി നാല്പത്തിനാലായിരം വീണ്ടെടുക്കപ്പെട്ട യഹൂദന്മാർ കടന്നുവരും. അവർ അന്യജാതികളല്ല, യഹൂദന്മാരാകുന്നു എന്ന് ഞാൻ നിങ്ങൾക്ക് തെളിയിച്ച് തരാം. അവർക്ക് മണവാട്ടിയുമായി ഒന്നും ചെയ്യാനില്ല, ഒരു കാര്യവുമില്ല. മണവാട്ടി, നാം മണവാട്ടി പൊയ്ക്കഴിഞ്ഞിരിക്കുന്നത് കണ്ടിരിക്കുന്നു. നിങ്ങൾക്ക് അത് മറ്റൊരിടത്തും താരതമ്യപ്പെടുത്താൻ കഴിയില്ല; പ്രവർത്തികളുടെ പുസ്തകം 19-ാം അദ്ധ്യായം വരെ വീണ്ടും തിരികെ വരുന്നതായി കാണുന്നില്ല.

146 ഇപ്പോൾ ശ്രദ്ധിക്കു, കാരണം, ആറാം മുദ്ര വചനത്തിലെ ന്യായവിധിയുടെ മുദ്രയാകുന്നു.

147 ഇപ്പോൾ, ഇവിടെ, വിശുദ്ധ മത്തായിയുടെ 24-ാം അദ്ധ്യായത്തിൽ നിന്നും നമുക്ക് വായിക്കാൻ തുടങ്ങാം. ഇവിടെ ഞാൻ ഇപ്പോൾ നോക്കുമ്പോൾ കണ്ട ഒരു കാര്യം നിങ്ങൾക്ക് കാട്ടിത്തരാം. വിശുദ്ധ മത്തായി, 1 തൊട്ട് 3 വരെയുള്ള വാക്യങ്ങൾ നാം ആദ്യം വായിക്കാൻ പോകുന്നു.

> *യേശു ദൈവാലയം വിട്ടുപോകുമ്പോൾ ശിഷ്യന്മാർ അവനു ദൈവാലയത്തിന്റെ പണി കാണിക്കേണ്ടതിന്നു അവന്റെ അടുക്കൽ വന്നു.*
>
> *അവൻ അവരോട്: ഇതെല്ലാം കാണുന്നില്ലയോ? ഇടിഞ്ഞുപോകാതെ കല്ലിന്മേൽ കല്ല് ഇവിടെ ശേഷിക്കയില്ല എന്ന് സത്യമായിട്ട് ഞാൻ നിങ്ങളോട് പറയുന്നു എന്ന് പറഞ്ഞു.*
>
> *ഇപ്പോൾ* (3-ാം വാക്യം) *അവൻ ഒലീവു മലയിൽ ഇരിക്കുമ്പോൾ ശിഷ്യന്മാർ തനിച്ച് അവന്റെ അടുക്കൽ വന്നു: അത് എപ്പോൾ സംഭവിക്കും എന്നും നിന്റെ വരവിന്നും, ലോകാവസാനത്തിന്നും അടയാളം എന്ത് എന്നും പറഞ്ഞുതരേണം എന്ന് അപേക്ഷിച്ചു.*

148 ഇപ്പോൾ നമുക്ക് ഇവിടെ നിർത്താം. ഈ മൂന്ന് വാക്യങ്ങൾ, ഇത് യഥാർത്ഥത്തിൽ, സംഭവിച്ചത്, ക്രിസ്താബ്ദം, 30 ഏപ്രിൽ 4-ാം തീയതി, ചൊവ്വാഴ്ച ഉച്ച കഴിഞ്ഞായിരുന്നു. ആദ്യത്തെ രണ്ട് വാക്യങ്ങൾ,

ക്രിസ്താബ്ദം 30, ഏപ്രിൽ നാലാം തീയതി ഉച്ച കഴിഞ്ഞും, 3-ാം വാക്യം അതേ ദിവസം ചൊവ്വാഴ്ച വൈകിട്ടുമാണ് സംഭവിച്ചത്. കാണുന്നോ?

149 അവർ ദേവാലയത്തിലേക്ക് വന്നപ്പോൾ, അവർ അവനോട് ഈ കാര്യങ്ങൾ ചോദിച്ചു, "*ഇതിനെപ്പറ്റി* എന്താണ്? *ഇതിനെക്കുറിച്ച്* എന്താണ്? ഈ മഹത്തായ ദേവാലയത്തിലേയ്ക്ക് നോക്കു! ഇത് അത്ഭുതകരമായ ഒന്നല്ലേ?

അവൻ പറഞ്ഞു, "ഇവിടെ ഒരു കല്ല് മറ്റൊന്നിന്മേൽ ശേഷിക്കയില്ല."

150 നോക്കു, പിന്നെ അവൻ മലമുകളിൽ ചെന്ന് അവിടെ ഇരുന്നു. അവിടെ വെച്ച്, അവിടെ അവൻ തുടങ്ങുകയായിരുന്നു; ഇത് ഉച്ച കഴിയുമ്പോഴായിരുന്നു. അപ്പോൾ അവർ ചോദിച്ചു, അവർ അവനോട് അവിടെ വെച്ചു പറഞ്ഞു, "ഞങ്ങൾക്ക് ചില കാര്യങ്ങളെക്കുറിച്ചെല്ലാം അറിയാൻ ആഗ്രഹമുണ്ട്."

151 ഇപ്പോൾ ശ്രദ്ധിക്കുക, യഹൂദന്മാരായ അവന്റെ ശിഷ്യന്മാരാൽ, ഇവിടെ ഈ മൂന്ന് ചോദ്യങ്ങൾ അവനോട് ചോദിക്കുകയുണ്ടായി. മൂന്ന് ചോദ്യങ്ങൾ അവനോട് ചോദിച്ചു. ഇപ്പോൾ ശ്രദ്ധിക്കുക. "എന്താകുന്നു," ആദ്യത്തേത്, ആദ്യത്തേത്, എന്തായിരുന്നു... 'കല്ലിന്മേൽ കല്ല് ശേഷിക്കാതെ' വരുന്ന ഈ കാര്യങ്ങൾ എപ്പോഴാകുന്നു സംഭവിക്കുന്നത്? "നിന്റെ വരവിന്റെ അടയാളം എന്താകുന്നു?" രണ്ടാമത്തെ ചോദ്യം. "പിന്നെ ലോകാവസാനം?" അത് കണ്ടോ? അവിടെ മൂന്ന് ചോദ്യങ്ങളാകുന്നു.

152 ഇപ്പോൾ, ഇവിടെയാണ് വളരെയധികം പേരും അവരുടെ തെറ്റ് വരുത്തുന്നത്. അവൻ ഈ ചോദ്യങ്ങൾക്ക് ഉത്തരം പറയുന്നതിലേയ്ക്ക്, നിങ്ങൾ നോക്കു, അവർ ഈ കാര്യങ്ങളെ ഒരേ കാലത്തിലേയ്ക്കും അപേക്ഷിക്കുന്നതായി കാണുന്നു. അവർ...

153 3-ാം വാക്യം എത്ര മനോഹരമാണ് എന്ന കാര്യം ശ്രദ്ധിക്കു, നോക്കു, 3-ാംവാക്യത്തിന്റെ അവസാനത്തെ ശൈലി നോക്കുക. ആദ്യം അവർ അവനെ ഒലിവ് മലയിലേക്ക് വിളിച്ചിട്ട് രഹസ്യമായി അവനോട് ചോദിച്ചു. "ഞങ്ങളോട്ടു പറയൂ, ഈ കാര്യങ്ങൾ എപ്പോൾ സംഭവിക്കും?" ഒന്നാമത്തെ ചോദ്യം. "നിന്റെ വരവിന്റെ അടയാളം എന്തായിരിക്കും?" രണ്ടാമത്തെ ചോദ്യം. "ലോകാവസാനം എപ്പോഴാണ്?" മൂന്നാമത്തെ ചോദ്യം. കാണുന്നോ? ഇവിടെ മൂന്ന് വ്യത്യസ്തമായ ചോദ്യങ്ങൾ ചോദിച്ചു. ഇപ്പോൾ, ഈ കാര്യങ്ങളെക്കുറിച്ച് യേശു അവരോട് എപ്രകാരമാണ് പറഞ്ഞതെന്ന് നോക്കാനായി നിങ്ങൾ എന്നോടൊപ്പം തിരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

154 ഓ, ഇത് അത്രയും മനോഹരമാകുന്നു! ഞാൻ...അത് എന്നെ... ഞാൻ—ഞാൻ—ഞാൻ കടന്നിട്ട്...വേണ്ടി കഴിഞ്ഞ രാത്രിയിൽ നാം അതിനു ഉപയോഗിച്ച വാക്ക് എന്തായിരുന്നു? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, “ഉത്തേജനം.”—Ed.] വെളിപ്പാടിനാലുള്ള ഉത്തേജനം! ശ്രദ്ധിക്കുക.

155 ഒന്നാമത്തെ ചോദ്യത്തെ ഒന്നാം മുദ്രയുമായി താരതമ്യപ്പെടുത്തേണ്ടതിന്, ഈ പുസ്തകത്തിലെ മുദ്രകളുടെ, ഒന്നാം മുദ്രയിലേയ്ക്ക് ഇപ്പോൾ നമുക്ക് തിരിക്കാം.

156 ഓരോ ചോദ്യവും, തമ്മിൽ താരതമ്യപ്പെട്ട്, അത് ഒന്നിനോടൊന്ന് ചേർന്ന്, മറ്റുള്ള എല്ലാ പൊട്ടിക്കലിലും, സഭാകാലഘട്ടങ്ങളും മറ്റെല്ലാമായിട്ട് ഒത്തു ചേർന്ന് പോയിരുന്നതുപോലെ ഇതും വ്യക്തമായും പോകുന്നോ എന്ന് നമുക്ക് നോക്കാം. അങ്ങനെയാണ്, അപ്പോൾ അവിടെ ആ മുദ്ര സമ്പൂർണമായും തുറക്കപ്പെട്ടിരിക്കുന്നത്. ഇപ്പോൾ ശ്രദ്ധിക്കുക. നാം ആദ്യം വായിക്കാൻ പോകുന്നത്... “അതിന്ശേഷം അവൻ അവരോട് ഉത്തരം പറഞ്ഞത്...” അവൻ ഇപ്പോൾ—അവൻ ഉത്തരം പറയാൻ തുടങ്ങുകയും, നാം അത് മുദ്രകളുമായി താരതമ്യപ്പെടുത്തി നോക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്നു.

157 ഇപ്പോൾ ശ്രദ്ധിക്കുക. ഒന്നാം മുദ്ര വെളിപ്പാട് 6:1-ഉം 2-മാകുന്നു. ഇപ്പോൾ നാം 6:1-ഉം 2-ഉം.

> *കുഞ്ഞാട് മുദ്രകളിൽ ഒന്ന് പൊട്ടിച്ചപ്പോൾ നീ വരിക എന്നു നാലു* ജീവികളിൽ ഒന്ന് ഇടിമുഴക്കം പോലെ പറയുന്നത് ഞാൻ കേട്ടു.
>
> *അപ്പോൾ ഞാൻ ഒരു വെള്ളക്കുതിരയെ കണ്ടു; അതിന്മേൽ ഇരിക്കുന്നവന്റെ കയ്യിൽ ഒരു വില്ലുണ്ട്; അവന്നു ഒരു കിരീടവും ലഭിച്ചു; അവൻ ജയിക്കുന്നവനായും ജയിപ്പാനായും പുറപ്പെട്ടു.*

158 ഈ വ്യക്തി ആരായിരുന്നു എന്നാണ് നാം കണ്ടുപിടിച്ചത്? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, “എതിർക്രിസ്തു,”—Ed.] എതിർക്രിസ്തു. ഇപ്പോൾ മത്തായി 24:4-5

> *അതിന്നു യേശു ഉത്തരം പറഞ്ഞത്; ആരും നിങ്ങളെ തെറ്റിക്കാതിരിപ്പാൻ സൂഷിച്ചുകൊൾവിൻ.*
>
> *ഞാൻ ക്രിസ്തു എന്നു പറഞ്ഞ് അനേകർ എന്റെ പേർ എടുത്തു വന്നു പലരെയും തെറ്റിക്കും.*

159 ഇതു കാണുന്നോ? എതിർക്രിസ്തു. അവിടെയാണ് നിങ്ങളുടെ മുദ്ര. കാണുന്നോ? കാണുന്നോ? അവൻ *ഇവിടെ* അതു പറഞ്ഞിരിക്കുന്നു;

മാത്രമല്ല, *ഇവിടെ* അവർ ഒരു മുദ്ര തുറക്കുകയും, പൂർണ്ണമായും യോജിച്ചു പോയിട്ട്, അവിടെ അവൻ ആയിരിക്കുകയും ചെയ്യുന്നു.

160 ഇപ്പോൾ രണ്ടാം മുദ്ര. മത്തായി 24:6 വെളിപ്പാടു 6:3-ഉം 4-ഉം. ഇപ്പോൾ ശ്രദ്ധിക്കു, മത്തായി 24:6 ഇപ്പോൾ ഇത് എന്തു പറയുന്നു എന്നു ഞാൻ നോക്കട്ടെ.

> *നിങ്ങൾ യുദ്ധങ്ങളെയും യുദ്ധശ്രുതികളെയും കുറിച്ചു കേൾക്കും; ചഞ്ചലപ്പെടാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ; അതു സംഭവിക്കേണ്ടതു തന്നെ; എന്നാൽ അതു അവസാനമല്ല.*

161 ശരി, നമുക്ക് രണ്ടാം മുദ്ര എടുക്കാം, വെളിപ്പാടു 6:3-ഉം...രണ്ടാണ്. ഇപ്പോൾ അവൻ എന്തു പറയുന്നെന്നു ശ്രദ്ധിക്കു.

> *അവൻ രണ്ടാം മുദ്ര പൊട്ടിച്ചപ്പോൾ: വരിക എന്ന് രണ്ടാം ജീവി പറയുന്നത് ഞാൻ കേട്ടു.*

> *അപ്പോൾ ചുവന്നതായ മറ്റൊരു കുതിര പുറപ്പെട്ടു; അതിന്റെ പുറത്ത് ഇരിക്കുന്നവന്നു മനുഷ്യർ അന്യോന്യം കൊല്ലുവാൻ തക്കവണ്ണം ഭൂമിയിൽ നിന്നു സമാധാനം എടുത്തുകളയേണ്ടതിന്നു അധികാരം ലഭിച്ചു; ഒരു വലിയ വാളും അവന്നു കിട്ടി.*

162 പരിപൂർണ്ണമായും, അത് കൃത്യമായിരിക്കുന്നു! ഓ, തിരുവെഴുത്ത് അതിന് തന്നെ ഉത്തരം നല്കുന്നത് ഞാൻ ഇഷ്ടപ്പെടുന്നു. നിങ്ങൾ ഇഷ്ടപ്പെടുന്നില്ലേ? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, "ആമേൻ."—Ed.] ഇതെല്ലാം എഴുതിയിരിക്കുന്നത് പരിശുദ്ധാത്മാവാണ്, മാത്രമല്ല അവന് അത് വെളിപ്പെടുത്തി തരാനും കഴിയും.

163 ഇപ്പോൾ നമുക്ക് മൂന്നാം മുദ്രയെ ശ്രദ്ധിക്കാം. ഇത് ക്ഷാമമാകുന്നു. മത്തായി 24:7-8. നമുക്ക് മത്തായി 7-ഉം 8-ഉം എടുക്കാം.

> *ജാതി ജാതിയോടും രാജ്യം രാജ്യത്തോടും എതിർക്കും; ക്ഷാമവും ഭൂകമ്പവും അവിടവിടെ ഉണ്ടാകും.*

> *എങ്കിലും ഇതൊ ഒക്കെയും ഈറ്റുനോവിന്റെ ആരംഭമത്രേ.*

164 നോക്കു, നിങ്ങൾ ഇപ്പോൾ നേരെ അതിലേയ്ക്കാണ് വരുന്നത്. ഇപ്പോൾ വെളിപ്പാടിന്റെ 6-ൽ, നാമിപ്പോൾ മുന്നാം മുദ്ര തുറക്കാൻ പോവുകയാണ്. ഇത് വെളിപ്പാട് 6:5-6 ആകുന്നു.

> *മൂന്നാം മുദ്ര പൊട്ടിച്ചപ്പോൾ: വരിക എന്നു മൂന്നാം ജീവി പറയുന്നത് ഞാൻ കേട്ടു. അപ്പോൾ ഞാൻ ഒരു കറുത്ത*

*കുതിരയെ കണ്ടു; അതിന്മേൽ ഇരിക്കുന്നവൻ ഒരു തുലാസു കയ്യിൽ പിടിച്ചിരുന്നു.*

*ഒരു പണത്തിന്നു ഒരിടങ്ങഴി കോതമ്പു; ഒരു പണത്തിന്നു മുന്നിടങ്ങഴി യവം; എന്നാൽ എണ്ണെക്കും വീഞ്ഞിന്നും കേടു വരുത്തരുതു എന്നു നാലു ജീവികളുടെയും നടുവിൽ നിന്നു ഒരു ശബ്ദം ഞാൻ കേട്ടു.*

165 ക്ഷാമം! നോക്കു, കൃത്യമായും അതേ മുദ്ര തന്നെ, അതേ കാര്യം തന്നെ യേശു പറഞ്ഞിരിക്കുന്നു. ശരി.

166 നാലാം മുദ്ര, "പകർച്ചവ്യാധിയും," "മരണവും." മത്തായി 24-ൽ, ശ്രദ്ധിക്കു. നാം അതിന്റെ 8-ാം വാക്യം വായിക്കും, 7-ഉം 8-ഉം വാക്യത്തിൽ, അത് ഇവിടെ നാലാം മുദ്രയിലായി, എനിക്ക് കിട്ടി എന്നു, ഞാൻ വിശ്വസിക്കുന്നു. ശരി.

167 ഇപ്പോൾ ഞാൻ പിന്നിൽ വായിച്ചത് എന്താണ്? ഞാൻ തെറ്റായ എന്തെങ്കിലുമാണോ വായിച്ചത്? അതെ, എന്റെ പക്കൽ അത് വരച്ചിരുന്നു. അതെ, നാം അവിടെ ആയിരുന്നു. ഇപ്പോൾ നാം മുമ്പോട്ട് തുടരുകയാണ്. ശരി നമുക്ക് പോകാം. ശരി, ശ്രീമാൻ.

168 ഇപ്പോൾ നമുക്ക് ഇവിടെ നാലാം മുദ്രയുടെ 7-ാം വാക്യത്തിൽ നിന്ന് തുടങ്ങാം; അത് 6:7-ഉം 8-ഉം ആയി, വെളിപ്പാടിന്റെ മറ്റൊന്നിലുള്ളതാകുന്നു.

169 നമുക്ക് ഇപ്പോൾ മത്തായി 24:7-8 നോക്കാം. ശരി ഇപ്പോൾ,

*ജാതി ജാതിയോടും രാജ്യം രാജ്യത്തോടും എതിർക്കും; ക്ഷാമവും ഭൂകമ്പവും അവിടവിടെ ഉണ്ടാകും.*

*എങ്കിലും ഇതു ഒക്കെയും ഈറ്റുനോവിന്റെ ആരംഭമത്രേ.*

170 നാം ഇവിടെ വായിച്ചതു പോലെ, ഇപ്പോൾ നാലാം മുദ്ര, നാലാം മുദ്ര തുടങ്ങിയത്, 7-ഉം 8-ലും തുടങ്ങി, ഇപ്പോൾ മറ്റേതിലേയ്ക്ക് കടക്കുന്നതാണ്.

*നാലാം മുദ്ര പൊട്ടിച്ചപ്പോൾ: വരിക എന്നു നാലാം ജീവി പറയുന്നതു ഞാൻ കേട്ടു.*

*അപ്പോൾ ഞാൻ തിവിട്ടു നിറമുള്ളൊരു കുതിരയെ കണ്ടു.*

171 ഇപ്പോൾ നില്ക്കു, ഞാൻ ഇത് തെറ്റായിട്ടാണ് കുറിച്ചെടുത്തിരിക്കുന്നത്. അതെ, അതെ. ഇപ്പോൾ ഒരു നിമിഷം, ഇപ്പോൾ, 7-ഉം 8-ഉം

172 നമുക്ക് ഇപ്പോൾ മത്തായി 24:7-8 നോക്കാം. ഇപ്പോൾ നമുക്ക് നോക്കാം. നാം അത് എടുക്കുന്നതാണ്. അത് മൂന്ന് തുറക്കുന്നതാണ്,

അത് ശരിയല്ലേ? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, “ആമേൻ.”—Ed.] മത്തായി 24:7-8. എന്നോട് ക്ഷമിക്കണം. അത് കാണിക്കുന്നത് മഴയെ...ക്ഷാമത്തെയാണ് കാണിക്കുന്നത്. അത് ക്ഷാമത്തെ കാണിക്കുന്നു. ശരി.

173 ഇപ്പോൾ, “മഹാവ്യാധിയും” “മരണവും” ആകുന്നു. അതേ ശ്രീമാൻ. ഇപ്പോൾ നമുക്ക് 7-ഉം 8-ഉം വാക്യങ്ങളിൽ കിട്ടുന്നതാണ്. അത് നാലാം മുദ്ര ആയിരിക്കണം. എവിടെയാണ് നാലാം മുദ്ര നമുക്ക് കിട്ടുന്നതെന്നു നോക്കാം. “അവൻ നാലാം മുദ്ര പൊട്ടിച്ചപ്പോൾ—നാലാം മുദ്ര...” അതേ, അത് തവിട്ടു കുതിരപ്പുരത്ത് സവാരി ചെയ്യുന്നവനായിട്ട്, നോക്കൂ, “മരണമാകുന്നു.”

*അപ്പോൾ ഞാൻ തവിട്ടു നിറമുള്ളൊരു കുതിരയെ കണ്ടു; അതിന്മേൽ ഇരിക്കുന്നവന്നു മരണം എന്ന് പേർ; പാതാളം അവനെ പിന്തുടർന്നു; അവർക്കു വാളുകൊണ്ടും ക്ഷാമംകൊണ്ടും, മഹാവ്യാധികൊണ്ടും ഭൂമിയിലെ കാട്ടുമൃഗങ്ങളെക്കൊണ്ടും കൊന്നു കളവാൻ ഭൂമിയുടെ കാലാംശത്തിന്മേൽ അധികാരം ലഭിച്ചു.*

174 ഇപ്പോൾ, നോക്കൂ, അത് “മരണമായിരുന്നു.”

175 ഇപ്പോൾ അഞ്ചാം മുദ്ര, മത്തായി 24:9-13. അതിപ്പോൾ എനിക്ക് ശരിയായിട്ടാണോ കിട്ടിയിരിക്കുന്നതെന്നു വീണ്ടും നോക്കട്ടെ. കാണുന്നോ?

*അവർ നിങ്ങളെ ഉപദ്രവത്തിന്നു ഏല്പിക്കയും കൊല്ലുകയും ചെയ്യും* (അവിടെയാണ് നിങ്ങൾ). *എന്റെ നാമം നിമിത്തം സകല ജാതികളും നിങ്ങളെ പകക്കും.*

അതിന് ശേഷം പലരും ഇടറുകയും, പകക്കുകയും ചെയ്യും. *പലരും ഇടറി അന്യോന്യം ഏല്പിച്ചുകൊടുക്കയും അന്യോന്യം പകക്കയും ചെയ്യും.*

*കള്ള പ്രവാചകന്മാർ പലരും വന്നു അനേകരെ തെറ്റിക്കും.*

*അധർമ്മം പെരുകുന്നതുകൊണ്ട് അനേകരുടെ സ്നേഹം തണുത്തു പോകും.*

*എന്നാൽ അവസാനത്തോളം സഹിച്ചു നില്ക്കുന്നവൻ രക്ഷിക്കപ്പെടും.*

176 ഇപ്പോൾ, ഇപ്പോൾ നാം അഞ്ചാം മുദ്രയിലാകുന്നു. നോക്കൂ, അത് കഴിഞ്ഞ രാത്രിയിലായിരുന്നു. “അവർ നിങ്ങളെ ഏല്പിച്ച് കൊടുക്കുകയും പകയ്ക്കുകയും ചെയ്യും.” അങ്ങനെ എല്ലാമാകുന്നു.

177 ഇപ്പോൾ ഇവിടെ 6-ാം, മുദ്രയെ, ശ്രദ്ധിക്കുക. 6:9 മുതൽ 11 വരെയാകുന്നു. ഇപ്പോൾ നമുക്ക് അത് എടുക്കാം. വെളിപാട് 6:9 മുതൽ 11 വരെ.

*അവൻ അഞ്ചാം മുദ്ര പൊട്ടിച്ചപ്പോൾ: ദൈവവചനം നിമിത്തവും തങ്ങൾ പറഞ്ഞ സാക്ഷ്യം ഹേതുവായും അറുക്കപ്പെട്ടവരുടെ ആത്മാക്കളെ ഞാൻ യാഗപീഠത്തിങ്കീഴിൽ കണ്ടു;*

*വിശുദ്ധനും സത്യവാനുമായ നാഥാ, ഭൂമിയിൽ വസിക്കുന്നവരോടു ഞങ്ങളുടെ രക്തത്തെക്കുറിച്ച് നീ എത്രത്തോളം ന്യായവിധിയും പ്രതികാരവും നടത്താതെയിരിക്കും എന്നു അവർ ഉറക്കെ നിലവിളിച്ചു.*

*അപ്പോൾ അവരിൽ ഓരോരുത്തനും വെള്ളനിലയങ്കി കൊടുത്തു; അവരെപ്പോലെ കൊല്ലപ്പെടുവാനിരിക്കുന്ന സഹഭൃത്യന്മാരും സഹോദരന്മാരും വന്നുതികയുവോളം അല്പകാലം കൂടെ സ്വസ്ഥമായി പാർക്കേണം എന്നു അവർക്ക് അരുളപ്പാടുണ്ടായി.*

178 ഇപ്പോൾ, നിങ്ങൾ നോക്കൂ, അഞ്ചാം മുദ്രക്കടിയിലായി, നാം ഇവിടെ രക്തസാക്ഷിത്വം കാണുന്നു.

179 അതുപോലെ 24:9-13 വരെയും, നാം രക്തസാക്ഷിത്വത്തെ കാണുന്നു. "അവർ നിങ്ങളെ ഉപദ്രവത്തിന് ഏല്പിക്കുകയും കൊല്ലുകയും ചെയ്യും," അങ്ങനെ പലതും ആകുന്നു. നോക്കൂ, അതേ മുദ്ര തന്നെ തുറക്കപ്പെടുന്നു.

180 ഇപ്പോൾ, ആറാം മുദ്രയിൽ, അതിലേയ്ക്കാണ് നാം ഇപ്പോൾ വരുന്നത്. മത്തായി 24:29-30. 24, നമുക്ക് 29-30 എടുക്കാം. ഇവിടെയാകുന്നു നാം.

നാമിപ്പോൾ വെളിപാട് 6-ന്റെ 12 തൊട്ട് 17 വരെയും എടുക്കാൻ പോകുകയാണ്.

181 അതാണ് നാമിപ്പോൾ ശരിക്കും വായിച്ചത്. ഇപ്പോൾ ഇതു കേൾക്കൂ, യേശു മത്തായി 29-ൽ, 24:29-30 എന്താണ് പറഞ്ഞതെന്ന് ശ്രദ്ധിക്കുക.

*ആ കാലത്തിലെ കഷ്ടം കഴിഞ്ഞ ഉടനെ തന്നെ...*

182 എന്താകുന്നു? ഈ കഷ്ടം, അതായത് അവർ കടന്നുപോയ ഈ അപൂർണ്ണമായ ഉപദ്രവകാലം കഴിഞ്ഞ ഉടൻ തന്നെ, നോക്കൂ.

*...സൂര്യൻ ഇരുണ്ടുപോകും; ചന്ദ്രൻ പ്രകാശം കൊടുക്കാതിരിക്കും; നക്ഷത്രങ്ങൾ ആകാശത്തു നിന്നു വീഴും ആകാശത്തിലെ ശക്തികൾ ഇളകിപ്പോകും.*

*അപ്പോൾ മനുഷ്യപുത്രന്റെ അടയാളം ആകാശത്തു വിളങ്ങും; അന്നു ഭൂമിയിലെ സകലഗോത്രങ്ങളും പ്രലപിച്ചുംകൊണ്ട് മനുഷ്യപുത്രൻ ആകാശത്തിലെ മേഘങ്ങളിന്മേൽ മഹാശക്തിയോടും തേജസ്സോടും കൂടെ വരുന്നതു കാണും.*

183 ഇപ്പോൾ, വെളിപ്പാടിൽ ഇവിടെ, ഇപ്പോൾ നാം ആയിരിക്കുന്നതായ ആറാം മുദ്രയിൽ വായിക്കാം.

*ആറാം മുദ്ര പൊട്ടിച്ചപ്പോൾ വലിയൊരു ഭൂകമ്പം ഉണ്ടായി; സൂര്യൻ കരിമ്പടം പോലെ കറുത്തു;* കാണുന്നോ? *ചന്ദ്രൻ മുഴുവനും രക്തതുല്യമായിത്തീർന്നു.*

*അത്തിവൃക്ഷം പെരുങ്കാറ്റു കൊണ്ട് കുലുങ്ങിട്ടു കായി ഉതിർക്കുമ്പോലെ അകാശത്തിലെ നക്ഷത്രങ്ങൾ ഭൂമിയിൽ വീണു.*

*പുസ്തകച്ചുരുൾ ചുരുട്ടുംപോലെ ആകാശം മാറിപ്പോയി; എല്ലാ മലയും ദ്വീപും സ്വസ്ഥാനത്ത് നിന്നു ഇളകിപ്പോയി.*

*ഭൂമിയിലെ രാജാക്കന്മാരും മഹത്തുക്കളും സഹസ്രാധിപന്മാരും ധനവാന്മാരും ബലവാന്മാരും സകലദാസനും സ്വതന്ത്രനും ഗുഹകളിലും മലപ്പാറകളിലും ഒളിച്ചുകൊണ്ട് മലകളോടും പാറകളോടും;*

*ഞങ്ങളുടെ മേൽ വീഴുവിൻ; സിംഹാസനത്തിൽ ഇരിക്കുന്നവന്റെ മുഖം കാണാതവണ്ണവും കുഞ്ഞാട്ടന്റെ കോപം തട്ടാതവണ്ണവും ഞങ്ങളെ മറപ്പിൻ.*

*അവരുടെ മഹാകോപ ദിവസം വന്നു; ആർക്ക് നില്പാൻ കഴിയും? എന്നു പറഞ്ഞു.*

184 അത്രയും സമ്പൂർണ്ണമായിട്ട്, നേരെ തിരിച്ച് യേശു എന്താണ് ഇവിടെ മത്തായി 24:29 ൽ പറഞ്ഞിരിക്കുന്നത് നോക്കുക. ശ്രദ്ധിക്കുക, "അതിന് ശേഷം" ഐക്ക്മാന്റെ കാര്യങ്ങളും, മറ്റെല്ലാമാകുന്നു.

*ആ കാലത്തിലെ കഷ്ടം കഴിഞ്ഞ ഉടനെ സൂര്യൻ ഇരുണ്ടുപോകും; ചന്ദ്രൻ പ്രകാശം കൊടുക്കാതിരിക്കും; നക്ഷത്രങ്ങൾ ആകാശത്തു നിന്നു വീഴും; ആകാശത്തിലെ ശക്തികൾ ഇളകിപ്പോകും.*

ഇപ്പോൾ ശ്രദ്ധിക്കുക.

*അപ്പോൾ മനുഷ്യപുത്രന്റെ അടയാളം ആകാശത്തു വിളങ്ങും; അന്നു ഭൂമിയിലെ സകല ഗോത്രങ്ങളും പ്രലപിച്ചും കൊണ്ട്, മനുഷ്യപുത്രൻ ആകാശത്തിലെ മേഘങ്ങളിന്മേൽ മഹാശക്തിയോടും തേജസ്സോടുംകൂടെ വരുന്നതു കാണും.*

*അവൻ തന്റെ ദൂതന്മാരെ മഹാ കാഹളധ്വനിയോടുകൂടെ അയക്കും. അവർ അവന്റെ വൃതന്മാരെ ആകാശത്തിന്റെ അറുതി മുതൽ അറുതിവരെയും നാലു ദിക്കിൽ നിന്നും കൂട്ടിച്ചേർക്കും.*

185 നോക്കൂ, യേശു മത്തായി 24-ൽ പറഞ്ഞിരിക്കുന്നതും, ആറാം മുദ്രയിൽ വെളിപ്പാടുകാരൻ തുറക്കുന്നതും, തമ്മിൽ താരതമ്യപ്പെട്ടിരിക്കുന്നത് അത്രയും കൃത്യമായിരിക്കുന്നു. യേശു ഉപദ്രവകാലത്തെക്കുറിച്ച് അവിടെ പറയുകയായിരുന്നു. [ബ്രദർ ബ്രൺഹാം പ്രസംഗപിഠത്തിൽ മൂന്നു പ്രാവശ്യം മുട്ടുന്നു—Ed.] കാണുന്നോ?

186 ആദ്യം, അവർ ചോദിച്ചത്, ഇത് എപ്പോഴായിരിക്കും, ദേവാലയം എപ്പോഴാണ് നിലമ്പരിശാകുന്നത്. അവൻ അതിന് ഉത്തരം നല്കി. അടുത്ത കാര്യം അവൻ ചോദിച്ചത്, ആ സമയം എപ്പോഴായിരിക്കും... അവിടെ രക്തസാക്ഷിത്വത്തിന്റെ കാലം വരുന്നു. ഇത് എപ്പോഴാണ് സംഭവിക്കുന്നത്, എതിർക്രിസ്തു എപ്പോഴാണ് ഉയർന്ന് വരുന്നത്; എപ്പോഴാണ് എതിർക്രിസ്തു ദേവാലയത്തെ എടുത്തു കളയുന്നത്.

187 ദാനീയേൽ, നമുക്ക് എപ്രകാരം ദാനീയേലിന്റെ പുസ്തകം എടുത്ത് അവിടെ ഒരു പ്രഭു എഴുന്നേല്ക്കുമെന്ന് അവൻ പറഞ്ഞിട്ടുള്ളതിനെക്കുറിച്ച് തിരികെ പോയി നോക്കുവാൻ കഴിയും. വായിക്കുന്നവരായ നിങ്ങൾക്കറിയാം. അവൻ എന്തു ചെയ്യും? അവൻ നിരന്തര ഹോമയാഗം നിർത്തിക്കളയുകയും, ആ സമയത്ത് ഇതെല്ലാം സംഭവിക്കും. പറഞ്ഞു...

188 യേശു, പോലും, അതിനെ ഇവിടെ പറഞ്ഞ്, അതിന് അടിവരയിട്ടിരുന്നു. പറഞ്ഞു, "എന്നാൽ ദാനീയേൽ പ്രവാചകൻ മുഖാന്തരം അരുളി ചെയ്തപോലെ ശൂന്യമാകുന്ന മ്ലേച്ഛത വിശുദ്ധ സ്ഥലത്ത് നില്ക്കുന്നത് നിങ്ങൾ കാണുമ്പോൾ" [ബ്രദർ ബ്രൺഹാം പ്രസംഗപിഠത്തിൽ മൂന്നു പ്രാവശ്യം മുട്ടുന്നു—Ed.] എന്താകുന്നു അത്? അവർ അതിനെ തീ വച്ച് നശിപ്പിച്ചപ്പോൾ, ആലയത്തിനു പകരം ആ സ്ഥാനത്ത് നില്ക്കുന്നത്, ഒമാറിന്റെ മുസ്ലീം പള്ളിയാകുന്നു. പറഞ്ഞു, "അന്ന് മലമുകളിലുള്ളവർ...വീട്ടിന്മേൽ ഇരിക്കുന്നവൻ വീട്ടിലുള്ളത് എടുക്കേണ്ടതിന് ഇറങ്ങുന്നത്, വയലിലുള്ളവർ വസ്ത്രം എടുക്കാൻ മടങ്ങിപ്പോകരുത്. കാരണം, ഒരു ഉപദ്രവത്തിന്റെ സമയം ഉണ്ടാകും!"

നിങ്ങൾക്ക് മനസിലായോ? ഈ കാര്യങ്ങളെല്ലാം നിറവേറപ്പെട്ട്, ഈ ആറാം മുദ്രയുടെ തുറക്കലിൽ മുമ്പോട്ട് പോകുമ്പോൾ, അതെല്ലാം ന്യായീകരിച്ച് സമർത്ഥിക്കപ്പെടണം.

189 ഇപ്പോൾ നിങ്ങൾ ശ്രദ്ധിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. യേശു... ഇപ്പോൾ, നാളെ രാത്രിയിൽ, ഇതിന്മേൽ, യേശു ഏഴാം മുദ്രയുടെ പഠനത്തെ വിട്ടുകളഞ്ഞിരുന്നു. അത് ഇവിടെ ഇല്ല. ശ്രദ്ധിക്കുക. ഇപ്പോൾ ഇതിന് ശേഷം, അവൻ നേരെ ഈ ഉപമകളിലേക്ക് പോകുന്നു. യോഹന്നാൻ ഏഴാം മുദ്ര ഒഴിവാക്കിക്കളഞ്ഞു. ഏഴാമത്തേത്, അവസാനത്തെ, ഏഴാം മുദ്ര അതൊരു മഹത്തായ കാര്യമാകുവാൻ പോകുകയാണ്. അത് എഴുതിയിട്ട് പോലുമില്ല. നോക്കു. ഏഴാം മുദ്ര ഒഴിവാക്കിക്കളഞ്ഞു; അവർ രണ്ടുപേരും ചെയ്തിരിക്കുന്നു. വെളിപ്പാടുകാരൻ, ദൈവം അത് അവിടെ ആയിരുന്നു എന്നു പറയുന്നു...യോഹന്നാൻ പറഞ്ഞു, "സ്വർഗ്ഗത്തിൽ മൗനത ഉണ്ടായി". യേശു അതിനെക്കുറിച്ച് ഒരു വാക്ക് പോലും ഒരിക്കലും പറഞ്ഞില്ല.

190 ഇപ്പോൾ ശ്രദ്ധിക്കു, തിരികെ 12-ാം വാക്യത്തിലേക്ക്, ശ്രദ്ധിക്കു, ഒരു ജീവിയുമില്ല. നമ്മുടെ മുദ്ര തുറക്കപ്പെടുന്ന, അതിന്റെ 12-ാം വാക്യം അതാകുന്നു. ഇവിടെയുള്ള ജീവികളെപ്പോലെ, അതിനെ പ്രതിനിധീകരിക്കാനായി ഒരു ജീവിയും അവിടെ ഉണ്ടായിരുന്നില്ല, മാത്രമല്ല, അത് അഞ്ചാം മുദ്രയെപ്പോലെയും ആയിരുന്നില്ല. എന്തുകൊണ്ടാണ്? ഇത് സംഭവിക്കുന്നത് സുവിശേഷ കാലഘട്ടത്തിന്റെ മറ്റേ വശത്തായ ഉപദ്രവകാലത്താകുന്നു. ഈ ആറാം മുദ്ര ഉപദ്രവകാലമാകുന്നു. അതാണ് സംഭവിക്കുന്നത്. അതാണ് സംഭവിക്കുന്നത്. മണവാട്ടി പോയിക്കഴിഞ്ഞിരിക്കുന്നു. കാണുന്നോ? അത് വിളിച്ചറിയിക്കാൻ ഒരു ജീവിയോ മറ്റൊന്നും അവിടെയില്ല. അത് ഇങ്ങനെ...ഇപ്പോൾ ദൈവം സഭയുമായി ഇനിയും ഇടപെടുന്നില്ല; അത് പോയ്ക്കഴിഞ്ഞിരിക്കുന്നു.

191 അവൻ യിസ്രായേലുമായി ഇടപെടുകയാണ്, നോക്കു. നോക്കു, ഇത് മറ്റേ വശമാകുന്നു. ഇത് വെളിപ്പാട് 11-ൽ പറഞ്ഞിരിക്കുന്ന രണ്ട് പ്രവാചകന്മാരാൽ. യിസ്രായേൽ രാജ്യത്തിന്റെ സന്ദേശം സ്വീകരിക്കുമ്പോഴാകുന്നു. ഓർക്കുക, യിസ്രായേൽ ഒരു ജനതയാകുന്നു, ദൈവത്തിന്റെ ദാസൻ, ജനത. യിസ്രായേൽ വിളിക്കപ്പെടുമ്പോൾ, അതൊരു ദേശീയ ബന്ധമായിരിക്കും.

192 യിസ്രായേൽ, രാജത്വത്തിന്റെ കാലഘട്ടത്തിൽ ദാവീദ്...ദാവീദ് പുത്രനായി സിംഹാസനത്തിൽ ഇരുന്നു. ആ കാരണത്താലാണ് ആ സ്ത്രീ "അല്ലയോ ദാവീദ് പുത്രാ!" എന്ന് നിലവിളിച്ചത്.

ദാവീദിന്...ദാവീദ് പുത്രൻ! ദൈവം അവനെക്കൊണ്ട് തന്നെ, ദാവീദിനോട്ടു, അവൻ തന്റെ പുത്രനെ അവന്റെ സിംഹാസനത്തിൽ എന്നേയ്ക്കുമായി ഇരുത്തും എന്ന് ദാവീദിനോട് സത്യം ചെയ്തിരുന്നു. അതൊരു നിത്യ സിംഹാസനമായിരിക്കും. കാണുന്നോ? അതിന് അവസാനമുണ്ടാകുകയില്ല. ഒരു മുൻകുറിയായി, ദൈവാലയത്തിൽ, ശലോമോൻ അതു കൊടുത്തിരുന്നു. യേശു അവരോട് ഇവിടെ അതിനെക്കുറിച്ച് പറയുന്നു, "കല്ലിന്മേൽ കല്ല് ശേഷിക്കയില്ല." എന്നാൽ, അവൻ അവരോട് ഇവിടെ പറയാൻ ശ്രമിക്കുന്നത്, എന്താണെന്നാൽ...അവൻ തിരികെ വരുന്നു എന്നതാണ്.

"എപ്പോഴാണ് നീ മടങ്ങി വരുന്നത്?"

193 "ഞാൻ മടങ്ങി വരുന്നതിന് മുമ്പായി ഈ കാര്യങ്ങളെല്ലാം സംഭവിക്കും". അങ്ങനെ അവിടെ ഇതാ അവർ ആയിരിക്കുന്നു!

ഇപ്പോൾ നാം ഉപദ്രവകാലത്തിന്റെ സമയത്തായിരിക്കുന്നു.

ഓർക്കുക, ഈ ഭൂമിയിൽ രാജത്വം ഉറപ്പിച്ച് കഴിയുമ്പോൾ...

194 ഇപ്പോൾ, ഇത് അല്പമൊന്ന് ഞെട്ടിക്കാൻ ഇടയുണ്ട്. നിങ്ങളുടെ പക്കൽ ഒരു ചോദ്യമുണ്ടെങ്കിൽ, നിങ്ങൾക്കിപ്പോഴും എന്നോട് ചോദിക്കാം; നിങ്ങൾ ആ ചോദ്യം ഉന്നയിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ, അത് വിളിക്കപ്പെട്ടതിന് ശേഷമായാലും, അത് ഉയർത്തുക; നിങ്ങൾ അത് ചെയ്യുന്നില്ലെങ്കിൽ, നിങ്ങൾ അത് മുന്നമേ അറിഞ്ഞിട്ടില്ല.

195 ആയിരമാണ്ട് വാഴ്ചക്കാലത്ത്, അത് യിസ്രായേൽ ഒരു രാജ്യമായിട്ട്, പന്ത്രണ്ട് ഗോത്രങ്ങൾ ഒരു രാജ്യമായിട്ടായിരിക്കും.

196 എന്നാൽ മണവാട്ടി കൊട്ടാരത്തിലാകുന്നു. അവൾ ഇപ്പോൾ രാജ്ഞി ആകുന്നു. അവൾ വിവാഹിതയായിരിക്കുന്നു. ഭൂമിയിലെ സകലരും യെരുശലേം, എന്ന ഈ നഗരത്തിലേക്ക്, വന്ന് അതിന്റെ മഹത്വത്തെ അവിടെ അതിന് നല്കും. "അതിന്റെ നഗര വാതിലുകൾ രാത്രിയിൽ അടഞ്ഞു കിടക്കുകയില്ല; കാരണം അവിടെ രാത്രി ഉണ്ടായിരിക്കില്ല." കാണുന്നോ? വാതിലുകൾ എല്ലായ്പ്പോഴും തുറന്നിരിക്കും, "ഭൂമിയിലെ രാജാക്കന്മാർ," വെളിപ്പാട്...:22 "അവരുടെ മഹത്വവും ബഹുമാനവും ഈ പട്ടണത്തിലേയ്ക്ക് കൊണ്ടുവരും." എന്നാൽ അപ്പോൾ അവിടെ മണവാട്ടി കുഞ്ഞാടിനോട് കൂടെയായിരിക്കും. ഓ എന്റെ, നിങ്ങൾക്ക് അത് അവിടെ കാണാൻ കഴിയും! അല്ല... മണവാട്ടി ഇനിയും മുന്തിരി തോട്ടത്തിൽ വേല ചെയ്യാൻ പോകില്ല. ഇല്ല, ശ്രീമാൻ. അവൾ മണവാട്ടിയാകുന്നു. അവൾ രാജാവിന് രാജ്ഞിയാകുന്നു. മറ്റുള്ളവരാണ്, അത് ജനതയാണ് അവിടെ അദ്ധ്വാനിക്കുന്നത്, മണവാട്ടിയല്ല. ആമേൻ. ശരി.

197 ശ്രദ്ധിക്കൂ, ഈ ദൂതന്മാർ ഇപ്പോൾ, വെളിപ്പാട് 12-ലെ ദൂതന്മാർ...: ഈ രണ്ട് പ്രവാചകന്മാർ, അവർ "ദൈവരാജ്യം സമീപിച്ചിരിക്കുന്നു!" എന്ന് പ്രസംഗിക്കാൻ പോകുന്നു. കാണുന്നോ? ദൈവരാജ്യം കെട്ടിപ്പടുക്കേണ്ടത് ആവശ്യമാകുന്നു. ആ സമയം, ദാനീയേലിന്റെ എഴുപത് ആഴ്ചവട്ടത്തിന്റെ അവസാന മൂന്നരവർഷക്കാലം, അവന്റെ ജനമായ, യഹൂദന്മാർക്കായി വാഗ്ദത്തം ചെയ്തിരിക്കുന്നു. നാളെ എനിക്ക് അതിന്മേൽ ഒരു ചോദ്യം ആവശ്യമുണ്ട്. കാണുന്നോ?

198 ഇപ്പോൾ, എഴുപത് ആഴ്ചവട്ടങ്ങൾ വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്നു, അത് ഏഴ് വർഷങ്ങളാകുന്നു. ഏഴ് ആഴ്ചവട്ടത്തിന്റെ മദ്ധ്യേ, മശിഹാ ജനങ്ങൾക്കു വേണ്ടി, ഒരു യാഗമായി ഛേദിക്കപ്പെടണം. അവൻ മൂന്നര വർഷക്കാലം പ്രവചിച്ചതിന് ശേഷം, ജനങ്ങൾക്ക് വേണ്ടി ഒരു യാഗമായി തീർന്നിട്ട്, ഛേദിക്കപ്പെടണം. പിന്നെയും ഒരു നിർണ്ണയിക്കപ്പെട്ട, മൂന്നര വർഷക്കാലം യിസ്രായേലിന് വേണ്ടി അപ്പോഴും നിർണ്ണയിക്കപ്പെട്ടിരുന്നു. അന്ന്, മിശിഹാ ഛേദിക്കപ്പെട്ടപ്പോൾ, യഹൂദന്മാർ അന്ധരാക്കപ്പെട്ടിരുന്നതിനാൽ അവന് അത് മിശിഹാ ആയിരുന്നു എന്ന് കാണാൻ കഴിഞ്ഞില്ല.

199 കൂടാതെ, അന്ന്, മിശിഹാ ഛേദിക്കപ്പെട്ടപ്പോൾ, സുവിശേഷവും കൃപയുടെ കാലവും ജാതികൾക്ക് വന്ന് ചേർന്നു. അവർ താഴേയ്ക്ക് വന്നപ്പോൾ, ദൈവം ഒന്നിനെ *ഇവിടെ* നിന്നും *അവിടെ* നിന്നും, പിന്നെയും *ഇവിടെ* നിന്നും *അവിടെ* നിന്നും എടുത്തിട്ട് സഭാകാലദൂതന്മാരുടെ കീഴിലായി അവരെ ഇടുന്നു.

200 അവൻ ആദ്യത്തെ ദൂതനെ അയയ്ക്കുന്നു, അവൻ പ്രസംഗിക്കുകയും, ഒരു കാഹളം നാദം പുറപ്പെടുവിക്കുകയും ചെയ്യുന്നു; കുറച്ച് സമയത്തിന് ശേഷം നാം അത് എടുക്കുന്നതാണ്. പിന്നെ, ആ കാഹളം യുദ്ധ പ്രഖ്യാപനം നടത്തുന്നു. കാഹളം എപ്പോഴും യുദ്ധം വിളിച്ചറിയിക്കുന്നു. ആ സന്ദേശവാഹകൻ, ആ ദൂതൻ ഭൂമിയിലേയ്ക്ക് വരുന്നു, ആ നാഴികയിലേക്കുള്ള സന്ദേശ വാഹകൻ, അത് ലൂഥറും, നാം സംസാരിച്ചിരുന്ന മറ്റേതൊരു സന്ദേശ വഹനെയും പോലെയാകുന്നു. അവൻ എന്തു ചെയ്യുന്നു? അവൻ വന്നെത്തുന്നു; ഒരു മുദ്ര തുറക്കുന്നു, വെളിപ്പെടുത്തുന്നു; ഒരു കാഹളം ധ്വനിക്കുന്നു, യുദ്ധം പ്രഖ്യാപിക്കുന്നു, ദൂരമായി അവർ പോകുന്നു. പിന്നെ ആ സന്ദേശ വാഹകൻ മരിക്കുന്നു. അവൻ ഈ കൂട്ടരെ മുദ്രയിട്ട് മാറ്റുന്നു; അവരെ അകത്തിടുന്നു. അതിനെ തള്ളിക്കളഞ്ഞവരുടെ മേൽ, ഒരു ബാധ വീഴുന്നു. കാണുന്നോ?

201 പിന്നെയും അത് മുന്നോട്ട് തുടരുന്നു, അവർ അതിനെ സംഘടനയാക്കി, മറ്റൊരു സംഘടനയിലേയ്ക്ക് കടക്കുന്നു. നാം അതിൽക്കൂടെ ഇപ്പോൾ കടന്നു വന്നിരുന്നു. അതിന് ശേഷം, മറ്റൊരു

ശക്തിയുമായിട്ട് അവർ കടന്നു വരുന്നു, നോക്കു, മറ്റൊരു ശക്തി, മറ്റൊരു സഭാകാലഘട്ടത്തിൽ, വേറൊരു ശുശ്രൂഷ. അങ്ങനെ, അവൻ അതു ചെയ്യുമ്പോൾ, എതിർക്രിസ്തു തന്റേതുമായി വരുമ്പോൾ, ദൈവം അവന്റെ ശുശ്രൂഷയുമായി കടന്നു വരുന്നു. നോക്കു, *എതിർ* എന്ന് വച്ചാൽ "വിപരീതമായത്," എന്നാകുന്നു. അവ ചേർന്ന് ഓടുന്നു.

202 നിങ്ങൾ ഒരു ചെറിയ കാര്യം ശ്രദ്ധിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. കയീൻ ഭൂമിയിൽ വന്ന അതേ സമയം തന്നെ, ഹാബേലും ഭൂമിയിൽ എത്തി. അതുപോലെ ക്രിസ്തു ഭൂമിയിൽ വന്ന അതേ സമയം തന്നെ യൂദായും ഭൂമിയിൽ വന്നു എന്ന കാര്യം നിങ്ങൾ ശ്രദ്ധിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ക്രിസ്തു ഭൂമി വിട്ടു പോകാനുള്ള സമയമായപ്പോൾ യൂദായും ഭൂമി വിട്ടുപോയി. പരിശുദ്ധാത്മാവ് ജനങ്ങളുടെ മേൽ പതിക്കാൻ സമയമായപ്പോൾ എതിർക്രിസ്തുവിന്റെ ആത്മാവും പതിച്ചു. ഈ അന്ത്യ കാലത്തിൽ പരിശുദ്ധാത്മാവ് സ്വയം അവനെ വെളിപ്പെടുത്തുന്ന അതേ സമയത്ത് തന്നെ, എതിർക്രിസ്തുവും രാഷ്ട്രീയവും മറ്റുള്ള കാര്യങ്ങളിലും കൂടെ തന്റെ നിറങ്ങൾ കാണിച്ചു കൊണ്ടു കടന്നുവരുന്നു. എതിർക്രിസ്തു തന്നെ രംഗത്ത് പൂർണ്ണമായി കൊണ്ടുവരാൻ തുടങ്ങുമ്പോൾ; അതിനെ എല്ലാറ്റിനെയും വീണ്ടെടുക്കാനായി, ദൈവവും പൂർണ്ണമായി നീങ്ങാൻ തുടങ്ങുന്നു. നോക്കു, രണ്ടും ചേർന്നു പ്രവർത്തിച്ചുകൊണ്ട് പോകുന്നു. അവ രണ്ടും ഒന്നോടൊന്ന് തുടർന്ന് പൊയ്ക്കൊണ്ടിരിക്കുന്നു. കയീനും ഹാബേലും! [ബ്രദർ ബ്രൺഹാം ഒരു പ്രാവശ്യം കൈ കൊട്ടുന്നു—Ed.] കാക്കയും, പ്രാവും പെട്ടകത്തിൽ! യൂദായും യേശുവും! അങ്ങനെ അത് തുടർന്നും നിങ്ങൾക്ക് എടുക്കാൻ കഴിയും. ഇങ്ങനെ...

203 ഇവിടെ യിസ്രായേലും മോവാബും; അവർ രണ്ടും ഉണ്ട്. മോവാബ് ഒരു പുറംജാതി ദേശമായിരുന്നില്ല. ഇല്ല, ശ്രീമാൻ യിസ്രായേൽ അർപ്പിച്ചിരുന്ന അതേ ബലി തന്നെ അവരും അർപ്പിച്ചിരുന്നു. അതേ ദൈവത്തോട് തന്നെ അവരും പ്രാർത്ഥിച്ചിരുന്നു. കൃത്യമായും. മോവാബ് വിളിച്ചിരുന്ന...ലോത്തിന്റെ പെൺമക്കളിൽ ഒരുവൾ തന്റെ പിതാവിനോടൊപ്പം ശയിച്ച് ഉണ്ടായ ഒരു സന്താനമായിരുന്നു. ആ കുഞ്ഞിനെ മോവാബ് എന്നു വിളിച്ചു. അവനിൽ നിന്നും മോവാബിന്റെ വംശം പുറപ്പെട്ട് മോവാബിന്റെ ദേശം ഉണ്ടായി.

അവർ യിസ്രായേലിനെ, അവരുടെ വീണ്ടെടുക്കപ്പെട്ട സഹോദരൻ വരുന്നതു കണ്ടപ്പോൾ.

204 അവർ മൗലീക വാദികളായിരുന്നു. അവർ ഒരു വലിയ സംഘടന സഭയായിരുന്നു. യിസ്രായേലിന് ഒരു സംഘടനയും ഇല്ലായിരുന്നു; അവൾ പോയിരുന്നെടുത്തെല്ലാം കൂടാരങ്ങളിൽ

താമസിച്ചിരുന്നു. എന്നാൽ മോവാബ്യർക്ക് വലിയ സ്ഥാനമാനികളും രാജാക്കന്മാരും മറ്റെല്ലാം ഉണ്ടായിരുന്നു. അതുകൂടാതെ അവർക്ക് ഒരു—ഒരു കള്ളപ്രവാചകനായ, ബെലയാമും അവിടെ ഉണ്ടായിരുന്നു. അവർക്ക് ഇതെല്ലാം ഉണ്ടായിരുന്നു. അതിനു ശേഷം അവന്റെ വാഗ്ദത്തത്തിലേയ്ക്ക് പോകുമ്പോൾ, വാഗ്ദത്ത ദേശത്തേക്ക് യാത്രയിലായിരുന്ന അവരുടെ കൊച്ചു സഹോദരനെ ശപിക്കുന്നതിനായി അവർ അവിടെ കടന്നു വന്നു.

205 അവൻ അവരുടെ അടുക്കൽ ചെന്നിട്ട് അവരോട് "നിങ്ങളുടെ ദേശത്തു കൂടി എനിക്ക് കടന്നുപോകാൻ കഴിയുമോ? എന്റെ പശുക്കൾ വെള്ളം കുടിച്ചാൽ, ഞാൻ അതിന്റെ വില തരാം. അവ പുല്ലു തിന്നാൽ, ഞങ്ങൾ അതിനായി വില തരും."

206 അവൻ പറഞ്ഞു, "ഇല്ല, ഇവിടെ ഒരിടത്തും അതുപോലെയുള്ള ഒരു ഉണർവ്വ് നടത്താൻ പാടില്ല. അതു ശരിയാണ്. ഇവിടെ ചുറ്റിനും അങ്ങനെയുള്ള ഒന്നും നീ നടത്താൻ പാടില്ല."

207 അതിനുശേഷം അവൻ എന്തു ചെയ്തതെന്ന് ശ്രദ്ധിക്കു. അവൻ നേരെ ഈസബേലിന്റെ രൂപത്തിൽ, ഒരു കള്ളപ്രവാചകനിൽ കൂടെ കടന്നുവന്ന്, ദൈവത്തിന്റെ മക്കളെ കൊണ്ടു പാപം ചെയ്യിച്ചു. മോവാബ്യ സ്ത്രീകളെ യിസ്രായേലിനെക്കൊണ്ട് വിവാഹം കഴിപ്പിച്ച് വ്യഭിചരിക്കുന്നതിന് ഇടയാക്കി.

208 നാം ആയിരിക്കുന്ന, വാഗ്ദത്ത ദേശത്തേയ്ക്കുള്ള യാത്രയിൽ, ആ യാത്രയിൽ, അതേ കാലത്തെപ്പോലെ, അവൻ അതു തന്നെ ചെയ്തിരിക്കുന്നു. അവൻ എന്താണ് ചെയ്തത്? കള്ളപ്രവാചകൻ ചുറ്റമായി കടന്ന് വന്ന് സഭയെ വിവാഹം കഴിപ്പിച്ച്, പ്രൊട്ടെസ്റ്റന്റ് സഭ എന്നു വിളിപ്പിച്ച്, വിഭാഗീയ സഭകളുണ്ടാക്കുന്നതിന് കാരണമാക്കി, അത് കൃത്യമായും അവർ പിന്നിൽ ചെയ്തതു പെലെയായിരുന്നു. [ബ്രദർ ബ്രൺഹാം നാല് പ്രാവശ്യം പ്രസംഗ വേദിയിൽ മുട്ടുന്നു—Ed.]

209 എന്നാൽ ചെറിയ യിസ്രായേൽ അതുപോലെ തന്നെ, നേരെ മുന്നോട്ടു പോയി, അവൾ നീണ്ട സമയം മരുഭൂമിയിൽ സഞ്ചരിക്കുകയും, അവരുടെ ഇടയിലുണ്ടായിരുന്ന പഴയ യുദ്ധവീരന്മാരെല്ലാം മരിച്ചുപോകുകയും ചെയ്തു, എന്നാലും അവൾ നേരെ വാഗ്ദത്ത ദേശത്തേക്ക് കടന്നു. അതെ, അതെ, അവർ യോർദ്ദാൻ കടക്കുന്നതിന് മുമ്പായി എല്ലാവരും തോളോട് തോൾ ചേർന്ന് പോകുന്നത് ശ്രദ്ധിക്കുക ഹാ-ഹാ! അതെ ഞാൻ അത് ഇഷ്ടപ്പെടുന്നു. ഇപ്പോൾ ഇവിടെ, ഇപ്പോൾ നാമും നേരെ ഇവിടെ അതേ കാലത്തിലേക്കാണ് കടന്നുവരുന്നത്. ശ്രദ്ധിക്കു.

210 ഇപ്പോൾ നാം കണ്ടു, അതായത്, ആ സമയം, ദാനീയേലിന്റെ എഴുപതു ആഴ്ചവട്ടത്തിലെ അവസാന മൂന്നര വർഷങ്ങളെക്കുറിച്ചാണ്, (ഞാൻ പറഞ്ഞത്).

211 ഞാൻ അതു കുറച്ചുകൂടി വ്യക്തമായി ഇപ്പോൾ വിശദീകരിക്കട്ടെ. കാരണം, ഇവിടെ അത് എപ്പോഴും വളരെ നന്നായി ശ്രദ്ധിക്കുന്ന ആരോ ഇവിടെ ഉണ്ടായിട്ട്, ആ കാര്യത്തിൽ; ഒരു ഉപദേശകനായതിനാൽ ഞാൻ എന്നെതന്നെ വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു.

212 എഴുപത് ആഴ്ചവട്ടം കടന്നുവരുന്നത് ശ്രദ്ധിക്കുക. യഹൂദന്മാരുടെ കാലത്തിന്റെ അവസാനവും, കടന്നുവരുന്നതിനുള്ള സമയവും ദാനീയേൽ ദർശനത്തിൽ കണ്ടപ്പോൾ, എഴുപത് ആഴ്ചവട്ടം അവർക്കായി നിശ്ചയിച്ചിരിക്കുന്നു എന്ന് അവൻ പറഞ്ഞു. അത് ഏഴ് വർഷങ്ങളാകുന്നു; അതിന്റെ മദ്ധ്യേ, മശീഹ ഇവിടെ ഉണ്ടായിരിക്കും, അഥവാ, ഒരു ബലിയ്ക്കായി, ഛേദിക്കപ്പെടുകയും ചെയ്യും. ഇപ്പോൾ യഥാത്ഥത്തിൽ അതുതന്നെയാണ് സംഭവിച്ചിരിക്കുന്നത്.

213 അതിന് ശേഷം, ദൈവം തന്റെ നാമത്തിനായി ഒരു ജനതയെ എടുക്കുന്നതുവരെ ജാതികളുമായി ഇടപ്പെട്ടിരുന്നു. അന്യജാതി സഭ പുറത്തെടുത്തു കഴിഞ്ഞ ഉടൻ തന്നെ, അവൻ സഭയെ മുകളിലേയ്ക്ക് കൊണ്ടു പോകുന്നു.

214 അവൻ ചെയ്തപ്പോൾ, ഉറങ്ങിയിരുന്ന കന്യകമാർ, സ്വയം സഭ തന്നെ...മണവാട്ടി മുകളിലേയ്ക്ക് പോകുന്നു. സഭയെ, അതിനെ തന്നെത്താൻ "പുറത്തുള്ള അന്ധകാരത്തിൽ, കരച്ചിലും നിലവിളിയും പല്ലുകടിയും ഉണ്ടാകുന്നിടത്തേയ്ക്ക് തള്ളികളയുകയും, ചെയ്യുന്നു." അതേ സമയം തന്നെ ഉപദ്രവകാലം ജനങ്ങളുടെ മേൽ വരുന്നു.

215 ഉപദ്രവകാലം ജനങ്ങളുടെ മേൽ വീഴുമ്പോൾ, അവരോട് സുവിശേഷം പ്രസംഗിക്കാനായി, വെളിപ്പാട് 11-ൽ പറഞ്ഞിരിക്കുന്ന രണ്ടു പ്രവാചകന്മാർ കടന്നു വരുന്നു. അവർ ആയിരത്തി ഒരുന്നൂറ്റി...അറുപത് ദിവസം അവരോട് പ്രസംഗിക്കും. കാണുന്നോ? അത് കൃത്യമായും, ഒരു മാസത്തിൽ മുപ്പതു ദിവസം എന്നുള്ള യഥാർത്ഥ കലണ്ടർ മാതിരി ശരിക്കും മൂന്നര വർഷങ്ങളാകുന്നു. അത് ദാനീയേലിന്റെ എഴുപതാമത്തെ ഭാഗമായിട്ട് എഴുപത് ആഴ്ചവട്ടകാലത്തിന്റെ അവസാന ഭാഗമാകുന്നു. കാണുന്നോ?

ദൈവം യിസ്രായേലുമായിട്ട് ഇവിടെ ഇടപെടുന്നില്ല. ഇല്ല, ശ്രീമാൻ.

216 അധിക നാളുകളായിട്ടില്ല, ഒരു സഹോദരൻ എന്നോട് ചോദിച്ചു, "ഞാൻ പോകേണ്ടതുണ്ടോ..." അത് ഈ സഭയിലുള്ള ഒരു—ഒരു വിലയേറിയ, പ്രിയ സഹോദരനാകുന്നു. അദ്ദേഹം പറഞ്ഞു. "ഞാൻ—ഞാൻ യിസ്രായേലിലേക്ക് പോകാൻ ആഗ്രഹിക്കുന്നു. അവിടെ ഒരു ഉണർവുണ്ടായിക്കൊണ്ടിരിക്കുന്നു എന്നു ഞാൻ വിശ്വസിക്കുന്നു."

217 ആരോ എന്നോടു പറഞ്ഞു, "ബ്രദർ ബ്രൺഹാം, നിങ്ങൾ ഇപ്പോൾ തന്നെ യിസ്രായേലിൽ പോകേണ്ടിയിരിക്കുന്നു. അവർ ഇത് കാണുന്നതിനിടയാകും." നോക്കു, നിങ്ങൾക്ക് അത് ചെയ്യാൻ കഴിയില്ല.

ഞാൻ അവിടെതന്നെ നിന്നു, പിന്നെ ഞാൻ ചിന്തിച്ചു...

218 ആ യഹൂദന്മാർ പറഞ്ഞു, "ഞാൻ...അതെ, യേശു തന്നെ മിശിഹാ ആണെങ്കിൽ," പറഞ്ഞു, "അവൻ ഒരു പ്രവാചകന്റെ അടയാളം ചെയ്തു ഞാൻ കാണട്ടെ ഞങ്ങൾ ഞങ്ങളുടെ പ്രവാചകന്മാരെ വിശ്വസിക്കുന്നു, കാരണം, അതു തന്നെയാണ് അവർ ആയിരിക്കേണ്ടത്."

219 ഞാൻ ചിന്തിച്ചു, "എന്തൊരു സജ്ജീകരണമാണ്," "ഇതാ ഞാൻ പോകുന്നു!" ഞാൻ ശരിക്കും അവിടെ എത്തിയപ്പോൾ, വളരെ അടുത്ത് എത്തിയപ്പോൾ, ശരിയ്ക്കും...ഞാൻ ആയിരുന്നു, അതെ, ഞാൻ കെയിറോയിൽ എത്തിക്കഴിഞ്ഞിരുന്നു യിസ്രായിലേക്കുള്ള ടിക്കറ്റ് എന്റെ പക്കൽ ഉണ്ടായിരുന്നു. ഞാൻ പറഞ്ഞു, "ഞാൻ, ഞാൻ പോകും, നോക്കു അവർ അതു ചോദിക്കുമെങ്കിൽ, അവർക്ക് ഒരു പ്രവാചകന്റെ അടയാളം കാണാൻ കഴിഞ്ഞാൽ. അവർ ക്രിസ്തുവിനെ സ്വീകരിക്കുമോ എന്ന് നമുക്ക് നോക്കാം."

220 സ്റ്റോക്ക് ഹോം ചർച്ചിലെ, ലെവി പെത്രൂസ്, അവർക്കു വേണ്ടി ഒരു ദശലക്ഷം ബൈബിളുകൾ അയച്ചിരുന്നു.

221 ആ യഹൂദന്മാർ അവിടേക്ക് വന്നുകൊണ്ടിരുന്നു! നിങ്ങൾ ആ ചിത്രം കണ്ടിട്ടുണ്ട്. അതിന്റെ ചിത്രം "*അർത്ഥ രാത്രിക്ക് മൂന്ന് മിനിറ്റുകൾ*" എന്ന ഫിലിം എന്റെ പക്കലുണ്ട്. ആ യഹൂദന്മാർ ലോകത്തിന്റെ നാനാ ഭാഗത്തു നിന്നും, എല്ലായിടത്തു നിന്നും, അവിടെ ഒരുമിച്ച് കൂടി വരാൻ തുടങ്ങുന്നത് കാണാം.

222 ജനറൽ ആൽബനിയുടെ സമയത്ത് ഇംഗ്ലണ്ട് അവിടെ കടന്നു ചെന്നതിന് ശേഷമായിരുന്നു. അത്, *ലോക മഹായുദ്ധത്തിന്റെ പതനം,* എന്ന പുസ്തകത്തിന്റെ രണ്ടാം വാല്യത്തിലാണ് എന്ന് ഞാൻ വിചാരിക്കുന്നു. അവർ കീഴടങ്ങി, ടർക്കികൾ കീഴടങ്ങി. പിന്നെ അദ്ദേഹം അത് യിസ്രായേലിന് തിരികെ നൽകി. അവൾ ഒരു ദേശമായി വളരാൻ തുടങ്ങിയിട്ട്, ഇപ്പോൾ, ഒരു സമ്പൂർണ്ണ രാഷ്ട്രമായി;

അവരുടെ സ്വന്ത പണവും, നാണയവും, കൊടിയും, സൈന്യവും മറ്റെല്ലാം ഉണ്ടായിരിക്കുന്നു. കാണുന്നോ?

223 ഈ യഹൂദന്മാർ തിരികെ അവരുടെ സ്വന്തം നാട്ടിലേക്ക് വരികയായിരുന്നു, അവർ...ആദ്യത്തെ കാര്യം, അവർ ഇറാനിൽ എത്തിയപ്പോൾ, അവിടെ നിന്നും, അവരെ എടുക്കുന്നതിനായി അവരോടു പറഞ്ഞു...അവർ ചോദിച്ചു അവൻ...അവർ അവരെ തിരികെ യിസ്രായിലേക്ക് കൊണ്ട് പോകുന്നതിനും, അവരുടെ സ്ഥലത്തെ തിരികെ കൊടുക്കാനും ആഗ്രഹിച്ചിരുന്നു; അവരെ തിരികെ അവരുടെ ദേശമായ, പലസ്തീനിലേക്ക് അവർ ആയിരിക്കേണ്ടടത്ത് പോകുന്നതിന് ആവശ്യപ്പെട്ടു.

224 കൂടാതെ, ഓർക്കുക, യിസ്രായേൽ ആ ദേശത്തിന് പുറത്ത് ആയിരിക്കുന്നിടത്തോളം; അബ്രഹാമിന്, അവന് അത് നല്കിയിരുന്നതു പോലെ, അവൾ ദൈവഹിതത്തിന് പുറത്താകുന്നു. പിന്നെ...

225 അവർ ആ വിമാനത്തിൽ കയറുകയില്ലായിരുന്നു. അത് പോലൊരു കാര്യം അവർ ഒരിക്കലും കണ്ടിരുന്നില്ല. അവിടെ ഒരു വൃദ്ധനായ റബ്ബി ഇറങ്ങി വന്ന് പറഞ്ഞു,. "യിസ്രായേൽ തിരികെ സ്വദേശത്തേക്ക് പോകുമ്പോൾ അത് 'കഴുകൻ ചിറകിന്മേലായിരിക്കും' എന്ന് നമ്മുടെ പ്രവാചകൻ നമ്മോടു പറഞ്ഞിരുന്നു." വീട്ടിലേയ്ക്കുള്ള വഴി, ഒരു വിമാനത്തിൽ.

226 അവിടെ ഇപ്പോൾ യിസ്രായേൽ ആയിരുന്നു, കെട്ടിപ്പെടുക്കുന്നു. അത്തിവൃക്ഷം തളിർത്തുകൊണ്ടിരിക്കുന്നു! ആമേൻ. ദാവീദിന്റെ ആറ് മുനമ്പുകളോടു കൂടിയ പഴയ നക്ഷത്രം പാറുന്നു.

227 ജാതികളുടെ ദിനം എണ്ണപ്പെട്ടിരിക്കുന്നു, കട്ട തല്ലിയുടച്ച് ഭാരം ചുമത്തിക്കൊണ്ടിരുന്നു. മഹാഉപദ്രവകാലം ഇതാ അടുത്തിരിക്കുന്നു!

228 ശരിയ്ക്കും ഇവിടെത്തന്നെ നില്ക്കയും, മുദ്രകൾ തുറക്കപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുമ്പോൾ, സഭ ആകാശത്തിലേക്കുള്ള അവളുടെ പറക്കലിന് തയ്യാറായിക്കഴിഞ്ഞിരിക്കും!

229 ഉപദ്രവകാലം ആരംഭിക്കും, അപ്പോൾ ദൈവം ഇറങ്ങി അവിടെ നിന്നും നൂറ്റി നാല്പത്തിനാലായിരം പേരെ വലിക്കുകയും ചെയ്യുന്നു. ആമേൻ! അവിടെ, ഓ, അത് സമ്പൂർണ്ണമായിരിക്കുന്നു! മുദ്രകൾ ഈ കാര്യങ്ങളെ എവിടെ എത്തിച്ചിരിക്കുന്നു, നോക്കൂ, അത് തുറക്കപ്പെട്ടോ? ഇപ്പോൾ, ഇപ്പോൾ ഇത് ജനങ്ങൾക്കായിട്ടുള്ള അവസാനത്തെ മൂന്നര വർഷക്കാലമാകുന്നു. അതു കൂടാതെ, നിങ്ങൾ ശ്രദ്ധിക്കുകയാണെങ്കിൽ,

ഈ അവസാന മൂന്നര വർഷകാലത്തിൽ ദൈവം യഹൂദന്മാരായ ഒരു ലക്ഷത്തിനാല്പത്തി നാലായിരം പേരെ വിളിക്കുന്ന സമയം കൂടിയാകുന്നു.

230 നോക്കൂ, അവൻ ഒരിക്കലും, അവരുമായിട്ട് ഇടപ്പെട്ടിരുന്നില്ല. അവർക്ക് ഒരു പ്രവാചകൻ ഉണ്ടായിരുന്നില്ല. അവർ പ്രവാചകനെ അല്ലാതെ മറ്റൊന്നും വിശ്വസിക്കില്ല. നിങ്ങൾക്ക് അവരെ കബളിപ്പിക്കാൻ കഴിയില്ല. അതുകൊണ്ട് അവർ ഒരു പ്രവാചകനെ കേൾക്കാൻ പോകുകയാണ്, അതെ, ശ്രീമാൻ, അത്രേ തന്നെ. അത് ദൈവം അവരോട് ആദിയിലെ പറഞ്ഞിരിക്കുകയും, അവർ അതുമായി ഉറച്ചു നിർക്കുകയും ചെയ്യുന്നു.

231 അവൻ പറഞ്ഞു, "നിന്റെ ദൈവമായ കർത്താവ് നിങ്ങളുടെ ഇടയിൽ നിന്ന് എന്നെപ്പോലെ ഒരു പ്രവാചകനെ എഴുന്നേല്പിക്കും." മോശെ അത് പറഞ്ഞിരുന്നു. അവൻ പറഞ്ഞു. "നിങ്ങൾ അവന് ചെവി കൊടുക്കണം. ആരെങ്കിലും ആ പ്രവാചകനെ കേൾക്കാതിരുന്നാൽ അവനെ നിങ്ങളുടെ ഇടയിൽ നിന്നും നീക്കിക്കളയേണം." അത് ശരിയാണ്.

232 കൂടാതെ, നിങ്ങൾ നോക്കൂ, അവരുടെ കണ്ണുകൾ കുരുടാക്കപ്പെട്ടിരിക്കണം. അല്ലെങ്കിൽ അവർ അവനെ തിരിച്ചറിയുമായിരുന്നു. അതിനു പകരം, അവർ അന്ധരാക്കപ്പെട്ട്, സാത്താനെ അവരിൽ കടക്കാൻ അനുവദിച്ചു കൊണ്ട്, അവർ പറഞ്ഞു, "അവൻ ഒരു ഭാവി പറച്ചിലുകാരനാണ്, ബേത്സെബൂബ്. അവന്റെ രക്തം ഞങ്ങളുടെ മേലായിരിക്കട്ടെ. അവൻ യാതൊന്നുമല്ലെന്ന് ഞങ്ങൾക്കറിയാം". കാണുന്നോ?

233 ആ പാവം ജനങ്ങൾ അന്ധരാക്കപ്പെട്ടു. ആ കാരണത്താലാണ് ഐക്ക്മാന്റെ കൂട്ടരും, ബാക്കി മറ്റെല്ലാ കൂട്ടരും പിന്നിൽ അവരെ കൊന്നൊടുക്കിയത്. കടന്ന് വരുന്നതിന് അവകാശമുണ്ടായിരുന്നു; നമ്മെ എടുക്കാനായി, അവരുടെ സ്വന്തം പിതാവ് അവരുടെ കണ്ണുകൾ കുരുടാക്കി.

234 വളരെ അടുത്ത്, അത് തിരുവചനത്തിലെ ഏറ്റവും ദുഃഖകരമായ ഒരു കാര്യമായിരുന്നു, അവരുടെ സ്വന്ത ദൈവം അവിടെ കുരിശിൽ തൂങ്ങിക്കിടന്ന് രക്തം ചിന്തുമ്പോൾ, അവരുടെ സ്വന്ത പിതാവിന്റെ രക്തത്തിനായി, യഹൂദന്മാർ നിലവിളിക്കുന്നത് ഒന്ന് ചിന്തിച്ചു നോക്കൂ. നോക്കൂ, "അവിടെ അവർ അവനെ ക്രൂശിച്ചു," ബൈബിൾ അത് പറയുന്നു. അത് ബൈബിളിലെ മഹത്തായ നാലു വാക്കുകളാണ്, "അവിടെ," അത് യെരുശലേം ലോകത്തിലെ ഏറ്റവും പരിശുദ്ധ സ്ഥലം. "അവർ," ലോകത്തിലെ ഏറ്റവും

വിശുദ്ധ ജനം "അവനെ," ലോകത്തിലെ ഏറ്റവും മഹാനായ വ്യക്തിയെ, "ക്രൂശിച്ചു," ലോകത്തിലുള്ള ഏറ്റവും മൃഗീയമായ കൊല. കാണുന്നോ? എന്തുകൊണ്ട്? ഭക്തരായ ജനങ്ങൾ, ലോകത്തിലെ ഏറ്റവും മഹത്തായ മതം, ലോകത്തിലെ ഏക മാത്രമായ സത്യ മതം, അവിടെയുണ്ടായിരുന്നു, അവരുടെ ബൈബിൾ വരുമെന്ന് പറഞ്ഞിരുന്ന ആ ദൈവത്തെ തന്നെ ക്രൂശിച്ചു.

235 എന്തുകൊണ്ട് അവർ അതു കണ്ടില്ല? അവർ അത് കാണാതിരിക്കാൻ തക്കവണ്ണം ദൈവം അവരുടെ കണ്ണുകൾ കുരുടാക്കി എന്ന് ബൈബിൾ നമ്മോടു പറയുന്നു. അവർ...അവൻ പറഞ്ഞു, "നിങ്ങളിൽ ആർ എന്നെ പാപത്തെക്കുറിച്ച് ബോധം വരുത്തും?" മറ്റൊരു വിധത്തിൽ പറഞ്ഞാൽ "ഞാൻ ചെയ്യുമെന്ന് എന്നെക്കുറിച്ച് മുൻകൂട്ടി പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഞാൻ ചെയ്യുന്നില്ലെങ്കിൽ പിന്നെ അത് എന്നോട് പറയൂ." *പാപം* അവിശ്വാസമാകുന്നു. ദൈവം അവനോടു പറഞ്ഞിരുന്ന കാര്യങ്ങൾ കൃത്യമായും അവൻ ചെയ്തിരുന്നു, എന്നാൽ അവർക്ക് അത് കാണാൻ കഴിഞ്ഞില്ല.

236 ഇപ്പോൾ നിങ്ങൾ ജനങ്ങളോട് സംസാരിക്കുമ്പോൾ, അത് താറാവിന്റെ മേൽ വെള്ളം ഒഴിക്കുന്നതു പോലെയാണ്. ഞാൻ എന്താണ് അർത്ഥമാക്കുന്നതെന്ന് നിങ്ങൾ കാണുന്നോ? ഈ ദേശങ്ങളെയും ജനങ്ങളെയും, അവർ ചെയ്യുന്ന വിധത്തിൽ, അത്രയും പശപിടിച്ചതും മത സംബന്ധിയുമായി നിങ്ങൾ കാണുമ്പോൾ, എന്തൊരു ദയനീയ കാര്യമാണ്! എന്നാൽ പരിശുദ്ധാത്മാവ് അതിനെക്കുറിച്ച് നമ്മോട് പറയുന്നില്ലേ? "അവർ ധാർഷ്ട്യരും, നിഗളികളും, ദൈവ പ്രീയമില്ലാതെ ഭോഗപ്രിയരും, നന്ദികെട്ടവരും, ദൂഷകന്മാരും ഏഷണിക്കാരും, അജിതേന്ദ്രിയന്മാരും, സൽഗുണദോഷികളും ആയിരിക്കും. അവർ ഭക്തിയുടെ വേഷം ധരിച്ച് സുവിശേഷ ശക്തിയെ ത്യജിക്കുന്നവരും ആയിരിക്കും." പറയുന്നു, "അങ്ങനെയുള്ളവരെ വിട്ടൊഴിയുവിൻ."

237 ഈ വിഭാഗീയ സഭകളുടെ വളച്ചൊടിക്കലിൽ നാം ആയിരിക്കുന്നു. അവർ സകല ശക്തിയും മഹത്വവും എടുത്തിട്ട്, അവിടെ പിന്നിലുണ്ടായിരുന്ന അപ്പോസ്തലന്മാരാൽ അവരെ താരതമ്യപ്പെടുത്തുന്നു, ശേഷിക്കുന്നവർ ആയിരമാണ്ടു വാഴ്ചയെപ്പോലെ ഇട്ടിരിക്കുന്നു. ഇത് ഞാൻ മുമ്പ് പറഞ്ഞിട്ടുള്ളതു പോലെ, വെറും ഒരു മനുഷ്യനെപ്പോലെയാണ്; ഒരു മനുഷ്യൻ എപ്പോഴും ദൈവം ചെയ്തിട്ടുള്ളതിന് വേണ്ടി അവനെ സ്തുതിക്കുകയും, ഭാവിയിൽ ദൈവം എന്തു ചെയ്യും എന്നുള്ള കാര്യങ്ങൾക്കായി നോക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നു, എന്നാൽ അവൻ ഇപ്പോൾ

എന്തുചെയ്യുന്നു എന്നുള്ളത് അവഗണിക്കുന്നു. അത് കൃത്യമാകുന്നു. മനുഷ്യൻ ഇപ്പോഴും അങ്ങനെ തന്നെയാകുന്നു.

238 ആ യഹൂദന്മാർ അവിടെ നിന്നുകൊണ്ട് "ദൈവത്തിന് മഹത്വം!" എന്നു പറയുകയായിരുന്നു, കാരണം, വിശുദ്ധ യോഹന്നാൻ 6-ാം അദ്ധ്യായത്തിൽ "ഞങ്ങളുടെ പിതാക്കന്മാർ മരുഭൂമിയിൽ മന്നാ തിന്നു!" എന്ന് പറഞ്ഞിരുന്നു.

യേശു പറഞ്ഞു, "അവരെല്ലാം, ഓരോരുത്തരും, മരിച്ചു."

239 "മരുഭൂമിയിലുണ്ടായിരുന്ന പാറയിൽ നിന്നും അവർ വെള്ളം കുടിക്കുകയും അതുപോലെയുള്ളതും ചെയ്തു."

240 അവൻ പറഞ്ഞു, "ആ പാറ ഞാൻ ആകുന്നു." അത് ശരിയാണ്. ആമേൻ. അവൻ പറഞ്ഞു, "ഞാൻ സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങിവന്ന ജീവന്റെ അപ്പമാകുന്നു, ഏദെൻ തോട്ടത്തിലുണ്ടായിരുന്ന ആ ജീവ വൃക്ഷം. ഒരു മനുഷ്യൻ ഈ അപ്പം തിന്നാൽ, അവൻ മരിക്കുകയില്ല; അവസാന നാളിൽ ഞാൻ അവനെ ഉയർപ്പിക്കും." അപ്പോഴും അവർക്ക് അത് കാണാൻ കഴിഞ്ഞിരുന്നില്ല! അത് ശരിയാണ്.

241 അതെ മിശിഹ തന്നെ അവിടെ നിന്നുകൊണ്ട്, അവരുടെ ഹൃദയങ്ങൾ പറയുന്നതിനെ പറയുകയും, അതുപോലെയുള്ള കാര്യങ്ങൾ ചെയ്തിട്ട്, മിശിഹ ചെയ്യുമെന്ന് പറയപ്പെട്ടിരുന്ന കാര്യങ്ങൾ ചെയ്ത്, താൻ തന്നെ മിശിഹാ എന്ന് കാണിച്ചു കൊണ്ടിരുന്നു.

242 അവർ അവിടെ നില്ക്കുകയും തങ്ങളുടെ പിന്നിലായി ക്കുട്ടിപ്പിടിച്ചുകൊണ്ട്, "ഹം!" ഇത് ആയിരിക്കില്ല. ഇല്ല, ഇല്ല. അവൻ—അവൻ—അവൻ ശരിയായ വിധത്തിലല്ല പിറന്നത്. നോക്കു, അവൻ ബേത്ലഹേമിൽ നിന്നും വന്നിരിക്കുന്നു. അവൻ—അവൻ ഒരു ജാരസന്തതി അല്ലാതെ മറ്റൊന്നുമല്ല. പിശാചാണ് അവനിൽ പ്രവർത്തിക്കുന്നത്. അവന് ഭ്രാന്താണെന്ന് ഞങ്ങൾക്ക്—ഞങ്ങൾക്കറിയാം. അവന് ബുദ്ധിഭ്രമമാണ്. അവനെ ഒരു പിശാചുണ്ട്. കാണുന്നോ? യഥാർത്ഥത്തിൽ അവരുടെ കണ്ണുകൾ അതിലേയ്ക്ക് കുരുടാക്കപ്പെട്ടിരുന്നു. ഇപ്പോൾ

243 എന്നാൽ അവർ അവരുടെ പ്രവാചകനായി നോക്കിയിരുന്നു. അവർ അത് പ്രാപിക്കാൻ പോകുകയാണ്, രണ്ടു പ്രവാചകന്മാരെ അവർക്ക് കിട്ടാൻ പോകുന്നു. അത് ശരിയാണ്.

244 ഇപ്പോൾ വീണ്ടും, ശ്രദ്ധിക്കുക, ഇപ്പോൾ, മാത്രമല്ല, ഈ യഹൂദന്മാർ...ഞാൻ മറ്റൊരു ചെറിയ അടയാളം കൂടി നിങ്ങൾക്ക് തരാം, അതിനാൽ മേഘങ്ങളിലേക്കുള്ള എടുക്കപ്പെടലിനു ശേഷം, ഇവിടെ ഇത് യഹൂദന്മാർ തന്നെ എന്ന് നിങ്ങൾക്ക് തിരിച്ചറിയാൻ

കഴിയും. അതും കൂടെ അടയാളത്തിലാക്കിയിരിക്കുന്നു, അത് ചെയ്യാൻ നമ്മൾ സമയം എടുക്കില്ല, കാരണം നാം ഇവിടെ നിന്നും പുറപ്പെട്ടു പോകുകയാണ്. ഇതിനെക്കുറിച്ച് "യാക്കോബിന്റെ കഷ്ടകാലം തന്നെ" എന്നും മാതൃകയാക്കിയിരിക്കുന്നു. ഇപ്പോൾ ശ്രദ്ധിക്കൂ. ഇവിടെയുള്ള ഈ യഹൂദന്മാർ...ശ്രദ്ധിക്കൂ, ഓ അതൊരു...

245 നോക്കൂ, ഞാൻ—ഞാൻ—ഞാൻ ഇവിടെ അല്പം സമയം കൂടെ എടുക്കാൻ പോകുന്നു. ഇപ്രകാരം അത് ഒഴിവാക്കി പോയാൽ അതെന്നെ അസ്വസ്ഥനാക്കികളയും. മാത്രമല്ല...കാണുന്നോ? ശ്രദ്ധിക്കുക. നിങ്ങൾ ഇത് കാണാൻ ഞാൻ ആഗ്രഹിക്കുന്നു. എന്നാൽ ഞാൻ—ഞാൻ—ഞാൻ...അതെ, ദൈവം നിങ്ങൾക്കത് കാണിച്ചുതരും, എനിക്ക് തീർച്ചയാണ്. ശ്രദ്ധിക്കൂ.

246 യാക്കോബിന്റെ പക്കൽ ജ്യേഷ്ഠാവകാശം ഉണ്ടായിരുന്നു. അത് ശരിയല്ലേ? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, "ആമേൻ."—Ed.] എന്നാൽ അവൻ അതുമായിട്ട് അല്പം മനസ്സാക്ഷിയും തീർച്ചയും ഇല്ലാത്തവനായിരുന്നു. കാണുന്നോ? അവൻ ചെന്ന് അവന്റെ പിതാവിനെ ചതിച്ചു, അവൻ ചെന്ന് തന്റെ സഹോദരനെ ചതിച്ചു. അവൻ അങ്ങനെയെല്ലാം ചെയ്തു. എന്നാൽ, അപ്പോഴും, നിയമപരമായി, അവിടെ വെച്ചു തന്നെ, അവൻ അത് കൈയ്യിലാക്കി, കാരണം ഏശാവ് അവന് അത് വിറ്റിരുന്നു. എന്നാൽ അവൻ തന്റെ അമ്മായി അപ്പന്റെ വീട്ടിൽ വേല ചെയ്യാൻ പോയപ്പോൾ, പൈൻമരത്തിന്റെ പച്ചക്കൊമ്പുകൾ, ആടുകൾ വെള്ളം കുടിക്കുന്ന തൊട്ടികളിൽ ഇടുകയും വെള്ളവരകൾ കണ്ട് ചനയേറ്റ ആടുകൾ, പുള്ളിയും മറുമുള്ള ആട്ടിൻ കുട്ടികളെ ജനിപ്പിക്കുകയും ചെയ്തു. അങ്ങനെ ഓ അവൻ പണം സമ്പാദിക്കുന്നതിനായി ചെയ്തിട്ടുള്ള കാര്യങ്ങളെക്കുറിച്ച് നിങ്ങൾക്കറിയാം. ഇപ്പോൾ ശ്രദ്ധിക്കുക, അവൻ തന്റെ ജനങ്ങൾക്കിടയിൽ നിന്നും പുറത്താക്കപ്പെട്ടിരുന്നു.

247 ഇത് ഇപ്പോൾ യഹൂദന്മാരുടെ ഒരു മാതൃകയാകുന്നു. അവൻ ഒരു പണം പിടുങ്ങലുകാരനാകുന്നു. അവൻ എങ്ങനെ സമ്പാദിക്കുന്നു എന്നു ഞാൻ ശ്രദ്ധിക്കുന്നില്ല, അവൻ അതുണ്ടാക്കുന്നു. അത് സമ്പാദിക്കുന്നതിന് വേണ്ടി, അവൻ നിങ്ങളെ ജീവനോടെ തൊലിയുരിക്കും. ഇപ്പോൾ, നിങ്ങൾക്ക് അതറിയാം. അവൻ ഒരു സ്വല്പം മനസ്സാക്ഷിയില്ലാത്തവനാകുന്നു, അത്ര തന്നെ. കുട്ടി അവനുമായി ഇടപെടരുത്. അതെ, സർ. എന്തുകൊണ്ടാണ്? അവന് അതു കിട്ടിയിരിക്കണം. അത്തരത്തിലുള്ള ഒരു ആത്മാവാണ് അധികാരം ചൊലുത്തുന്നത്.

248 അത് ശരിക്കും മതപരിഷ്കർത്താക്കന്മാരെ പോലെ ആയിരുന്നിട്ട്, ഈ വചനത്തെ മനസ്സിലാക്കാൻ കഴിഞ്ഞിരുന്നില്ല, കാരണം മനുഷ്യന്റെ ആത്മാവാണ് അവർക്ക് അയച്ചു കൊടുത്തിരുന്നത്.

249 കഴുകന്റെ കാലത്താണ് വചനവും അതിനെ വെളിപ്പാടും ലഭിക്കുന്നത്. മനസ്സിലായ എല്ലാവരും അവരുടെ കൈകൾ ഉയർത്തു, അതിനാൽ ഞാൻ...അത് കൊള്ളാം. അത് നന്നായിരിക്കുന്നു. കാണുന്നോ? അത് നന്നായിരിക്കുന്നു. ഇപ്പോൾ, നോക്കു, നിങ്ങൾക്ക് ഈ മുദ്രകൾക്കിടയിൽ കടന്നിട്ട് അവർക്ക് കിട്ടാത്തത്...അവർ തുറന്നപ്പോൾ, ദൈവം എന്താണ് ചെയ്യുന്നതെന്നും, അവൻ എന്തു ചെയ്തിരുന്നു എന്നും, എന്താണ് അവൻ ചെയ്യാൻ പോകുന്നതെന്നും, കൃത്യമായും നിങ്ങൾക്ക് കാണാൻ കഴിയും. അത് ഇവിടെ, കൃത്യമായിട്ടായിരിക്കുന്നു.

250 ആ കാരണത്താലാണ് ഈ മനുഷ്യർ അപ്രകാരം പ്രവർത്തിച്ചിരുന്നത്, കാരണം അത്തരത്തിലുള്ള ആത്മാവാണ് ആ കാലത്ത്, അവരുടെമേൽ ഉണ്ടായിരിക്കുമെന്ന് മുൻകൂട്ടി പറയപ്പെട്ടിരുന്നത്. അവർക്ക് മറ്റൊന്നും ചെയ്യുവാൻ കഴിഞ്ഞിരുന്നില്ല.

251 യോഹന്നാനും, പൌലൊസും, മറ്റുള്ളവരും, സിംഹത്തിന്റെ ആത്മാവിനാൽ, (l-i-o-n) സ്വയം വചനമായി, അവിടെ നിന്നിരുന്നതിനെപ്പറ്റി ഞാൻ ചിന്തിക്കുന്നു.

252 പൌലൊസ് ആ വചനത്തോടൊപ്പം ശരിക്കും നിന്നുകൊണ്ട്, പറഞ്ഞു, "നിങ്ങളുടെ ഇടയിൽനിന്ന് കള്ള സഹോദരന്മാർ എഴുന്നേറ്റ്, ചുറ്റുപാടും പോകും, എന്ന് ഞാൻ അറിയുന്നു. അവർ എന്തുണ്ടാക്കുമെന്നും, സംഘടന സഭകളും, അതുപോലെയുള്ള കാര്യങ്ങളും, നിങ്ങളുടെ ഇടയിൽ ഉണ്ടാക്കുകയും മറ്റും ചെയ്യുമെന്ന് ഞാൻ അറിയുന്നു. അത് അവസാന നാൾകൾ വരെ തുടർന്നു പോകുകയും, ഭയങ്കര സമയമായിരിക്കയും ചെയ്യും." എന്തുകൊണ്ടാണ്? അവൻ ഒരു പ്രവാചകനായിരുന്നു. ആ വചനം അവനിൽ നിന്നിരുന്നു. അത് അവിടെ എത്തിക്കഴിയുമ്പോൾ, അത് എങ്ങനെ അതു അവസാനിക്കും; പറഞ്ഞു, "വിപരീതോപദേശം പ്രസ്താവിക്കുന്ന പുരുഷന്മാർ നിങ്ങളുടെ ഇടയിൽ എഴുന്നേറ്റിട്ട്, ശിഷ്യന്മാരെ തങ്ങളുടെ പിന്നാലെ വലിച്ചുകളയും." അത് കൃത്യമായും എതിർക്രിസ്തുവാകുന്നു. അത് കൃത്യമായും അതുപോലെ തന്നെ ചെയ്തു.

253 ശ്രദ്ധിക്കുക, അവർ ഉപദ്രവത്തിന്റെ ആ ഇരുണ്ട കാലഘട്ടത്തേക്ക് കടന്നുപോയി. എന്തായിരുന്നു അത്? അവർക്ക് അവിടെ ഒന്നും ചെയ്യാൻ കഴിഞ്ഞിരുന്നില്ല. റോം സ്വന്തമാക്കി...അവന്

മതാധികാരവും, അവന് രാഷ്ട്രീയധികാരവും ഉണ്ടായിരുന്നു. ജീവൻ നിലനിർത്തുന്നതിനു വേണ്ടി വേല ചെയ്യുകയല്ലാതെ, അവർക്ക് യാതൊന്നും ചെയ്യാൻ കഴിഞ്ഞിരുന്നില്ല, അവരെ സ്വയം ബലിയായി കൊടുക്കുക. അത് കാളയായിരുന്നു. അത് മാത്രമേ അവർക്ക് ചെയ്യാൻ കഴിഞ്ഞിരുന്നുള്ളൂ. അത്തരത്തിലുള്ള ഒരു ആത്മാവായിരുന്നു അവരുടെമേൽ ഉണ്ടായിരുന്നത്, കാള, ദൈവത്തിന്റെ ആത്മാവ്.

254 പിന്നെ ഇതാ മതപരിഷ്കർത്താക്കൾ, മനുഷ്യന്റെ തല, കൗശലതയും, ബുദ്ധിയോടു കൂടെ, കടന്നു വരുന്നു; മാർട്ടിൻ ലൂഥർ, ജോൺ വെസ്ലി, തുടങ്ങി, കാൽവിൻ, ഫെന്നി, ക്ലോക്സ്, മറ്റുള്ളവരും കടന്നുവന്നു. അങ്ങനെ അവർ എത്തി ചേർന്നപ്പോൾ, അവർ മതപരിഷ്കർത്താക്കളായിരുന്നു. അവർ കടന്നു വരികയും മതപരിഷ്കരണത്താൽ ജനങ്ങളെ പുറത്താക്കി കൊണ്ടും വന്നു.

255 കൃത്യമായും അവർ അവിടെ പിന്നിൽ ചെയ്തതു പോലെ, അവർ നേരെ ചുറ്റിത്തിരിഞ്ഞ്, കൃത്യമായും, അവരുടെ വിഭാഗീയ സമ്പ്രദായത്തോട് അവളെ വീണ്ടും വിവാഹം കഴിപ്പിച്ചു. ബൈബിൾ അപ്രകാരം പറയുന്നു. അവൾ ഒരു "വേശ്യയായിരുന്നു", പിന്നെ അവൾക്ക് "വ്യഭിചാരിണികളായ," പുത്രികളും ഉണ്ടായിരുന്നു, കൃത്യമായും.

256 ദൈവം പറഞ്ഞു, "ഞാൻ—ഞാൻ അവൾക്ക് മാനസാന്തരപ്പെടാൻ അവസരം കൊടുത്തിട്ടും അവൾ മാനസാന്തരപ്പെട്ടില്ല. അതുകൊണ്ട് ഞാൻ അവളെ അവളുടെ ഭാഗമായിരിക്കുന്നിടത്തേയ്ക്ക് വലിച്ചെറിയും." അത് കൃത്യമാകുന്നു. ഇപ്പോൾ, അത്, ഇതിന്റെ കീഴിലായി, ദൈവം അതു പറയുന്നു, നോക്കു, മുദ്രകളുടെ കീഴിലാണ്. ഇപ്പോൾ അവൾ അവിടെയായിരുന്നു. അവൻ അത് ചെയ്യുന്നത് നാം കാണുകയും, അവൻ അത് ചെയ്യുകയും ചെയ്യും. അവർ, ഓരോരുത്തരും, ആ വഴിയിലേക്ക് മുന്നോട്ട് പൊയ്ക്കൊണ്ടിരുന്നു.

257 എന്നാൽ, ജീവന്റെ പുസ്തകത്തിൽ പേരെഴുതിയുട്ടുള്ളവരെ എല്ലാം, ദൈവം വിളിക്കും. അവർ അത് കേൾക്കും. "എന്റെ ആടുകൾ എന്റെ ശബ്ദം കേൾക്കും," യേശു പറഞ്ഞു. നമുക്ക് ചെയ്യാനുള്ള ഏക കാര്യമെന്നത് ആടുകൾക്ക് വേണ്ടിയുള്ള വിളി നടത്തുക എന്നതാണ്. കോലാടുകൾക്ക് അത് അറിയില്ല. ശ്രദ്ധിക്കുക, എന്നാൽ നിങ്ങൾ നോക്കു, ആ ചെമ്മരിയാടിനുള്ള വിളി, "എന്റെ ആടുകൾ എന്റെ ശബ്ദം കേൾക്കും." എന്തുകൊണ്ട്? എന്താകുന്നു ആ ശബ്ദം? ഒരു ശബ്ദം

എന്താകുന്നു എന്ന് ഞാൻ നിങ്ങളോട് പറയാൻ ആഗ്രഹിക്കുന്നു. ഒരു ശബ്ദം ഒരു—ഒരു ആത്മീയ അടയാളമാകുന്നു.

258 അവൻ മോശയോട് പറഞ്ഞു, "അവർ ആദ്യത്തെ അടയാളത്തിന്റെ ശബ്ദം കേൾക്കാതിരുന്നാൽ, അവർ രണ്ടാമത്തെ അടയാളത്തിന്റെ ശബ്ദം കേൾക്കും."

259 "എന്റെ ആടുകൾ എന്റെ ശബ്ദം കേൾക്കുന്നു." അവസാന ദിവസങ്ങളിൽ സംഭവിക്കേണ്ടതായ ഈ കാര്യങ്ങൾ സംഭവിക്കുമ്പോൾ, ദൈവത്തിന്റെ ചെമ്മരിയാടുകൾ അത് തിരിച്ചറിയും. അതെ, ശ്രീമാൻ കാണുന്നോ? അവർ—അവർ അത് തിരിച്ചറിയും. "എന്റെ ആടുകൾ എന്നെ അറിയുന്നു." കാണുന്നോ? "അന്യരെ അവർ അനുഗമിക്കുകയില്ല." അന്യരുടെ പിന്നാലെ അവർ പോകുകയില്ല. ആ ദിവസത്തിന്റെ അടയാളം സമർത്ഥിക്കപ്പെട്ട്, അവർ അത് കാണും.

260 ഇപ്പോൾ, യാക്കോബ്, അവൻ മുമ്പോട്ട് കടന്നു പോകുമ്പോൾ, ആദ്യത്തെ കാര്യം നിങ്ങൾക്കറിയാമോ, അവൻ തിരികെ പോകാൻ ആഗ്രഹിച്ചു (എവിടെയ്ക്ക്?) തന്റെ സ്വദേശത്തേക്ക്.

261 ഓ, അതുതന്നെ കൃത്യമായും യിസ്രായേലും ചെയ്തത്! അത്—അത്...അത് യിസ്രായേലായിരുന്നു. യാക്കോബാണ് യിസ്രായേൽ. അവന്റെ പേര് തൊട്ടു മുമ്പ് മാറ്റപ്പെട്ടിരുന്നു, എന്നുള്ള കാര്യം നിങ്ങൾക്കറിയാം, കാണുന്നോ? അങ്ങനെ അവൻ...

262 അവൻ അവിടേയ്ക്ക് യാത്ര തുടങ്ങി, തനിക്ക് കഴിയുന്നത്രയും പണം, എല്ലാ വിധത്തിലും, തന്റെ സ്വന്തക്കാരിൽ നിന്നും ബാക്കിയുള്ളവരിൽ നിന്നും അവൻ കൈക്കലാക്കി. അങ്ങനെ ചതിയാലും, മോക്ഷണത്താലും, കള്ളത്തരത്താലും, എല്ലാ രീതിയിലും അവൻ അത് സമ്പാദിച്ചിരുന്നു. കാണുന്നോ? അവൻ ചെയ്തിരുന്നു.

263 പിന്നെ അവൻ വീട്ടിലേക്ക് തിരികെ യാത്ര തുടങ്ങിയപ്പോൾ, തന്റെ ഹൃദയത്തിൽ, ഗൃഹാതുരമായ ഒരനുഭവം അവന്റെ ഹൃദയത്തിൽ ഉണ്ടാകാൻ തുടങ്ങി. അവൻ തന്റെ തിരികെപ്പോകാനുള്ള വഴിയിലിരിക്കുമ്പോൾ, അവൻ ദൈവത്തെ കണ്ടുമുട്ടുകയും, അവന്റെ പേര് മാറ്റപ്പെടുകയും ചെയ്തു. കാണുന്നോ? എന്നാൽ ഈ സമയത്ത്, ഏശാവ് അവന്റെ പിന്നാലെ വന്നിരുന്നതിനാൽ അവൻ അത്രമാത്രം ദുഃഖിതനായിരുന്നു. കാണുന്നോ?

264 ശ്രദ്ധിക്കുക, പണത്തെ ശ്രദ്ധിക്കുക, പണം സംബന്ധിച്ച ഒരു ഇടപെടൽ ശ്രദ്ധിക്കുക. യഹൂദർ, റോമുമായിട്ട് ഉണ്ടാക്കാൻ പോകുന്ന ഉടമ്പടി പോലെയാകുന്നു. നോക്കൂ, അവരുടെ പണം സംബന്ധിച്ച

കരാറിനെ ശ്രദ്ധിക്കുക. ഇത് ശ്രദ്ധിക്കുക. അതായത് ഏശാവിന് അവന്റെ പണം ആവശ്യമില്ലായിരുന്നു; അതുപോലെ റോമിനും ആവശ്യമില്ല. അവളുടെ പക്കൽ ലോകത്തിന്റെ മുഴുവൻ സമ്പത്തുമുണ്ട്. കാണുന്നോ? എന്നാൽ അത് പ്രാവർത്തികമായില്ല.

265 എന്നാൽ യിസ്രായേൽ, തന്റെ കഷ്ടതയുടെ സമയത്ത്, അവൻ യാക്കോബ് ആയിരിക്കുമ്പോൾ, അവൻ അതുമായി മൽപ്പിടിത്തം നടത്തി...യാഥാർത്ഥ്യമായ ഒന്നിൽ അവൻ പിടിത്തമിട്ടു, എന്ന് നാം കാണുന്നു. അവിടെ ഒരു മനുഷ്യൻ ഇറങ്ങി വരുന്നു. യാക്കോബ് തന്റെ കൈകൾ കൊണ്ട് അവനെ ചുറ്റിപ്പിടിച്ച്, അവൻ അവിടെ തന്നെ നിന്നിരുന്നു. അപ്പോൾ ആ—ആ മനുഷ്യൻ പറഞ്ഞു, “ഇപ്പോൾ എനിക്ക് പോകേണ്ട സമയം ആയിരിക്കുന്നു. ഉഷസ്സ് ഉദിച്ചുവരുന്നു.” ഓ, പകൽ വെളിച്ചം ആരംഭിക്കാൻ തുടങ്ങുന്നു! കാണുന്നോ? അപ്പോൾ പകൽ അടുത്തുവരാൻ തുടങ്ങിയിരുന്നു.

266 എന്നാൽ യാക്കോബ് പറഞ്ഞു, “ഞാൻ—ഞാൻ നിന്നെ വിടുകയില്ല. നിനക്ക് പോകാൻ കഴിയില്ല. ഞാൻ നിന്നോട് കൂടെ ഇവിടെത്തന്നെ നിൽക്കും.” കാണുന്നോ? “എനിക്കിവിടെ കാര്യങ്ങൾ മാറ്റിക്കിട്ടണം.”

267 അത്, അത് ഒരു ലക്ഷത്തി നാല്പത്തി നാലായിരം പേർ ആകുന്നു, ആ പണം പിടുങ്ങുന്ന കൂട്ടരും, അതുപോലെയുള്ള കാര്യങ്ങളുമായി, അവർ യാഥാർത്ഥ്യവും സത്യവുമായ കാര്യങ്ങളെ കാണുമ്പോൾ, അത് മുറുകെ പിടിക്കുന്നു. അവിടെ അതാ മോശെയും ഏലിയാവും നിൽക്കുന്നു. ആമേൻ! അവർ ഒരു ലക്ഷത്തി നാല്പത്തിനാലായിരം പേർ യിസ്രായേലിന്റെ ഗോത്രങ്ങളിൽ നിന്ന് വിളിച്ചു പുറത്താക്കപ്പെട്ടും വരെ ദൈവമായിട്ട് മല്ലുപിടിക്കും.

268 അത് മഹാഉപദ്രവകാലത്തിന് തൊട്ടു മുമ്പായിരിക്കും, നോക്കൂ, (ഓ, എത്ര മനോഹരം) മാത്രമല്ല, “യാക്കോബിന്റെ കഷ്ടകാലവും.”

269 ഇവിടെയാണ് ഒരു ലക്ഷത്തി നാല്പത്തിനാലായിരം പേർ വിളിച്ചു വേർതിരിക്കപ്പെടുന്നത്. പ്രാസംഗികരായ അവർ, അവർ രണ്ട് പ്രവാചകന്മാരായി, അവർ യോഹന്നാൻ സ്നാപകനെപ്പോലെ പ്രസംഗിക്കും. “സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു, യിസ്രായേലെ, മാനസാന്തപ്പെട്ടു!” എന്തിൽ നിന്നും മാനസാന്തരപ്പെടേണം? “നിങ്ങളുടെ പാപങ്ങളിൽ നിന്നും, നിങ്ങളുടെ അവിശ്വാസങ്ങളിൽ നിന്നും, മാനസാന്തപ്പെട്ട് തിരികെ ദൈവത്തിങ്കലേക്ക് തിരിയുക”.

270 നമുക്ക് ചില കാര്യങ്ങൾ ഇവിടെ ഓർക്കേണ്ടതുണ്ട്. പ്രകൃതിക്കുണ്ടാകുന്ന ഈ മഹത്തായ കാര്യങ്ങൾ ഇതിനുമുമ്പ്

ഒരിക്കൽ സംഭവിച്ചിട്ടുണ്ട്. ഇവിടെ 12-ാം വാക്യം, നോക്കൂ, "സൂര്യൻ കരിമ്പടം പോലെ കറുത്ത് എന്ന് പറഞ്ഞിരുന്നു." ഇപ്പോൾ ഇത് താരതമ്യപ്പെടുത്തി നോക്കാം.

271 ഇപ്പോൾ, ഓർക്കൂ, ഇത് ജാതികളിലല്ല സംഭവിക്കുന്നത്. ഇത് യിസ്രായേലിനാണ്, ഞാൻ നിങ്ങൾക്ക് അത് കാണിച്ചുതരട്ടെ. ഇപ്പോൾ ഓർക്കുക, ഇത് ഒരു ലക്ഷത്തി നാല്പത്തിനാലായിരം പേരെ വിളിച്ചു പുറത്താക്കുന്നതാകുന്നു എന്നു ഞാൻ പറഞ്ഞിരുന്നു. കാണുന്നോ? ഈ സമയം ഇപ്പോൾ, ഉപദ്രവകാലത്തിന്റെ സമയത്താണ് അത് സംഭവിക്കേണ്ടത്. ഈ ഉപദ്രവകാലത്ത് എന്തു സംഭവിക്കുന്നു എന്ന് ഇത് പറയുന്നു.

272 ഇപ്പോൾ നമുക്ക് പുറപ്പാട് 10:21-23-ലേയ്ക്ക് തിരിക്കാം. ഇവിടെ ശ്രദ്ധിക്കൂ...പുറപ്പാട് എന്ന് പറയുന്നത്, യിസ്രായേൽ പുറത്ത് വരുന്നതാണ്, പുറത്തേയ്ക്ക് എടുക്കാൻ പോകുന്നതാണ്. പുറപ്പാട് 10-ാം അദ്ധ്യായം, 21, 23 വാക്യങ്ങൾ. ഞാൻ അത്യധികം ആവേശഭരിതനായി ആർത്തുവിളിച്ചിട്ട്, ഞാൻ ഈ കുറിപ്പുകളെ കുറിച്ചെടുക്കുമ്പോൾ, ചിലപ്പോൾ ഇതെല്ലാംകൂടി ഒരുമിച്ച് മിശ്രിതമായിപ്പോയേക്കാൻ ഇടയുണ്ട്. ശരി, പുറപ്പാട് 10:21-23. ശരി ഇവിടെ ഇതാ നാം 21 തൊട്ട് 23 വരെ പോകുന്നു.

> *അപ്പോൾ യഹോവ മോശെയോടു മിസ്രയീം ദേശത്തു സ്പർശിക്കത്തക്ക ഇരുൾ ഉണ്ടാകേണ്ടതിന്നു നിന്റെ കൈ ആകാശത്തേക്കു നീട്ടുക എന്നു കല്പിച്ചു.*
>
> *മോശെ തന്റെ കൈ ആകാശത്തേക്കു നീട്ടി, മിസ്രായീം ദേശത്തൊക്കെയും മൂന്നു ദിവസത്തേക്ക് കൂരിരുട്ടുണ്ടായി:* (കാണുന്നോ?)
>
> *മൂന്ന് ദിവസത്തേക്ക് ഒരുത്തനെ ഒരുത്തൻ കണ്ടില്ല; ഒരുത്തനും തന്റെ സ്ഥലം വിട്ടു എഴുന്നേറ്റതുമില്ല. എന്നാൽ യിസ്രായേൽ മക്കൾക്ക് എല്ലാവർക്കും തങ്ങളുടെ വാസസ്ഥലങ്ങളിൽ വെളിച്ചം ഉണ്ടായിരുന്നു.*

273 ശ്രദ്ധിക്കുക, ശരിക്കും കൃത്യമായിട്ട്, ഇപ്പോൾ ഇവിടേയ്ക്ക് കടന്നു വരൂ. "സൂര്യൻ കരിമ്പടം പോലെ കറുത്തു." നോക്കൂ അതേ കാര്യം തന്നെ! പ്രകൃതിക്ക് സംഭവിക്കുന്ന ഈ കാര്യങ്ങൾ, അത് എന്തായിരുന്നു? എന്താകുന്നു? പ്രകൃതിക്ക് ഇപ്രകാരം സംഭവിക്കുമ്പോൾ, അത് ദൈവം യിസ്രായേലിനെ പുറത്തേയ്ക്ക് വിളിക്കുന്നതാകുന്നു. ഇപ്പോൾ, "സൂര്യൻ കരിമ്പടം...പോലെ കറുത്തു." ഇപ്പോൾ ഇവിടെ ദൈവം യിസ്രായേലിനെ ഏകദേശം

അവരുടെ കൈയ്യിൽ നിന്നും വിടുവിക്കാൻ പോകുകയായിരുന്നു, അവരുടെ ശത്രുവിന്റെ കൈയ്യിൽ നിന്ന് പുറത്തു കൊണ്ടുവരാൻ പോകുകയായിരുന്നു, അത് ആ സമയത്ത്, മിസ്രയീം ആയിരുന്നു. ഇപ്പോൾ ഇവിടെ അവൻ അവരെ റോമക്കാരുടെ കൈയ്യിൽനിന്നു പുറത്തു കൊണ്ടു വരികയാണ്, അവിടെയാണ് അവർ അവരുടെ ഉടമ്പടി ചെയ്തിരുന്നത്. അതേ കാര്യം തന്നെ സംഭവിക്കുന്നു. അത് ബാധകളാകുന്നു, ഈ ബാധകളെ വിളിക്കുന്ന സമയമാകുന്നു അത്.

274 അത് അന്യജാതികളുടെ ഈ കൂട്ടരെ ബാധിക്കും. നമുക്ക് സമയമുണ്ടായിരുന്നങ്കിൽ, ആ അന്യജാതി സഭയ്ക്ക് എന്തു സംഭവിക്കുമെന്നു ഞാൻ നിങ്ങൾക്ക് കാണിച്ചു തരുമായിരുന്നു.

275 ബൈബിൾ, അതു, പറയുന്നു, "ആ—ആ മഹാസർപ്പം, സാത്താൻ, സ്ത്രീയോടു (യഹൂദരോടു, യിസ്രായേലിനോടു) കുപിതനായി (കോപിച്ചു എന്നാണ്) സ്ത്രീയുടെ ശേഷിച്ച സന്തതിയുമായി യുദ്ധം ചെയ്ത് വംശങ്ങളുടെയും പുരുഷാരങ്ങളുടെയും മേൽ, അതിന്റെ വായിൽ നിന്നും നദി പോലെ വെള്ളം ചാടിച്ചു." വെളിപ്പാട് 13. ഇപ്പോൾ, അവിടെ ശ്രദ്ധിക്കു, നമുക്ക് അത് അവിടെയുണ്ട്. അപ്പോഴാണ് യിസ്രായേൽ അവളുടെ...അയച്ച്, ഞാൻ അർത്ഥമാക്കിയത്, റോം തന്റെ സൈന്യത്തെ ശേഷിച്ച സ്ത്രീയുടെ സന്തതിയുടെ പിന്നാലെ അയയ്ക്കുന്നത് എന്നാകുന്നു.

276 ഇപ്പോൾ ശ്രദ്ധിക്കു. ആദ്യത്തെ പ്രാവശ്യം, അവൻ അവരെ അവരുടെ ശത്രുക്കളുടെ കൈയ്യിൽ നിന്നും വിടുവിച്ചപ്പോൾ, സൂര്യൻ കറുത്ത്...കരിമ്പടം പോലെ കറുത്തുപോയി. ഇപ്പോൾ ഇത്, ഉപദ്രവകാലത്തിന്റെ അവസാനത്ത് രണ്ടാം പ്രാവശ്യമാണ് സംഭവിക്കുന്നത്.

277 ഇപ്പോൾ, ദാനീയേൽ 12. നമുക്ക് സമയമുണ്ടായിരുന്നെങ്കിൽ, നാം അതു വായിക്കുമായിരുന്നു. ദാനീയേലിന്റെ 12-12-ാം വാക്യം... അതല്ല 12-ാംഅദ്ധ്യായം. ദാനീയേൽ പയുന്നു, "പുസ്തകത്തിൽ എഴുതിക്കാണുന്ന ഏവനും തന്നെ രക്ഷപ്രാപിക്കും." ഇപ്പോൾ ഓർക്കുക, ദാനീയേൽ ഇവിടെ പറയുന്നത് ഈ കാലയളവിൽ...എഴുപത് ആഴ്ചവട്ടത്തിന്റെ അവസാനത്തിങ്കൽ യിസ്രായേൽ വിടുവിക്കപ്പെടേണ്ട സമയത്തു സംഭവിക്കേണ്ട കാര്യങ്ങളെക്കുറിച്ചാണ് ദാനീയേൽ ഇവിടെ പറയുന്നത്. അപ്പോഴാണ് അവർ വിടുവിക്കപ്പെടേണ്ടത്. ഇപ്പോൾ ശ്രദ്ധിക്കുക നമുക്കിപ്പോൾ ഒരു നിമിഷത്തേക്ക്, ദാനീയേൽ 12 എടുക്കാം.

*ആ കാലത്തു നിന്റെ സ്വജാതിക്കാർക്ക് തുണനില്ക്കുന്ന മഹാപ്രഭുവായ മീഖായേൽ, എഴുന്നേല്ക്കും; ഒരു ജാതി ഉണ്ടായതു*

*മുതൽ ഈ കാലം വരെ സംഭവിച്ചിട്ടില്ലാത്ത കഷ്ടകാലം ഉണ്ടാക്കും;*

278 ഇപ്പോൾ അതിനെ യേശു പറഞ്ഞിരുന്നതുമായി, കൃത്യമായും താരതമ്യം ചെയ്യൂ, മത്തായി 24, "ലോകാരംഭം മുതൽ ഇന്നുവരെയും സംഭവിക്കാത്തതായ വലിയ കഷ്ടം അന്നുണ്ടാകും." നോക്കൂ, 6-ാം മുദ്രയിൽ നോക്കൂ, അതേ കാര്യം തന്നെ, കഷ്ടത്തിന്റെ ഒരു കാലം. ശ്രദ്ധിക്കൂ.

*ഒരു ജാതി ഉണ്ടായതു മുതൽ ഈ കാലം വരെ സംഭവിച്ചിട്ടില്ലാത്ത കഷ്ടകാലം ഉണ്ടാകും; അന്നു നിന്റെ ജനം...* (ഇപ്പോൾ, ഇത് ഈ എഴുപതാമത്തെ ആഴ്ചയുടെ അവസാന ഭാഗത്താണ്.) *പുസ്തകത്തിൽ എഴുതിക്കാണുന്ന ഏവനും തന്നേ, രക്ഷ പ്രാപിക്കും.*

279 മുൻ നിർണ്ണയിക്കപ്പെട്ടവർ, നിങ്ങൾ നോക്കൂ, കുഞ്ഞാടിന്റെ ജീവ പുസ്തകത്തിൽ പേരെഴുതിയിട്ടുള്ളവർ, ആ സമയത്ത് രക്ഷ പ്രാപിക്കും.

*നിലത്തിലെ പൊടിയിൽ നിദ്രകൊള്ളുന്നവരിൽ പലരും ചിലർ നിത്യ ജീവനായും, ചിലർ* ലജ്ജെക്കും നിത്യ നിന്ദക്കുമായും ഉണരും.

എന്നാൽ ബുദ്ധിമാന്മാർ *ആകാശ മണ്ഡലത്തിന്റെ* പ്രഭ പോലെയും *പലരെയും നീതിയിലേക്കു തിരിക്കുന്നവർ നക്ഷത്രങ്ങളെപ്പോലെയും എന്നും എന്നേക്കും പ്രകാശിക്കും*

280 അത്, പിന്നെ മുമ്പോട്ട് തുടരുമ്പോൾ, അവൻ ദാനീയലിനോട്, "പുസ്തകം അടച്ച് മുദ്രയിടുക." തന്റെ ഓഹരി ലഭിക്കുന്നതിനുള്ള സമയമാകുന്നതുവരെ വിശ്രമിക്കേണ്ടതാകുന്നു എന്ന് പറഞ്ഞു.

281 ഇപ്പോൾ നോക്കൂ, നിങ്ങൾ ജീവിച്ചിരുന്നാലും, മരിച്ചാലും ഒരു വ്യത്യാസവും വരുത്തുന്നില്ല. നിങ്ങൾ എങ്ങനെയും കടന്നു വരും. കാണുന്നോ? സംഭവിക്കുന്നില്ല...അത്, മരണം ക്രിസ്ത്യാനിക്ക് യാതൊന്നും ചെയ്യുന്നില്ല. എങ്ങനെയും, അവൻ മരിക്കുന്നില്ല. കാണുന്നോ?

282 ഇപ്പോൾ പുസ്തകത്തിൽ എഴുതിക്കാണുന്ന എല്ലാവരും രക്ഷ പ്രാപിക്കും, ദാനീയേലിന്റെ 12-ൽ പറയുന്നു.

283 ഇവിടെ, ദൈവം തന്റെ രണ്ടാമത്തെ പുത്രനായ, യിസ്രായേലിനെ ഉപദ്രവകാലത്തിന് ശേഷം, വിടുവിക്കാൻ പോകുകയാണ്. നോക്കൂ, യിസ്രായേലിനെ, രണ്ടാം പ്രാവശ്യം, അവന്റെ...യിസ്രായേൽ അവന്റെ പുത്രനാണ്. നിങ്ങൾക്ക് അതറിയാം. യിസ്രായേൽ ദൈവത്തിന്റെ മകനാണ്, അതുകൊണ്ട് അവനെ അവൻ ഇവിടെ

മഹാഉപദ്രവകാലത്ത്, അവൻ മിസ്രായീമിൽ നിന്നും വിട്ടുവിച്ച അതേ രീതിയിൽ തന്നെ കൃത്യമായും വിട്ടുവിക്കുകയാണ്.

284 ഇപ്പോൾ ഇവിടെ വീണ്ടും നിർത്തി, മറ്റൊരു കാര്യം എടുക്കാം, അങ്ങനെ അതിനു മുമ്പായി നാം അതു വീട്ടിലേയ്ക്ക് കൊണ്ടുവരുന്നു. ഇപ്പോൾ ഇവിടെ ശ്രദ്ധിക്കുക. ഈ രണ്ടു പ്രവാചകന്മാർ, ഇപ്പോൾ അത് മോശെയും കൂട്ടരും അവിടെ ചെയ്തതുപോലെ തന്നെ, അവർ എന്തു ചെയ്യാൻ പോകുന്നതെന്ന് നമുക്ക് നോക്കാം. "അവിടെ എനിക്ക് ഒരു ഞാങ്ങണ നല്കപ്പെട്ടു..." 11-ാംഅദ്ധ്യായത്തിന്റെ മൂന്നാം വാക്യം.

*അന്നു ഞാൻ എന്റെ രണ്ടു സാക്ഷികൾക്കും വരം നൽകും; അവർ രട്ടു ഉടുത്തുംകൊണ്ട് ആയിരത്തിരുന്നൂറ്ററുപത് ദിവസം പ്രവചിക്കും.*

*അവർ രണ്ട് ഒലീവ് വൃക്ഷങ്ങളായി...*

285 സെരുബാബേലും മറ്റും ദൈവാലയം പുതുക്കി പണിയുന്നതിനെപ്പറ്റി ആയിരുന്നു, നിങ്ങൾ ഓർക്കുന്നുണ്ടാകുമല്ലോ.

*അവർ ഭൂമിയുടെ കർത്താവിന്റെ സന്നിധിയിൽ* നില്ക്കുന്ന *രണ്ട് ഒലീവ് വൃക്ഷവും രണ്ടു നിലവിളക്കും ആകുന്നു.*

*ആരെങ്കിലും അവർക്കു ദോഷം ചെയ്വാൻ ഇച്ഛിച്ചാൽ അവരുടെ വായിൽനിന്ന് തീ പുറപ്പെട്ട്...*

286 ഓർക്കുക, ക്രിസ്തുവിന്റെ വായിൽനിന്ന് വരുന്നത് വചനമായ, വാൾ ആകുന്നു.

*അവരുടെ വായിൽ നിന്ന് തീ പുറപ്പെട്ട് അവരുടെ ശത്രുക്കളെ ദഹിപ്പിച്ചു കളയും. അവർക്ക് ദോഷം വരുത്തുവാൻ ഇച്ഛരിക്കുന്നവൻ ഇങ്ങനെ മരിക്കേണ്ടിവരും.*

287 നമുക്കിപ്പോൾ, "തീ," എന്താണെന്നറിയാം. 19-ാം അദ്ധ്യായത്തിൽ, ക്രിസ്തു വരുമ്പോൾ, "അവന്റെ വായിൽ നിന്ന് അവന്റെ വാൾ പുറപ്പെട്ട് വരുന്നു," അത് വചനമായിരുന്നു. അത് ശരിയല്ലേ? ഓ ഇപ്പോൾ നിങ്ങൾക്ക് ഈ വസ്തു എടുക്കാൻ കഴിയുമെങ്കിൽ, കാരണം ആ മുദ്ര നാളെ രാത്രിയിലാകുന്നു! നോക്കു, ദൈവം തന്റെ ശത്രുക്കളെ സംഹരിക്കുന്നത്, വചനം എന്ന കാര്യത്താലാണ്. കാണുന്നോ?

288 ഇപ്പോൾ ഇവിടെ ശ്രദ്ധിക്കു. ഈ പ്രവാചകന്മാർ അവിടെ പ്രവചിക്കുമ്പോൾ, അവർ...ഏതെങ്കിലും ഒരു മനുഷ്യൻ, അവരോടു അപമര്യാദയായി പെരുമാറുകയോ ദോഷം ചെയ്യുകയോ ചെയ്താൽ, വചനമായ, പരിശുദ്ധാത്മാ തീ, "അവരുടെ വായിൽ നിന്നും തീ," പുറപ്പെടുന്നു. വചനം ദൈവമാകുന്നു. വചനം തീയാകുന്നു.

വചനം ആത്മാവാകുന്നു. കാണുന്നോ? "അവരുടെ വായിൽനിന്ന് പുറപ്പെടുന്നു."

289 മോശെയെ നോക്കുക. അവന്റെ വായിൽനിന്ന് പുറപ്പെട്ട് വരുന്നത് എന്താണെന്ന് നമുക്ക് നോക്കാം. അവർ, യിസ്രായേൽ, ചെയ്യേണ്ടതിന്, അവർ അവിടെ ചെയ്തിരുന്നത്, ആ—ആ... മിസ്രയീമ്യർ യഹൂദരോട് അപമര്യാദയായി പെരുമാറിയിരുന്നു എന്നാണ് ഞാൻ അർത്ഥമാക്കിയത്. മോശെ...അതെ, അവർ അവരെ അവിടെ നിന്നും പോകാൻ അനുവദിച്ചിരുന്നില്ല. ഫറവോൻ വിസമ്മതിച്ചിരുന്നു. ദൈവം മോശെയുടെ വായിൽ വാക്കുകളെ ഇട്ടു. നോക്കു അത് ദൈവത്തിന്റെ ചിന്തകൾ, മോശെയുടെ ഹൃദയത്തിലേക്ക് ചെല്ലുന്നതാണ്; അവൻ അത് പ്രകടമാക്കാനായി അവിടേയ്ക്ക് പോകുന്നു, അപ്പോൾ അത് വചനമായി മാറുന്നു. അവൻ തന്റെ കൈ നീട്ടിക്കൊണ്ട് കല്പിച്ചു, "നായിച്ചകൾ ഉണ്ടാകട്ടെ." അപ്പോൾ നായിച്ചകൾ അവിടെ വന്നു. ഇവിടെ ശ്രദ്ധിക്കുക.

> *ആരെങ്കിലും അവർക്ക് ദോഷം ചെയ്വാൻ ഇച്ഛിച്ചാൽ, അവരുടെ വായിൽ നിന്നും, തീ പുറപ്പെട്ടു അവരുടെ ശത്രുക്കളെ ദഹിപ്പിച്ചുകളയും.*

290 കാണുന്നോ? അതാകുന്നു ഇത്. അവർ ആഗ്രഹിക്കുന്നതെന്തും അവർക്ക് കല്പിക്കാൻ കഴിയും, അത് സംഭവിക്കുകയും ചെയ്യും. ആമേൻ!

> *അവർക്ക് ദോഷം വരുത്തുവാൻ ഇച്ഛിക്കുന്നവൻ ഇങ്ങനെ മരിക്കേണ്ടിവരും.*

291 സഹോദരാ, ദൈവം ഈ രംഗം ഇവിടെ ഓടിക്കുകയായിരുന്നു!

> *അവരുടെ പ്രവചന കാലത്തു മഴപെയ്യാതെ വണ്ണം ആകാശം അടെച്ചു കളവാൻ അവർക്കു അധികാരം ഉണ്ട്.*

292 ഏലിയാവിന്, അത് എങ്ങനെ ചെയ്യണമെന്ന് അവന് അറിയാം; അവൻ അത് മുമ്പ് ചെയ്തിട്ടുണ്ട്. ആമേൻ! മോശെയ്ക്ക് അത് എങ്ങനെ ചെയ്യണമെന്ന് അറിയാം; അവൻ അത് മുമ്പ് ചെയ്തിട്ടുണ്ട്. ആ കാരണത്താലാണ് അവരെ ഇതുവരെയും സൂക്ഷിച്ചു വെച്ചിരുന്നത്. ഇപ്പോൾ...ആമേൻ!

293 എനിക്ക് ഇവിടെ വളരെ ഗംഭീരമായ ഒരു നല്ല കാര്യത്തെപ്പറ്റി പറയാൻ കഴിയും, എന്നാൽ നാളെ രാത്രി വരെ ഞാൻ അത് പറയാതിരിക്കുന്നതാണ് നല്ലത്. കാണുന്നോ? ശരി.

*വെള്ളത്തെ രക്തമാക്കുവാനും ഇച്ഛിക്കുമ്പോഴൊക്കെയും സകല ബാധകൊണ്ടും ഭൂമിയെ ദണ്ഡിപ്പിപ്പാനും അധികാരം ഉണ്ട്.*

294 എന്താകുന്നു ഇത്? വചനമല്ലാതെ മറ്റെന്തിനാണ് ഈ കാര്യങ്ങളെ കൊണ്ടു വരാൻ കഴിയുന്നത്? അവർ ആഗ്രഹിക്കുന്ന ഏതു വിധത്തിലും പ്രകൃതിയെ മാറ്റാൻ കഴിയും. അത് ഇവിടെയാകുന്നു. ഈ 6-ാം മുദ്ര കൊണ്ടുവരുന്നത് ഇവരെയാകുന്നു. അവർ അത് അനാവരണം ചെയ്തു അതിനെ തുറന്നിരിക്കുന്നു. അത് പ്രകൃതിയെ തടസ്സപ്പെടുത്തുന്ന ദൈവത്തിന്റെ ശക്തിയാകുന്നു. നോക്കു, ആറാം മുദ്ര പൂർണ്ണമായും പ്രകൃതിയെ തടസ്സം ചെയ്യുന്ന ഒരു കാര്യമാകുന്നു. നിങ്ങൾക്ക് ഇത് ഇപ്പോൾ മനസ്സിലായോ? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, "ആമേൻ."—Ed.] അവിടെയാണ് നിങ്ങളുടെ മുദ്ര. ആരാണ് അത് ചെയ്യുന്നത്? ഇത് മേഘങ്ങളിലേക്കുള്ള എടുക്കപ്പെടലിന്റെ മറുവശത്ത്, രണ്ട് പ്രവാചകന്മാരാകുന്നു. ദൈവ ശക്തിയാലും, ദൈവ വചനത്താലും, അവർ പ്രകൃതിയെ ശിക്ഷ വിധിക്കുന്നു. അവർക്ക് ഭൂകമ്പങ്ങൾ അയയ്ക്കാനും, സൂര്യനെ അസ്തമിപ്പിക്കാനും, ചന്ദ്രനെ രക്ത നിറമാക്കാനും, അങ്ങനെ അവരുടെ കല്പനയാൽ എന്തും ചെയ്യാൻ കഴിയും. ആമേൻ!

295 അവിടെയാണ് നിങ്ങൾ. അവിടെയാണ് നിങ്ങൾ. നോക്കു ഈ മുദ്രകൾ എങ്ങനെ തുറക്കപ്പെട്ടിരിക്കുന്നു, സഭാകാലഘട്ടത്തിലും, രക്തസാക്ഷികളെയും അത് എങ്ങനെ കാണിക്കുന്നു?

296 ഇപ്പോൾ ആ രണ്ടു പ്രവാചകന്മാരും ദൈവ വചനവുമായിട്ട്, അവർ ആഗ്രഹിക്കുന്നതെന്തും പ്രകൃതിയോട് ചെയ്യാൻ തയ്യാറായി, നില്ക്കുന്നത് കാണുന്നു. അവർ ഭൂമിയെ കുലുക്കും. ഇതെല്ലാം ചെയ്യുന്നത് ആരാണെന്നു അതു കൃത്യമായും കാണിക്കുന്നു. ഇത് മോശെയും ഏലിയാവുമാകുന്നു, കാരണം, ഇത് അവർ നേരത്തെ ചെയ്തിരുന്ന ശുശ്രൂഷയുടെ പുനർ ആവർത്തനമാകുന്നു, അത് അവർ രണ്ടും മനുഷ്യരാകുന്നു. ഓ, എന്റെ! നിങ്ങൾ ഇതിപ്പോൾ കാണുന്നില്ലേ? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, "ആമേൻ."—Ed.] ആറാം മുദ്ര എന്താകുന്നെന്ന് കാണുന്നോ? ഇത് ആ പ്രവാചകന്മാരാകുന്നു. ഇപ്പോൾ ശ്രദ്ധിക്കുക. ഇത് നിങ്ങളെ സ്തംഭിപ്പിക്കരുത്. എന്നാൽ ഈ മുദ്രയിൽ തുറക്കപ്പെട്ടത് എന്തായിരുന്നു എന്ന് ശ്രദ്ധിക്കു, പ്രവാചകന്മാർ! കാണുന്നോ? വ്യൂ! ആമേൻ! അവിടെയാണ് നിങ്ങൾ.

297 ഓ, നാം കഴുകന്മാരുടെ കാലത്താണ് ജീവിക്കുന്നത്, സഹോദരാ, ആകാശങ്ങളിലേക്ക് പറന്നുയരാം.

298 അവർ ആറാം മുദ്ര തുറന്നു. അവർക്ക് അത് ചെയ്യുന്നതിനുള്ള ശക്തിയുണ്ട്. ആമേൻ! അവിടെയാണ് നിങ്ങളുടെ ആറാം മുദ്ര തുറന്നു വരുന്നത്. കാണുന്നോ?

299 ഇപ്പോൾ നാം അത് പിന്നിലായി വിട്ടിരുന്നു, യേശു അത് സംഭവിക്കുമെന്ന് പറഞ്ഞിരുന്നു. വളരെ പിന്നിലായി പഴയ നിയമത്തിലെ യെഹെസ്കേലും, മറ്റ് പ്രവാചകന്മാരും, അത് സംഭവിക്കുമെന്ന് പറഞ്ഞിരുന്നു.

300 ഇവിടെ ഇതാ ആറാം മുദ്ര തുറന്നിരിക്കുന്നു, പിന്നെ അവർ പറയും, "അതെ, അതൊരു രഹസ്യമായ കാര്യമായിരുന്നു. അത് എന്താണ് ചെയ്തത്?

301 അതിന്റെ രഹസ്യം ഇതാകുന്നു, പ്രവാചകന്മാർ, കാരണം, ബൈബിൾ അങ്ങനെ പറഞ്ഞിരിക്കുന്നു. അവർക്ക് അത് തുറക്കാൻ കഴിയും, ഏതു സമയത്തും അവർക്ക്...അവർ ആഗ്രഹിക്കുന്നതെന്തും പ്രകൃതിയോട് ചെയ്യുവാൻ കഴിയും. അവർ ചെയ്തിരുന്ന കാര്യങ്ങൾ തന്നെ അവർ ചെയ്യുന്നു, ആമേൻ, കാരണം, അത് എങ്ങനെ ചെയ്തിരുന്നു എന്ന് അവർക്ക് അറിയാമായിരുന്നു. ആമേൻ! മഹത്വം!

302 ഞാൻ ഇത് കണ്ടപ്പോൾ, ഞാൻ കസേരയിൽ നിന്നും എഴുന്നേറ്റിട്ട് നിലത്ത് താഴോട്ടും-മേലോട്ടും നടക്കാൻ തുടങ്ങി. ഞാൻ ചിന്തിച്ചു, "കർത്താവേ, ഞാൻ നിനക്ക് എങ്ങനെ നന്ദി പറയണം, സ്വർഗ്ഗീയ പിതാവെ!"

303 അത് ഇതാകുന്നു. ഇതാകുന്നു അത്. അവർ ആറാം മുദ്ര തുറന്നു. ആമേൻ! അവരെ ശ്രദ്ധിക്കുക. "ആരെങ്കിലും അവർക്ക് ദോഷം ചെയ്യുവാൻ ഇച്ഛിച്ചാൽ, അവരുടെ വായിൽ നിന്ന് തീ പുറപ്പെട്ടു വരുന്നു," വചനം. പരിശുദ്ധാത്മാവ് അപ്പോസ്തലന്മാരുടെ മേൽ വന്നതു, നിങ്ങൾ കണ്ടു. "അവരുടെ വായിൽ നിന്നും തീ പുറപ്പെട്ടുവന്നു."

304 ഇപ്പോൾ വെളിപ്പാട് 19-ൽ ശ്രദ്ധിക്കുക, അതേ കാര്യം തന്നെ നാം കാണുന്നു. "അവന്റെ വായിൽ നിന്ന് മൂർച്ചയുള്ള വാൾ പുറപ്പെടുന്നു." വചനം. കാണുന്നോ? ക്രിസ്തു വരികയാണ്. "അവൻ തന്റെ ശത്രുക്കളെ അത് ഉപയോഗിച്ച് നിർമ്മൂലമാക്കും." അത് ശരിയല്ലേ? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, "ആമേൻ."—Ed.] ഇപ്പോൾ അവൻ തന്റെ വഴിയിലായിരിക്കുന്നു. ഇപ്പോൾ അവനെ ശ്രദ്ധിക്കുക, ശരി

*അവരുടെ പ്രവചന കാലത്ത് മഴ പെയ്യാത വണ്ണം ആകാശം അടച്ചുകളവാൻ അവർക്ക് അധികാരം ഉണ്ട്.*

305 മനുഷ്യാ, അത് പ്രകൃതിയെ തടയുന്നതാണ്! ഇപ്പോൾ ഏലിയാവ് എന്ന ഈ മനുഷ്യൻ, എത്രകാലം വരെയാണ് ആകാശം അടച്ചുകളഞ്ഞത്? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, "മൂന്നര കൊല്ലം."—Ed.] അവിടെയാണ് നിങ്ങൾ, കൃത്യമായും. ദാനീയേലിന്റെ എഴുപത് ആഴ്ചവട്ടത്തിന്റെ അവസാന പകുതി എത്ര വർഷങ്ങളാണ്? ["മൂന്നര വർഷങ്ങൾ."—Ed.] അവിടെയാണ് നിങ്ങൾ, കൃത്യമായും.

306 മോശെ ചെയ്തത് എന്താണ്? അവൻ—അവൻ—അവൻ വെള്ളം രക്തമാക്കി മാറ്റി. അവൻ ഈ തരത്തിൽപ്പെട്ട എല്ലാം അത്ഭുതങ്ങളും ആറാം മുദ്രയുടെ അടിയിൽ മുൻകൂട്ടി പറഞ്ഞിരുന്നതു പോലെ തന്നെ കൃത്യമായും പ്രവർത്തിച്ചു. കൂടാതെ അവർ ഇവിടെയായി, വെളിപ്പാടിന്റെ 11-ൽ അതേ കാര്യങ്ങളെ തന്നെ ചെയ്യുന്നു. ആമേൻ!

307 ഇവിടെതന്നെ, തിരുവെഴുത്തിൽ മൂന്ന് വ്യത്യസ്ത ഇടങ്ങളിൽ ഈ കാര്യങ്ങൾ തമ്മിൽ ഒന്നായി ചേർത്തു പറയപ്പെട്ടിരിക്കുന്നു. അത് 6-ാംമുദ്രയുടെ തുറക്കലാകുന്നു. നേരെ അവിടെ തന്നെയാകുന്നു. ആമേൻ! മഹത്വം! ഇപ്പോൾ ശ്രദ്ധിക്കു. സ്തോത്രം.

> *അവരുടെ പ്രവചന കാലത്തു മഴ പെയ്യാതവണ്ണം ആകാശം അടച്ചുകളവാൻ അവർക്ക് അധികാരം ഉണ്ട്. വെള്ളത്തെ രക്തമാക്കുവാനും ഇച്ഛിക്കുമ്പോഴൊക്കെയും സകലബാധ കൊണ്ടും ഭൂമിയെ ദണ്ഡിപ്പിപ്പാനും അധികാരം ഉണ്ട്.*

308 ഓ, എന്റെ! അവിടെയാണ് നിങ്ങൾ. ഇപ്പോൾ നേരെ ഇവിടെയുള്ള ബാധകളിലേക്ക് തിരിച്ചു, നോക്കു. ആറാമത്തെ ബാധയിൽ...അല്ല ആറാം മുദ്ര, തുറക്കുമ്പോൾ, പ്രകൃതി മുഴുവനും തടസ്സപ്പെട്ടു. അതാണ് ശരിക്കും അവിടെ സംഭവിച്ചത്. ഇപ്പോൾ നോക്കു. ആ...

309 ഇവിടെ, ദൈവം തന്റെ മകനായ, യിസ്രായേലിനെ, അവൻ മിസ്രയീമിൽ അയച്ച അതേ ഉപദ്രവങ്ങളാലും അതേ രീതിയാലും വിടുവിക്കാൻ പോകുകയാണ്. അവൻ മോശെയെ അവിടേക്ക് അയച്ച് യിസ്രായേലിനെ വിടുവിച്ചു. അത് ശരിയല്ലേ? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, "ആമേൻ."—Ed.] അവൻ ഇതേ കാര്യങ്ങളെ തന്നെ അവിടെ ചെയ്തിരുന്നു. അവൻ ഏലിയാവിനെ ആഹാബിന്റെ അടുക്കലേക്ക് അയയ്ക്കുകയും, ഏഴായിരം പേർ കടന്നുവരികയും ചെയ്തിരുന്നു. അത് ശരിയല്ലേ? ["ആമേൻ."] അവൻ അവരെ തന്നെ, വീണ്ടും ഈ ഉപദ്രവകാലത്തിന്റെ സമയത്ത്, നൂറ്റി നാല്പത്തിനാലായിരം പേരെ വേർതിരിച്ച് പുറത്തു കൊണ്ടുവരാൻ അയയ്ക്കുന്നു.

310 ഇപ്പോൾ, നോക്കൂ, നിങ്ങൾ ശ്രദ്ധിക്കൂ, വെളിപ്പാട്...അഥവാ 6-ാംഅദ്ധ്യായത്തിന്റെയും, അഥവാ ആറാമത്തെ ബാധയുടെയും... എന്നോടു ക്ഷമിക്കണം, 6-ാം മുദ്രയുടെയും ഏഴാം മുദ്രയുടെയും ഇടയിൽ. വെളിപ്പാടിന്റെ 7-ാംഅദ്ധ്യായം ഗണിതശാസ്ത്രപ്രകാരം ഒരുമിച്ച് ശരിയായി വന്നിരിക്കുന്നു.

311 അമേരിക്കയുടെ സംഖ്യ പതിമൂന്ന് ആയിരിക്കുന്നതു പോലെ; പതിമൂന്ന് സംസ്ഥാനങ്ങളോട് കൂടി തുടങ്ങി, പതാകയിൽ പതിമൂന്ന് നക്ഷത്രങ്ങൾ, പതിമൂന്ന് കോളനികളും, പതിമൂന്ന് വരകളും അതിലായിരിക്കുന്നു. സകലതും പതിമൂന്ന്, പതിമൂന്നായിരിക്കുന്നു. കൂടാതെ, ഇവിടെ വെളിപ്പാടിന്റെ 13-ാംഅദ്ധ്യായത്തിൽ കാഴ്ചയിൽ വരികയും ചെയ്യുന്നു. അത് ശരിയാണ്. അവൾ പതിമൂന്നായി, ഒരു സ്ത്രീയാകുന്നു.

312 ഇപ്പോൾ, അവൻ തന്റെ ഏകജാതനായ പുത്രനെ മോചിപ്പിക്കാനായി തുടങ്ങുമ്പോൾ, അത് അവന്റെ ഏക ജാതനായിരുന്നു. യാക്കോബ് അവന്റെ പുത്രനാകുന്നു; എന്നാൽ ഇത് അവന്റെ ഏകജാതനായ പുത്രനാകുന്നു. മത്തായി 27-ൽ, അവൻ അവിടെ എന്തു ചെയ്തെന്ന് നമുക്ക് നോക്കാം. മത്തായി 27-ാം അദ്ധ്യായം. ഇപ്പോൾ ഓർക്കുക, അവന്റെ പുത്രൻ അടിക്കപ്പെട്ടു, പങ്കപ്പാടുകൾ ഏറ്റു, അവർ അവനെ പരിഹസിക്കുകയും ചെയ്തു. അവൻ ഇപ്പോൾ ദുഃഖ വെള്ളിയാഴ്ചയുടെ ഉച്ച സമയത്ത്, മൂന്ന് മണിക്ക്, കുരിശിൽ തൂങ്ങി കിടക്കുന്നു. സംഭവിക്കാൻ പോകുകയായിരുന്നു! അത് മത്തായി 27-ാം അദ്ധ്യായത്തിന്റെ 45-ാം വാക്യമാണെന്ന്, ഞാൻ കരുതുന്നു.

> *ആറാം മണി നേരം മുതൽ ഒമ്പതാം മണി നേരം വരെ ദേശത്തു എല്ലാം ഇരുട്ടുണ്ടായി.*

313 ഇപ്പോൾ ശ്രദ്ധിക്കുക, കൃത്യമായും അവൻ പിന്നിൽ ചെയ്തിരുന്ന അതേ കാര്യം തന്നെ ഇതിലും ചെയ്യുന്നു. കാണുന്നോ?

> *ആറാം മുദ്ര പൊട്ടിച്ചപ്പോൾ, വലിയൊരു ഭൂകമ്പം ഉണ്ടായി; സൂര്യൻ കരിമ്പടം പോലെ കറുത്തു; ചന്ദ്രൻ മുഴുവനും രക്തതുല്യമായിത്തീർന്നു.*

314 ഇരുട്ടും, അന്ധകാരവും! മിസ്രായീമിൽ: ഇരുട്ടും അന്ധകാരവും.

315 ദൈവം, യേശുവിനെ ക്രൂശിൽ നിന്നും മോചിപ്പിക്കുന്നു, അവനെ അവൻ ഉയിർത്തെഴുന്നേൽപ്പിച്ചു കൊണ്ടുവരുന്നതിനു മുമ്പായിരുന്നു. ആദ്യം, ഇരുട്ടുണ്ടായി; സൂര്യൻ പകൽ ഉച്ചനേരത്തു തന്നെ അസ്തമിച്ചു, നക്ഷത്രങ്ങൾ പ്രകാശിച്ചില്ല. അതിന്റെ രണ്ട് ദിവസങ്ങൾക്ക്

ശേഷം, അവൻ ഒരു ശക്തനായ ജയാളിയായി അവനെ ഉയിർന്നെഴുന്നേൽപ്പിക്കാൻ പോകുകയായിരുന്നു.

316 മിസ്രായീമിൽ, സൂര്യനും, ചന്ദ്രനും, നക്ഷത്രങ്ങളും, അങ്ങനെ ഈ കാര്യങ്ങളെല്ലാം സംഭവിച്ചതിനു ശേഷം, അവൻ യിസ്രായേലിനെ വാഗ്ദത്ത ദേശത്തേക്ക് മോചിപ്പിച്ചു കൊണ്ടുവന്നു.

317 ഇവിടെ ഇതാ, ഉപദ്രവകാലത്തിന്റെ സമയത്ത്, ദൈവം അവർക്കു നൽകിയ വചനത്തിന്മേലുള്ള നിയന്ത്രണത്തോട് കൂടി ഈ പ്രവാചകന്മാർ അവിടെ നിൽക്കുന്നു. ദൈവം അവർക്ക് വചനം കൊടുത്താൽ മാത്രമേ അവർക്ക് സംസാരിക്കാൻ കഴിഞ്ഞിരുന്നുള്ളൂ.

318 ഇപ്പോൾ, അവർ ദേവന്മാർ ആയിരുന്നില്ല. അവർ താൽക്കാലം... പ്രതിഫലേച്ഛ ഇല്ലാത്ത ദേവന്മാർ ആയിരുന്നു, കാരണം അവർ ആകുന്നു എന്നു യേശു പറഞ്ഞിരുന്നു. പറഞ്ഞു, “ദൈവത്തിന്റെ അരുളപ്പാട് ഉണ്ടായിട്ടുള്ളവരെ ദേവന്മാർ എന്നു പറഞ്ഞിരുന്നതിനു നീക്കം വന്നുകൂടല്ലോ?” എന്നാൽ, നോക്കൂ, അവരിലേയ്ക്കാണ് ദൈവത്തിന്റെ വചനം വരുന്നത്. അവൻ അത് പറയുമ്പോൾ, അതു സംഭവിക്കുന്നു. അത്ര തന്നെ.

319 ഇവിടെ ഇതാ അവൻ ദൈവത്തിൽ നിന്നും ഒരു അധികാരം പ്രാപിച്ചിട്ട് ഭൂമിയെ ദണ്ഡിപ്പിക്കാനും, ആകാശത്തെ അടച്ചു കളയുവാനും, (ഓ എന്റെ) അങ്ങനെ അവർ ആഗ്രഹിക്കുന്നതെന്തും ചെയ്യുന്നതിനായി ആയിരിക്കുന്നു. അങ്ങനെ അവൻ ചെയ്യുന്നു. എന്താണ് കാര്യം? വീണ്ടെടുപ്പിനായി, അവൻ വീണ്ടെടുപ്പിന്റെ പുസ്തകത്തിൽ പേരെഴുതിയിട്ടുള്ള, ഒരു ലക്ഷത്തി നാല്പത്തിനാലായിരം പേരെ എടുക്കാൻ തയ്യാറായിരിക്കുന്നതാണ്. ആറാം മുദ്ര, അത് വീണ്ടെടുപ്പിന്റെ ആ മുദ്രയുടെ കീഴിലാകുന്നു. അതാകുന്നു അത്, എന്റെ പ്രിയ സ്നേഹിതാ. അതാണ് ആറാം മുദ്ര; ഇത്രയേറെ നിഗൂഢം.

320 നമുക്ക് ഇതും കൂടെ എടുത്ത്...നമുക്ക് പത്തു മിനിറ്റ് നേരം കൂടിയുണ്ട്. നമുക്ക് അല്പം കൂടി എടുക്കാം, നോക്കൂ. എന്റെ പക്കൽ രണ്ടു മൂന്ന് പേജുകൾ കൂടിയുണ്ട്. അതെ എനിക്കുണ്ട്...നിങ്ങൾക്ക് അത് *ഇവിടെ*, കാണാൻ കഴിയും. അതിനെക്കുറിച്ച് എനിക്ക് തോന്നുന്നത്...ആ ഒന്നിൽ തന്നെ, ഇനിയും ഏകദേശം പതിനഞ്ചു താളുകളോളം എന്റെ പക്കൽ ശേഷിച്ചിരിക്കുന്നു എന്നാണ്. ഓ, അതിന്മേൽ വളരെയധികമുണ്ട്! എന്റെ, നിങ്ങൾക്ക് ഒരു സ്ഥലത്ത് നിന്നും മറ്റൊരു സ്ഥലത്തേയ്ക്ക് ഇങ്ങനെ പൊയ്ക്കൊണ്ടിരിക്കാൻ കഴിയും! എന്നാൽ ഞാൻ കൂടുതലായി വിതറിയാൽ നിങ്ങളെ കുഴപ്പത്തിലാക്കുമോ എന്നും ഞാൻ ഭയപ്പെടുന്നു. ഞാൻ അത്

ചെയ്യുന്നില്ല...ഞാൻ അതു തമ്മിൽ ഒരുമിച്ചാക്കിയിരിക്കുന്നതുപോലെ എനിക്ക് പിടിച്ച് വെച്ചിരിക്കാൻ കഴിയുകയില്ല.

321 യെശയ്യാവിൽ, നമുക്കിത് എടുക്കാം യെശയ്യാ, പ്രവാചകൻ, ഈ ആറാം മുദ്ര തുറക്കുന്നത് കാണുകയും, അതിനെക്കുറിച്ച് അത്; പ്രാധാന്യമേറിയതോ അല്ലയോ എന്ന് പറയുകയും ചെയ്തിരുന്നു. കാണുന്നോ?

322 ശരി, ഈ മുഴുവൻ കാര്യവും, വീണ്ടെടുപ്പിന്റെ മുഴുവൻ പദ്ധതിയും, ഈ മുദ്രകൾക്ക് അടിയിലാണ് കിടക്കുന്നത്; ഈ മുഴുവൻ പുസ്തകവും.

323 ഇപ്പോൾ, ഓർക്കുക, യേശു അത് കണ്ടു എന്ന് നാം കണ്ടിരുന്നു. അത് ശരിയല്ലേ? കാണുന്നോ? യേശു ഇത് കണ്ടിരുന്നു. ഇപ്പോൾ നാം അത് കണ്ടിരുന്ന മറ്റ് പലരെയും കാണുന്നു. ഇത് യാക്കോബിൽ മാതൃകയായി നാം കാണുന്നു. ഇത് മിസ്രായീമിൽ മാതൃകയായിരുന്നത് നാം കണ്ടു. ഇത് കുരിശിലും മുൻകുറിയായി നാം കാണുന്നു.

324 ഇപ്പോൾ നമുക്ക് തിരികെ യെശയ്യാവിലേക്ക് പോകാം. എന്റെ പക്കൽ വളരെയധികം മറ്റു പല പ്രവാചകന്മാരും കൂടെ എഴുതിയതും ഇവിടെ ഉണ്ട്. നമുക്ക് അത്...ഇങ്ങനെ, ഇത് യെശയ്യാവ് എഴുതിയതാണ്. നമുക്കിപ്പോൾ യെശയ്യാവിന്റെ 13-ാം അദ്ധ്യായത്തിലേക്ക് തിരികെ പോകാം.

325 യെശയ്യാവിന്റെ പുസ്തകം സമ്പൂർണ്ണ ബൈബിളാണെന്ന് നിങ്ങൾക്ക് അറിയാം. നിങ്ങൾക്ക് അതറിയാമോ? നോക്കു, യെശയ്യാവ് സൃഷ്ടിയുടെ ആരംഭത്തിൽ തുടങ്ങുന്നു; പുസ്തകത്തിന്റെ മദ്ധ്യഭാഗത്ത് അവൻ യോഹന്നാനെ കൊണ്ടുവന്നു; അതിന്റെ അവസാനത്ത് അവൻ ആയിരമാണ്ടു വാഴ്ച കൊണ്ടുവരുന്നു. ബൈബിളിൽ അറുപത്തിയാറ് പുസ്തകങ്ങളുണ്ട്, യെശയ്യാവിലും അറുപത്തിയാറ് അദ്ധ്യായങ്ങളുണ്ട്. അത് സ്വയം അതിൽ തന്നെ ഒരു വിശ്വവിസ്ഥാനകോശമാകുന്നു.

326 ശ്രദ്ധിക്കു, ഇപ്പോൾ യെശയ്യാവിന്റെ 13-ാം അദ്ധ്യായം. നമുക്ക് ഇവിടെ 6-ാം വാക്യം തൊട്ട് തുടങ്ങാം.

> *യഹോവയുടെ ദിവസം സമീപിച്ചിരിക്ക കൊണ്ട് മുറയിടുവിൻ; അത് സർവ്വശക്തങ്കൽ നിന്ന് സർവ്വനാശം പോലെ വരുന്നു.*

327 ഇവിടെ 6-ാം മുദ്ര തുറക്കുന്നതു ഇപ്പോൾ ശ്രദ്ധിക്കുക. ഇവിടെ ക്രിസ്തു വരുന്നതിനു കൃത്യം ഏഴുന്നൂറ്റിപതിമൂന്ന് വർഷങ്ങൾക്ക് മുമ്പ് ഇത് പറഞ്ഞിരിക്കുകയും, അവൻ വന്നിട്ട് രണ്ടായിരം വർഷങ്ങൾ കഴിഞ്ഞിരിക്കുകയും ചെയ്യുന്നു, അതായത് ഇത് ഏകദേശം,

രണ്ടായിരത്തി എഴുന്നൂറ് വർഷങ്ങൾക്ക് മുമ്പുള്ള കാര്യമാകുന്നു. യെശയ്യാവ് അവിടെ ഈ മുദ്ര തുങ്ങി കിടന്നിരുന്നത് കണ്ടു. ശരി.

*അതുകൊണ്ട് എല്ലാ കൈകളും തളർന്നുപോകും; സകല ഹൃദയവും ഉരുകിപ്പോകും.*

328 യേശു എന്താണ് പറഞ്ഞിരുന്നത്? "അധർമ്മം പെരുകുന്നതുകൊണ്ട് അനേകരുടെ സ്നേഹം തണുത്തുപോകും." "സമുദ്രം ഒരു അലർച്ചപോലെയും ഭീതിയാൽ മനുഷ്യൻ നിർജീവന്മാർ ആയിപ്പോകും." നോക്കു, മനുഷ്യന്മാരുടെ ഹൃദയം നിർജ്ജീവമായിപ്പോകും.

*അവർ ഭ്രമിച്ചുപോകും; വേദനയും ദുഃഖവും അവർക്ക് പിടിപെടും; നോവുകിട്ടിയ സ്ത്രീയെപ്പോലെ അവർ വേദനപ്പെടും; അവർ അന്യോന്യം തുറിച്ചുനോക്കും; അവരുടെ മുഖം ജ്വലിച്ചിരിക്കും.*

329 ഇവിടെ ഇതു ശ്രദ്ധിക്കു, ഓ, "അവരുടെ മുഖം, ലജ്ജകൊണ്ട് ജ്വലിച്ചിരിക്കും," കുറച്ചു നേരത്തിനുള്ളിൽ. ഞാൻ അതിലേക്ക് കടക്കാൻ പോകുന്നു, നോക്കു.

*ദേശത്തെ ശൂന്യമാക്കുവാനും പാപികളെ അതിൽ നിന്നു മുടിച്ചുകളവാനും യഹോവയുടെ ദിവസം ക്രൂരമായിട്ട് ക്രോധത്തോടും അതികോപത്തോടും കൂടെ വരുന്നു.*

330 "ദേശത്തെ" അതാണ് അതിന്റെ എല്ലാം, നിങ്ങൾ അതു നോക്കു. ശ്രദ്ധിക്കു,

*ആകാശത്തിലെ നക്ഷത്രങ്ങളും നക്ഷത്രരാശികളും പ്രകാശം തരികയില്ല; സൂര്യൻ ഉദയത്തിങ്കൽ തന്നെ ഇരുണ്ടു പോകും. ചന്ദ്രൻ പ്രകാശം നല്കുകയുമില്ല.*

*ഞാൻ ഭൂതലത്തെ ദോഷം നിമിത്തവും ദുഷ്ടന്മാരെ അവരുടെ ആകൃത്യവും നിമിത്തവും സന്ദർശിക്കും.*

331 അത് എങ്ങനെ ഉച്ചരിക്കണമെന്ന് എനിക്കറിയില്ല, അഹ... [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു "അഹങ്കാരികളുടെ"—Ed.] എനിക്ക് അത് പറയാനറിയില്ല. നോക്കു

*...അഹങ്കാരികളുടെ ഗർവ്വത്തെ ഞാൻ ഇല്ലാതാക്കും; ഉഗ്രന്മാരുടെ നിഗളത്തെ താഴ്ത്തും.*

332 നോക്കു, യേശു പറഞ്ഞതായ അതേ കാര്യം തന്നെ, കൃത്യമായും അവിടെ, യെശയ്യാവ് കണ്ടിരുന്നു. അത് ഏഴാം മുദ്ര വെളിപ്പെടുത്തുന്നതാകുന്നു. അത് അവൻ ദേശത്തെ, ഉപദ്രവത്താൽ

ശുദ്ധിയാക്കുന്ന, ഈ ആറാം മുദ്രയിലെ, മഹാഉപദ്രവകാലമാകുന്നു. അതെ, അവൻ ഒരു പ്രവാചകനായിരുന്നിട്ട്, ദൈവത്തിന്റെ വചനം അവന് അറിയിച്ചു കൊടുത്തു. അത് രണ്ടായിരത്തി എഴുന്നൂറ് വർഷങ്ങൾക്ക് മുമ്പായിരുന്നു.

333 വാസ്തവമായും! ഞാൻ ഇത് പറയാൻ ആഗ്രഹിക്കുന്നു. യെശയ്യാവ് ഇവിടെ പറഞ്ഞിരിക്കും പോലെ, ഈ മുഴുവൻ ലോകവും "നോവ് കിട്ടിയ സ്ത്രീയെപ്പോലെ," സൃഷ്ടി മുഴുവനും ഈറ്റുനോവാൽ ഞരങ്ങിക്കൊണ്ടിരിക്കുന്നു. ഈ ഈറ്റു നോവിനെയും ഞരക്കത്തെയും പറ്റി എന്താണ്? അത് ഒരു—ഒരു—ഒരു സ്ത്രീ അമ്മയാകാൻ പോകുന്നതുപോലെ; ഭൂമി മുഴുവൻ സ്വയം പ്രകൃതി മുഴുവനും ചെയ്യുന്നതാകുന്നു.

334 എന്താ, ഇവിടെയുള്ള ഈ നഗരം, നമുക്ക് നമ്മുടെ ഈ സ്വന്ത നഗരം എടുക്കാം; ഇവിടെ, മദ്യശാലകളും, വേശ്യാ ഗൃഹങ്ങളും, മലിനതയും ദുഷ്ടതയും, മറ്റേതൊരു നഗരത്തെയും പോലെ തന്നെ!

335 എന്താണ്, ആയിരം വർഷങ്ങൾക്ക് മുമ്പ്, ദൈവം ഈ നഗരത്തെ കണ്ടിരുന്നതു പോലെതന്നെ അതിനെ വീണ്ടും കാണുവാൻ അവൻ ഇഷ്ടപ്പെടും എന്ന് ഞാൻ വിശ്വസിക്കുന്നു. അന്ന് ഓഹിയോ നദി താഴേക്ക് ഒഴുകിയിരുന്നു അവിടെ കായലും ജലപ്രളയവും ഇല്ലായിരുന്നു. അവിടെ താഴ്വരയിൽ ഒരു പാപവും ഉണ്ടായിരുന്നില്ല, എരുമ ഇവിടെക്കൂടെ ചുറ്റിയോടിയിരുന്നു, പിന്നെ—പിന്നെ പണ്ടത്തെ അമേരിക്കൻ ഇൻഡ്യാക്കാരൻ അവനെ വേട്ടയാടി, ഒരു മാന്യമായ ജീവിതം നയിച്ചിരുന്നു. ഒരിക്കലും, അവിടെ ഒരു പ്രശ്നവും ഉണ്ടായിരുന്നില്ല.

336 എന്നാൽ, മനുഷ്യൻ കടന്നു, അവിടെയാണ് പാപവും കടന്നു വന്നത്. മനുഷ്യർ ഭൂമിയിൽ പെരുകി തുടങ്ങിയപ്പോൾ, പാപവും അതിക്രമവും കടന്നുവന്നു. അത് ശരിയാണ്, എല്ലായ്പ്പോഴും മനുഷ്യൻ. ഇത് മനുഷ്യന് ഒരു അപമാനം തന്നെ എന്ന് ഞാൻ കരുതുന്നു.

337 ഞാൻ ഒരു ദിവസം, ഇപ്പോഴത്തെ എന്റെ നാടായ, അരിസോണയിൽ നിൽക്കുകയായിരുന്നു. ഞാൻ—ഞാൻ ഒരു കുട്ടിയായിരുന്നപ്പോൾ അവിടത്തെ, ഗെരോനിമോയെയും, കൊച്ചീസും, ആ പഴയ അപ്പാച്ചേസിനെയും കുറിച്ച് വായിച്ചിരുന്നു. കാരണം ഞാൻ അവരോട് അവിടെ വെച്ചു സുവിശേഷം പ്രസംഗിച്ചിട്ടുണ്ട്. നല്ല മനുഷ്യർ! ചില നല്ല മനുഷ്യരെ നിങ്ങൾ കണ്ടുമുട്ടാൻ ആഗ്രഹിക്കുന്നെങ്കിൽ, ആ അപ്പാച്ചെ ഇന്ത്യക്കാരനാകുന്നു.

338 അതിനുശേഷം ഞാൻ അവിടെ ടോംബ് സ്റ്റോൺ സന്ദർശിക്കാനായി പോയി, അവിടെ അവർ യുദ്ധത്തിന് ഉപയോഗിച്ചിരുന്ന സാധനങ്ങളും പഴയ അവശിഷ്ടങ്ങളും കൂട്ടിയിട്ടിരുന്നു. ഞാൻ അതിലേയ്ക്ക് നോക്കി...എപ്പോഴും അവർ, നിങ്ങൾക്കറിയാമോ, ഗെരോനിമോയെ അവർ ഒരു വിശ്വാസഘാതകനായിട്ടാണ് വേതിരിച്ചിരുന്നത്. എനിക്കോ, അദ്ദേഹം അമേരിക്കയുടെ ചൂട്ട ചോരയുള്ള മനുഷ്യനായിരുന്നു. കൃത്യമായും! അവൻ മറ്റേതൊരു വ്യക്തിയും ചെയ്യുന്നതുപോലെ തന്റെ അവകാശത്തിനായി യുദ്ധം ചെയ്തിരുന്നു. അവന്റെ ദേശത്ത് അവൻ മലിനത ആഗ്രഹിച്ചിരുന്നില്ല. ഇപ്പോൾ അത് എന്തായി മാറി എന്ന് നോക്കു; വെള്ളക്കാർ അവിടേയ്ക്ക് കടന്നു വന്നു; അവന്റെ മക്കളെയും, അവന്റെ പുത്രമാരെയും, വേശ്യാവൃത്തിയിലേക്കും, മറ്റെല്ലാ കാര്യങ്ങളിലേക്കും തള്ളിവിട്ടിരിക്കുന്നു. ഈ വെള്ളക്കാരൻ ഒരു തെമ്മാടിയാകുന്നു.

339 ഇന്ത്യക്കാരൻ ഒരു യഥാസ്ഥിതിക്കാരനായിരുന്നു. അവൻ—അവൻ ആധുനിക പരിഷ്കരണം ആഗ്രഹിക്കാത്ത ഒരു—ഒരുവൻ ആയിരുന്നു. അവൻ ഒരു കാട്ടുപോത്തിനെ കൊല്ലും, അവരുടെ ഗോത്രം മുഴുവൻ അതിനെ ഒന്നും അവശേഷിപ്പിക്കാതെ തിന്നുമായിരുന്നു. അവർ തോലിനെ വസ്ത്രത്തിനും, കൂടാരം പണിയുന്നതിനും അതുപോലുള്ള കാര്യത്തിനും ഉപയോഗിച്ചിരുന്നു. വെള്ളക്കാരൻ അതിനെ വെറും, ഒരു ഉന്നം വെയ്ക്കുന്നതിനായി വെടിവെച്ച് കൊല്ലുമായിരുന്നു; ഇത് അത്രയേറെ ഒരു അപമാനമാകുന്നു!

340 ഞാൻ പത്രത്തിൽ ഒരു ലേഖനമുണ്ടായിട്ട്, അവിടെ, ആഫ്രിക്കയിൽ, വന്യമൃഗങ്ങളെ വേട്ടയാടി കളിക്കുന്ന ആ വലിയ സ്ഥലത്തെ കുറിച്ച് വായിച്ചിരുന്നു! അവർക്ക് അവിടെ ആർദർ ഗോഡ്ഫ്രേയും അതുപോലെ മറ്റു മനുഷ്യരെയും കിട്ടിയിട്ട്, ഹെലിക്കോപ്റ്ററിലും മറ്റും ഇരുന്നുകൊണ്ട് ആനകളെയും അതുപോലെ മറ്റു മൃഗങ്ങളെയും അവിടെ വെടിവെച്ച് കൊല്ലുന്നതിനെ കുറിച്ചായിരുന്നു. അതിന്റെ ചിത്രങ്ങളിൽ ഒന്നിൽ ഒരു പിടിയാന ചരിയുന്നതിന്റെ ചിത്രവും, അതിന്റെ കണ്ണിൽ കൂടി, കണ്ണുനീർ ഒഴുകുകയും ചെയ്യുന്നു. രണ്ട് വലിയ കൊമ്പനാനകൾ അവളെ താങ്ങി നിർത്താൻ ശ്രമിക്കുന്നു...എന്താണ്, അതൊരു പാപമാകുന്നു. അതൊരു വിനോദമല്ല.

341 ഞാൻ അങ്ങ് ദൂരെയുള്ള വനപ്രദേശങ്ങളിൽ, വേട്ടയാടുകയും മറ്റും ചെയ്യുമ്പോൾ, ഈ വെള്ളക്കാരനായ വേട്ടക്കാരൻ അവിടെ

കടന്നുവന്ന് മാനുകളെ വേട്ടയാടുകയും, അതിന്റെ പിൻഭാഗം മാത്രം മുറിച്ചെടുത്തിട്ട് ബാക്കിയുളളത് അവിടെ ഉപേക്ഷിച്ചിട്ട് പോകുന്നതും കണ്ടിട്ടുണ്ട്. ചിലനേരങ്ങളിൽ അവർ എട്ടോ പത്തോ പെൺമാനുകളെ വെടിവെച്ചിട്ട് അതുപോലെ വിട്ടിട്ട് പോരുന്നു. മാൻകുട്ടികൾ അതിന്റെ അമ്മയെ അന്വേഷിച്ച് അങ്ങോട്ടുമിങ്ങോട്ടും ഓടി നടക്കുന്നതും കാണാനാകും. അതിനെയാണോ നിങ്ങൾ നായാട്ട്സാമർത്ഥ്യം എന്ന് അർത്ഥമാക്കുന്നത്? അത് എന്റെ പുസ്തകത്തിൽ, ശുദ്ധ കൊലപാതകം എന്നാകുന്നു.

342 ഞാൻ ജീവിച്ചിരിക്കുന്നിടത്തോളം, ഇത്തരം തെമ്മാടികളായ അമേരിക്കക്കാരെ, കാനഡയിലേയ്ക്ക് കടക്കാൻ യാതൊരു വഴിയും, ഉണ്ടായിരിക്കില്ലെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. അത് ശരിയാണ്. അത് ശരിയാണ്. അത് ഞാൻ കണ്ടിട്ടുളളതിൽ വച്ചേറ്റവും തരംതാണ മൽസരക്കളി അതാകുന്നു.

343 ഇപ്പോൾ, അവരെല്ലാവരും ചെയ്യുന്നില്ല. അവരിൽ, വാസ്തവമായ ചില നല്ല ആളുകളും ഉണ്ട്. എന്നാൽ അത് ആയിരത്തിൽ ഒന്ന് മാത്രമേ നിങ്ങൾക്ക് കാണാനാകു.

344 അവർക്ക് കാണാൻ കഴിയുന്ന എന്തിനെയും അവർ വെടിവെയ്ക്കുന്നു, അവർക്ക് തോന്നിയ വിധത്തിൽ ചെയ്യുന്നു. അത് ശരിയാണ്. അത് കൊലപാതകമാണ്. അത് ശരിയാണ്. അവൻ കരുണയില്ലാത്തവനാണ്. അവൻ അകാലത്തിലും, വെടിവെച്ചുകളയും.

345 ശരി, അവിടെ അലാസ്കായിൽ, ഞാൻ അവിടെ വഴികാട്ടികളിൽ ഒരാളൊടൊപ്പം ഉണ്ടായിരുന്നു. അവൻ പറഞ്ഞു, "ഞാൻ അതിനെ ഉയർത്തി...ഇപ്പോൾ ഞാൻ അവിടെയ്ക്ക് പോയെങ്കിൽ, ഒരു വലിയ കൂട്ടം മ്ലാവുകളോ കടമാനുകളോ അവിടെ കിടക്കുന്നത് കാണാനാകുമായിരുന്നു; അലാസ്കയിൽ, ഈ അമേരിക്കക്കാരായ പൈലറ്റുകൾ, അവരുടെ വിമാനത്തിൽ ഇരുന്നുകൊണ്ട്, അമ്പത് കാലിബറിന്റെ യന്ത്രത്തോക്ക് വെടിയുണ്ടയാൽ, ഒരു കടമാൻ കൂട്ടത്തിലേയ്ക്ക്, അവയുടെ കൊമ്പുകളിലൂടെ വെടിവെയ്ക്കുന്നു." അത് ശുദ്ധമായ കൊലയാകുന്നു

346 അവർ കാട്ടുപോത്തിനെ കൊല്ലുമ്പോൾ, അവർക്ക് ഇന്ത്യക്കാരെ കിട്ടുമെന്ന്, അവർ അറിഞ്ഞിരുന്നു. അവർ പട്ടിണി കിടന്ന് മരിച്ചുപോകും. ആ കാരണത്താലാണ് കൊച്ചീസും; അദ്ദേഹത്തിന്റെ എല്ലാ രാജകുമാരന്മാരും, മറ്റുള്ള എല്ലാവരും, അവന്റെ മക്കളും, അവന്റെ മുഴുവൻ ജനങ്ങളും പട്ടിണികൊണ്ട് മരിക്കാറായി, അവർ കീഴടങ്ങിയത്. ബഫാലെ ബില്ലും സംഘവും, വലിയ

തോതിൽ അതുമായി ചെന്ന്, ഉച്ചസമയത്ത്, നാല്പതും അമ്പതും കാട്ടുപോത്തുകളെ ഒറ്റയടിക്ക് വെടിവെച്ചു കൊന്നുകളഞ്ഞു. അവയെ ഒഴിവാക്കിയാൽ, അവർക്ക് ഇൻഡ്യക്കാരെ ഒഴിവാക്കിക്കളയാൻ കഴിയുമെന്ന് അവർ അറിഞ്ഞിരുന്നു. ഓ, എന്റെ! ആ ഇൻഡ്യാക്കാരോടു അവർ പെരുമാറിയ രീതി നമ്മുടെ ദേശീയ പതാകയിൽ ഒരു കളങ്കമായിരിക്കുന്നു. അവിടെയാണ് നിങ്ങൾ.

347 എന്നാൽ ഓർക്കുക, ബൈബിൾ പറയുന്നു. “ഈ ഭൂമിയെ നശിപ്പിക്കുന്നവരെ ദൈവം നശിപ്പിക്കുന്ന സമയം ഇതാ അടുത്തു കഴിഞ്ഞിരിക്കുന്നു.” മുഴുവൻ ലോകത്തെയും!

348 ആ താഴ്വരകളിലേയ്ക്ക് നോക്കു. ഫിനിക്സിലെ താഴ്വരയിലേക്ക് നോക്കി കൊണ്ട് ഞാൻ അവിടെ മുകളിൽ കഴിഞ്ഞ ദിവസം നിൽക്കുകയായിരുന്നു. തെക്കൻ മല മുകളിലേക്ക് ഞാനും എന്റെ ഭാര്യയും കൂടി പോയി, അവിടെ ഇരുന്നുകൊണ്ട്, ഫിനിക്സിലേക്ക് നോക്കി. ഞാൻ പറഞ്ഞു “ഇത് ഭയങ്കരമായിരിക്കുന്നില്ലേ?”

അവൾ ചോദിച്ചു. “ഭയങ്കരമോ? എന്താണ് നിങ്ങൾ അർത്ഥമാക്കുന്നത്?”

349 ഞാൻ പറഞ്ഞു, “പാപം. ആ താഴ്വരയിൽ എത്രയധികം വേശ്യാവൃത്തിയും, മദ്യപാനവും, ശാപവും, കൂടാതെ കർത്താവിന്റെ നാമം വൃഥാ എടുക്കലും ചെയ്തിരിക്കും; അത് ഏകദേശം നൂറ്റിനാല്പതോ, നൂറ്റിയമ്പതോ അല്ലെങ്കിൽ ഒരുപക്ഷേ ഇരുന്നൂറായിരം ജനങ്ങൾ മാത്രം താമസിക്കുന്ന ആ താഴ്വരയിൽ മാത്രം.”

350 ഞാൻ പറഞ്ഞു, “അഞ്ഞൂറോ ആയിരമോ വർഷങ്ങൾക്ക് മുമ്പ് കള്ളിമുൾച്ചെടികളും, മെസ്ക്വറ്റി മരങ്ങളും അമേരിക്കയിൽ മാത്രം കണ്ടു വരുന്ന കാട്ടുനായ്ക്കളും മാത്രം ആ നദിയുടെ മൺതീരത്ത് ഓടി നടന്നിരുന്നു.” ഞാൻ പറഞ്ഞു,. “ദൈവം അപ്രകാരം അത് ഉണ്ടാക്കിയിരുന്നത്.”

351 എന്നാൽ മനുഷ്യൻ കടന്നുവന്നു. അവർ എന്താണ് ചെയ്തത്? അവൻ ഭൂമിയെ അശുദ്ധികൊണ്ട് നിറച്ചു. തെരുവുകൾ മുഴുവൻ നിറയെ കയ്പ് നിറഞ്ഞിരിക്കുന്നു. ഓടകളും...നദികളും എല്ലാം അശുദ്ധിയും മലിനതയും കൊണ്ട് നിറഞ്ഞിരുന്നു. അവർക്ക് കഴിയില്ല...അവിടെയുള്ള ആ വെള്ളം കൊണ്ട് നിറഞ്ഞിരിക്കുന്നു. അവിടെയുള്ള ആ വെള്ളം കുടിക്കാതിരിക്കുന്നതാണ് നിങ്ങൾക്ക് നല്ലത്; നിങ്ങൾക്ക് എന്തും പിടിപെടാം. കാണുന്നോ? അതിലേക്ക് നോക്കുക. ഇവിടെ മാത്രമല്ല, ലോകം മുഴുവനും മലിനമാക്കപ്പെട്ടിരിക്കുന്നു!

352 ലോകവും, പ്രകൃതിയും, (ദൈവം കരുണ കാണിക്കട്ടെ!) മുഴുവൻ ലോകവും...പ്രസവ വേദനയിലായിരിക്കുന്നു. ലോകം ശ്രമിക്കുന്നു, അവൾ "ഈറ്റുനോവിലാണെന്ന്" യെശയ്യാവ് പറയുകയും ചെയ്തിരിക്കുന്നു. എന്താണ് കാര്യം? അവൾ...ആയിരമാണ്ട് വാഴ്ചയ്ക്കായി അവൾ ഒരു പുതിയ ലോകത്തെ കൊണ്ടുവരാൻ ശ്രമിക്കുകയാണ്. എവിടെയാണ് എല്ലാ...?...പുതിയ ലോകത്തിന് ജന്മം കൊടുക്കാനും, അവളെ മലിനമാക്കാതെയും പാപം ചെയ്യാതെയും ഇരിക്കുന്ന ഒരു കൂട്ടർക്ക്. അത് ശരിയാണ്. അവൾ ഈറ്റ് നോവിലാകുന്നു. ആ കാരണത്താലാണ്...നമ്മളും, മണവാട്ടിയെ കൊണ്ടുവരാനായി, ക്രിസ്തുവും ഈറ്റു നോവിലായിരിക്കുന്നത്. സകലതും ഈറ്റ് നോവിലും ഞരങ്ങലിലുമാകുന്നു. നോക്കൂ, എന്തോ ഒരു കാര്യം സംഭവിക്കാൻ പോകുന്നു.

353 ഈ ആറാമത്തെ ബാധ അവളെ പോകാൻ അനുവദിക്കുന്നു. സഹോദരാ, ഭൂകമ്പങ്ങൾ പൊട്ടിപ്പുറത്തുവരും, നക്ഷത്രങ്ങൾ ഇളകും, അഗ്നി പർവ്വതം പൊട്ടിയൊഴുകും, ഭൂമി സ്വയം പുതുക്കം പ്രാപിക്കും. ഭൂമിയുടെ നടുവിൽ നിന്നും പുതിയ ലാവ പൊട്ടിപ്പുറപ്പെടും. അവൾ അങ്ങനെ ചുറ്റി ചുറ്റി ചുറ്റി തിരിയുമ്പോൾ, സകലവും തകർന്നടിഞ്ഞു പോകും.

354 ഞാൻ നിങ്ങളോട് പറയുന്നു, ഒരു പ്രഭാതത്തിൽ യേശു തന്റെ മണവാട്ടിയോടുകൂടി ഭൂമിയിൽ തിരികെ വരുമ്പോൾ, അവിടെ ദൈവത്തിന്റെ ഒരു പറുദീസ ഉണ്ടായിരിക്കും. അത്, ഓ, എന്റെ, അപ്പോൾ പോർക്കളത്തിലെ യുദ്ധം വീരന്മാർ, അവരുടെ പ്രിയപ്പെട്ടവരോടും സ്നേഹിതരോടും കൂടെ അവിടെ നടക്കും. ദൂതന്മാരുടെ സ്വർഗ്ഗീയ സൈന്യം ഗീതങ്ങൾ ആലപിച്ച് അന്തരീക്ഷം നിറക്കും. "എന്റെ നല്ല വിശ്വസ്ത ദാസനെ, ഓ, അത് നന്നായി ചെയ്തിരിക്കുന്നു. നിനക്കായി ഒരുക്കിയിരിക്കുന്ന, കർത്താവിന്റെ സന്തോഷത്തിലേക്ക് പ്രവേശിക്കുക, അത് ഹവ്വ പാപം ചെയ്ത് പാപത്തെ ഒരു പന്തുപോലെ ഉരുട്ടി അകത്തു കൊണ്ടു വരുന്നതിനു മുമ്പുണ്ടായിരുന്ന ആ അവസ്ഥ പോലെയാകുന്നു. ആമേൻ! വൂ! അതെ.

355 ആറാം മുദ്ര ചില കാര്യങ്ങൾ ചെയ്യാൻ പോകുകയാണ്. അതെ, ശ്രീമാൻ. വാസ്തവമായും ഈ മുഴവൻ ലോകവും ആയിരമാണ്ട് വാഴ്ചക്കായി കരയുകയും ഞെരങ്ങുകയുമാകുന്നു.

356 ഇപ്പോൾ, ഇപ്പോഴുള്ള ഈ ഭൂമി മലിനതയിൽ മുങ്ങിക്കിടക്കുന്നു! അധിക നാളുകളായിട്ടില്ല ഞാൻ അതിനെ ഇവിടെ "*ലോകം തളർന്നു വീണു കൊണ്ടിരിക്കുന്നു,*" എന്നതിന്മേൽ ഈ

കൂടാരത്തിൽ വച്ച് പ്രസംഗിച്ചതായി ഞാൻ വിശ്വസിക്കുന്നു. അത് കൃത്യമായും ശരിയാകുന്നു. ലോകത്തിൽ നിന്നും തളർന്ന് വീണുകൊണ്ടിരിക്കുന്നത് എന്താണെന്നു നോക്കു. നോക്കു, അതിൽ നിന്നും, സകലതും വീണുകൊണ്ടിരിക്കുന്നു. തീർച്ചയായും, അതാകുന്നു. അതു അങ്ങനെ തകർന്നു വീഴേണ്ടത് ആവശ്യമാകുന്നു. അതെ, ശ്രീമാൻ.

357 ഇതിന്റെ ചട്ടക്കൂടിനെ നോക്കു! അങ്ങനെ ലോകത്തിനു അങ്ങനെ സംഭവിക്കേണ്ടതിന്റെ കാരണം ഞാൻ നിങ്ങൾക്ക് കാണിച്ചുതരട്ടെ. ഈ ലോകത്തിന്റെ ചട്ടക്കൂട്, ഇരുമ്പും, പിത്തളയും, ഈ ഭൂമിയിലുള്ള മറ്റ് സാധനങ്ങളും, അതിന്റെ ചട്ടക്കൂട്ടിൽ നിന്നും, യുദ്ധത്തിനും വ്യവസായത്തിനും വേണ്ടി, വലിച്ചെടുത്തിട്ട് അത് ഏകദേശം തകരാൻ തയ്യാറായി...അതെ ഇതുവരെയും, രാജ്യത്തിന്റെ ഈ ഭാഗത്ത്, ഇങ്ങനെയുള്ള ഒരു ഭൂമി കുലുക്കം, നമുക്കുണ്ടായിട്ടില്ല; നോക്കു, അത് ഈ കഴിഞ്ഞ ദിവസത്തേതായിരുന്നു, അത് സെന്റ്. ലൂയീസിന്റെ താഴോട്ട് മുതൽ കിടക്കുന്ന ഭാഗമാണ്. അവൾ അത്രയും ശുഷ്കിച്ചിരിക്കുന്നു. അവർ അതിൽ നിന്നും എല്ലാം വലിച്ചെടുത്തിരിക്കുന്നു. കാണുന്നോ?

358 അതിന്റെ രാഷ്ട്രീയം അത്രയും മലിനമായിട്ട്, അവരിൽ സത്യ സന്ധതയുള്ള ആരെങ്കിലും, അതിന്റെ സമ്പ്രദായത്തിൽ പോലും കാണുന്നില്ല. അതിന്റെ സാന്മാർഗ്ഗികത അത്രയും അധഃപതിച്ചിട്ട്, അതിന് അങ്ങനെ യാതൊന്നും ഇല്ല. അത്ര തന്നെ, കാണുന്നോ? തീർച്ചയായും. അതിന്റെ മതഭക്തി പുഴുക്കുത്ത് പിടിച്ചതാകുന്നു. അതെ, ശ്രീമാൻ.

359 ആറാം മുദ്ര ഉടൻ തന്നെ, തുറക്കപ്പെടുന്നതിനുള്ള സമയം അടുത്തിരിക്കുന്നു. അവൾ അതു ചെയ്യുമ്പോൾ, ഓ, എന്റെ, അത് അവസാനിക്കും! മണവാട്ടി പോയ്ക്കഴിഞ്ഞിരിക്കും, അവൾ അത് ചെയ്തിട്ട്...രാജ്ഞി തന്റെ സ്ഥാനം എടുക്കുന്നതിനായി പോയ്ക്കഴിഞ്ഞിരിക്കും; അവൾ ഈ സമയമാകുമ്പോഴെയ്ക്കും, ഈ കാര്യങ്ങൾ സംഭവിമ്പോൾ, രാജാവുമായി വിവാഹിതയായി കഴിഞ്ഞിരിക്കും. യിസ്രായേലിന്റെ ശേഷിക്കപ്പെട്ടവർ മുദ്രയിടപ്പെട്ട്, പോകാൻ തയ്യാറായിരിക്കുകയും, അതിന് ശേഷം പ്രകൃതിയെ മാറിപ്പോകാൻ ഇടവരുത്തും, ഓ എന്തൊരു സമയമായിരിക്കും!

360 തുറക്കപ്പെട്ട, ആറാം മുദ്രയുടെ അവസാനത്തെ വാക്യം ശ്രദ്ധിക്കു.; ഈ പ്രവാചകന്മാർ അവിടെ നിന്നുകൊണ്ട് അത്ഭുതങ്ങൾ പ്രവർത്തിക്കുകയും, സൂര്യനെ അടച്ചുകളയുകയും, മറ്റും ചെയ്യുന്നതു പോലെ, കാലങ്ങളിലുടനീളം അതുപോലെ ചെയുന്ന; ജീവനുള്ള ദൈവത്തിന്റെ സമർത്ഥിക്കപ്പെട്ട, വചനത്തിന്റെ പ്രസംഗത്തെ

പരിഹസിക്കുന്നവരെ. നോക്കു "അവർ മലകളോടും പാറകളോടും അവരെ മറയ്ക്കുന്നതിന് വേണ്ടി നിലവിളിച്ചു കരയുകയും," നോക്കു, അവർ പരിഹസിച്ച അതേ വചനത്തിൽ നിന്ന് മറയ്ക്കുന്നതിനായി നിലവിളിച്ചു, കാരണം അവൻ വരുന്നത് അവർ കണ്ടിരുന്നു. "കുഞ്ഞാടിന്റെ കോപത്തിൽ നിന്നും ഞങ്ങളെ മറപ്പിൻ." അവൻ വചനമാകുന്നു. കാണുന്നോ? അവർ വചനത്തെ പരിഹസിച്ചിരുന്നു. ഇവിടെ ഇതാ ആ വചനം മനുഷ്യനായി അവതരിച്ചിരിക്കുന്നു. അവർ അതിനെ പരിഹസിച്ചിരുന്നു; അവരെ കളിയാക്കുകയും, അവരെ കുറിച്ച് തമാശ ഉണ്ടാക്കുകയും ചെയ്തിരുന്നു. ആ വചനം മനുഷ്യനായി അവതരിച്ച് അവരുടെ മുമ്പിൽ നിൽക്കുന്നു!

361 അവർ മാനസാന്തരപ്പെടാത്തതു എന്താണ്? അവർക്കു കഴിയില്ല. അപ്പോഴേയ്ക്കും, അതു വളരെ ദൂരമായിക്കഴിഞ്ഞിരിക്കും. അങ്ങനെ, അവർ ആ ശിക്ഷാവിധി അറിയാനിടയാകും. അവർ അതു കേൾക്കും. അവർ ഇങ്ങനെ യോഗങ്ങളിൽ ഇരിക്കുകയും അതിനെപ്പറ്റി അറിയുകയും ചെയ്യും. ആ പ്രവാചകന്മാരെപ്പറ്റി മുൻകൂട്ടി പറഞ്ഞിരിക്കുന്നതും, നേരെ അവരുടെ മുഖത്തേയ്ക്ക തന്നെ നോക്കിയിട്ട്, ആ കാര്യത്തെ അവർ നിരസിച്ചു കളയുകയും ചെയ്യും. അവർ അവസാനമായി കൃപയെ നിരസിച്ചു കളയുന്നതാണ്.

362 നിങ്ങൾ കൃപയെ തിരസ്കരിക്കുമ്പോൾ, ന്യായവിധിയല്ലാതെ മറ്റൊന്നും ശേഷിക്കുന്നില്ല. നിങ്ങൾ കൃപയിൽ നില്ക്കുമ്പോൾ; അതിനെക്കുറിച്ചൊന്നു ചിന്തിച്ചു നോക്കു.

363 അവിടെയായിരുന്നു അവർ. അവർക്ക് പോകുവാൻ യാതൊരു ഇടവും ഉണ്ടായിരുന്നില്ല, പിൻതിരിഞ്ഞ് പോകുവാൻ കഴിഞ്ഞിരുന്നില്ല. ബൈബിൾ ഇവിടെ പറയുന്നു, "അവർ നിലവിളിക്കും...മലകളോടും പാറകളോടും, 'ഞങ്ങളുടെ മേൽ വീഴുവിൻ, കുഞ്ഞാടിന്റെ കോപം തട്ടാതവണ്ണം ഞങ്ങളെ മറെപ്പിൻ,'" എന്ന് നിലവിളിച്ചു പറഞ്ഞു. അവർ അനുതപിക്കാൻ ശ്രമിച്ചു. നോക്കു, എന്നാൽ കുഞ്ഞാടു തന്റെ സ്വന്തത്തെ അവകാശപ്പെടുന്നതിനായി വന്നു കഴിഞ്ഞിരുന്നു. അവർ മലകളോടും പാറകളോടും നിലവിളിച്ചു. പ്രാർത്ഥിച്ചു, എന്നാൽ പ്രാർത്ഥനകൾ വളരെ താമസിച്ചുപോയിരുന്നു.

364 എന്റെ സഹോദരാ, സഹോദരി, ദൈവത്തിന്റെ, നന്മയും കരുണയും ജനങ്ങൾക്കായി ദീർഘിച്ചിരിക്കുന്നു. കാരണം ഇവിടെ, നമുക്ക് അനുതപിക്കുവാൻ ഒരവസരം നൽകാൻ വേണ്ടി, രണ്ടായിരം വർഷത്തോളമായിട്ട് യിസ്രായേൽ അന്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ആ കരുണയെയാണോ തള്ളികളയുന്നത്? നിങ്ങൾ ചെയ്യുവോ? നിങ്ങൾ അതു നിരസിച്ചു കളഞ്ഞോ?

365 എങ്ങനെയൊക്കെയായാലും നിങ്ങൾ ആരാണ്? നിങ്ങൾ എവിടെ നിന്ന് വന്നു? നിങ്ങൾ എവിടേക്ക് പോകുന്നു? നിങ്ങൾക്ക് ഇത് ഒരു ഡോക്ടറോടും ചോദിക്കാൻ കഴിയില്ല, ലോകത്തിൽ ആരോടും നിങ്ങൾക്ക് ചോദിക്കാൻ കഴിയില്ല, ഈ പുസ്തകമല്ലാതെ, നിങ്ങൾ ആരാണെന്നും, നിങ്ങൾ എവിടെ നിന്നും വന്നു എന്നും, നിങ്ങൾ എവിടേയ്ക്ക് പോകുന്നു എന്നും നിങ്ങളോട് പറഞ്ഞു തരാൻ കഴിയുന്ന, മറ്റൊരു പുസ്തകവുമില്ല.

366 ഇപ്പോൾ നിങ്ങളുടെ സ്ഥാനത്തു നിന്ന് പ്രവർത്തിക്കാൻ കുഞ്ഞാടിന്റെ രക്തം ഇല്ലായിരുന്നെങ്കിൽ, നിങ്ങൾ എവിടേയ്ക്ക് പോകുമായിരുന്നു എന്ന് നിങ്ങൾക്കറിയാൻ കഴിയുമായിന്നു. അതുകൊണ്ട് ദൈവം നിങ്ങൾക്കായി ഇത് ചെയ്തിരിക്കുന്നെങ്കിൽ, നമുക്ക് ചെയ്യാൻ കഴിയുന്ന ഏറ്റവും ചെറിയ കാര്യം എന്നത് അവൻ ചെയ്തത് നാം സ്വീകരിക്കുക എന്നതാണ്. അതു മാത്രമാണ് നമ്മൾ ചെയ്യാനായി അവൻ ആവശ്യപ്പെടുന്നത്.

367 ഈ കാര്യത്തിന്റെ അടിസ്ഥാനത്തിൽ, ഞാൻ ഇനിയും മുന്നോട്ട് പോയാൽ, നാളെ രാത്രിയിലെ ശുശ്രൂഷയ്ക്കുള്ള, ആ കാര്യങ്ങളിലേക്കും, ആ ബാധകളിലേക്കും ഞാൻ കടന്നു പോകും. ഇപ്പോൾ എനിക്ക് അത് ചെയ്യാൻ കഴിയില്ല, ഇനിയും മുമ്പോട്ട് പോകാൻ കഴിയില്ല. ഞാൻ ഇവിടെ ഒരു വര കുറുകെ വരച്ചിട്ടുണ്ട്, "ഇവിടെ നിർത്തുക," നോക്കു അതുകൊണ്ട് എനിക്ക് നാളെ വരെ കാത്തിരിക്കേണ്ടത് ആവശ്യമാകുന്നു.

ഇപ്പോൾ പ്രാർത്ഥനക്കായി ഒരു നിമിഷം നമ്മുടെ തലകളെ വണങ്ങാം.

368 എന്റെ വിലയേറിയ സ്നേഹിതാ, നിങ്ങൾ ഇതുവരെയും, ഞാൻ സംസാരിക്കുന്ന ഈ ദൈവത്തിന്റെ സ്നേഹത്തെ സ്വീകരിച്ചിട്ടില്ലെങ്കിൽ! നിങ്ങൾക്ക് അതില്ലെങ്കിൽ! ഇപ്പോൾ ഈ കാര്യം ശ്രദ്ധിച്ചു കേൾക്കുക. നിങ്ങൾ അവന്റെ സ്നേഹവും കരുണയും സ്വീകരിച്ചിട്ടില്ലെങ്കിൽ, നിങ്ങൾക്ക് അവന്റെ ക്രോധത്തിന്റെയും ന്യായവിധിയുടെയും മുമ്പിൽ നിൽക്കേണ്ടിവരും.

369 ഇപ്പോൾ, നിങ്ങൾ, ഇന്നു രാത്രിയിൽ, ഏദെൻ തോട്ടത്തിൽ ആദാമും ഹവ്വയും ആയിരുന്ന അതേ സ്ഥാനത്ത് ഇപ്പോൾ ആകുന്നു. നിങ്ങൾക്ക് ഒരു അവകാശമുണ്ട്. നിങ്ങൾ ഒരു സ്വതന്ത്ര സാന്മാർഗ്ഗിയായ പ്രവർത്തകനാകുന്നു. നിങ്ങൾക്ക് ജീവന്റെ വൃക്ഷമോ അല്ലെങ്കിൽ ന്യായവിധിയുടെ പദ്ധതിയോ സ്വീകരിക്കാം. എന്നാൽ ഇന്ന്, നിങ്ങൾ നിങ്ങളുടെ ശരിയായ മനോനിലയിൽ ആയിരിക്കുമ്പോൾ, നിങ്ങൾ വിവേകമുള്ളവർ

ആയിരിക്കുമ്പോൾ, നിങ്ങൾ എഴുന്നേറ്റ് അത് സ്വീകരിക്കാൻ വേണ്ടത്രയും ആരോഗ്യമുണ്ടായിരിക്കെ, നിങ്ങൾ ഇതുവരെയും അതു ചെയ്തിട്ടില്ലെങ്കിൽ എന്തുകൊണ്ട് അത് ചെയ്യുന്നില്ല.

370 ഇതുവരെയും അതു ചെയ്തിട്ടില്ലാത്ത, ജനങ്ങളിൽപ്പെട്ട ആരെങ്കിലും ഇവിടെയുണ്ടോ? അങ്ങനെയുണ്ടെങ്കിൽ, നിങ്ങളുടെ കൈ ഉയർത്തിക്കൊണ്ട്, പറയുമോ "ബ്രദർ ബ്രൺഹാം എനിയ്ക്കുവേണ്ടിയും പ്രാർത്ഥിക്കുക, ഞാൻ അത് ചെയ്യാൻ ആഗ്രഹിക്കുന്നു, അത് എന്റെ മേൽ വരുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല." ഇപ്പോൾ ഓർക്കു സ്നേഹിതരേ...ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. അത് നന്നായിരിക്കുന്നു. എനിക്കുണ്ട്...

371 ഇതിനെക്കുറിച്ച് എന്റെതായ ഒരു ആശയങ്ങളുമില്ല. ഞാൻ—ഞാൻ...ഇത് ഞാൻ ചിന്തിച്ചിരുന്നതല്ല; അതെല്ലാം എന്നിൽ നിന്നും തന്നെ. അതുകൊണ്ട് എന്നെ സഹായിക്കുക, പരിശുദ്ധാത്മാവ് അറിയുന്നു. നിങ്ങൾ കാത്തിരിക്കു, കർത്താവ് അവനുവദിക്കുമെങ്കിൽ, നാളെ രാത്രിയിൽ, എപ്പോഴും നടന്നുകൊണ്ടിരുന്ന ഒരു മർമ്മം, ഇവിടെ ഈ യോഗത്തിൽ തന്നെ, ഞാൻ നിങ്ങളെ കാണിച്ചുതരാൻ ആഗ്രഹിക്കുന്നു. എന്താണ്—എന്താണ് സംഭവിച്ചതെന്ന്, നോക്കു, നിങ്ങൾ അത് കണ്ടിരിക്കുമോ ഇല്ലയോ എന്ന് ഞാൻ നന്നേ സംശയിക്കുന്നു. അത് നേരെ നിങ്ങളുടെ മുമ്പിൽ കിടന്നിരുന്ന ചിലതായിരുന്നു. ഓരോ രാത്രിയിലും, അത്, കാരണം അതിന് എഴുന്നേല്ക്കേണ്ടതുണ്ട്, "ഞാൻ അത് കാണുന്നു," എന്ന് ആരെങ്കിലും പറയുന്നതു കേൾക്കാൻ ഞാൻ നോക്കിയിരുന്നു. കാണുന്നോ?

372 ദയവായി, അതിനെ നിരസിച്ചുകളയരുത്, ഞാൻ നിങ്ങളോട് അപേക്ഷിക്കുകയാണ്; നിങ്ങൾ ഒരു ക്രിസ്ത്യാനിയല്ലെങ്കിൽ, നിങ്ങൾ—നിങ്ങൾ രക്തത്തിൻ കീഴിലല്ലെങ്കിൽ, നിങ്ങൾ വീണ്ടും ജനിച്ചിട്ടില്ലെങ്കിൽ, പരിശുദ്ധാത്മാവിൽ നിറയുക.

373 യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനപ്പെട്ട്, അവന്റെ മരണത്തെയും, അടക്കത്തെയും, പുനഃരുത്ഥാനത്തെയും, നിങ്ങൾ സ്വീകരിച്ചിരിക്കുന്നു, നിങ്ങൾ അംഗീകരിച്ചിരിക്കുന്നു, എന്ന് ജനങ്ങളുടെ മുന്നിൽ വെച്ച് ഒരു ഏറ്റുപറച്ചിൽ നടത്തിയില്ലെങ്കിൽ, വെള്ളം തയ്യാറാണ്. അവർ കാത്തിരിക്കുന്നു. വസ്തുങ്ങളെല്ലാം ഒരുക്കപ്പെട്ടിരിക്കുന്നു, എല്ലാം തയ്യാറായിരിക്കുന്നു.

374 ക്രിസ്തു, തന്റെ കൈകൾ നീട്ടിക്കൊണ്ട്, നിങ്ങളെ സ്വീകരിക്കാനായി തയ്യാറായി നില്ക്കുന്നു. ഇപ്പോൾ തൊട്ട് ഒരു മണിക്കൂറിനുള്ളിൽ കരുണ നിങ്ങൾക്കായി നീട്ടപ്പെട്ടു എന്ന് വരികയില്ല. നിങ്ങൾ അത് അവസാനമായി തള്ളിക്കളയുന്നതായിരിക്കാം; അത്

വീണ്ടും ഒരിക്കലും നിങ്ങളുടെ ഹൃദയത്തെ തൊട്ടു എന്നിരിക്കില്ല, നിങ്ങൾക്ക് കഴിയുമ്പോൾ തന്നെ, എന്തുകൊണ്ട് അത് ചെയ്യുന്നില്ല? ഇപ്പോൾ...

375 ഇപ്പോൾ ജനങ്ങളെ അനുതാപത്തിനായി സാധാരണ വേദിയിലേക്ക് കൊണ്ടുവരുന്ന പതിവുള്ള രീതി എനിക്കറിയാം. നാം അതു ചെയ്തിരിക്കയും അത് പൂർണ്ണമായും ശരിയായ കാര്യവുമാകുന്നു. ഈ സമയത്ത് ഇവിടെ അത്രയും തിരക്കുള്ളതിനാൽ വേദിക്ക് ചുറ്റും എനിക്ക് അതിന് കഴിയില്ല.

376 എന്നാൽ ഞാൻ ഇത് പറയാൻ ആഗ്രഹിക്കുന്നു. അപ്പോസ്തലന്മാരുടെ കാലത്ത്, "വിശ്വസിച്ചവരെല്ലാം സ്നാനമേറ്റു," എന്നവർ പറഞ്ഞിരുന്നു. ഗ്രഹിച്ചോ? ഇപ്പോൾ തന്നെ അതുപോലെ, യഥാർത്ഥമായി, നിങ്ങളുടെ ഹൃദയത്തിനുള്ളിൽ! ഇവിടെ അത് എല്ലാമായിരിക്കുന്നു. അനുഭൂതി അതിനെ പിന്തുടരുന്നു എന്നിരിക്കിലും, ഇത്—ഇത് അനുഭൂതിയല്ല. അത് ഞാൻ പുകവലിയും മദ്യപാനവും പാപമല്ല എന്ന് പറയാറുള്ളതു പോലെയാണ്; അത് പാപത്തിന്റെ ലക്ഷണങ്ങളാണ്; അത് നിങ്ങൾ വിശ്വസിക്കുന്നില്ലെന്ന് കാണിക്കുന്നു. മനസ്സിലായോ? എന്നാൽ നിങ്ങൾ യഥാർത്ഥമായി നിങ്ങളുടെ ഹൃദയത്തിൽ വിശ്വസിക്കുമ്പോൾ, ഞാൻ പറഞ്ഞ കാര്യങ്ങളുടെ അടിസ്ഥാനത്തിൽ, നിങ്ങൾ ഇരിക്കുന്നിടത്ത് തന്നെ, അത് പൂർണ്ണ ഹൃദയത്തോടെ നിങ്ങൾ സ്വീകരിച്ചിരിക്കുന്നു എന്ന് നിങ്ങൾ അറിയുമ്പോൾ, അവിടെ തന്നെ എന്തോ ഒരു കാര്യം സംഭവിക്കാൻ പോകുന്നു. അത് സംഭവിക്കാൻ പോകുകയാണ്.

377 അതിനുശേഷം എന്തോ നിങ്ങൾക്ക് സംഭവിച്ചിരിക്കുന്നു എന്നതിന്റെ ഒരു സാക്ഷ്യത്തിനായി നിങ്ങൾക്ക് എഴുന്നേറ്റു നില്ക്കാൻ കഴിയും. പിന്നെ വെള്ളത്തിലേക്ക് നടന്ന് ചെന്നിട്ട്, പറയുക, "ഞാൻ ഇത് സഭയ്ക്ക് കാണിച്ചു കൊടുക്കാൻ, ഞാൻ തെളിയിക്കാൻ ആഗ്രഹിക്കുന്നു, ഞാൻ മണവാട്ടിയോടൊപ്പം എന്റെ സ്ഥാനത്തെ എടുത്ത്, എന്റെ സാക്ഷ്യം ഉണ്ടാക്കാൻ ആഗ്രഹിക്കുന്നു. ഇപ്പോൾ വെള്ളത്തിൽ സ്നാനമേല്ക്കാനായി ഞാൻ ഇവിടെ നില്ക്കുന്നു."

378 ഈ ലോകത്തിൽ വളരെയധികം സ്ത്രീകൾ, നല്ല സ്ത്രീകളുണ്ടെന്ന് ഈ രാത്രിയിൽ ഞാൻ അറിയുന്നു, എന്നാൽ അവരിൽ ഒന്നിനെ കണ്ടെത്തിയിരുന്നില്ലെങ്കിൽ ഞാൻ പ്രയാസത്തോടെയും ഒറ്റപ്പെട്ടവൻ ആയിരിക്കുമായിരുന്നു. അവരിൽ ഒരാൾ എന്റെ ഭാര്യയാകുന്നു. അവൾ എന്നോടൊപ്പം വീട്ടിലേക്ക് പോകുന്നു. തുടക്കത്തിൽ അവൾ എന്റെ ഭാര്യയായിരുന്നില്ല, എന്നാൽ അവൾ എന്റെ ഭാര്യയായി തീർന്നപ്പോൾ, അവൾ എന്റെ പേര് എടുത്തു.

379 അവൻ വരുന്നു. ലോകത്തിൽ, അനേക സഭകൾ, സ്ത്രീകളുണ്ട്, എന്നാൽ അവൻ തന്റെ ഭാര്യക്കായി വരുന്നു. അവന്റെ പേരിനാൽ അവൾ വിളിക്കപ്പെട്ടിരിക്കുന്നു. "ദൈവം ക്രിസ്തുവിലുള്ളവരെ അവൻ മുഖാന്തരം, അവനോട് കൂടെ വരുത്തും." നാം ക്രിസ്തുവിൽ എങ്ങനെയാണ് കടക്കുന്നത്? "നാം എല്ലാവരും ഏക ശരീരമാകുമാറ് ഒരേ ആത്മാവിൽ സ്നാനമേറ്റുകൊണ്ട്."

380 ഇപ്പോൾ ഞങ്ങൾ പ്രാർത്ഥിക്കുമ്പോൾ, നിങ്ങളും കൂടെ, പ്രാർത്ഥിക്കുക. അകത്തോ പുറത്തോ, മുറിക്കുള്ളിൽ വളരെ അധികം ജനങ്ങളുടെ കൂട്ടമായിട്ട്, പുറത്തും, ചുറ്റും തെരുവിലും നിൽക്കുന്നു. എന്നാൽ നിങ്ങൾ...ഇവിടെയുള്ള വേദിയിലേക്ക് നിങ്ങളെ ഞങ്ങൾക്ക് വിളിക്കാൻ കഴിയില്ല. എന്നാൽ, നിങ്ങളുടെ ഹൃദയത്തെ, ആ വേദിയാക്കി മാറ്റുക. നിങ്ങളുടെ ഹൃദയത്തിൽ തന്നെ പറയുക, "കർത്താവായ യേശുവെ, ഞാൻ ഇത് വിശ്വസിക്കുന്നു. ഞാൻ ഇന്ന് രാത്രിയിൽ ഇവിടെ ഇറങ്ങി വന്ന് നില്ക്കുന്നു. ഞാൻ ഈ ചെറിയ മുറിയിൽ ശ്വാസം മുട്ടി നില്ക്കുകയായിരുന്നു. ഈ ജനങ്ങളുടെ ഇടയിലായി ഞാൻ ഇരിക്കുന്നു. എനിക്ക്—എനിക്ക്—എനിക്ക്—എനിക്ക്...ഒഴിച്ച് കളയാൻ പറ്റുകയില്ല; എനിക്ക് അതിനു കഴിയുകയില്ല."

381 കഴിഞ്ഞ രാത്രിയിൽ, ഞാൻ പറഞ്ഞതു പോലെ, അതുമല്ല, സകല കാര്യങ്ങളും, ഞാൻ സത്യമാണ് പറഞ്ഞതെന്ന്, കർത്താവ് അറിയുന്നു. അതുകൊണ്ട് എന്നെ സഹായിക്കേണം. പൌലൊസ് പറഞ്ഞതു പോലെ, "ഞാൻ സംസാരിക്കുന്നത് ഭോഷ്കല്ല." ആ ദർശനം, അല്ലെങ്കിൽ അതു എന്തു തന്നെയായിരുന്നാലും ശരി; ഞാൻ അവിടെ നിന്നുകൊണ്ട്, കാണുകയും, ഞാൻ ഇവിടെ ഇപ്പോൾ നില്ക്കുന്നത് യാഥാർത്ഥ്യവും സത്യവും ആകുന്നതു പോലെ, കടന്നു പോയിരുന്ന ജനങ്ങളെ ഞാൻ തൊട്ടു. എന്റെ പാവം സഹോദരാ സഹോദരി; അതു വിട്ടുകളയരുതെ, അതു ചെയ്യരുത്. നിങ്ങൾ അതു പ്രസംഗിച്ചു കേട്ടിരിക്കുന്നു, നിങ്ങൾ *ഇതും അതും* അതുപോലെയുള്ള കഥകളുമെല്ലാം കേട്ടിരിക്കുന്നു, എന്ന് ഞാൻ അറിയുന്നു. എന്നാൽ... പറയുന്നതു ശ്രദ്ധിക്കു. എന്നെ സംബന്ധിച്ചിടത്തോളം ഇത്...ഇത് സത്യമാണ് എന്നു ഞാൻ അറിയുന്നു, നോക്കു. നിങ്ങൾക്കായി...നോക്കു, എനിക്ക് ഇതിലും കൂടുതലായി അതു വ്യക്തമാക്കാൻ കഴിയില്ല. അതു വിട്ടുകളയരുത്. അതെല്ലാം നിങ്ങൾക്കുള്ളതാകുന്നു.

ഇപ്പോൾ നമുക്ക് പ്രാർത്ഥിക്കാം.

382 കർത്താവായ യേശുവെ, ഇവിടെ എന്റെ മുമ്പിലായി രോഗികളായ ജനങ്ങളെ പ്രതിനിധീകരിച്ചു കൊണ്ട് തുവാലകളുടെ ഒരു പെട്ടി

കിടക്കുന്നു. “പൗലൊസിന്റെ മേൽ നിന്നും റുമാലും ഉത്തരീയവും രോഗികളുടെ മേൽ കൊണ്ടുവന്നിടുകയും വ്യാധികൾ അവരെ വിട്ടു മാറുകയും ദുരാത്മാക്കൾ പുറപ്പെട്ടു പോകുകയും വലിയ അടയാളങ്ങൾ നടക്കുകയും ചെയ്തു,” എന്നു തിരുവെഴുത്ത് പറയുന്നതിനാൽ, ഞാൻ അവയുടെ മേൽ, കൈകൾ വെച്ചുകൊണ്ടു പ്രാർത്ഥിക്കുന്നു.

383 എന്തെന്നാൽ, അവർ പൗലൊസിനെ കണ്ടിരുന്നു, ദൈവത്തിന്റെ ആത്മാവ് അവനിലായിരുന്നു എന്നറിഞ്ഞിരുന്നു. അവൻ—അവൻ ഒരു വിശിഷ്ട വ്യക്തിയായിരുന്നു എന്നും, അവൻ സംസാരിച്ചിരുന്ന കാര്യമെല്ലാം, വചനത്തെപ്പറ്റിയായിരുന്നു എന്നും അവർ അറിഞ്ഞിരുന്നു. എബ്രായ സഭയ്ക്കുള്ള എബ്രായ വചനം എടുത്ത്, അതിനെ ക്രിസ്തുവിൽ സ്ഥാനപ്പെടുത്തി, ജീവൻ കൊണ്ടുവരാൻ അവന് കഴിയുമായിരുന്നു. ദൈവം ആ മനുഷ്യനിലായിരുന്നു എന്ന് അവർ അറിഞ്ഞിരുന്നു. ദൈവം അവനിലൂടെ അതിശയോക്തവും അസാധരണവുമായ കാര്യങ്ങളെ ചെയ്തും, കാര്യങ്ങളെ മുൻകൂട്ടി പറഞ്ഞതു പോലെ തന്നെ സംഭവിച്ചിരുന്നതിനാലും, അവൻ ദൈവത്തിന്റെ ദാസനാണെന്നു അവർ അറിഞ്ഞുമിരുന്നു.

384 കർത്താവെ, ഈ ജനങ്ങളുടെ വചനത്തോടുള്ള ബഹുമാനത്തെ നീ മാനിക്കേണമെന്നു ഞാൻ പ്രാർത്ഥിക്കുന്നു, അവരെ യേശു നിമിത്തം സൌഖ്യമാക്കേണമെ. കർത്താവെ, ഇവിടെ പുറമെയായിരിക്കുന്ന ശ്രോതാക്കളിലും, പെന്തെക്കോസ്തു നാളിൽ അപ്പോസ്തലനായ പത്രൊസിനെ കേൾക്കാനായി ഇരുന്നതുപോലെ, ഒരു കൂട്ടർ അവിടെ ഇരിക്കുന്നുണ്ട്. അവൻ വചനത്തിലേയ്ക്ക് എങ്ങനെയാണ് തിരികെ പോയി, ആ വചനം എടുത്തതു! അവൻ പറഞ്ഞു, “ഈ കാര്യം അന്ത്യകാലത്തിൽ സംഭവിക്കുമെന്നു യോവേൽ പ്രവാചകൻ പറഞ്ഞിരിക്കുന്നു. അതാകുന്നു ഇതു.” അവിടെ മൂവായിരം പേർ വിശ്വസിക്കുകയും സ്നാനമേല്ക്കുകയും ചെയ്തു.

385 പിതാവെ, ഇന്നു ഞങ്ങൾ നിന്റെ കൃപയാൽ ഇവിടെ നില്ക്കുന്നു. ഇതൊരു വിശേഷ ജനം ആയിരിക്കുന്നതു കൊണ്ടല്ല, എന്നാൽ (സിംഹത്തിന്റെയും, കാളയുടെയും, മനുഷ്യന്റെയും, ദിവസങ്ങൾ മാതിരി) ഇത് കഴുകന്റെ സമയം ആയിരിക്കുന്നതിനാലാകുന്നു. ഇത് അഭിഷേകം ചെയ്യപ്പെടുന്ന സമയമാകുന്നു. ആ സമയത്താണ് ഞങ്ങൾ ജീവിക്കുന്നത്. ഇത് യേശു മരിച്ചിട്ടില്ല എന്ന് തെളിയിക്കുന്ന, ഈ വിശേഷ സമയത്തിലെ പരിശുദ്ധാത്മാവിന്റെ പ്രവർത്തിയാകുന്നു. സന്ധ്യാ സമയം അസ്തമിക്കും മുമ്പായി അവൻ ചെയ്യുമെന്ന് വാഗ്ദത്തം ചെയ്തിരുന്ന കാര്യങ്ങൾ, ഞങ്ങളുടെ യാത്രയിൽ തന്നെ, അവൻ നിർവ്വഹിച്ചുകൊണ്ട് പോകുന്നത് ഞങ്ങൾ കാണുന്നു. അത്

താഴേയ്ക്ക് ഇറങ്ങുന്നതും ശാസ്ത്രീയ നിരീക്ഷണങ്ങളിൽ അവന്റെ ചിത്രം എടുക്കുകയും ചെയ്തിരിക്കുന്നത് കണ്ടിരിക്കുന്നു; യിസ്രായേൽ മക്കളെ നയിച്ചിരുന്ന ആ മഹത്തായ അഗ്നിസ്തംഭം, പൗലോസിനെ അവന്റെ യാത്രയിൽ കണ്ടുമുട്ടിയവൻ.

386 മോശെയെ മരുഭൂമിയിൽ വഴി നടത്തിയ അതെ അഗ്നിസ്തംഭം, അതേ അഗ്നിസ്തംഭത്താൽ അവൻ ബൈബിളിലെ വളരെയധികം പുസ്തകങ്ങൾ എഴുതി, കാരണം അവൻ വചനത്താൽ അഭിഷേകം ചെയ്യപ്പെട്ടിരുന്നു, എന്നു ഞങ്ങൾ അറിയുന്നു.

387 അതേ അഗ്നിസ്തംഭം, ദമാസ്കസിലേക്കുള്ള പൗലൊസിന്റെ യാത്രയിൽ, അവന്റെ മേൽ വരികയും, അവൻ ബൈബിളിലെ അനേക പുസ്തകങ്ങൾ എഴുതുകയും ചെയ്തു, അതിനെ ദൈവ വചനം എന്ന് വിളിക്കുന്നു.

388 ഇപ്പോൾ, കർത്താവേ, അതേ അഗ്നിസ്തംഭം, ദൈവ വചനത്തിന്റെ പ്രമാണത്തിന്റെ തെളിവാലും, ശാസ്ത്രീയ ഗവേഷണത്താലും, അത് ഇവിടെ കർത്താവിന്റെ വചനത്തെ വെളിപ്പെടുത്തുന്നത് ഞങ്ങൾ കാണുന്നു.

389 ദൈവമേ, ജനങ്ങൾ എത്രയും വേഗം ഉണരുവാൻ ഇടയാക്കണമെ, കർത്താവെ, അതി വേഗം! ജീവന്റെ പുസ്തകത്തിൽ പേരെഴുതപ്പെട്ടിട്ടുള്ളവർ; അവരുടെ വഴിയിൽ ഈ പ്രകാശം മിന്നുമ്പോൾ, അവർ ഇത് കാണാൻ ഇടയാകട്ടെ. അത് കിണറ്റുകരയിൽ വച്ച് കണ്ടുമുട്ടിയ ആ അപകീർത്തിയായ സ്ത്രീയെപ്പോലെ ആയിട്ട്, അവൾ പെട്ടെന്ന് തിരിച്ചറിഞ്ഞു, അത് തിരുവെഴുത്തായിരുന്നു എന്ന് അവൾ അറിഞ്ഞു.

390 ഇപ്പോൾ, പിതാവേ, ഈ സമയത്ത് നിന്നെ അവരുടെ ഹൃദയങ്ങളിൽ സ്വീകരിക്കുന്ന ഓരോരുത്തരും, ഈ നാഴികയിൽ തന്നെ, അവരുടെ പാപങ്ങളിൽ നിന്നും വിമുക്തരായി എന്ന്, ഉറപ്പിക്കാൻ നീ ഇടയാക്കി; പരസ്യമായി ഏറ്റു പറച്ചിലിന്റെ ഒരുക്കങ്ങൾ നടത്താൻ എഴുന്നേല്ക്കാനും, അവരുടെ പാപ മോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിലുള്ള സ്നാനം എടുത്തുകൊണ്ട്; അവരോട് അത് ക്ഷമിച്ചിരിക്കുന്ന ദൈവത്തെ അവർ വിശ്വസിക്കുന്നു എന്ന് കാണിക്കാനുമായി, അവർ യേശുക്രിസ്തുവിന്റെ നാമം എടുത്തിരിക്കുന്നു.

391 അപ്പോൾ, പിതാവേ, അവർ ദൈവമായ കർത്താവിന്റെ സേവയ്ക്ക് സ്ഥാനപ്പെടാനായി, പരിശുദ്ധാത്മാവാകുന്ന, എണ്ണ അവരുടെ മേൽ പകർന്ന്, ഈ അവസാന ദുഷ്ട നാളുകളിൽ നിന്റെ വേലക്കാരായി തീരാൻ ഇടയാകട്ടെ, കാരണം ഞങ്ങൾക്ക് കുറച്ചു സമയമേ

ശേഷിച്ചിട്ടുള്ളു എന്ന് ഞങ്ങൾ തിരിച്ചറിയുന്നു. സഭ ഏതു സമയത്തും പുറപ്പെട്ടു പോകാനിടയുണ്ട്.

392 കുഞ്ഞാട് ഏതു സമയത്തും, വിശുദ്ധ സ്ഥാനത്തെ അല്ലെങ്കിൽ ബലി സിംഹാസനത്തെ വിട്ട്, ബലി കിടക്കുന്നതായ ദൈവത്തിന്റെ സിംഹാസനത്തെ വിട്ട്, മുമ്പോട്ട് വരാനിടയുണ്ട്, പിന്നെ എല്ലാം കഴിഞ്ഞിരിക്കും; ലോകത്തിന് പിന്നെ ഒരു പ്രതീക്ഷയും ശേഷിച്ചിരിക്കില്ല; അവൾ തീർന്നു കഴിഞ്ഞിരിക്കുന്നു. പിന്നെ അവൾ വലിയ വിഭ്രാന്തിയിലേക്കും, ഭൂകമ്പങ്ങളുടെ പേശീസങ്കോചങ്ങളിലേയ്ക്കും പോകും, അത് ഉയിർത്തെഴുന്നേല്പ് സമയത്ത് ഉണ്ടായതുപോലെയുള്ള ഇളക്കങ്ങൾ ആയിരിക്കും. പിന്നെ—പിന്നെ, ആ—ആ...

393 ക്രിസ്തു കല്ലറയിൽ നിന്നും ഉയിർത്തെഴുന്നേറ്റപ്പോൾ, വിശുദ്ധന്മാരും ഉയിർത്തെഴുന്നേറ്റതു പോലെ, അതേ കാര്യം തന്നെ നടക്കും. കർത്താവേ, അത് ഏത് നിമിഷവും ആയിരിക്കാം. ആ മഹത്വമേറിയ ആനന്ദ ദിവസത്തിനായി ഞങ്ങൾ കാത്തിരിക്കുന്നു.

394 ഇപ്പോൾ പിതാവേ, നിന്റെ മക്കളെ നിന്റെ കൈക്കീഴിൽ അണച്ചു കൊള്ളേണമെ. നിന്റെ മാർവ്വിടത്തിലേക്ക് നിന്റെ കുഞ്ഞാടുകളെ അടുപ്പിക്കേണമെ. ഇത് അനുവദിക്കേണമെ. അവർ സേവനത്തിനായുള്ള ശക്തി പ്രാപിക്കുവോളം, അവരെ വചനത്താൽ പോഷിപ്പിക്കേണമെ. കർത്താവെ, ഞങ്ങൾ അവരെ ഇപ്പോൾ നിനക്കായി സമർപ്പിക്കുന്നു. ഈ പ്രാർത്ഥനക്ക് ഉത്തരമരുളേണമെ.

395 പിതാവേ, "നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ, യാചിക്കുന്നതൊക്കെയും ലഭിച്ചു എന്ന് വിശ്വസിപ്പിൻ, എന്നാൽ അത് നിങ്ങൾക്കുണ്ടാകും," എന്ന് നീ മർക്കൊസിന്റെ, 11-ാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്നു,

396 കഴിഞ്ഞു പോയ എല്ലാ കാലങ്ങളും, ഇവിടെ ഈ കഴിഞ്ഞ ആഴ്ചയിലെ ഈ മുദ്രകളുടെ രഹസ്യങ്ങളും, ഞങ്ങൾക്ക് വെളിപ്പെടുത്തി തന്ന നിന്നെ എന്റെ പൂർണ്ണഹൃദയത്തോടെ, ഞാൻ വിശ്വസിക്കുകയും, ദൈവമായ കർത്താവെ, ആ നാഴിക, ഇപ്പോൾ വളരെ അടുത്തിരിക്കുന്നു, നിന്റെ വരവ് ഞങ്ങൾ ചിന്തിക്കുന്നതിലും വളരെ അടുത്തായിരിക്കുന്നു എന്നും ഞങ്ങൾ വിശ്വസിക്കുകയും ചെയ്യുന്നു.

397 ദയവായി, എന്റെ പ്രാർത്ഥനക്കുത്തരം നൽകേണമെ. വിളിക്കപ്പെട്ട ഓരോ ദൈവമക്കളും, ഇവിടെ നിന്നും ദൂരത്തായി കേട്ടുകൊണ്ടിരിക്കുകയോ, അല്ലെങ്കിൽ ഈ ടേപ്പുകൾ സ്വാധീനിച്ചതിനാലോ, ആ സമയത്തുതന്നെ...ഈ വെളിപ്പെടുത്തപ്പെട്ട വചനത്തിന്റെ അടിസ്ഥാനത്തിൽ, ഞാൻ അവരെ ദൈവ രാജ്യത്തിലേക്ക് അവകാശപ്പെടുന്നു. പിതാവേ, സന്ധ്യാ വെളിച്ചം

പ്രകാശിക്കാനിടയാകട്ടെ. യേശുവിന്റെ നാമത്തിൽ, ഞാൻ അവരെ നിനക്ക് സമർപ്പിക്കുന്നു.

398 ഇപ്പോൾ, അകത്തും പുറത്തും, വിശ്വസിക്കുന്നവരായി നില്ക്കുന്ന, എല്ലാവരും, അവരുടെ പാപങ്ങൾ വിട്ടുകളഞ്ഞതായി ഇതുവരെയും പരസ്യമായി ഏറ്റു പറഞ്ഞിട്ടില്ലെങ്കിൽ, നിങ്ങൾ പാപവുമായി മുന്നോട്ട് പോകുന്നത് നിർത്തിയിരിക്കുന്നു; നിങ്ങൾ—നിങ്ങൾ ദൈവത്തിന്റെ കരുണ ആഗ്രഹിക്കുകയും, യേശുക്രിസ്തുവിൽ നീ അവരെ സ്വീകരിക്കുകയും ചെയ്തിരിക്കുന്നു. കുളം...സ്നാനമേല്ക്കാൻ ആഗ്രഹിക്കുന്ന ഏത് വ്യക്തിയെയും, സ്നാനപ്പെടുത്താൻ ഇന്നോ, നാളെയോ, ഇപ്പോഴായാലും അത് എപ്പോഴായാലും അവർ തയ്യാറായിരിക്കുന്നു.

399 നിങ്ങൾ ആറാം മുദ്ര ആനന്ദിച്ചോ? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, "ആമേൻ."—Ed.] അത് എവിടെയാണ് ഇപ്പോൾ തുറക്കപ്പെട്ടിരിക്കുന്നതെന്ന് നിങ്ങൾ കണ്ടോ? ["ആമേൻ."] നിങ്ങൾ അത് വിശ്വസിക്കുന്നോ? ["ആമേൻ."]

400 അതു പറയുന്നു, "ഞങ്ങൾ കേൾപ്പിച്ചത് ആർ വിശ്വസിച്ചിരിക്കുന്നു? യഹോവയുടെ ഭുജം ആർക്ക് വെളിപ്പെട്ടിരിക്കുന്നു? കാണുന്നോ? കേൾപ്പിച്ചത് വിശ്വസിക്കുക, അപ്പോൾ യഹോവയുടെ ഭുജം വെളിപ്പെട്ടു വരുന്നു. ഭുജം, ദൈവത്തിന്റെ വചനം, വെളിപ്പെട്ടതാകുന്നു.

401 ഇപ്പോൾ, കർത്താവ് അനുവദിക്കുന്നപക്ഷം, നാളെ രാവിലെ, നിങ്ങളുടെ ചോദ്യങ്ങൾക്ക് കഴിയാവുന്നത്രയും നന്നായി ഉത്തരം നല്കാൻ ഞാൻ ശ്രമിക്കുന്നതാണ്. രാത്രികളിൽ ശേഷമുള്ള സമയം മുഴുവൻ കൂടുതലായും, പ്രാർത്ഥയിലായിട്ട്, അവയ്ക്കായി ചെലവഴിക്കുന്നു. എനിക്ക് ഒരു രാത്രിയിൽ ഏകദേശം ഒരു മണിക്കൂർ മുതൽ മൂന്നു മണിക്കൂർ വരെ കിട്ടുന്നുണ്ട്. കഴിഞ്ഞ രാത്രിയിൽ ഒരു മണിവരെ എനിക്ക് കിടക്കയിലേക്ക് പോകാൻ കഴിഞ്ഞിരുന്നില്ല; പിന്നെ മൂന്ന് മണിയോട്ടുകൂടി ഞാൻ പഠനത്തിലായി കഴിഞ്ഞിരുന്നു. കാണുന്നല്ലോ? കാണുന്നോ?

402 എനിക്ക് ഇതിന് ഉത്തരം പറയേണ്ടതായിട്ടുണ്ട്. അത് ശരിയാണ്. നാം ഏതൊരു കാര്യത്തിനോടും അത്രയും അടുത്തായിട്ട്, അത് എന്തെങ്കിലും ഭോഷ്ക്കാണോ, അതോ ഒരു ഊഹാപോഹമാണോ, അതോ എന്തെങ്കിലും അല്പവിശ്വാസമാണോ എന്ന് ആദ്യം എനിക്ക് അത് നോക്കേണ്ടതുണ്ട്. അങ്ങനെ അത് ഞാൻ കണ്ടതിനുശേഷം, അത് വചനത്തിലുള്ള കാര്യമാണോ എന്നും നോക്കേണ്ടത് ആവശ്യമാകുന്നു. ഇതുവരെയും ദൈവ കൃപയാൽ അത് പൂർണ്ണമായി നടന്നിരിക്കുന്നു. ഇതുവരെയും, ദൈവ കൃപയാൽ,

അവയെല്ലാം കൃത്യമായും ആയിരുന്നു. ഞാൻ അത് തിരുവെഴുത്തി എല്ലായിടത്തും കൂടി എടുത്തു നോക്കിയിട്ട്, അത് തമ്മിൽ ഒന്നോടൊന്ന് ബന്ധപ്പെട്ടിരിക്കുന്നു.

403 അത് കർത്താവ് ഇപ്രകാരം അരുളിചെയ്യുന്നു എന്നാകേണ്ടതുണ്ട്. കാരണം, അത് ഞാൻ സ്വയമായി, എന്നിൽ നിന്നും തന്നെ ഞാൻ പറയുന്നു എന്ന് അറിയുക മാത്രമല്ല, എന്നാൽ കർത്താവിന്റെ വചനം ഇപ്രകാരം അരുളി ചെയ്യുന്നു എന്നുമാകുന്നു. വചനം ഇതാ ഇവിടെയായിട്ട്, അവൻ എനിക്ക് നല്കിയതിനെ എടുത്തിട്ട്, ഒന്നോടൊന്ന് കൂട്ടിച്ചേർത്തുകൊണ്ട് അത് നമ്മെ കാണിച്ചു തന്നിരിക്കുന്നു. അതുകൊണ്ട് നിങ്ങൾക്ക് അത് സ്വയമായി, ഇത് കർത്താവ് അരുളിചെയ്ത വചനമാകുന്നു എന്ന് അറിയാൻ കഴിയുന്നു. മനസ്സിലായോ?

404 ഇവിടെ ഇതാ വചനം, ഇപ്രകാരം പറയുന്നു. പിന്നെ അവൻ എനിക്ക് നല്കിയ വെളിപ്പാട്, അത് ഇതിനു മുമ്പ് ഒരിക്കലും നമ്മിൽ ആരും തന്നെ ചിന്തിച്ചിരുന്നതിന് വിരുദ്ധമായിട്ടുള്ളതും ആയിരുന്നു; എന്തുകൊണ്ട്, ഞാൻ ചിന്തിച്ചിരുന്നതിനും വിപരീതമായിട്ടായിരുന്നു, കാരണം, ഞാൻ ഇതിലേക്ക് ഒരിക്കലും ഇപ്രകാരം പോയിരുന്നില്ല. എന്നാൽ ഇപ്പോൾ, അത് തമ്മിൽ ഒത്തുചേർന്ന് പോകുന്നത് നാം കാണുന്നു. എന്താകുന്നു ഇത്? ഇത് കർത്താവ് ഇപ്രകാരം അരുളി ചെയ്തതാകുന്നു. കാണുന്നോ? ഇത് കൃത്യമാകുന്നു. ഇത് അതുപോലൊരു സ്ഥാനത്ത് എത്തിയിട്ട് ഈ നാഴികയിലേക്ക് തുറക്കപ്പെടുന്നതിനായി പിടിച്ചു വെച്ചിരിക്കുകയും അതിനുശേഷം, കർത്താവ് വന്ന് അത് നേരെ അതിലേക്ക് എടുത്തുയർത്തുകയും ചെയ്യുന്നതാകുന്നു. അതുകൊണ്ട്, നിങ്ങൾ നോക്കൂ, അത് അവിടെയാകുന്നു. ഇത്, ഇത്—ഇത് കർത്താവാകുന്നു, ഓ, ഞാൻ അവനെ സ്നേഹിക്കുന്നു! ഞാൻ അവനെ മുഴു ഹൃദയത്തോടും കൂടെ സ്നേഹിക്കുന്നു.

405 ഇപ്പോൾ ഓർക്കു, നിങ്ങൾ...നമുക്ക് വേദിയിലേക്ക് കടന്നു വരാൻ കഴിഞ്ഞില്ല. വളരെപ്പേർ കരങ്ങൾ ഉയർത്തിപ്പിടിച്ചിരുന്നു. ഇപ്പോൾ, നോക്കൂ, ഇത് നിങ്ങളുമായിട്ടുള്ള ഒരു വ്യക്തിപരമായ കാര്യമാകുന്നു. ഇത് നിങ്ങൾ ആഗ്രഹിക്കുന്ന ഏതുവിധേനയും ചെയ്യാം. മനസ്സിലായോ?

406 ആ നാഴിക അത്രയും അടുത്തായിട്ട്, നിങ്ങൾക്ക് കഴിയാവുന്നത്രയും ശക്തമായിട്ട് തള്ളിക്കയറിയിരിക്കേണ്ടത് ആവശ്യമാകുന്നു, ആരും നിങ്ങളെ തള്ളിക്കയറ്റുന്നതിന് ഇടയാക്കരുത്. നോക്കു, ആഞ്ഞുകൊണ്ടിരിക്കുക, അകത്തു കടക്കാൻ

ശ്രമിച്ചുകൊണ്ട് "കർത്താവേ, എന്നെ പുറത്താക്കരുതെ. കർത്താവേ, എന്നെ വിട്ടുകളയരുതെ. വാതിൽ അടഞ്ഞു കൊണ്ടിരിക്കയും; എനിക്ക് അകത്തു കടക്കാനും കഴിഞ്ഞില്ലെങ്കിൽ! കാണുന്നോ?

407 ദൈവം ഒരു ദിവസം ആ വാതിൽ അടക്കും. അവൻ നോഹയുടെ കാലത്ത് അത് ചെയ്തു, അവർ വാതിലിൽ അടിച്ചു കൊണ്ടിരുന്നു. [ബ്രദർ ബ്രൺഹാം പല പ്രാവശ്യം പ്രസംഗ പീഠത്തിൽ മുട്ടുന്നു—Ed.] അത് ശരിയല്ലേ? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, "ആമേൻ."]

408 ഇപ്പോൾ ഓർക്കുക, ബൈബിൾ അതു പറയുന്നു. "ഏഴാം യാമത്തിൽ." അത് ശരിയല്ലേ? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, "ആമേൻ."—Ed.] ചിലർ ഒന്നാം യാമത്തിലും, രണ്ടിലും, മൂന്നിലും, നാലിലും, അഞ്ചിലും, ആറിലും, ഏഴിലും ആയി ഉറങ്ങിപ്പോയി. എന്നാൽ ഏഴാം യാമത്തിൽ, വിളിയുണ്ടായി, ഒരു ആർപ്പുവിളിയുണ്ടായി, "മണവാളൻ വരുന്നു! അവനെ എതിരേല്പാൻ പുറപ്പെട്ടുവിൻ."

409 അപ്പോൾ ബുദ്ധിയില്ലാത്ത കന്യകമാർ പറഞ്ഞു, "പറഞ്ഞു, ഇപ്പോൾ നിങ്ങളുടെ എണ്ണയിൽ കുറച്ചു ഞങ്ങൾക്ക് തരുവിൻ."

410 അതിനു മണവാട്ടി പറഞ്ഞു, "ഞങ്ങൾക്ക് ആവശ്യത്തിനുള്ളതേ ഞങ്ങളുടെ പക്കലുള്ളൂ; അത്രയും കഷ്ടിച്ചേയുള്ളൂ. നിങ്ങൾക്ക് വേണമെങ്കിൽ, പോയി പ്രാർത്ഥിക്കൂ."

411 ഇപ്പോൾ നിങ്ങൾ ഉറങ്ങിപ്പോയ കന്യകമാരെ കാണുന്നില്ലേ? എപ്പിസ്കോപ്പിലിയനും, പ്രിസ്ബിറ്റേറിയനേയും, ലൂഥറിനും, മറ്റുള്ളവരും, ശ്രമിച്ചു കൊണ്ടിരിക്കുന്നത് നോക്കൂ. അതിന്റെ കുഴപ്പമെന്തെന്നാൽ, പരിശുദ്ധാത്മാവിനെ പ്രാപിക്കാൻ ശ്രമിക്കുന്നതിനു പകരം, അവർ അന്യഭാഷകളിൽ സംസാരിക്കാൻ ശ്രമിക്കുന്നതാണ്. മനസ്സിലായോ?

412 അവരിൽ അനേകരും അന്യഭാഷകളിൽ സംസാരിക്കുകയും, പ്രാർത്ഥിക്കാനായി ഈ സഭയിലേയ്ക്ക് കടന്നുവരാൻ ലജ്ജയുള്ളവരാകുന്നു; അവരുടെ വീടുകളിൽ ചെന്ന് ഞാൻ അവർക്കു വേണ്ടി പ്രാർത്ഥിക്കാൻ അവർ ആഗ്രഹിക്കുന്നു. അതിനെയാണോ നിങ്ങൾ പരിശുദ്ധാത്മാവെന്ന് വിളിക്കുന്നത്? അത് അന്യഭാഷകളിൽ സംസാരിക്കുന്നതാകുന്നു, എന്നാൽ പരിശുദ്ധാത്മാവല്ല. മനസ്സിലായോ?

413 ഇപ്പോൾ, പരിശുദ്ധാത്മാവ് അന്യഭാഷയിൽ സംസാരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഞാൻ അത് വിശ്വസിക്കുന്നു എന്ന്

നിങ്ങൾക്കറിയാം. നോക്കൂ, എന്നാൽ അതിനു പകരമായി കപടമായ ഒന്നും കൂടിയുണ്ട്. അതെ, ശ്രീമാൻ. ആത്മാവിന്റെ ഫലമാണ്, അതാണ് അത് എന്താണെന്ന് തെളിയിച്ചു കാണിക്കുന്നത്. ഒരു വൃക്ഷത്തിന്റെ ഫലം അത് ഏത് തരത്തിലുള്ള വൃക്ഷമാണെന്ന് തെളിയിച്ചു തരുന്നു. മരത്തൊലിയല്ല; ഫലം!

414 ഇപ്പോൾ ശ്രദ്ധിക്കൂ, അങ്ങനെ, ആ—ആ അവസാന മണിക്കൂറിലേയ്ക്ക് അവൾ വരുമ്പോൾ. അവിടേയ്ക്ക്, അവർ കടന്നുവരികയും, പിന്നെ അവർ കടന്നു പോകുകയും ചെയ്തിട്ടു പറയും, "അതെ, എനിക്ക് അത് ഇപ്പോൾ കിട്ടിയിരിക്കുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു. എനിക്ക് അതു കിട്ടിയിരിക്കുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു. അതെ. നമുക്ക് അത് കിട്ടികൊണ്ടിരിക്കുന്നു."

415 ഞാൻ—ഞാൻ—ഞാൻ—ഞാൻ ഇത് പറയാതിരിക്കുന്നതാണ് നല്ലത്, നോക്കൂ, അതൊരു ചിന്താകുഴപ്പത്തിനു കാരണമായേക്കാം. കഴിഞ്ഞ ദിവസം, ഞാൻ മേഘങ്ങളിലേക്കുള്ള എടുക്കപ്പെടൽ, അത് എങ്ങനെ വരുമെന്നു, ഞാൻ—ഞാൻ...ഇപ്പോൾ, നിങ്ങൾ—നിങ്ങൾ അത് ശരിയായി എടുക്കുമെങ്കിൽ, കുഴപ്പമൊന്നുമില്ല. [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, "ആമേൻ."—Ed.] ശ്രദ്ധിക്കുക. ശ്രദ്ധിക്കുക. ശരി. അത് നിങ്ങളെ ആശ്രയിച്ചിരിക്കുന്നു.

416 ഉറങ്ങിപ്പോയ കന്യകമാർ, നോക്കൂ, തിരികെ വരാനായി, അവൾ പ്രാർത്ഥിച്ചു കഴിഞ്ഞെന്നിരിക്കിലും, അപ്പോഴേയ്ക്കും മണവാട്ടി പൊയ്ക്കഴിഞ്ഞിരുന്നു. അത് പോയ്ക്കഴിഞ്ഞിരുന്നു, അവൾക്ക് അത് അറിയാനായില്ല; അത് കള്ളൻ രാത്രിയിൽ വരുന്നതു പോലെയായിരുന്നു. അപ്പോൾ അവർ വാതിലിൽ മുട്ടാൻ തുടങ്ങി. എന്താണ് സംഭവിച്ചത്? സംഭവിച്ചത് എന്തായിരുന്നു? അവർ ഉപദ്രവകാലത്തേക്ക് തള്ളിക്കളയപ്പെട്ടു. ബൈബിൾ പറയുന്നു, "അവിടെ കരച്ചിലും നിലവിളിയും പല്ലുകടിയും ഉണ്ടാകും". അത് ശരിയല്ലേ?

417 സഹോദരാ, സഹോദരി, എപ്പോഴാണ് ഇത് സംഭവിക്കുന്നതെന്ന്, എനിക്കറിയില്ല. എന്നാൽ ഞാൻ—ഞാൻ, എനിക്ക്, ഞാൻ ഇവിടെ ആയിരിക്കുമ്പോൾ തന്നെയാകാം, ഇപ്പോൾ, നോക്കൂ. ഇത്, ഇത് എന്താണ്...ഇത് എന്റെ വിചാരമാകുന്നു. കാണുന്നോ? അത് അത്രയും അടുത്താണെന്ന് ഞാൻ—ഞാൻ—ഞാൻ വിശ്വസിക്കുന്നു. ഞാൻ—ഞാൻ...ഓരോ ദിവസവും, ഞാൻ ആഗ്രഹിക്കുന്നത്...എനിക്ക് കഴിയാവുന്നിടത്തോളം സൗമ്യതയോടെ നടക്കാൻ ഞാൻ ശ്രമിക്കുന്നു. കാണുന്നോ? ഇപ്പോൾ നിങ്ങൾ അത് അറിഞ്ഞിരിക്കേ പിന്നെ...

418 എന്തോ ചിലതു ഇന്ന് സംഭവിച്ചിരിക്കുകയും, എന്തോ ഒന്ന് കടന്നു വരുന്നതായി ഞാൻ കാണുകയും ചെയ്യുന്നു. ഞാൻ—ഞാൻ ഇങ്ങനെ...എനിക്ക് പിന്നെ ശ്വാസം എടുക്കാൻ പോലും കഴിഞ്ഞില്ല, നോക്കു. അവിടെ അവൻ ആയിരുന്നു, അവിടെ നിന്നിരുന്നു, ആ ചെറിയ വെളിച്ചം നേരെ അവിടെത്തന്നെ നിന്നിരുന്നു. അത് ഇവിടെ ആയിരുന്നു. അത് സത്യമാണെന്ന് ഞാൻ അറിയുന്നു.

419 ഞാൻ ഓർത്തു, "ഓ, ദൈവമെ, എനിക്കത് പറയാൻ കഴിയില്ല. എനിക്ക്—എനിക്ക് അത് പറയാൻ കഴിയില്ല. എനിക്ക് കഴിയില്ല." ഞാൻ മുറിയിൽ നിന്നും പുറത്തിറങ്ങി, പുറത്ത് പോയി, അങ്ങോട്ടും—ഇങ്ങോട്ടും നടക്കാൻ തുടങ്ങി. സഹോദരാ, ഞാൻ ചിന്തിച്ചു, "എന്റെ! എനിക്ക് എന്തു ചെയ്യാൻ കഴിയും? ഓ!" കാണുന്നോ? എനിക്ക് മീൻ പിടിക്കുന്നതിനോ മറ്റോ പോകേണ്ടത് ആവശ്യമായിരിക്കുന്നു, അല്ലെങ്കിൽ ഞാൻ...മനുഷ്യാ...നിങ്ങളോട്...നിങ്ങളോടു എനിക്ക് അത് പറയാൻ കഴിയില്ല. മനസ്സിലായോ?

420 അങ്ങനെ, നമുക്കൊരു നല്ല സമയം കിട്ടിയിരുന്നു. കിട്ടിയിരുന്നില്ലേ? ദൈവത്തിന് സ്തുതിയായിരിക്കട്ടെ! ആമേൻ! കാണുന്നോ? നാം, നാം ഒരു മഹത്തായ സമയത്തായിരിക്കുന്നു, നോക്കു, സന്തോഷത്താലും ആനന്ദത്താലും എന്റെ ഹൃദയം നിറഞ്ഞിരിക്കുന്നു.

421 എന്നാൽ ഞാൻ ഈ ലോകത്തെയും ഈ ലോകത്തിൽ എനിക്കറിയാവുന്ന ആയിരക്കണക്കിന് നഷ്ടപ്പെട്ടവരെയും കറുത്ത നിഴലിൻ അടിയിൽ ആയിരിക്കുന്നവരെയും കുറിച്ച് ചിന്തിക്കുമ്പോൾ, ഹും, അപ്പോൾ നിങ്ങളുടെ ഹൃദയം രക്തം ചൊരിയാൻ തുടങ്ങുന്നു. "നിനക്ക് എന്തുചെയ്യാൻ കഴിയും? നിനക്ക് എന്ത് ചെയ്യാൻ കഴിയും?" പരിശുദ്ധാത്മാവ് നിങ്ങളുടെ ഹൃദയത്തിൽ നിലവിളിക്കുന്നതായി നിങ്ങൾക്ക് അനുഭവിക്കാൻ കഴിയും. അത് നമ്മുടെ കർത്താവ് യെരുശലേമിനെ നോക്കിക്കൊണ്ട്, തന്റെ സ്വന്തം ജനങ്ങളെ നോക്കി പറഞ്ഞതുപോലെ, നോക്കു, അവൻ പറഞ്ഞു, "യെരുശലേമെ, യെരുശലേമെ, കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകിൻകീഴിൽ ചേർക്കുംപോലെ എത്രവട്ടം ചേർത്തുകൊൾവാൻ എനിക്ക് മനസ്സായിരുന്നു, നിങ്ങൾക്കോ മനസ്സിലായില്ല." അതുപോലെ പരിശുദ്ധാത്മാവ്, "എത്രവട്ടം നിന്നെ ചേർത്തുകൊൾവാൻ എനിക്ക് മനസ്സായിരുന്നു, നിങ്ങൾക്കോ മനസ്സായില്ല," എന്ന് പറയുന്നതുപോലെ നിങ്ങൾക്ക് അനുഭവപ്പെടുന്നു. കാണുന്നോ?

422 നാം, നാം ഇവിടെ എന്തോ ഒന്നിൽ ആകുന്നു സ്നേഹിതരെ. അത് എന്തായാലും ദൈവം അറിയുന്നു. അത് എപ്പോൾ സംഭവിക്കുമെന്ന്,

ആർക്കും, ആർക്കും അറിയില്ല. അത് ഒരു രഹസ്യമാകുന്നു. അത് എപ്പോൾ സംഭവിക്കുമെന്ന് ആർക്കും അറിയില്ല.

423 എന്നാൽ യേശു നമ്മോടു പറഞ്ഞു, "നിങ്ങൾ ഇതൊക്കെയും, ഇതെല്ലാം കാണുമ്പോൾ." ഞാൻ ആറാം മുദ്രയെ, അവൻ മത്തായി 24-ൽ പറഞ്ഞതുമായി, ഞാൻ താരതമ്യപ്പെടുത്തി പറഞ്ഞതു പോലെയാകുന്നു. ഇപ്പോൾ അവൻ എന്തു പറഞ്ഞെന്ന് ഓർക്കുക. "അങ്ങനെ നിങ്ങൾ ഇതൊക്കെയും, സംഭവിച്ചു തുടങ്ങുന്നത് കാണുമ്പോൾ, സമയം വാതിൽക്കൽ തന്നെ ആയിരിക്കുന്നു എന്നറിഞ്ഞു കൊൾവിൻ." അതിന് തൊട്ട് ശേഷമുള്ള വാക്യങ്ങൾ ശ്രദ്ധിക്കുക. 30-ഉം 31 വരെയുള്ള വാക്യങ്ങളും തുടർന്ന് 32-ഉം 33-ഉം വാക്യങ്ങളാകുന്നു.

424 അവൻ പറഞ്ഞു, "അവൻ തന്റെ ദൂതന്മാരെ മഹാ കാഹളധ്വനിയോടു കൂടെ അയയ്ക്കും. അവർ അവന്റെ വൃതന്മാരെ ആകാശത്തിന്റെ അറുതിമുതൽ അറുതിവരെയും നാലു ദിക്കിൽ നിന്നും കൂട്ടിച്ചേർക്കും." അത് ശരിയല്ലേ?

പറഞ്ഞു, "ഇപ്പോൾ ഒന്നു പഠിക്കുക...

425 ഇപ്പോൾ ഓർക്കുക, അവൻ അവിടെത്തന്നെ നിർത്തിക്കളഞ്ഞു. അവൻ അതിന് മുമ്പോട്ട്, ആറാം മുദ്രക്കുശേഷം മുമ്പോട്ട് പോയില്ല. അവൻ ഏഴാമത്തേതിനെക്കുറിച്ച് യാതൊന്നും പറഞ്ഞില്ല. അവൻ ഒന്നും, രണ്ടും, മൂന്നും, നാലും, അഞ്ചും ആറും പറഞ്ഞു. എന്നാൽ അവൻ അവിടെ നിർത്തിയിട്ട്, ഒരിക്കലും അതിനെക്കുറിച്ച് യാതൊന്നും പറഞ്ഞില്ല.

426 അവൻ പറഞ്ഞ അടുത്ത കാര്യം ശ്രദ്ധിക്കുക, "അത്തിയെ നോക്കി ഉപമ പഠിപ്പിൻ." കാണുന്നോ? പിന്നെ അവൻ ഉപമയെക്കുറിച്ച് പറഞ്ഞു തുടങ്ങി. അവൻ പറഞ്ഞു, "ഈ കാര്യങ്ങൾ സംഭവിക്കുന്നത്."

427 അവൻ അവരുടെ മൂന്നു ചോദ്യങ്ങൾക്ക് ഉത്തരം പറയുകയായിരുന്നു. "ഈ അടയാളങ്ങൾ എന്താകുന്നു...? നിന്റെ വരവിന്റെ അടയാളങ്ങൾ എന്താണ്? ലോകാവസാനത്തിന്റെ അടയാളം എന്താകുന്നു?

428 ആറാമത്തേതിൽ, അവിടെ, അത് ലോകാവസാനമായിരുന്നു. ഏഴാമത്തെ ദൂതന്റെ കാഹള നാദത്തിന്റെ കാലത്ത്..."അവൻ തന്റെ കൈ ആകാശത്തിലേക്ക് ഉയർത്തി ഇനി കാലം ഉണ്ടാകയില്ല എന്ന് എന്നേക്കും ജീവിച്ചിരിക്കുന്നവനെ ചൊല്ലി സത്യം ചെയ്തു." ഈ ഭൂമി ഒരു പുതിയ ഭൂമിയ്ക്ക് ജന്മം നല്കുന്നു. ഇത് കഴിഞ്ഞിരിക്കുന്നു.

429 ഇവിടെ നാം, ഇപ്പോൾ നേരെ ഇവിടെ വാതില്ക്കൽ എത്തിയിരിക്കുന്നു. ഓ, ഞാൻ വിറച്ചു പോകുന്നു. "കർത്താവേ, ഞാൻ എന്തുചെയ്യേണ്ടു? എനിക്ക് ഇനിയും എന്തു—എന്തു ചെയ്യാൻ കഴിയും?" കാണുന്നോ? അപ്പോൾ ആ സ്ഥലവും, ആ വിലയേറിയ ജനങ്ങളെ കാണുന്നതിനെയും കുറിച്ച് ചിന്തിച്ചു നോക്കു! ഞാൻ അവിടെ നിന്ന്, എന്നെത്തന്നെ സ്വയം നോക്കി. ഞാൻ ഓർത്തു, "ഓ, ദൈവമെ, അവർ ഇത് വിട്ടുപോകാൻ ഇടയാക്കരുതെ. എനിക്ക്—എനിക്ക്—എനിക്ക് അവരെ തള്ളി അകത്താക്കേണ്ടിയിരിക്കുന്നു. ശ്രോതാക്കളുടെ ഇടയിലേക്ക് കടന്നു ചെന്ന് അവരെ തള്ളി അകത്താക്കേണ്ടത് ആവശ്യമാകുന്നു." നിങ്ങൾക്ക് അതിന് കഴിയില്ല. നിങ്ങൾക്ക്...

430 "പിതാവു ആകർഷിച്ചിട്ടല്ലാതെ ആർക്കും എന്റെ അടുക്കൽ വരുവാൻ കഴിയുകയില്ല." എന്നാൽ ഇവിടെ നമുക്ക് ആശ്വാസത്തിനായി ഒരു കാര്യമുണ്ട്. "എന്റെ പിതാവ് എനിക്ക് നല്കിയതൊക്കെയും എന്റെ അടുക്കൽ വരും."

431 എന്നാൽ ബാക്കിയുള്ളവർ, ആ സഭാസംഘടനകളിൽ അവരോടൊപ്പം അവരെ ആശ്രയിച്ച് ഇപ്രകാരം മുമ്പോട്ട് പോകും, നോക്കു, "ലോക സ്ഥാപനം മുതൽ കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ പേർ എഴുതീട്ടില്ലാത്ത ഭൂവാസികളെയെല്ലാം, ഭൂമിയിൽ ജീവിച്ചിരിക്കുന്നവരെ എല്ലാം, അവൻ വഞ്ചിച്ചുകളയും." ഓ, എന്റെ! അതുകൊണ്ട്, നിങ്ങൾ നോക്കു, അതൊരു ദുഃഖകരമായ കാര്യമാകുന്നു.

432 നിങ്ങൾക്ക് ചെയ്യാവുന്ന ഒരേ ഒരു കാര്യം എന്നത് നേരെ വചനത്തോടൊപ്പം നില്ക്കുക എന്നതാകുന്നു. അവൻ എന്തു ചെയ്യാൻ പറയുന്നു എന്നു ശ്രദ്ധിച്ച്, അപ്പോൾ തന്നെ പോയി അതു ചെയ്യുക. മനസ്സിലായോ? അവൻ പറയുന്നത് എന്തായാലും; അത് ചെയ്യുക.

433 നിങ്ങൾ ചുറ്റും നോക്കിക്കൊണ്ട് പറയും, "ഓ, എന്റെ! അവർ ഇതു ചെയ്യുന്നു, പിന്നെ...ഓ!" അത്...

434 എത്ര പ്രയാസകരമായ കാര്യമാണെന്ന് നിങ്ങൾ തിരിച്ചറിയുന്നില്ല! ഇപ്പോൾ ഞാൻ ഇത് പറയാൻ ആഗ്രഹിക്കുന്നു. ടേപ്പുകൾ നിർത്തിക്കഴിഞ്ഞിരിക്കുന്നു എന്ന് ഞാൻ കരുതുന്നു. വളരെപ്പേർ പറയും, "ബ്രദർ ബ്രൺഹാം, ഇതേ വിധമുള്ള ഒരു ശുശ്രൂഷ..." (എനിക്ക് ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്, കാരണം ജനങ്ങൾ ഈ ടേപ്പുകൾ കേട്ടിട്ട് നിങ്ങൾക്കറിയാമോ, അവിടുന്നും ഇവിടുന്നും ചില കാര്യങ്ങൾ മാത്രം എടുത്തിട്ട് പറയാൻ ശ്രമിക്കാറുണ്ട്.) അതുകൊണ്ട്, "ബ്രദർ ബ്രൺഹാം, ഞങ്ങൾക്കും ഒരു ശുശ്രൂഷ ഉണ്ടായിരുന്നെങ്കിൽ," എന്ന് അവർ പറയുമ്പോൾ, നിങ്ങൾ എന്താണ് പറയുന്നതെന്ന്

നിങ്ങൾ തന്നെ അറിയുന്നില്ല. നിങ്ങൾ, സത്യസന്ധരായിരിക്കാം, സഹോദരാ, സഹോദരി, ഇതോടൊപ്പം എന്തൊക്കെ പോകുന്നു എന്ന് നിങ്ങൾക്കറിയില്ല. ഓ, എന്റെ! മാത്രമല്ല അത് നിങ്ങൾ പറയുന്നതിൽ പൂർണ്ണമായി ആശ്രയിക്കുന്ന നിങ്ങളുടെ മേലുള്ള നിങ്ങളുടെ ഉത്തരവാദിത്വം! ഓർക്കു, നിങ്ങൾ അവരോട് തെറ്റായിട്ടാണ് പറയുന്നതെങ്കിൽ അവരുടെ രക്തം ദൈവം നിങ്ങളോട്ടു ചോദിക്കും. പിന്നെ, നിങ്ങൾ അതൊന്ന് ചിന്തിച്ചുനോക്കുക. ഇതൊരു ഭയങ്കരമായ കാര്യമാകുന്നു.

435 അതുകൊണ്ട്, സ്നേഹം നിറഞ്ഞവരായിരിക്കുക. യേശുവിനെ നിങ്ങളുടെ മുഴു ഹൃദയത്തോടെ സ്നേഹിക്കുക. മൂഢനാകാതെ... എളിമയുള്ളവർ ആയിരിക്കുക. എന്തെങ്കിലും തിട്ടപ്പെടുത്താനായി ശ്രമിക്കരുത്. ദൈവത്തിന്റെ മുന്നിൽ എളിമയുള്ളവരായിരിക്കുക. കാരണം, നിങ്ങൾ കൂടുതൽ സങ്കല്പിക്കാൻ ശ്രമിക്കുമ്പോൾ നിങ്ങൾ അവനിൽ നിന്നും കൂടുതൽ അകന്നുപോകുന്നു. കാണുന്നോ? അവനിൽ വിശ്വസിക്കുക മാത്രം ചെയ്യുക.

ചോദിക്കും, “ഇപ്പോൾ, അതെ, അവൻ എപ്പോൾ വരും?”

436 അവൻ ഇന്ന് വരുകയാണെങ്കിൽ, ശരി. ഇപ്പോൾ മുതൽ ഇരുപത് വർഷത്തിനുള്ളിൽ വരികയാണെങ്കിൽ, അപ്പോഴും ശരി. അവനെ പിന്തുടർന്നു കൊണ്ട്, ഞാൻ പോയിക്കൊണ്ടിരിക്കുന്ന വഴിയിൽ തന്നെ ഇപ്പോൾ ഞാൻ പോകുന്നു. “കർത്താവേ, നിനക്ക് എന്നെ എവിടെയെങ്കിലും ഉപയോഗിക്കാൻ കഴിയുമെങ്കിൽ, കർത്താവെ, ഇതാ ഞാൻ ഇവിടെയാകുന്നു.” ഇന്ന് മുതൽ നൂറു വർഷങ്ങൾക്കു ശേഷം, എന്റെ കൊച്ചു—കൊച്ചു—കൊച്ചു—കൊച്ചു പേരകുഞ്ഞുങ്ങൾ ജീവിച്ചിരുന്നിട്ട് അത് വരുന്നത് കാണുകയാണെങ്കിൽ അങ്ങനെയാകട്ടെ. “കർത്താവേ, അത് എപ്പോഴാണെന്ന് സംഭവിക്കാൻ പോകുന്നതെന്ന് എനിക്കറില്ല, എന്നാൽ എന്നെ നിന്നോടൊപ്പം നേരായി നടക്കാൻ, നിന്നോടൊപ്പം മാത്രം നടക്കാൻ ഇടയാക്കണമെ.” കാണുന്നോ? ഞാൻ—ഞാൻ ആഗ്രഹിക്കുന്നത്...കാരണം, ഞാൻ എവിടെയെങ്കിലും നിന്നും ഒരു ചെറിയ ഉറക്കത്തിൽ നിന്നും ഉണർന്നെഴുന്നേല്ക്കും പോലെ, അന്ന് ഞാൻ—ഞാൻ എഴുന്നേറ്റുവരും.

437 അങ്ങു ദൂരെയുള്ള ദൈവരാജ്യത്തിന്റെ മഹത്തായ ആ രാജകൊട്ടാരം അവിടേയ്ക്ക് ഇറങ്ങുമ്പോൾ, അവിടെ എല്ലാ വൃദ്ധരും യുവാക്കളായിട്ട്, നേരത്തെ തന്നെ അവർ വെള്ള നിലയങ്കി ധരിച്ചിരിക്കും! പുരുഷന്മാരും സ്ത്രീകളും, ഒരു—ഒരു സുമുഖനായ പുരുഷനും, ഒരു—ഒരു മനോഹരിയായ സ്ത്രീയും ആയിത്തീരും. അവർ

എല്ലാവിധ അഴകോട്ടും കൂടെ ഒരു യൗവ്വനക്കാരി സ്ത്രീയായും ഒരു യൗവ്വനക്കാരൻ പുരുഷന്റെ ഔന്നത്യത്തോട്ടും കൂടെ അവിടെ നില്ക്കും! അവർക്ക് പിന്നെ ഒരിക്കലും വൃദ്ധരാകാനോ, പാപികളായിരിക്കാനോ, അസൂയയും വെറുപ്പും അല്ലെങ്കിൽ അങ്ങനെ എന്തെങ്കിലും ഒരിക്കലും ആയിരിക്കാനോ കഴിയുകയില്ല! ഓ എന്റെ!

438 ടേപ്പുകൾ ഇപ്പോൾ നിർത്തിയിരിക്കുന്നു എന്ന് ഞാൻ കരുതുന്നു. മൂന്നോ നാലോ മിനിറ്റുകൾകൂടി എനിക്ക്—എനിക്കുണ്ട്. ഞാൻ നിങ്ങളോട് സംസാരിക്കാൻ ആഗ്രഹിക്കുന്നു. അതിനു കുഴപ്പമില്ലല്ലോ? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, "ആമേൻ."—Ed.] ഇപ്പോൾ, നോക്കു, ഇത് വ്യക്തിപരമാണ്. കാരണം, നാളെ ഞാൻ—ഞാൻ... അത് അത്രയും മഹത്തായ ഒരു കാര്യമായിരിക്കും! അതുകൊണ്ട് ഞാൻ ഇപ്പോൾ അതു പറയുന്നതാണ് നല്ലതെന്ന് എനിക്ക് തോന്നി, നോക്കൂ, ഞാൻ പറയാൻ പോകുന്നത് എന്താണെന്നാൽ. ഞാൻ...ഇത് ഇപ്പോൾ നമുക്ക് വേണ്ടി മാത്രമാകുന്നു. ഞാൻ ആയിരുന്നിട്ട്...

439 നിങ്ങൾക്ക് അറിയാമല്ലോ, ഞാൻ—ഞാൻ സ്നേഹിക്കുന്ന ഒരു ഭാര്യ എനിക്കുണ്ട്, അത് മേഡയാകുന്നു. എന്റെ ആദ്യ ഭാര്യയോടുള്ള സ്നേഹത്തിന്റെ കാരണത്താൽ ഞാൻ—ഞാൻ അവളെ വിവാഹം കഴിക്കുക പോലും ഇല്ലായിരുന്നു. ഞാൻ അത്രമാത്രം അവൾക്കുവേണ്ടി കരുതിയിരുന്നു, പിന്നെയും, ദൈവം എന്നോട് അവളെ വിവാഹം കഴിക്കാൻ പറഞ്ഞില്ലായിരുന്നു എങ്കിൽ ഞാൻ—ഞാൻ അവളെ വിവാഹം കഴിക്കില്ലായിരുന്നു. അവൾ പ്രാർത്ഥിക്കാൻ പോയതും, ഞാൻ അത് ചെയ്തതും; അതിന്റെ കഥ നിങ്ങൾക്കറിയാമല്ലോ. പിന്നെ അവൻ എന്നോട് എന്തു ചെയ്യണമെന്ന് കൃത്യമായി പറയുകയും, "പോയി, അവളെ വിവാഹം കഴിക്കുക," അതിന്റെ കൃത്യ സമയവും പറഞ്ഞിരുന്നു. അവൾ ഒരു സ്നേഹമേറിയ സ്ത്രീയാകുന്നു. ഇന്ന് രാത്രിയിൽ അവൾ എനിക്കുവേണ്ടി പ്രാർത്ഥിക്കുകയാണ്. ഇപ്പോൾ വീട്ടിൽ എട്ടു മണിയായിരിക്കും, ഒരുപക്ഷേ അവൾ ഇപ്പോൾ പ്രാർത്ഥനയിലായിരിക്കും.

440 ഇപ്പോൾ ശ്രദ്ധിക്കുക. ഒരു ദിവസം അവൾ എന്നോട് പറഞ്ഞു, അവൾ പറഞ്ഞു, "ബിൽ," അവൾ പറഞ്ഞു, "ഞാൻ നിന്നോട് സ്വർഗ്ഗത്തെക്കുറിച്ച് ഒരു ചോദ്യം ചോദിക്കാൻ ആഗ്രഹിക്കുന്നു."

ഞാൻ പറഞ്ഞു, "ശരി, മേഡാ, എന്താണത്?

അവൾ പറഞ്ഞു, "നിങ്ങൾക്കറിയാം, ഞാൻ നിങ്ങളെ സ്നേഹിക്കുന്നു."

441 അപ്പോൾ ഞാൻ പറഞ്ഞു, "അതെ." അത് അവിടെ മുകളിൽ വെച്ച് അതു സംഭവിച്ചു കഴിഞ്ഞയുടൻ ആയിരുന്നു.

അവൾ പറഞ്ഞു, "ഹോപ്പും, കൂടെ നിങ്ങളെ സ്നേഹിച്ചിരുന്നു എന്ന് നിങ്ങൾക്കറിയാം."

ഞാൻ പറഞ്ഞു, "അതെ."

442 എന്നിട്ട് അവൾ പറഞ്ഞു, "ഇപ്പോൾ," അവൾ പറഞ്ഞു, "എനിക്ക് അസൂയയാണെന്ന് ഞാൻ വിചാരിക്കുന്നില്ല," അവൾ പറഞ്ഞു, "എന്നാൽ ഹോപ്പും സ്നേഹിച്ചിരുന്നു." എന്നിട്ട് അവൾ പറഞ്ഞു, "ഇപ്പോൾ നമ്മൾ സ്വർഗ്ഗത്തിലേയ്ക്ക് കടക്കുമ്പോൾ...നിങ്ങൾ അവളെ അവിടെ കണ്ടിരുന്നു എന്ന് പറഞ്ഞിരുന്നു."

443 ഞാൻ പറഞ്ഞു "അവൾ അവിടെ ഉണ്ടായിരുന്നു. ഞാൻ അവരെ കണ്ടിരുന്നു. ഞാൻ അവളെ അവിടെ രണ്ടു പ്രാവശ്യം കണ്ടിരുന്നു." അവൾ അവിടെയുണ്ട്. ഞാൻ വരുന്നതിനായി അവൾ കാത്തിരിക്കുന്നു. അതുപോലെ തന്നെ...അതുപോലെ തന്നെ ഷാരോനും. അവളെയും നിന്നെ ഞാൻ നോക്കിക്കാണുന്നതു പോലെ തന്നെ അവിടെ കണ്ടിരുന്നു. ഞാൻ അവളെ അവിടെ കണ്ടിരുന്നു. പിന്നെ ഞാൻ ചോദിച്ചു...

444 അവൾ പറഞ്ഞു, "ശരി, ഇപ്പോൾ, നാം അവിടെ കടന്നു കഴിയുമ്പോൾ," ചോദിച്ചു, "ഞങ്ങളിൽ ആരാണ് നിങ്ങളുടെ ഭാര്യയാകാൻ പോകുന്നത്?"

445 ഞാൻ പറഞ്ഞു, "നിങ്ങൾ രണ്ടുപേരും. നിങ്ങൾ രണ്ടുപേരും ഉണ്ടായിരിക്കുമെങ്കിലും, നോക്കു, നിങ്ങളിൽ ആരും ആയിരിക്കില്ല."

അവൾ പറഞ്ഞു, "എനിക്കിത് മനസ്സിലാക്കാൻ കഴിയുന്നില്ല."

446 ഞാൻ പറഞ്ഞു, "ഇപ്പോൾ, പ്രിയെ, ഇരിക്കു, ഞാൻ ചിലതു നിനക്ക് വിശദീകരിച്ചു തരട്ടെ." ഞാൻ പറഞ്ഞു, "ഇപ്പോൾ, നീ എന്നെ സ്നേഹിക്കുന്നു എന്ന് എനിക്കറിയാം, ഞാൻ നിന്നെ എങ്ങനെ സ്നേഹിക്കുകയും ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു എന്ന് നിനക്കും അറിയാം. ഇപ്പോൾ, ഉദാഹരണത്തിന്, ഞാൻ വേഷം ധരിച്ച്, പട്ടണത്തിലേക്ക് പോയി അപ്പോൾ; വളരെ സുന്ദരിയായ ഒരു വേശ്യ വന്ന് എന്റെ കഴുത്തിൽ അവളുടെ കൈകൾ ചുറ്റിക്കൊണ്ട്, പറയുകയാണ്, 'ഓ ബ്രദർ ബ്രൺഹാം, തീർച്ചയായും ഞാൻ നിങ്ങളെ സ്നേഹിക്കുന്നു' എന്ന് പറഞ്ഞു അവളുടെ കൈകൾകൊണ്ട് എന്നെ ചുറ്റിപ്പിടിക്കുകയും, ആലിംഗനം ചെയ്തു എന്നും ഇരിക്കട്ടെ. നീ എന്തു വിചാരിക്കും?

അവൾ പറഞ്ഞു, "എനിക്ക് അത് അത്രയും നന്നായി ഇഷ്ടപ്പെട്ടുമെന്ന് തോന്നുന്നില്ല."

447 ഞാൻ പറഞ്ഞു, "ഞാൻ നിന്നോട് ചിലതു ചോദിക്കാൻ ആഗ്രഹിക്കുന്നു. നീ...അതൊരു ബലപരീക്ഷയുടെ കാര്യമായാൽ, നീ ഏറ്റവും കൂടുതൽ ആരെ സ്നേഹിക്കും, എന്നെയോ അതോ കർത്താവായ യേശുവിനെയോ?" ഇപ്പോൾ ഇതൊരു കുടുംബപരമായ വർത്തമാനമാണ്.

448 അവൾ പറഞ്ഞു, "കർത്താവായ യേശുവിനെ." പറഞ്ഞു, "അതെ, ബിൽ, നിങ്ങളെ സ്നേഹിക്കുന്നത്രയും തന്നെ, എന്നാൽ അവനെ കൈവെടിയും മുമ്പെ, ഞാൻ നിങ്ങളെ കൈവെടിയും."

449 ഞാൻ പറഞ്ഞു, "നന്ദിയുണ്ട്, പ്രിയേ. നീ അങ്ങനെ പറഞ്ഞു കേട്ടതിൽ ഞാൻ ഇപ്പോൾ സന്തോഷിക്കുന്നു." ഞാൻ ചോദിച്ചു, "ഇപ്പോൾ, അതേ സ്ത്രീ തന്നെ യേശുവിന്റെ അടുക്കൽ വന്നിട്ട് അവളുടെ കൈകൾ അവന്റെ ചുറ്റുമായി ചുറ്റിക്കൊണ്ട്, പറയുകയാണ്, 'യേശുവെ ഞാൻ നിന്നെ സ്നേഹിക്കുന്നു,' അതിനെക്കുറിച്ച് നീ എന്തു ചിന്തിക്കുന്നു.

അവൾ പറഞ്ഞു. "ഞാൻ അതിൽ ആനന്ദിക്കും".

450 നോക്കു, അത് ഫീലിയോയിൽ നിന്നും അഗപ്പാവിലേക്ക് മാറുന്നു. നോക്കു, അതൊരു ഉയർന്ന സ്നേഹമാകുന്നു. മനസ്സലായോ? അവിടെ ഭാര്യയെന്നോ ഭർത്താവെന്നോ...കുട്ടികളെ ജനിപ്പിക്കുക എന്നോ ഉള്ള ഒരു കാര്യവുമില്ല. സ്ത്രീയുടെയും പുരുഷന്റെയും ലൈംഗിക ഗ്രന്ഥികൾ, അതെല്ലാം പോയ്ക്കഴിഞ്ഞിരിക്കുന്നു. ആ ഗ്രന്ഥികളെല്ലാം... അവരെല്ലാം അവിടെ ഒന്നുപോലെ ആയിരിക്കും. മനസ്സിലായോ? ഇനിയും അവിടെ അതിലെ ഒന്നും തന്നെയില്ല. നോക്കു, ലൈംഗീക ഗ്രന്ഥികൾ, അവയിൽ ഒന്നും തന്നെ ഇല്ല. കാണുന്നോ? അതിൽ ഒന്നും തന്നെ, ഇവിടെ ഇല്ല. അതേ ശ്രീമാൻ ഒരു ലൈംഗിക ഗ്രന്ഥി ഇല്ലാതെ നിങ്ങളെത്തന്നെ ഒന്ന് ചിന്തിച്ചുനോക്കുക. അത് നമ്മളിൽ ഇട്ടിരിക്കുന്നതിന്റെ കാരണം, നാം ഭൂമിയിൽ വർദ്ധിച്ചു പെരുകുന്നതിനാകുന്നു എന്ന് മനസ്സിലാക്കുക. എന്നാൽ, അവിടെ, അവിടെ ഇതുപോലെ ഒരു കാര്യവും ഉണ്ടായിരിക്കുകയില്ല. അവിടെ പുരുഷഗ്രന്ഥിയോ സ്ത്രീ ഗ്രന്ഥിയോ ഉണ്ടായിരിക്കുകയില്ല. ഇല്ല.

451 എന്നാൽ ദൈവത്തിന്റെ കലയുടെ ശില്പം അവിടെയുണ്ടായിരിക്കും. അത് കൃത്യമായും ശരിയാകുന്നു. അവിടെ നാം സത്യമായും യഥാർത്ഥത്തിൽ ഉള്ളവരായിരിക്കും. അവിടെ ഫീലിലോ എന്ന് കാര്യം, ഒരിക്കലും ഉണ്ടായിരിക്കില്ല; സകലതും അഗപ്പാവോ മാത്രമായിരിക്കും. കാണുന്നോ? ആകയാൽ ഒരു ഭാര്യ എന്നത്

നിങ്ങളുടെ ഒരു സ്നേഹമയമായ എന്തെങ്കിലും ഒരു കാര്യം ആയിരിക്കും എന്നല്ലാതെ മറ്റൊന്നും ആയിരിക്കുകയില്ല, അവൾ...നിങ്ങളിൽ ഒരാൾ മറ്റെയാളിനുവേണ്ടിയായിരിക്കും. അങ്ങനെയുള്ള ഒരു കാര്യം...ഇല്ല, ഇല്ല, അവിടെ അതുപോലും...നോക്കൂ, ഫീലിയോയുടെ ഭാഗം പോലും അവിടെ ഉണ്ടായിരിക്കുകയില്ല. നോക്കൂ, അസൂയ എന്നൊരു കാര്യമേ ഉണ്ടായിരിക്കില്ല; അസൂയപ്പെടാനും ഒന്നുമുണ്ടാകില്ല. അങ്ങനെ ഒരു കാര്യം അവിടെ ഇല്ല. അങ്ങനെ ഒരു കാര്യം ഉണ്ടായിട്ടുള്ളതായ അറിവുപോലും നിങ്ങൾക്കില്ല. കാണുന്നോ? ഒരു സുന്ദരനായ ചെറുപ്പക്കാരനും ചെറുപ്പക്കാരിയുമായി ജീവിക്കുന്നു എന്നു മാത്രം.

അപ്പോൾ, അത് കഴിഞ്ഞപ്പോൾ, അവൾ പറഞ്ഞു, "ബിൽ, ഞാൻ അതിപ്പോൾ മനസ്സിലാക്കുന്നു."

ഞാൻ പറഞ്ഞു, "അതെ."

452 ഒരു ചെറിയ കാര്യം സംഭവിച്ചത് ഞാൻ നിങ്ങളോട് പറയാൻ ആഗ്രഹിക്കുന്നു. ഇതൊരു സ്വപ്നമായിരുന്നു. ഞാൻ ഉറക്കത്തിലായിരുന്നു. ഞാൻ പരസ്യമായി ഇതിനെക്കുറിച്ച് ഇത് മുമ്പൊരിക്കലും പറഞ്ഞിട്ടില്ല. എന്റെ അറിവിൻ പ്രകാരം, ഞാൻ ഒന്നോ രണ്ടോ ആളുകളോട് ഇതിനെപ്പറ്റി പറഞ്ഞിട്ടുള്ളതല്ലാതെ ഞാൻ പരസ്യമായി ഇത് പറഞ്ഞിട്ടില്ല.

453 അതിനു ഏകദേശം ഒരു മാസത്തിനു ശേഷം, ഞാൻ—ഞാൻ സ്വപ്നം കാണുകയും, ഒരു സ്ഥലത്ത് നിന്നുകൊണ്ട്, ഞാൻ ആ മഹത്തായ സമയത്തെ ശ്രദ്ധിക്കുകയും ചെയ്തിരുന്നു. ഇപ്പോൾ, അത് ന്യായവിധി ആയിരുന്നില്ല. സഭ എപ്പോഴെങ്കിലും അതിൽക്കൂടെ (ഞാൻ അർത്ഥമാക്കുന്നത്, മണവാട്ടി എന്നാണ്) ന്യായവിധിയിൽ കൂടെ കടന്നു പോകും എന്നു ഞാൻ വിശ്വസിക്കുന്നില്ല. എന്നാൽ, കിരീടങ്ങൾ നല്കപ്പെട്ടുമ്പോൾ ഞാൻ അവിടെ നില്പുണ്ടായിരുന്നു, നോക്കൂ. *ഇവിടെ* ഒരു മഹത്തായ വലിയ സിംഹാസനം ഒരുക്കിയിരുന്നു. യേശുവും രേഖപ്പെടുത്തുന്ന ദൂതനും, എല്ലാവരും അവിടെ നില്പുണ്ടായിരുന്നു. അവിടെ മുകളിൽ നിന്നും, *താഴേക്കു* വൃത്താകൃതിയിൽ, വെള്ള പളുങ്കു നിർമ്മിതമായ, കോണിപ്പടികൾ *ഇപ്രകാരം* വിശാലദൃശ്യമായി രീതിയിൽ നിർമ്മിച്ചിട്ട് അവിടെ നിന്നിരുന്ന ഈ മഹത്തായ ജനക്കൂട്ടത്തിന് എന്താണ് അവിടെ സംഭവിച്ചിരുന്നതെന്ന് കാണാൻ കഴിഞ്ഞിരുന്നു.

454 ഞാൻ അവിടെ പിന്നിലായി, ഒരു വശത്തായി നിന്നിരുന്നു. ഞാൻ ഇപ്രകാരം അവിടെ നില്ക്കുകയും, ഒരിക്കലും എനിക്ക് ഈ പടികൾ ചവുട്ടിക്കയറി പോകണമെന്ന ഒരു ആശയം പോലും

ഇല്ലായിരുന്നു. അങ്ങനെ ഞാൻ അവിടെ നില്ക്കുകയായിരുന്നു. ഞാൻ നോക്കിയപ്പോൾ...

455 രേഖപ്പെടുത്തുന്ന ദൂതൻ ഒരു പ്രത്യേക പേർ വിളിക്കും; എനിക്ക് അറിയാമായിരുന്നു, ഞാൻ ആ പേര് തിരിച്ചറിഞ്ഞു. ഞാൻ അവരുടെ ഇടയിൽ വളരെ പിന്നിലേക്ക് നോക്കുമ്പോൾ, ഇതാ ആ സഹോദരൻ ഒരു സഹോദരിയോടൊപ്പം അവിടേക്ക്, ഇപ്രകാരം, നടന്നുകയറി വരുന്നു. രേഖപ്പെടുത്തുന്ന ദൂതൻ ക്രിസ്തുവിന്റെ അടുത്തായി നിന്നിരുന്നു, (ഇപ്പോൾ ഇതൊരു സ്വപ്നം മാത്രമാകുന്നു) അത് ശ്രദ്ധിക്കുകയായിരുന്നു. അവരുടെ പേര് അവിടെ ഉണ്ടായിരുന്നു, അത് ജീവന്റെ പുസ്തകത്തിൽ കണ്ടിരുന്നു; അവൻ അവരെ നോക്കിയിട്ട് പറയും. "അത്—അത് നന്നായി ചെയ്തിരുന്നു, നല്ലവനും വിശ്വസ്തനുമായ എന്റെ ദാസനെ. ഇപ്പോൾ അകത്തേയ്ക്ക് പ്രവേശിക്കുക."

456 അവർ എവിടെക്കാണ് പോയിരുന്നതെന്ന്, ഞാൻ തിരിഞ്ഞുനോക്കി. അവിടെ ഒരു പുതിയ ലോകമായിരുന്നു, അവിടെ സന്തോഷമുണ്ടായിരുന്നു. അപ്പോൾ പറഞ്ഞു, "കർത്താവിന്റെ ആനന്ദത്തിലേയ്ക്ക് പ്രവേശിക്കുക, അത്—അത് ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്നു." കാണുന്നോ? അങ്ങനെ, ഓ, ഞാൻ ഓർത്തു...അങ്ങനെ അവർ അതിൽ കൂടെ കടന്നുപോകുകയും ഓരോരുത്തരും തമ്മിൽ കണ്ടുമുട്ടിയിട്ട് ആനന്ദിച്ചാർത്തുകൊണ്ട് മലകളിലേക്കും വിശാലസ്ഥലങ്ങളിലേക്കും കടന്നുപോയിരുന്നു.

457 ഞാൻ ഓർത്തു, "ഓ, ഇത് അത്ഭുതകരമായിരിക്കുന്നല്ലോ! മഹത്വം! ഹല്ലേലൂയാ!" താഴേയ്ക്കും മുകളിലേയ്ക്കും ചാടാൻ തുടങ്ങി!

458 പിന്നെ മറ്റൊരു പേർ വിളിക്കപ്പെട്ടത് ഞാൻ കേട്ടു. ഞാൻ ഓർത്തു, "ഓ, എനിക്ക് അദ്ദേഹത്തെ അറിയാം. എനിക്ക് അദ്ദേഹത്തെ അറിയാം. ഞാൻ...അവിടെ, അതാ അദ്ദേഹം അവിടേക്ക് പോകുന്നു." അതുപോലെ ഞാൻ അദ്ദേഹത്തെയും ശ്രദ്ധിച്ചു.

"എന്റെ നല്ലവനും...യജമാനന്റെ സന്തോഷത്തിലേക്ക് പ്രവേശിക്കുക."

"ഓ," ഞാൻ പറഞ്ഞു, "ദൈവത്തിന് സ്തുതി! ദൈവത്തിന് സ്തുതി!"

ഉദാഹരണത്തിനായി, അവർ പറയും പോലെ, നമുക്കിപ്പോൾ പറയാം, "ഓർമൻ നെവിൻ," നോക്കു.

459 അപ്പോൾ ഞാൻ പറഞ്ഞു, "അത് നമ്മുടെ വയസ്സായ സഹോദരൻ നെവിലാണ്. ഇതാ അദ്ദേഹമാണ്." കാണുന്നോ?

അങ്ങനെ ഇതാ അദ്ദേഹം ആ ജനക്കൂട്ടത്തിൽ നിന്നും പുറത്തു വന്ന് മുകളിലേക്ക് പോകുന്നു.

460 അപ്പോൾ അവൻ പറയും, "ലോകസ്ഥാപനം മുതൽ നിനക്കായി ഒരുക്കിയിരിക്കുന്ന നിന്റെ യജമാനന്റെ സന്തോഷത്തിലേക്ക് പ്രവേശിക്കുക. പ്രവേശിക്കുക." അപ്പോൾ, സഹോദരൻ നേവിലിന് അവസരം കിട്ടിയ ഉടൻ തന്നെ അവിടെ പുറകെ നിന്നുകൊണ്ടു ഉറക്കെ ആർപ്പിടുവാനും, സ്തുതിക്കുവാനും തുടങ്ങി.

461 മനുഷ്യാ, ഞാൻ ഉച്ചത്തിൽ വിളിച്ചു, "ദൈവത്തിന് സ്തുതിയായിരിക്കട്ടെ!" അവിടെ ഞാൻ ഇങ്ങനെ തന്നെത്താൻ നിന്നുകൊണ്ട്, എന്റെ സഹോദരന്മാർ കടന്ന് പൊയ്ക്കൊണ്ടിരുന്നത് കാണുന്നത്, ഒരു അതിശയമായ ഒരു സമയമായിരുന്നു.

462 ഒരു രേഖപ്പെടുത്തുന്ന ദൂതൻ അവിടെ നിന്നുകൊണ്ട്, വിളിച്ച്, "വില്ല്യം ബ്രൺഹാം."

463 എനിക്ക് അങ്ങനെ നടക്കേണ്ടി വരുമെന്നു ഞാൻ ഒരിക്കലും വിചാരിച്ചിരുന്നില്ല. അതുകൊണ്ട് അപ്പോൾ ഞാൻ പേടിച്ചിരുന്നു. ഞാൻ ചിന്തിച്ചു, "ഒ, എന്റെ! എനിക്ക് അത് ചെയ്യേണ്ടി വരുമോ? അങ്ങനെ ഞാൻ അവിടേക്ക് നടക്കാൻ തുടങ്ങി. അപ്പോൾ എല്ലാവരും എന്നെ സ്നേഹപൂർവ്വം പുറത്ത് തട്ടികൊണ്ട്...[ബ്രദർ ബ്രൺഹാം തന്റെ മേൽ സ്വയം കൈകൊണ്ടു തട്ടി അതു വിശദീകരിക്കുന്നു—Ed.] "ഹായ്, ബ്രദർ ബ്രൺഹാം! ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. ബ്രദർ ബ്രൺഹാം!" ആ വലിയ ജനക്കൂട്ടത്തിൽ കൂടെ കടന്നു വരുമ്പോൾ എന്റെ പുറത്ത് തട്ടിക്കൊണ്ട് അവർ എല്ലാവരും പറഞ്ഞിരുന്നു. അവർ എല്ലാവരും എന്റെ അടുക്കൽ എത്തിയിട്ട് സ്നേഹപൂർവ്വം എന്നെ തട്ടാനായി ശ്രമിക്കുന്നുണ്ടായിരുന്നു. [ബ്രദർ ബ്രൺഹാം തന്റെ മേൽ സ്വയം കൈകൊണ്ടു തട്ടി അതു വിശദീകരിക്കുന്നു—Ed.] "ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ, സഹോദരാ! ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ!"

464 ഞാൻ പോയ്ക്കൊണ്ടിരുന്നു. ഞാൻ പറഞ്ഞു, "നിങ്ങൾക്ക് നന്ദി, നിങ്ങൾക്ക് നന്ദി." അതിങ്ങനെ ഒരു യോഗത്തിൽ നിന്നോ മറ്റോ കടന്നു വരുന്നതുപോലെയായിരുന്നു.

465 അങ്ങനെ ഞാൻ ഈ വലിയ മഹത്തായ ദന്തനിർമ്മിത പടികൾ ചവിട്ടിക്കയറാൻ പോകുകയായിരുന്നു. ഞാൻ അതുവഴി മുകളിലേക്ക് കയറാൻ തുടങ്ങി. അങ്ങനെ ഞാൻ ആദ്യത്തെ പടി ചവിട്ടിയിട്ടു, അവിടെ നിന്നു. ഞാൻ ചിന്തിച്ചു...ഞാൻ അവന്റെ മുഖത്തേക്ക് നോക്കി.

ഞാൻ ഓർത്തു, "ഈ രീതിയിൽ നിന്നുകൊണ്ട് എനിക്ക് അവന്റെ മുഖം നന്നായി ഒന്നു നോക്കേണ്ടതാണല്ലോ." അങ്ങനെ ഞാൻ നിന്നു.

466 എന്റെ കൈകൾ *ഇപ്രകാരം* ഞാൻ പിടിച്ചിരുന്നു. എന്തോ എന്റെ കൈയ്യിൽ *ഇവിടെ* തെന്നുന്നതുപോലെ എനിക്ക് തോന്നി. അത് മറ്റാരുടെയോ കൈ ആയിരുന്നു. ഞാൻ ചുറ്റും നോക്കി, അവിടെ ഹോപ്പ് നില്ക്കുന്നു; ആ വലിയ കറുത്ത കണ്ണുകളും, അവളുടെ നീണ്ട കറുത്ത മുടി പിന്നിലായി നീട്ടിയിട്ടും, വെള്ളനിലയങ്കി ധരിച്ചും; അങ്ങനെ എന്നെ നോക്കിക്കൊണ്ട് നിന്നിരുന്നു. ഞാൻ വിളിച്ചു, ഹോപ്പ്!

467 അപ്പോൾ എന്റെ *ഈ* കൈയ്യിൽ എന്തോ തട്ടിയതുപോലെ അനുഭവപ്പെട്ടു. ചുറ്റുമായി നോക്കിയപ്പോൾ, അവിടെ മേഢ ആയിരുന്നു; ആ കറുത്ത കണ്ണുകൾ മേലേക്ക് നോക്കിയും, നീണ്ട കറുത്ത മുടി താഴേയ്ക്ക് നീണ്ടും, ഒരു വെള്ളനിലയങ്കിയും അണിഞ്ഞിരിക്കുന്നു. ഞാൻ വിളിച്ചു, "മേഢാ!"

468 അവർ രണ്ടുപേരും ഇങ്ങനെ, നിങ്ങൾക്കറിയാവുന്നതു പോലെ തമ്മിൽ തമ്മിൽ നോക്കി. അവരായിരുന്നു...ഞാൻ അവരെ എന്റെ കൈകളിൽ എടുത്തുകൊണ്ട്, ഇതാ ഞങ്ങൾ പോകുന്നു, ഞങ്ങൾ ഞങ്ങളുടെ വീട്ടിലേക്ക് പോയി.

469 ഞാൻ ഉണർന്നു. ഓ, ഞാൻ ഉറക്കം ഉണർന്നു. ഞാൻ എഴുന്നേറ്റ് ഒരു കസേരയിൽ ഇരുന്നു കൊണ്ട് കരഞ്ഞു. ഞാൻ ചിന്തിച്ചു, "ഓ, ദൈവമെ, അത് അപ്രകാരം വരുമെന്നു ഞാൻ ആശിക്കുന്നു." അവർ രണ്ടുപേരും എന്റെ ജീവിതപങ്കാളികളും, കുഞ്ഞുങ്ങളെ കൊണ്ടുവരികയും, അങ്ങനെയുള്ള എല്ലാ കാര്യങ്ങളും ചെയ്തിരിക്കുന്നു; ഇതാ ഞങ്ങൾ ഇവിടെയായി, ഒരു പുതിയ ലോകത്തിലേക്ക് നടന്നുപോകുന്നു, ഓ, എന്റെ, അവിടെ സമ്പൂർണ്ണതയും മറ്റെല്ലാം തികഞ്ഞതുമാകുന്നു. ഇല്ല, യാതൊന്നും...

470 ഓ, അതൊരു അത്ഭുതകരമായ കാര്യമാകാൻ പോകുന്നു! അത് വിട്ടുകളയാൻ ഇടയാകരുത്. അത് വിട്ട് കളയാൻ ഇടയാകരുത്. ദൈവ കൃപയാൽ, നിങ്ങൾക്ക് കഴിയാവുന്നതെല്ലാം ചെയ്യുക, പിന്നെ ശേഷമുള്ള കാര്യങ്ങളെക്കുറിച്ച് കരുതുന്നത് ദൈവത്തിൽ ആശ്രയിച്ചിരിക്കുന്നു.

ഞാൻ അവനെ സ്നേഹിക്കുന്നു, ഞാൻ അവനെ സ്നേഹിക്കുന്നു
എന്തെന്നാൽ അവൻ എന്നെ മുൻസ്നേഹിച്ചു,
വിലക്ക് വാങ്ങി എൻ രക്ഷയെ
കാൽവരി...

471 നമ്മുടെ പൂർണ്ണഹൃദയത്തോടെ, നമുക്കിത് വീണ്ടും പാടാം. ഇപ്പോൾ നമ്മുടെ കണ്ണുകളെ ദൈവത്തിങ്കലേക്ക് ഉയർത്താം.

ഞാൻ അവനെ സ്നേഹിക്കുന്നു.

472 [*ഞാൻ അവനെ സ്നേഹിക്കുന്നു* എന്നു ഒരിക്കൽ കൂടി, പള്ളിയിൽ കൂടിയിരിക്കുന്നവർ പാടുമ്പോൾ, ബ്രദർ ബ്രൺഹാം ഒരു സഹോദരിയ്ക്കു പ്രാർത്ഥിക്കാനായി പ്രസംഗ പീഠത്തിൽ നിന്നും പോകുന്നു—Ed.]

...അവനെ സ്നേഹിക്കുന്നു.
അവനെന്നെ മുൻസ്നേഹിച്ചതാൽ
വിലക്ക് വാങ്ങി എന്റെ രക്ഷയെ
കാൽവരിയിലെ മരത്തിന്മേൽ.

473 ശരി, ഇപ്പോൾ. ഈ യോഗം തീരുവോളം അവൾ ജീവനോടിരിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നില്ല. അത് ശരിയാണ്. അവിടെ അതാ അവൾ, രണ്ടു കൈകളും ഉയർത്തി, ദൈവത്തെ സ്തുതിച്ചുകൊണ്ടിരിക്കുന്നു. ആ കാരണത്താലാണ് ഞാൻ നീണ്ട സമയം താമസിച്ചുകൊണ്ടിരുന്നതും; ഞാൻ എന്തു ചെയ്യുന്നു എന്ന് നിങ്ങളോട് പറയാതിരുന്നതും. ഞാൻ മേഡയോടും അവരോടും പറഞ്ഞിരുന്നു. ഞാൻ അത് ശ്രദ്ധിച്ചുകൊണ്ട്, എന്താണെന്നു കാണാൻ...ആ പ്രകാശം അങ്ങോട്ടും ഇങ്ങോട്ടും ചുറ്റികൊണ്ടിരിക്കുന്നത് ഞാൻ ശ്രദ്ധിച്ചിരുന്നു, പിന്നെ അവളുടെ മേലായി ചെന്ന് തൂങ്ങി നിന്നു. ഞാൻ വാചാരിച്ചു, "അതാണ് അത്." ഓ, അവൻ അത്ഭുതവാനല്ലേ?

5ഞാൻ അവനെ സ്നേഹിക്കുന്നു. ഞാൻ അവനെ സ്നേഹിക്കുന്നു
അവൻ എന്നെ മുൻ സ്നേഹിച്ചതാൽ
വിലക്ക് വാങ്ങി എൻ രക്ഷയെ
കാൽവരിയിലെ മരത്തിൽ.

474 ഇപ്പോൾ, നമ്മുടെ പൂർണ്ണ ഹൃദയത്തോടെ. [*ഞാൻ അവനെ സ്നേഹിക്കുന്നു* ബ്രദർ ബ്രൺഹാം മൂളിപ്പാടാൻ തുടങ്ങുന്നു—Ed.]

...ഞാൻ അവനെ സ്നേഹിക്കുന്നു (ആമേൻ!)
...അവൻ മുൻസ്നേഹിച്ചു...

475 ഇപ്പോൾ നോക്കു അത് എത്ര നന്നായിരിക്കുന്നു? ആമേൻ! അതാകുന്നു ഇത്. ഇപ്പോൾ...?...പോയി സുഖപ്പെട്ടുകൊള്ളുക. ആമേൻ! നിങ്ങളെ സുഖമാക്കുന്നതിനായി, ദൈവത്തിന്റെ കൃപ പ്രത്യക്ഷപ്പെട്ടിരിക്കുന്നു. ആമേൻ.

...കാൽവരിയിലെ കുരിശ്ശിന്മേൽ.

ഓ, ദൈവത്തിന് സ്തുതിയായിരിക്കട്ടെ!

ഞാൻ അവനെ സ്നേഹിക്കുന്നു,...

ശരി, നിങ്ങളുടെ പാസ്റ്റർ.

ഞാൻ...

476 [ആരോ ചോദിക്കുന്നു, "നാളെ ഒമ്പതര മണിക്കാണോ തുടങ്ങുന്നത്?"—Ed.] ഒമ്പതിനും ഒമ്പതരയ്ക്കും ഇടയിൽ. ഒമ്പത് മണിയോടു കൂടെ എവിടെയെങ്കിലും ആയിരിക്കുക. ["പ്രഭാത ഭക്ഷണത്തിനു ശേഷമോ? ഒമ്പതു മണിക്കോ?"—Ed.] നിങ്ങൾ ഒമ്പതു മണിക്ക് തുടങ്ങുക. ഞാൻ ഒമ്പതരക്ക് തുടങ്ങും.

***ആറാം മുദ്ര*** MAL63-0323

(The Sixth Seal)

ഏഴു മുദ്രകളുടെ വെളിപ്പാടിന്റെ തുടർച്ച

അമേരിക്കയിൽ, ഇൻഡ്യാനയിലെ, ജെഫെർസൺവില്ലെ, ബ്രൺഹാം കൂടാരത്തിൽ വെച്ച്, 1963 മാർച്ചു മാസം 23-ാം തീയതി, ശനിയാഴ്ച വൈകിട്ട്, ഈ സന്ദേശം ബ്രദർ വില്യം മാരിയൺ ബ്രൺഹാം, ആദ്യം ഇംഗ്ലീഷിൽ പ്രസംഗിച്ചതിനെ, കാന്തശക്തിയുള്ള ടേപ്പിൽ നിന്നും പുസ്തക രൂപത്തിലേയ്ക്ക് കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യാതെ, കൃത്യമായി ഇംഗ്ലീഷിൽ പകർത്തിയിരുന്നു. ഈ മലയാളം പരിഭാഷ Voice Of God Recordings-ൽ നിന്നും പ്രിന്റ് ചെയ്തു വിതരണം ചെയ്യുന്നു.

MALAYALAM

©2018 VGR, ALL RIGHTS RESERVED

VOICE OF GOD RECORDINGS, INDIA OFFICE
19 (NEW NO: 28) SHENOY ROAD, NUNGAMBAKKAM
CHENNAI 600 034, INDIA
044 28274560 • 044 28251791
india@vgroffice.org

VOICE OF GOD RECORDINGS
P.O. BOX 950, JEFFERSONVILLE, INDIANA 47131 U.S.A.
www.branham.org

## Copyright notice

All rights reserved. This book may be printed on a home printer for personal use or to be given out, free of charge, as a tool to spread the Gospel of Jesus Christ. This book cannot be sold, reproduced on a large scale, posted on a website, stored in a retrieval system, translated into other languages, or used for soliciting funds without the express written permission of Voice Of God Recordings®.

For more information or for other available material, please contact:



VOICE OF GOD RECORDINGS

P.O. BOX 950, JEFFERSONVILLE, INDIANA 47131 U.S.A.

www.branham.org